# വിജ്ഞാനതരംഗിണി

## ഒന്നാം ഭാഗം

Sree Vidyadhiraja Publications
Grandhavali Book No. 2.

Malayalam

**VIJNANA THARANGINI**

(Part I)

Prabandhangal

By

Sri. Neelakanta Theertha Pada Swamikal

First Published in August 1988

Copies 1000

Printed at

Ravimangalam Printers, Karunagappally.

Price: Rs. 15—00

Published by

Sree Vidyadhiraja Publications

Geethanjali, Perumon, Quilon - 691 601

Copyright

K. R. C. Pillai, Geethanjali

Perumon, Quilon - 691 601.

★

ശ്രീ വിദ്യാധിരാജാ പബ്ലിക്കേഷൻസ്

ഗ്രന്ഥാവലി നമ്പർ 2.

# വിജ്ഞാനതരംഗിണി

## ഒന്നാംഭാഗം

## ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ

പ്രസിദ്ധീകരണം:

ശ്രീ വിദ്യാധിരാജാ പബ്ലിക്കേഷൻസ്

ഗീതാഞ്ജലി, പെരുമൺ, കൊല്ലം — 691 601.

വില: 15—00

## ശ്രീ വിദ്യാധിരാജാ പബ്ലിക്കേഷൻസ്


## ഉപദേശകസമിതി

1 ഡാക്ടർ ശൂരനാട്ടു് കുഞ്ഞൻപിള്ള

2 ശ്രീ. പന്നിശ്ശേരി ശ്രീനിവാസക്കുറുപ്പ്

3 പ്രൊഫസർ പി. ആർ. നായർ

4 ശ്രീ. ഓച്ചിറ എൻ. എസ്. പണിക്കർ.



ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ

# ശ്രീ നീലകണ്ഠതീർത്ഥപാദ സ്വാമികൾ

## (ജീവചരിത്രസംഗ്രഹം)

മൂവാററുപുഴ ശ്രീമധുരേശ്വരക്ഷേത്രത്തിനു സമീപം മാറാടി എന്നൊരു ഗ്രാമമുണ്ട്. അവിടെയുള്ള കുലീനവും സമ്പത്സമൃദ്ധവുമായ ഒരു നായർ തറവാടാണ് വാളാനിക്കാട്ട്. അവിടെ കൊല്ലവർഷം 1047 ഇടവമാസം 13-ാനു പകൽ 8 മണിക്ക് തൃക്കേട്ട നക്ഷത്രത്തിലാണ് ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ ഭൂജാതനായത്. സ്വാമികളുടെ പിതാവായ ശ്രീ. നീലകണ്ഠപ്പിള്ള ഗൃഹസ്ഥാശ്രമിയുടെ നിലയ്ക്ക് അനുരൂപമായ എല്ലാ ഗുണങ്ങളും തികഞ്ഞ ഒരു ശ്ലാഘ്യപുരുഷനായിരുന്നു. പ്രകൃത്യാ ഗംഭീരനാണെങ്കിലും ജീവജാലങ്ങളിൽ നിസ്സീമമായ കാരുണ്യവും സദാചാരനിഷ്ഠയും തികഞ്ഞിരുന്ന അദ്ദേഹം ഒരു ഈശ്വരഭക്തൻ കൂടിആയിരുന്നു. പിതാവിന്റെ ഗുണങ്ങളെല്ലാം ബാല്യകാലം മുതൽതന്നെ പുത്രനായ ശ്രീ നീകണ്ഠതീർത്ഥപാദ സ്വാമികളിലും തെളിഞ്ഞു പ്രകാശിച്ചു. ശ്രീ സ്വാമികളുടെ പിതാവിന്റെ ഗൃഹം തൊടുപുഴ പാഴൂർ എന്ന സ്ഥലത്തിനടുത്താണ്. ആ കുടുംബവും സമ്പത്സമൃദ്ധിയും ആഭിജാത്യവുമുള്ളതായിരുന്നു. പ്രസ്തുത കുടുംബത്തിലുള്ളവർ ജ്യോതിശാസ്ത്രത്തിലും, മർമ്മവിദ്യയിലും, നൈപുണ്യം നേടിയിട്ടുള്ളവരാണ്. സ്വാമികളുടെ പിതാവും ആ വിദ്യകളിൽ വളരെ സമർത്ഥനായിട്ടാണറിയപ്പെട്ടിരുന്നത്. അദ്ദേഹം വാളാനിക്കാട്ട് ശ്രീമതി കല്യാണിയമ്മയെന്ന സ്വാധീരത്നത്തെ വിവാഹം കഴിച്ചതിൽ മൂന്ന് ആൺമക്കളും നാലു പെൺമക്കളുമുണ്ടായി. ആൺമക്കളിൽ മൂന്നാമനായിരുന്നു സ്വാമികൾ. സ്വപിതാവിന്റെ പേരു തന്നെയാണ് സ്വാമികളുടേതും. എന്നാൽ വാളാനിക്കാട്ടു കൊച്ചു നീലകണ്ഠപ്പിള്ള എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടി

digitized by www.sreyas.in

രുന്നതു്. സ്വാമികളെ എഴുത്തിനിരുത്തിയതു് അദ്ദേഹ ത്തിൻെറ മാതുലന്മാരിൽ ഏററവും പ്രായംചെന്ന ശ്രീ. പരമേശ്വരൻപിള്ള എന്ന മാന്യനാണു്. പിന്നീടുള്ള സംസ്കാരവും സാമാന്യ വിദ്യാഭ്യാസവും ജോതിശ്ശാസ്ത്ര ത്തിലെ പ്രാരംഭപാഠങ്ങളും സ്വപിതാവിൽനിന്നുമാണു് അദ്ദേഹത്തിനു സിദ്ധിച്ചതു്. അതിനുശേഷം ഒരു പ്രൈ വററു് സ്കൂളിൽ ചേൎന്നു് ഇംഗ്ലീഷ് പഠനമാരംഭിച്ചു. തുടൎന്നു് തൃപ്പൂണിത്തുറ സ്കൂളിൽനിന്നു് മിഡിൽസ്കൂൾ പരീക്ഷ പാ സ്സായി. എറണാകുളം ഹൈസ്കൂളിൽ ചേൎന്നു് പഠിച്ചു. ഒരു ദിവസമെങ്കിലും പാഠം പഠിക്കാതെയോ സമയം തെററിയോ അദ്ദേഹം സ്കൂളിൽ പോയിട്ടില്ല. അതുകൊ ണ്ടു് ഉപാദ്ധ്യായന്മാരുടെയെല്ലാം വാത്സല്യനിധിയായി രുന്നു അദ്ദേഹം. നിശ്ചയദാൎഢ്യം, കണിശം, ആൎജ്ജ വം, വിനയം, ഈശ്വരഭക്തി മുതലായ വിശിഷ്ടഗുണങ്ങൾ ആ വിദ്യാൎത്ഥിജീവിതത്തിൽത്തന്നെ സ്വാമികൾ ധാരാ ളം പ്രദൎശിപ്പിച്ചിട്ടുണ്ടു്.

വാളാനിക്കാട്ടു കുടുംബത്തിൽ വിഷചികിത്സയും മന്ത്രവിദ്യയും പഴയകാലം മുതൽ പാരമ്പര്യമായി നടന്നു വരുന്നുണ്ടു് അതുകൊണ്ടു, എറണാകുളത്തു പഠിച്ചുകൊണ്ടി രുന്നകാലത്തു് ജ്യേഷ്ഠസഹോദരനോടു് കുറെ വിഷചികി ത്സയും മന്ത്രപ്രയോഗാദികളും അദ്ദേഹം ഗ്രഹിക്കയും മന്ത്ര ങ്ങൾ അക്ഷരലക്ഷം ജപിച്ചു സിദ്ധിവരുത്തുകയും ചെയ്തു. സ്വാമികളുടെ ഈ ഘട്ടത്തിലെ ദിനചര്യ പ്രത്യേകരീതി യിലുള്ളതായിരുന്നു. വെളുപ്പിനു് 3 മണിക്കു് എഴുന്നേററു് കുളിയും ദേവദൎശനവും കഴിഞ്ഞു മടങ്ങിവന്നു് ക്ലാസ്സി ലേക്കു വേണ്ട പാഠങ്ങൾ തയ്യാർ ചെയ്യും. പഠനസമയം ഒഴിച്ചുള്ള അവസരങ്ങളെല്ലാം അദ്ദേഹം ജപാദികൾക്കാ ണുപയോഗിച്ചിരുന്നതു്. പഠിച്ചിരുന്ന ക്ലാസ്സുകളിലെല്ലാം അദ്ദേഹം 'ഒന്നാമനും' മോണിട്ടറുമായിരുന്നു.

വിഷഹരങ്ങളായ മന്ത്രങ്ങൾ സിദ്ധി വരുത്തിയതോ ടുകൂടി കാമ്യോപാസനയിലേക്കും അദ്ദേഹത്തിൻെറ ബുദ്ധി തിരിഞ്ഞു. തത്ഫലമായി ജി. ഭട്ടൻ എന്ന ബ്രാഹ്മണനിൽനിന്നും വാഗ്ഭവം, ശ്രീവിദ്യ, ത്രിപുര

തുടങ്ങി സകലൈശ്വര്യപ്രദങ്ങളായ മന്ത്രങ്ങൾ ഗ്രഹിക്കയും ജപഹോമതർപ്പണാദിക്രമത്തിൽ അവ സിദ്ധിവരുത്തുകയും ചെയ്തു. പുറമെ, മന്ത്രസാരം, പ്രയോഗസാരം, യന്ത്രസാരം. പ്രപഞ്ചസാരം, വിഷനാരായണീയം തുടങ്ങിയ അനേകം ഗ്രന്ഥങ്ങൾ അക്കാലങ്ങളിൽ അദ്ദേഹം ഗ്രഹിച്ചു.

മന്ത്രസിദ്ധികൊണ്ട്, പുറപ്പെട്ടുപോയവരെ ആകർഷിച്ചു തിരിയെ വരുത്തുക, കടിച്ചു പാമ്പിനെ വരുത്തി വിഷമെടുപ്പിക്കുക, ഒരുവശം പടർന്നുപോകുന്ന വള്ളിയെ ധ്യാനബലത്താൽ മറുവശം വീഴ്ത്തുക മുതലായി അത്ഭുതജനകങ്ങളായ പല കർമ്മങ്ങളും അക്കാലങ്ങളിൽ അദ്ദേഹം ചെയ്തിട്ടുള്ളതായി ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമി ചരിത്രസമുച്ചയത്തിൽ പറഞ്ഞുകാണുന്നു. അദ്ദേഹം ഇംഗ്ലീഷ് പഠനകാലത്ത് സ്കൂളിനടുത്തു താമസിച്ചിരുന്ന സുപ്രസിദ്ധപണ്ഡിതൻ ശ്രീ ശംകോപാദ്ധ്യായരുടെ സ്നേഹം സമ്പാദിക്കയും അദ്ദേഹത്തിൽനിന്ന് വൈഷ്ണവതന്ത്രം മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ബാല്യത്തിലേതന്നെ ഹൃദയത്തിൽ അങ്കുരിച്ചിരുന്ന വിഷ്ണുഭക്തി ഈ ആചാര്യരുടെ സംസർഗ്ഗം നിമിത്തം പൂർവാധികം തഴച്ചുവളർന്നു. വിഷ്ണുകഥകളിലും വിഷ്ണുഭക്തന്മാരിലും നിസ്സീമമായ ഭക്തിവിശ്വാസങ്ങൾ അദ്ദേഹത്തിനുണ്ടായി. അതുകൊണ്ട് ക്രമേണ ഇംഗ്ലീഷ് പഠനത്തിൽ ശ്രദ്ധ കുറഞ്ഞു് ഒടുവിൽ ഇരുപതാമത്തെ വയസ്സിൽ V th ഫോറത്തിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ആ ഇംഗ്ലീഷ് പഠനം മതിയാക്കിയതായിട്ടാണറിവു്. സ്വാമികളുടെ ആ പ്രവൃത്തി കുടുംബാംഗങ്ങളിലാർക്കും തീരെ രസിച്ചില്ല. അദ്ദേഹത്തെ ഉന്നതവിദ്യാഭ്യാസം ചെയ്യിച്ച് ഉയർന്ന ഉദ്യോഗപദത്തിൽ ആരോഹിപ്പിക്കണമെന്നായിരുന്നു കുടുംബാംഗങ്ങൾ ആഗ്രഹിച്ചിരുന്നതു്. പക്ഷേ, ദൃഢചിത്തനായ സ്വാമികളിൽ അതൊന്നും ഫലിച്ചില്ല. പഠിത്തം നിറുത്തിയതിൽപ്പിന്നെ ഒരു വർഷത്തോളം ജപം. വ്രതം, ഗ്രന്ഥാവലോകനം ഇവയിൽ മാത്രം ശ്രദ്ധിച്ചുകൊണ്ടിരുന്നു. പിന്നീട് കുറെനാൾ ആദ്യം പഠിച്ചിരുന്ന സ്കൂളിൽ അദ്ദേഹം ഒരദ്ധ്യാപകനായി ഇരുന്നിട്ടുണ്ട്.

സ്വാമികൾ, പരമഭട്ടാര ശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ അപദാനങ്ങൾ തന്റെ ബാല്യകാലം മുതൽ കേട്ടിട്ടുണ്ട്. അക്കാലങ്ങളിൽ ശ്രീ ചട്ടമ്പിസ്വാമിതിരുവടികൾ മൂവാററുപുഴ മുതലായ സ്ഥലങ്ങളിൽ വിശ്രമിക്കുകയാണ്. വിഷവൈദ്യത്തിലും മന്ത്രതന്ത്രാദികളിലും നൈപുണ്യം ലഭിച്ചതിനുശേഷം ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ സ്വപിതാവിന്റെ വംശത്തിൽപ്പെട്ട ഒരു ജ്യോതിശ്ശാസ്ത്രജ്ഞനോടുകൂടി ശ്രീ ചട്ടമ്പിസ്വാമി തിരുവടികളെ സന്ദർശിക്കുവാൻ പോയി. വിഷവൈദ്യശാസ്ത്രത്തിൽ ഉന്നത പരിശീലനം നേടാനാണ് സ്വാമിതിരുവടികളുടെ സമീപത്തിൽ അദ്ദേഹം പോയതെന്നു പറയപ്പെടുന്നു. അന്നു നടന്ന സംഭാഷണത്തിൽ ശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ വിഷവൈദ്യശാസ്ത്രപരമായ പാണ്ഡിത്യത്തിൽ അത്ഭുതപരതന്ത്രനായിത്തീർന്ന സ്വാമികൾ കുറച്ചുകൂടി വിഷവൈദ്യശാസ്ത്രം പഠിച്ചാൽ കൊള്ളാമെന്നുള്ള തന്റെ അഭിലാഷം സ്വാമിതിരുവടികളുടെ മുൻപിൽ പ്രകടിപ്പിച്ചു. അപ്പോൾ, സ്വാമിതിരുവടികൾ കല്പിച്ചതു്– "കൊച്ചുനീലകണ്ഠപ്പിള്ളേ! ഈ സർപ്പവിഷവും മററും നിസ്സാരമാണ്. അതിലെല്ലാം വലുതായി ഒന്നുണ്ട്. അതു ശമിപ്പിക്കാൻ അധികമാളുകളും ശ്രമിച്ചു കാണുന്നില്ല. അതാണു സംസാരവിഷം. നാമെല്ലാം ആ വിഷത്തിൽപ്പെട്ടുഴലുകയാണ്. അതു ശമിപ്പിക്കുവാനുള്ള ഉപായമാണറിയേണ്ടതു്," ആ തിരുവായ്മൊഴികൾ കേട്ടപ്പോൾ ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികളുടെ ശ്രദ്ധ അതിലേക്കു തിരിഞ്ഞു. അദ്ദേഹം ആദ്ധ്യാത്മികഗ്രന്ഥങ്ങൾകൂടി പഠിക്കുവാൻ തീരുമാനിക്കുകയാണുണ്ടായതു്.

ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ പ്രഥമദർശനത്തിനുശേഷം കൂടെക്കൂടെ ശ്രീ ചട്ടമ്പിസ്വാമിതിരുവടികളെ സന്ദർശിക്കുമായിരുന്നു. അങ്ങനെയിരിക്കെ, അദ്ദേഹത്തിന്റെ സ്വാത്വികമായജീവിതം, ജപോപവാസാദികളിലുള്ള ദൃഢനിഷ്ഠ, പ്രാതഃസ്നാനാദി നിയമം, ശുചിത്വം മുതലായതു കണ്ടു് ശ്രീ ചട്ടമ്പിസ്വാമിതിരുവടികൾ ഒരു

ദിവ്യോപദേശം കൊടുക്കാമെന്ന് അദ്ദേഹത്തോടു പറയുകയുണ്ടായി പക്ഷേ, എന്തോ കാരണവശാൽ ആ ഉപദേശം പെട്ടെന്നു നടന്നില്ല. അങ്ങനെ കുറെ മാസങ്ങൾകൂടി കഴിഞ്ഞു. അതിനുശേഷം ഒരിക്കൽ, ശ്രീ ചട്ടമ്പിസ്വാമിതിരുവടികൾ ഏററവും ഉപദേശം നൽകി അദ്ദേഹത്തെ അനുഗ്രഹിച്ചു. ആ ഉപദേശം യോഗാഭ്യാസക്രമമായിരുന്നെന്നാണറിവു്. നാലഞ്ചുമാസത്തെ പരിശ്രമംകൊണ്ടു് ആ അഭ്യാസക്രമം പൂർത്തിയാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതിനുശേഷം ഉയന്ന യോഗസാധനകൾ സ്വാമിതിരുവടികൾ അദ്ദേഹത്തിനു് ഉപദേശിച്ചു കൊടുത്തു. കൂടാതെ, ശരീരശുദ്ധികരങ്ങളായ കല്പസേവയും ''ധൗതി, വസ്തി, നൗലി'' മുതലായ പഞ്ചകർമ്മങ്ങളും അവിടുന്നു പരിശീലിച്ചു. സുഷുമ്നാന്തഃസ്ഥിതനായ ചന്ദ്രങ്കൽ നിന്നും അനർഗ്ഗളം ഗളിക്കുന്ന അമൃതം സദാ ആസ്വദിക്കത്തക്കവിധം ഖേചരീമുദ്രാബന്ധത്തിൽ ദാർഢ്യം സമ്പാദിച്ചു് കുംഭകാന്തമായ ബഹുവിധ പ്രാണായാമക്രിയ കൊണ്ടു് പ്രാണജയം വരുത്തി. ഇത്രയുമായപ്പോൾ ചിത്തവൃത്തി പാടേ ലൌകികം വിട്ടു് യോഗചര്യയിൽ തന്നെ വിലീനമായി ബ്ഭവിച്ചു. 21 വയസ്സു മുതൽ 12 വർഷത്തോളം പരിപ്പും, നെയ്യും, പാലും കൂട്ടി ദിവസം ഒരു നേരം മാത്രമേ അദ്ദേഹം ഊണു കഴിച്ചിരുന്നുള്ളു. ഇങ്ങനെ യോഗാഭ്യാസത്തിൽ ദാർഢ്യം വന്നതോടുകൂടി പരമപുരുഷാത്ഥസിദ്ധിക്കു പര്യാപ്തമായ ജ്ഞാനമാർഗ്ഗത്തിലേക്കു് സ്വാമികളെ ഗുരുനാഥൻ നയിച്ചു. ഗുരുവിൻെറ നിർദ്ദേശമനുസരിച്ചു് തമിഴ് ഭാഷയിലുള്ള വാസിഷ്ഠം, നിഷ്ഠാനുഭൂതി, നവനീതസാരം മുതലായ ജ്ഞാനശാസ്ത്രങ്ങളാണു് അദ്ദേഹം ആദ്യം പഠിച്ചതു്. പക്ഷേ, അദ്ദേഹത്തിനു് തമിഴ്ഭാഷ അരോചകമായിത്തോന്നിയതിനാൽ സംസ്കൃത ഭാഷയിലുള്ള വേദാന്തഗ്രന്ഥങ്ങൾ പഠിക്കുന്നതിനു് ആ ഭാഷയിൽ കൂടുതൽ വ്യുത്പത്തി സമ്പാദിക്കാൻ ശ്രമിച്ചുതുടങ്ങി. ശ്രീ. നാരായണശർമ്മ, ശ്രീനിവാസാചാര്യർ മുതലായ പണ്ഡിതശ്രേഷ്ഠന്മാരിൽനിന്നു് കാവ്യനാടകങ്ങളും, ആര്യഗുരുസ്വാമി, കുംഭകോണം കൃഷ്ണശാസ്ത്രികൾ, കൊച്ചിയിലെ രാജഗുരുവായിരുന്ന ശാകോപാചാ

ന്യർ എന്നീ മഹാപണ്ഡിതന്മാരിൽനിന്നു് ഷഡ്ദർശനങ്ങളും തത്സംബന്ധികളായ ശാസ്ത്രങ്ങളും അഭ്യസിച്ചു് ക്രമേണ അദ്ദേഹം ഒരു സർവ്വ ശാസ്ത്രപണ്ഡിതനായിത്തീർന്നു. അതിനിടയിൽ സദ്ഗുരു ശ്രീപരമഭട്ടാരസ്വാമി തിരുവടികൾ അദ്ദേഹത്തെ ജ്ഞാനോപദേശം ചെയ്തനുഗ്രഹിച്ചു.

''സംസ്കൃതത്തിലും മലയാളത്തിലും സ്വാമികൾ വായിക്കാത്ത ഗ്രന്ഥങ്ങൾ ചുരുക്കമാണു്. ബംഗാളി, മറാട്ടി, തമിഴ്, തെലുങ്കു്, ഇംഗ്ലീഷ് മുതലായ ഭാഷകളിലും സ്വാമികൾക്കു് നല്ല പരിജ്ഞാനമുണ്ടായിരുന്നു. അദ്ദേഹം ഹരിദ്വാരം മുതൽ കന്യാകുമാരിവരെ സഞ്ചരിച്ചു് ഒരു തീർത്ഥാടകന്റെയും ചരിത്രാന്വേഷകന്റെയും ദൃഷ്ടിയിൽ അവിടങ്ങളിലുള്ള പ്രസിദ്ധ ദൃശ്യങ്ങൾ ദർശിക്കയും പ്രമുഖന്മാരായ പണ്ഡിതശ്രേഷ്ഠന്മാരുടെ മൈത്രി സമ്പാദിക്കയും ചെയ്തിട്ടുണ്ടു്''.

ബാല്യം മുതല്ക്കേ സ്വാമികളുടെ സദ്വാസനാസുരഭിലമായ ചിത്തം കവിതാസരണിയിലൂടെ പ്രവഹിച്ചു തുടങ്ങിയിരുന്നു. പല സ്തോത്രങ്ങളും അക്കാലങ്ങളിൽ അദ്ദേഹം എഴുതിയിട്ടുണ്ടു്. ഏകദേശം 13 വയസ്സുള്ളപ്പോൾ ''മൌസലം'' മണിപ്രവാളമാക്കിയതും 20-ാമത്തെ വയസ്സിൽ ''സുഭദ്രാപഹരണം'' എന്ന ഭാഷാനാടകം വിരചിച്ചതും അതിനു തെളിവാണു്.

അവിടുന്നു് വിവേകപ്രധാനനായിരുന്ന ഒരു ജീവന്മുക്തനായിരുന്നു. ശിഷ്യോപദേശം, ശാസ്ത്രാഭ്യാസം, സഞ്ചാരം, ഗ്രന്ഥനിർമ്മിതി ഇങ്ങനെ നാലു പ്രധാന ശാഖകളിൽ കൂടിയാണു് അദ്ദേഹത്തിന്റെ മനോവൃത്തി പ്രവർത്തിച്ചുകൊണ്ടിരുന്നതു്. മഹാപണ്ഡിതന്മാരും ബ്രഹ്മനിഷ്ഠന്മാരുമായിരുന്ന ശിവപ്രസാദവിദ്യാഭാരതി, പരമാനന്ദനാഥൻ, സച്ചിദാനന്ദബ്രഹ്മേന്ദ്രൻ, ആത്മയോഗിനിയമ്മ, ചിദ്വിലാസിനി, തച്ചുടയകയ്മൾ, ചിദ്രസാഭരണൻ മുതലായവർ അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ പെട്ടവരാണു്.

അദ്ദേഹത്തിന്റെ സംസ്കൃത ഗ്രന്ഥങ്ങളെക്കുറിച്ച് ജർമ്മനി, ഇംഗ്ലണ്ട്, ഫ്രാൻസ്, അമേരിക്ക മുതലായ വിദൂരരാജ്യങ്ങളിലും ഇന്ത്യയിൽ തന്നെയുമുള്ള സംസ്കൃതവിദ്വാന്മാർ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. മതസംബന്ധമായും സാമുദായികമായും മലയാളത്തിലും സംസ്കൃതത്തിലും അവിടുന്ന് ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. വേദാന്ത മണിവിളക്ക്, അദ്വൈതസ്തബകം, ഹഠയോഗ പ്രദീപികഭാഷ, കണ്ഠാമൃതം, ബ്രഹ്മാഞ്ജലി മൂന്ന് ഭാഗങ്ങളിലെ പല കൃതികൾ ആചാരപദ്ധതി, ദേവാർച്ചാപദ്ധതി മുതലായവ മലയാളത്തിലുള്ളവയാണ്. സ്തവരത്നഹാരം, അദ്വൈതപാരിജാതം, യോഗരഹസ്യകൌമുദി, കണ്ഠാമൃതാർണ്ണവം, സ്വാരാജ്യസർവസ്വം, യോഗാമൃതതരംഗിണി, ആത്മാമൃതം, സങ്കല്പകല്പലതിക, ശ്രീബാഹുലേയസ്തവം മുതലായവയാണ് സംസ്കൃത കൃതികൾ. കൂടാതെ മലയക്ഷത്രിയകേസരി, പുരുഷാർത്ഥം, മുക്തിവിചാരം, സംന്യാസം സ്വരൂപ നിരൂപണം, ഈശ്വരഭക്തി മുതലായ അനവധി ഉപന്യാസങ്ങൾ പല മാസികകളിലായി പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്.

അദ്ദേഹത്തിന് ദീർഘനാൾ ജീവിച്ചിരുന്ന് ലോകത്തെ അനുഗ്രഹിക്കുവാൻ സാധിച്ചില്ല കൊ: വ: 1096 കർക്കടകമാസം 23-ാം തീയതി രാവിലെ 8 മണിക്ക് കരുനാഗപ്പള്ളി പന്നക്കുളം താഴത്തോട്ടത്തു മഠത്തിൽ വച്ച് 49-ാമത്തെ വയസ്സിൽ അദ്ദേഹം മഹാസമാധി പ്രാപിച്ചു.

(സദ്ഗുരു ശ്രീ വിദ്യാനന്ദതീർത്ഥപാദ സ്വാമികൾ രചിച്ച "തീർത്ഥപാദപരമഹംസ സ്വാമികൾ" എന്ന ജീവചരിത്രത്തിൽനിന്ന് സംഗ്രഹിച്ചത്.)

★

# അവതാരിക

അഭിവന്ദ്യ ശ്രീ വിദ്യാധിരാജ സ്വാമികളുടെ (കൊ: വ: 1029_1079—ക്രി: വ: 1854_1929) പുണ്യനാമധേയത്തിൽ എന്റെ പ്രിയ സുഹൃത്തു് ശ്രീ. കെ. ആർ. സി. പിള്ള സമാരംഭിച്ചിരിക്കുന്ന ഗ്രന്ഥപ്രസിദ്ധീകരണ പരമ്പരയിൽ രണ്ടാമത്തേതാണു് വിജ്ഞാനതരംഗിണി (ഒന്നാംഭാഗം). ഇതിൽ സ്വാമികൾ പലപ്പോഴായി ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കു് സംഭാവന ചെയ്തിട്ടുള്ള 16 പ്രബന്ധങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. സ്വാമികളുടെ ആരാധകന്മാരും ശിഷ്യരും ആയിരുന്ന ശ്രീ. പന്നിശ്ശേരി നാണുപിള്ളയും, ശ്രീവർദ്ധനത്തു S. N. കൃഷ്ണപിള്ളയും കൂടി ചേർന്നു 1895-ൽ പ്രസിദ്ധപ്പെടുത്തിയ ശ്രീനീലകണ്ഠതീർത്ഥപാദ ചരിത്രസമുച്ചയത്തിൽ ഇവയെല്ലാം കണ്ടെടുത്തു് തെരഞ്ഞെടുത്തു് ചേർത്തിരുന്നുവെന്നു് കൃതജ്ഞതയോടെ രേഖപ്പെടുത്താം. ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ ശ്രീ വിദ്യാധിരാജ സ്വാമികളുടെ ശിഷ്യപ്രധാനനായിരുന്നുവെന്ന വസ്തുത പലർക്കും അറിവുള്ളതാണല്ലോ. തീർത്ഥപാദരുടെ ജീവചരിത്രത്തിൽ വിദ്യാധിരാജസ്വാമികളുടെ വിശിഷ്ടസംഭവങ്ങൾ ചേർത്തു് പ്രസിദ്ധീകരിച്ചതു് ഈ ഗുരുശിഷ്യബന്ധം ആസ്പദമാക്കിയായിരുന്നു. മലയാളത്തിലെ ആദ്യത്തേതും അതിപ്രശസ്തവുമായ ജീവചരിത്രമെന്ന നിലയ്ക്കു് നീലകണ്ഠതീർത്ഥപാദ ചരിത്രസമുച്ചയം സ്വാമികളുടെ പ്രശംസ സമ്പാദിച്ചിട്ടുണ്ടു്. ആയിരത്തോളം പുറങ്ങളുള്ള ആ ഗ്രന്ഥം സാഹിത്യപഞ്ചാനനൻ ശ്രീ. പി. കെ. നാരായണപിള്ളയുടെ അവതാരികയോടുകൂടി സാഹിത്യചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ളതാണു്. പക്ഷേ, ആ ബൃഹദ്ഗ്രന്ഥം ഒന്നാം പതിപ്പിൽതന്നെ നിൽക്കുകയാണു്. ആവശ്യക്കാർ ആ പുസ്തകത്തിനു് ധാരാളമുണ്ടെങ്കിലും ഇതുവരെയും ഒരു രണ്ടാം പതിപ്പിനു് ആരും തയ്യാറായിട്ടില്ല, ഗ്രന്ഥകർത്താക്കന്മാർ ചരമഗതി പ്രാപിച്ചിട്ടു് അനേകം വർഷമായിട്ടും അതിനു് ഒരു

ഉയിർത്തെഴുന്നേൽപ്പ് കിട്ടാതെയിരിക്കുകയാണ്. അതു കൊണ്ടാണ് ശ്രീ കെ. ആർ. സി. പിള്ള ഇങ്ങനെയൊരു യത്നത്തിനു തുനിഞ്ഞതു്. അഥവാ നീലകണ്ഠതീർത്ഥപാദ ചരിത്രസമുച്ചയം പുന:പ്രകാശനം ചെയ്താൽ തന്നെയും ഈ വിജ്ഞാനതരംഗിണിക്കു് സ്വതന്ത്രമായ നിലനില്പ് ഉണ്ടായിരിക്കും. ഇതിലെ വിഷയങ്ങൾക്ക് തീർത്ഥ പാദചരിത്രത്തിൽ സാന്ദർഭികബന്ധം മാത്രമേ ഉള്ളൂ. ഇവിടെയാകട്ടെ, ഈ ഓരോ വിഷയവും തീർത്ഥപാദ സ്വാമികളുടെ സ്വതന്ത്രസംഭാവന എന്ന നിലയ്ക്കു് നില്ക്കുന്നു. ഇവയോരോന്നും സ്വാമികളുടെ ദീർഘമായ പഠനത്തിനും ഗാഢമായ പരിചിന്തനത്തിനും ശേഷമുള്ള സൃഷ്ടികളാണ് വിദ്യാധിരാജ സ്വാമികളുടെ ശിഷ്യത്വവും സഹവാസവും കൊണ്ടും സ്വന്തമായ പഠനവും ധ്യാനവും കൊണ്ടും രൂപം കൊണ്ടിട്ടുള്ള ഈ പ്രബന്ധങ്ങൾ വിലപ്പെട്ട കൃതികളാണെന്നു രേഖപ്പെടുത്താം. ഇതിലെ പല ഭാഗങ്ങളും വായിക്കുമ്പോൾ മേൽപ്പറഞ്ഞ രണ്ടു വസ്തുതകളും വ്യക്തമാകും. വേദശാസ്ത്രാദി വിഷയങ്ങളിലുള്ള പാണ്ഡിത്യവും വിദ്യാധിരാജ സ്വാമികളുടെ സ്വതന്ത്ര ചിന്തയും ഇതിൽ തെളിഞ്ഞുകാണാം. ചില ഭാഗങ്ങൾ വായിക്കുമ്പോൾ വിദ്യാധിരാജന്റെ വേദാധികാര നിരൂപണം തന്നെയോ എന്നുതോന്നിപ്പോകും.

വേദങ്ങൾ, ഉപനിഷത്തുകൾ, ഭഗവദ്ഗീത, ധർമ്മശാസ്ത്രം, പുരാണങ്ങൾ, ദർശനങ്ങൾ മുതലായ സാഹിത്യത്തിൽ പൂർണ്ണമായി നിമജ്ജനം ചെയ്ത ഒരു മഹാന്റെ വാക്കുകൾ ഇതിൽ ആദ്യന്തം കേൾക്കാം. ചിന്താസ്വാതന്ത്ര്യത്തിന്റെ സൗരഭ്യം പ്രസരിപ്പിച്ചിട്ടുള്ള ഗതിയാണ് ആദ്യന്തം. പുരാതന ഭാരത സംസ്കാരത്തിന്റെ മഹിമ സ്വാമികൾ വേണ്ടതുപോലെ മനസ്സിലാക്കിയിട്ടുണ്ടു്. വിദ്യാധിരാജനുമായിട്ടുള്ള ബന്ധം ആ ചിന്താ സ്വാതന്ത്ര്യത്തിനു് സഹായകമായിരുന്നുവെന്നു് നിശ്ചയിക്കാം. പഴയ സിദ്ധാന്തങ്ങളെ സ്വാർത്ഥതല്പരന്മാർ ദുർവ്യാഖ്യാനം ചെയ്തു് മനുഷ്യാവകാശങ്ങളെ നിരസിച്ചിരുന്നതു് പൊളിച്ചുകാണിച്ചതാണ് ശ്രീ വിദ്യാധിരാജന്റെ മഹിമ.

ഗ്ഗുരുവിന്റെ ആ മാർഗ്ഗം തന്നെയാണ് തീർത്ഥപാദരിലും പിൻതുടർന്നിരിക്കുന്നത്.

'പുരുഷാർത്ഥ'മെന്ന ആദ്യ പ്രബന്ധത്തിൽ തന്നെ തീർത്ഥപാദസ്വാമികളുടെ ശാസ്ത്രാവഗാഹം നല്ലവണ്ണം പ്രത്യക്ഷപ്പെടുന്നുണ്ട്. ധർമ്മത്തെപ്പററിയുള്ള പുരാതന ഭാരതീയ സങ്കല്പങ്ങളും അവയുടെ വൈശിഷ്ട്യവും തെളിച്ചു കാണിച്ചിരിക്കുന്നു. പഴയ പ്രമാണങ്ങളും പുതിയ യുക്തികളും സമഞ്ജസമായി കൂട്ടിച്ചേർത്ത് ധർമ്മസംബന്ധമായ പ്രസക്തകവിതാഭാഗങ്ങൾ ഉദ്ധരിച്ചു വ്യാഖ്യാനിച്ചുകൊണ്ടാണ് സ്വാമികളുടെ പോക്ക്. പണ്ഡിതന്മാർക്ക് പരിചയമുള്ള ഭാഷയും, പരിചയമുള്ള ഗ്രന്ഥങ്ങളും ധാരാളമായി ഉപയോഗിച്ചിരിക്കുന്നതും ഉദ്ധരിച്ചിരിക്കുന്നതും പാണ്ഡിത്യം പ്രദർശിപ്പിക്കാനല്ല; അതദ്ദേഹത്തിന്റെ ശൈലി തന്നെ. വിദ്യാധിരാജനോടും ശ്രീനാരായണനോടും തീർത്ഥപാദപരമഹംസ സ്വാമികളോടും അന്നത്തെ സദാനന്ദനോടും മററു പണ്ഡിതന്മാരോടും അദ്ദേഹം ചർച്ചകളിൽ ഉപയോഗിച്ചിരുന്ന രീതിയാണ് ഈ ഗ്രന്ഥത്തിൽ കാണുന്നത്. പക്ഷേ, ഇന്നത്തെ സാധാരണക്കാർക്ക് മനസ്സിലാകണമെങ്കിൽ അതിന് നോട്ടുകളും കുറിപ്പുകളും ആവശ്യമാണ്. അത് ഒരു ന്യൂനതയായി കല്പിക്കാനില്ല. മലയാളത്തിലെ ഏതെങ്കിലും നല്ലകൃതി വ്യാഖ്യാനംകൂടാതെ സാധരണക്കാർക്ക് പൂർണ്ണമായി മനസ്സിലാകുമെന്നുതോന്നുന്നില്ല അഥവാ ചില ലഘുകൃതികൾ മനസ്സിലാകുമെന്നുവച്ചാലും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതരത്തിലുള്ള വേദാന്തവിഷയങ്ങളെപ്പററിയുള്ള കൃതികൾ സാധാരണക്കാർക്കു മനസ്സിലാക്കാൻ സഹായംവേണ്ടിവരും. ഒന്നുകൂടിപറയാനുണ്ട്; ഇത് വെറും സാധാരണന്മാരെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളകൃതികൾഅല്ല, വേദാന്തവിഷയം പഠിക്കുന്ന പണ്ഡിതന്മാരെ കൂടി മുന്നിൽകണ്ടുകൊണ്ടാണ് ഇതിലെ പ്രബന്ധങ്ങൾ രചിച്ചിരിക്കുന്നത്. അതിൽ പൂർവ്വഗ്രന്ഥ പരിചയവും പാണ്ഡിത്യവും പാരമ്പര്യയുക്തികളും സംസ്കൃത സൗരഭ്യവും ഒക്കെവന്നുപോകും. സാധാരണക്കാർക്ക് അല്പം വൈഷമ്യങ്ങൾ

തോന്നിയാലും ആ വിഷയങ്ങൾ പരിചയിച്ചിട്ടുള്ളവർക്ക് സന്തോഷത്തിനായിരിക്കുംവക. ഏതായാലും സകലരും മനസിലാക്കിയിരിക്കേണ്ട വിഷയങ്ങളെപ്പററിയാണ് സ്വാമികൾ ഇതിൽ ചർച്ചചെയ്യുന്നതെന്നിരിക്കെ ചെറിയ ഒരു ടിപ്പണികൂടി ചേർത്തിരിക്കുന്നതു് ആശാസകരമാണു്.

ഇവിടെ ധർമ്മത്തെപ്പററി പറഞ്ഞിട്ടുള്ള വസ്തുതകൾ പ്രത്യേകം ശ്രദ്ധിക്കണം. ഇന്നത്തെ വിദ്യാഭ്യാസത്തിനു് ഈവിഷയങ്ങളൊന്നും പ്രധാനമല്ല. ജീവിതലക്ഷ്യത്തെപ്പററിയുള്ള വ്യത്യസ്ത മനോവൃത്തികൾകൊണ്ടാണു് പണ്ടത്തെ ധർമ്മാർത്ഥകാമമോക്ഷങ്ങളും ഇന്നത്തെ തൻകാര്യസ്വാർത്ഥലാഭങ്ങളും മാറി മാറി നില്ക്കുന്നതു്. എന്നാൽ പണ്ടും ഇന്നും തമ്മിൽ വ്യത്യാസമില്ലാത്ത ചില സത്യങ്ങളുണ്ടു്. അവയിൽ ഏററവും പ്രധാനപ്പെട്ടതു് മരണം. ഇന്നത്തെ ഏതു് കൊലകൊമ്പൻവിചാരിച്ചാലും മരണത്തിൽനിന്നും മാറിനിൽക്കാൻ സാധ്യമല്ല. അതിനെ നേരിടാനും അതു കഴിഞ്ഞുള്ള സ്ഥിതിയെ അഭിമുഖീകരിക്കാനും പണ്ടത്തേപ്പോലെ ഇന്നു് പ്രകൃതിനിയമമുണ്ടു്. ആ ഉഗ്ര നിയമത്തിൽ ഇതിലെ ചന്തകൾ—പുരാതന ഭാരത ഋഷിമാരുടെ ചിന്തകൾ ദിവ്യസൂക്തങ്ങളാണു്. ഈ ചിന്തകൾ മനസ്സിലാക്കുന്നതു് വലുതായ ഒരു സംസ്ക്കാരമാണു്. ഒരു കപ്പകാപ്പിയോ, അല്പം മധുരപദാർത്ഥമോ, വിഭവപൂർണ്ണമായ ഒരു സദ്യയോ കിട്ടിയാൽ അതതിനൊത്ത സന്തോഷം തോന്നും. എന്നാൽ വയറുനിറയെ അമൃതം കിട്ടിയാലോ വേറൊന്നും അതിനോടു സമമല്ല എന്നു പറയണമെന്നുണ്ടോ? ഈ വക ചിന്തകളെപ്പററി അങ്ങനെയൊരു താരതമ്യമാണു് മനസ്സിൽ തോന്നുന്നതു്.

ഈ സന്ദർഭത്തിൽ താഴെ ഉദ്ധരിക്കുന്ന ഭാഗം നോക്കുക. ധർമ്മാനുഷ്ഠാനത്തിനു് മൂന്നുവിധത്തിലുള്ള തപസ്സാണു് ഭഗവദ്ഗീത അനുശാസിക്കുന്നതു്:—

''ദേവ ദ്വിജ ഗുരു പ്രാജ്ഞ
പൂജനം, ശൗചമാർജ്ജവം

ബ്രഹ്മചര്യ്യ, മഹിംസാ ച,
ശാരീരം തപ ഉച്ച്യതേ
അനുദ്വേഗ കരം വാക്യം
സത്യം പ്രിയ ഹിതം, ച യത്
സ്വാദ്ധ്യായഭ്യസനം ചൈവ
വാങ്മയം തപ ഉച്യതേ
മന: പ്രസാദഃ, സൗമ്യത്വം
മൗന, മാത്മവിനിഗ്രഹ:
ഭാവ സംശുദ്ധിരിത്യേത-
ത്തപോ മാനസമുച്യതേ''

(ഭഗവദ്ഗീത. അ. 17_ശ്ലോകം 14_15_16)

ശരീരംകൊണ്ടും,വാക്കുകൊണ്ടും, മനസ്സുകൊണ്ടുമുള്ളതപസ്സ് ധമ്മാനുഷ്ഠാനത്തിന് അത്യന്താപേക്ഷിതമാണെന്ന കാര്യം സ്പഷ്ടം തന്നെ. മനസ്സ് എപ്പോഴും ധർമ്മസർവ്വസ്വമായ തിനെത്തന്നെ കേൾക്കുകയും അതിനെ മനനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുങ്കിൽ മാത്രമേ ധമ്മാനുഷ്ഠാനത്തിൽ മനുഷ്യന് വിജയം പ്രാപിക്കാൻ കഴിയുകയുള്ളൂ. നാനാവിധകമ്മശൃംഖലയിൽ പെട്ടുഴലുന്ന മനുഷ്യൻ, തനിക്കു യാതൊന്നു സംഭവിച്ചുകൂടാ എന്നു സർവ്വദാ തോന്നുന്നുവോ അവയൊന്നും തന്നെ അന്യരോടും ചെയ്തുകൂടായെന്നുള്ള ധർമ്മശാസ്ത്രത്തിലെ അത്യുൽക്കൃഷ്ട തത്വമാണ് സ്വാമികൾ പ്രമാണം ഉദ്ധരിച്ചുകൊണ്ട് ഈ പ്രബന്ധത്തിൽ ഊന്നിപ്പറഞ്ഞിട്ടുള്ളതു്. ഈ തത്വം ജീവിതത്തിൽ പ്രായോഗികമാക്കിക്കഴിഞ്ഞാൽ പിന്നെ. വിദ്വേഷമോ, ഹിംസയോ ഇല്ലാത്ത ഒരു മഹനീയ ജീവിതമായിരിക്കും മനുഷ്യനുണ്ടാകുന്നതു് എന്ന കാര്യത്തിൽ സന്ദേഹമില്ല.

ധർമ്മാനുഷ്ഠാനം കൂടാതെയുള്ള ജീവിതം എത്രയോ അത്ഥശൂന്യമാണെന്നു് സ്വാമികൾ വിവരിക്കുന്നു. ധമ്മവിഹീനമായി കാലം കഴിക്കുന്നവൻ കൊല്ലന്റെ തോൽ തുരുത്തിപോലെ ശ്വാസോച്ഛ്വാസം ചെയ്തുകഴിയുന്നുവെന്നുമാത്രം. ''യസ്യ ധമ്മവിഹീനാനി........... ശ്വസന്നപി ന ജീവതി'' എന്ന ശ്ലോകം ഉദ്ധരിച്ച് സ്ഥാ

പിച്ചിരിക്കുന്ന ഈ മഹത്തത്ത്വം ലോകത്തിനു മാർഗ്ഗദർശകമായിത്തീരട്ടെ.

ഭാരത ദർശനം ധർമ്മശാസ്ത്രാധിഷ്ഠിതം തന്നെയാണ് ഏതു ഗ്രന്ഥവും ധർമ്മത്തിന്റെ മഹത്ത്വത്തെയാണ് പ്രകീർത്തിക്കുന്നത്. അനേകം ഗ്രന്ഥങ്ങളിലായി പരന്നുകിടക്കുന്ന ധർമ്മശാസ്ത്രമെല്ലാം "പരോപകാര:" പുണ്യായ-പാപായ പരപീഡനം" എന്ന അർദ്ധശ്ലോകത്തിൽ അടങ്ങുന്നു. പരമപുരുഷാർത്ഥമായ മോക്ഷത്തിനു സാധനങ്ങളായ ധർമ്മാർത്ഥകാമങ്ങളിൽ ധർമ്മത്തിന്റെ മഹത്ത്വവും പ്രാധാന്യവും സ്വാമികൾ ഈ പ്രബന്ധത്തിൽ ഉറപ്പിച്ചു പ്രഖ്യാപിക്കുകയാണ് ഈശ്ലോകത്തിൽകൂടി—

"ധർമ്മഃ ശർമ്മ പരത്ര യേ ഹ ച നൃണാം
ധർമ്മോന്ധകാരേ രവി:
സർവ്വാപൽ പ്രശമക്ഷമ: സുമനസാം
ധർമ്മോബന്ധുരബാന്ധവേ, പൃഥുപഥേ
ധർമ്മ: സുഹൃന്നിശ്ചല:
സംസാരോരുമരുസ്ഥലേസുരതരു–
ന്നാസ്ത്യേവ ധർമ്മാൽപര".

ധർമ്മത്തിന്റെ ബഹുവിധമായ മഹത്ത്വമാണ് ഉല്ലേഖാലങ്കാരത്തിൽ കൂടി ഈ ശ്ലോകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഇതിലധികം ഒരുവിവരണം ധർമ്മത്തെക്കുറിച്ച് വേണമെന്നില്ല, അതിന്റെ സർവ്വതോമുഖമായ പ്രാധാന്യം മനസ്സിലാക്കുവാൻ. ധർമ്മം സുഖസാധനവും കൂരിരുട്ടിൽ (അജ്ഞതയിൽ) സൂര്യനും, സർവ്വാപന്നിവാരണവും, ബന്ധുഹീനനുബന്ധുവും സംസാര മരുഭൂമിയിൽ കല്പതരുവും ആണെന്നുപറയുമ്പോഠം ഈ ലോകത്തു് അതിലുപരി യാതൊന്നും ജീവിതത്തെ പുഷ്ടിപ്പെടുത്തുന്നതായില്ലെന്നു കാണാം. അങ്ങനെയുള്ള ധർമ്മാനുഷ്ഠാനത്തിൽകൂടി മാത്രമേ മോക്ഷം പ്രാപിക്കാൻ മനുഷ്യൻ യോഗ്യനായിത്തീരുകയുള്ളുവെന്ന തത്ത്വമാണ് സ്വാമികഠം സ്ഥാപിച്ചിരിക്കുന്നത്.

പരമമായ ധർമ്മം അഹിംസയാണ്. അർത്ഥകാമങ്ങളെ ഇച്ഛിക്കുന്നവൻ ആദ്യമേതന്നെ ധർമ്മം ആർജ്ജിക്കുകയും വേണം. ധർമ്മമല്ലാത്ത പാണ്ഡിത്യം നിരർത്ഥകമാണ്. ധർമ്മനിഷ്ഠമല്ലാത്ത പാണ്ഡിത്യത്തെ ശ്വാവിന്റെപുച്ഛം പോലെ പ്രയോജനരഹിതവുമാണെന്നുള്ള താക്കീതും സ്വാമികൾ ശാസ്ത്രപ്രമാണം കൊണ്ട് സമർത്ഥിച്ചിട്ടുണ്ട്. ഈ പ്രബന്ധത്തിന്റെ മഹത്വത്തെപ്പററി കൂടുതൽ വിവരിക്കേണ്ട ആവശ്യം ഇല്ല

മുക്തിവിചാരം എന്ന രണ്ടാമത്തെ പ്രബന്ധത്തിൽ വേദാന്ത ശാസ്ത്രത്തിലെ സുപ്രധാനമായ വിഷയമാണ് ചർച്ച ചെയ്തിരിക്കുന്നത്. നൈയ്യായികന്മാർ, സാംഖ്യന്മാർ, ദ്വൈതികൾ, വിശിഷ്ടാദ്വൈതികൾ എന്നിവരുടെയും യോഗപക്ഷക്കാരുടെയും വാദങ്ങളെ ശാസ്ത്രപ്രമാണങ്ങൾ ഉദ്ധരിച്ച് ഖണ്ഡിക്കുകയും അദ്വൈതസിദ്ധാന്തത്തിൽ ഉറച്ചുനിന്നുകൊണ്ട് മുക്തിയെവിലയിരുത്തുകയുംചെയ്യുന്ന സ്വാമികളുടെ നിഗമനം ശാസ്ത്രരീത്യായുക്തി പൂർണ്ണമാണെന്നു സമ്മതിച്ചേ തീരൂ. അദ്വൈതസിദ്ധാന്താചാര്യനായ ശ്രീമദ് ശങ്കരാചാര്യസ്വാമികളുടെ ''മോക്ഷകാരണസാമഗ്ര്യാം ഭക്തിരേവഗരീയസീ – സ്വസ്വരൂപാനുസന്ധാനം ഭക്തിരിത്യഭിധീയതേ'', എന്നുള്ള വിവേകചൂഡാമണിയിലെ പ്രമാണമാണ് സ്വാമികൾ സ്വീകരിച്ചിരിക്കുന്നത്. മുക്തിക്കുവേണ്ട സാധനകൾ ശ്രവണമനന നിദിദ്ധ്യാസനങ്ങൾ തന്നെയെന്ന് അഖണ്ഡിതമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ ചർച്ചയിൽ ശ്രവണമെന്നത് ഉപക്രമാദി ആറുവിധ ലിംഗങ്ങളെകൊണ്ട് പദപദാർത്ഥ വാക്യാർത്ഥങ്ങളിലുള്ള ശക്തി താല്പര്യങ്ങളെ നിശ്ചയിക്കയാകുന്നുവെന്ന കൈവല്യരത്നത്തിൽ പറഞ്ഞിരിക്കുന്ന തത്വങ്ങളെഇതിൽവിശദീകരിച്ചിട്ടുണ്ട്. ശ്രവണമനന നിദിദ്ധ്യാസന സാധനകളെ ശ്രുതിവാക്യങ്ങൾ ഉദ്ധരിച്ചു വിശദീകരിച്ചിരിക്കുന്ന ഈ പ്രബന്ധം അദ്ധ്യാത്മ ശാസ്ത്രത്തിലെ ഉയർന്ന പാഠങ്ങളാകയാൽ, ലാഘവബുദ്ധിയോടെ പാരായണം ചെയ്തുപോകാവുന്നതല്ല. അവധാനപൂർവ്വം പഠിക്കേണ്ടതുതന്നെയാണ്.

'സ്വരൂപനിരൂപണം'എന്നപ്രബന്ധംആത്മതത്വത്തെ വിചിന്തനം ചെയ്യുന്നു. സത്തായും ചിത്തായും, ആനന്ദ മായും ഇരിക്കുന്ന പരമാത്മസത്തയെ അനുഭവിച്ചറിയു ന്നതിനുള്ള മാർഗ്ഗങ്ങളെ ശാസ്ത്രീയമായി വിവരിക്കുകയും അദ്വൈത സിദ്ധാന്തത്തെ ശ്രുതിപ്രമാണങ്ങൾകൊണ്ടു് സ്ഥാപിക്കുകയും ചെയ്യുന്നു. അദ്വൈതമകരന്ദത്തിലെ പ്രമാണങ്ങൾകൊണ്ടു് 'സ്വരൂപം' ഉപാധിരഹിതമായ നിർഗ്ഗുണമായ സത്തമാത്രമാണെന്ന് പ്രതിപാദിക്കുക യാണു്. ഇതിൽ വേദാന്തശാസ്ത്രത്തിലെ അതിപ്രധാന മായ ഈ സ്വരൂപ നിരൂപണം ഉപനിഷത്'തത്വങ്ങളെ ആധാരമാക്കി ബ്രഹ്മതത്വം നിർണ്ണയിച്ചിരിക്കുന്ന ഒരു ത്തമ പ്രബന്ധമാണു്.

സംന്യാസം എന്ന നാലാമത്തെ പ്രബന്ധത്തിൽ സംന്യാസാധികാരത്തേയും സംന്യാസ വിധിയേയും ആധികാരികതയോടെ നിരൂപണംചെയ്യുന്നു. 'ബ്രാഹ്മണ ർക്കേ സംന്യാസത്തിനു് അധികാരമുള്ളൂ' എന്നശ്രുതിയി ലെയും സ്മൃതിയിലേയും പ്രമാണങ്ങളെ സ്വാമികൾ ഖണ്ഡിക്കുന്നു. ശ്രീശുകൻ, ഉദ്ദാലകൻ, പ്രാചീനശാലൻ, സത്യയജ്ഞൻ, ഭാല്ലവേയൻ, ശാർക്കരാക്ഷൻ തുടങ്ങിയ വേദാചാര്യന്മാർ രാജാക്കന്മാരിൽനിന്നും ബ്രഹ്മചര്യ ദീക്ഷിച്ച വസ്തുത വിശദീകരിച്ചുകൊണ്ടാണു് സ്വാമികൾ ഈ അഭിപ്രായം ഖണ്ഡിച്ചിരിക്കുന്നതു്. ശൂദ്രനായ 'കവഷൻ' ഋക്കുകൾ സ്വയം നിർമ്മിച്ചിട്ടുള്ളതായും അദ്ദേ ഹത്തെ ബ്രാഹ്മണനായി സ്വീകരിച്ചു് ഋഷിമാർ 'അപോ നപ്ത്രീയയാഗം' അനുഷ്ഠിച്ചിട്ടുള്ളതായും ഇതിൽ പ്രസ്താ വിക്കുന്നു. സംന്യാസവും വേദാധികാരവും ബ്രാഹ്മണ ർക്കുമാത്രം വിധിച്ചിട്ടുള്ളതല്ലെന്നും ശൂദ്രരുൾപ്പെടെ യുള്ള മററുവർണ്ണക്കാർക്കും അതു് ആകാമെന്നും അഖണ്ഡി തമായി സ്ഥാപിച്ചിരിക്കുന്നതു്. ഈ വിഷയത്തിൽ വിദ്യാധിരാജനായ ശ്രീ. ചട്ടമ്പിസ്വാമികളുടെ 'വേദാധി കാരനിരൂപണ'ത്തിന്റെ പ്രചോദനം ശിഷ്യോത്തമ നായ നീലകണ്ഠതീർത്ഥപാദർ പൂർണ്ണമായി ഉൾക്കൊണ്ടിരുന്നതി നാലാണെന്നു പ്രസ്താവിക്കാം. മററാർക്കും കടന്നുചെല്ലാൻ

കഴിയാത്ത വൈദിക സാഹിത്യ മണ്ഡലങ്ങളിൽ ഏകാന്ത സഞ്ചാരം ചെയ്തു് ഗവേഷണോത്സുകതയോടെ അവയിലെ സാരതത്ത്വങ്ങൾ ഉൾക്കൊണ്ടു് ഇത്തരം പ്രബന്ധങ്ങളിൽക്കൂടി അദ്ധ്യാത്മ ശാസ്ത്രത്തെ പോഷിപ്പിച്ച ഋഷിവര്യനായ സ്വാമികളെ എത്ര അഭിനന്ദിച്ചാലും അധികമാവില്ല.

ഈശ്വരഭക്തി, പരമാചാര്യ വിചാരം, ഭസ്മവും ഭസ്മധാരണവും, സ്വപ്നനിരൂപണം, സ്വപ്നാനുഭൂതി, പ്രാരബ്ധചിന്ത ഇവയെല്ലാം സ്വാമികളുടെ അദ്ധ്യാത്മ വിഷയങ്ങളിലുള്ള അഗാധ പാണ്ഡിത്യത്തിൻേറയും സ്വതന്ത്ര ചിന്തയുടെയും നിദർശനങ്ങളാണു്. ചിന്തോദീപകങ്ങളായ ഈ പ്രബന്ധങ്ങൾ വിജ്ഞാനത്തിൻെറ ഉത്തുംഗമണ്ഡലത്തിലേക്കു് നമ്മെ നയിക്കുന്നു.

'പുനർവിവാഹം' എന്ന പ്രബന്ധം യഥാസ്ഥിതികമതത്തെ ശാസ്ത്രപ്രമാണങ്ങൾകൊണ്ടു് ഖണ്ഡിക്കുകയാണു്. ഭർത്താവു മരിച്ചാൽ ബ്രഹ്മചര്യം ദീക്ഷിക്കുകയോ 'ഉടൻ_തടി' ചാടുകയോ വേണമെന്നുള്ള വിഷ്ണുസ്മൃതി മതത്തെ നാരദ സ്മൃതികൊണ്ടും മററും ഖണ്ഡിച്ചു് പുനർവിവാഹം സാധൂകരിച്ചിട്ടുണ്ടു്. ''നഷ്ടേമൃതേതി ശാസ്ത്രേണ... വ്രത ഭം ഗോപിനോ ഭവേത'' എന്ന ശ്ലോകങ്ങൾ ഉദ്ധരിച്ചുകൊണ്ടു് പുനർവിവാഹം ആശാസ്യമാണെന്നു് തെളിയിച്ചിരിക്കുന്നു. ഭർത്താവു കാണാതെ പോക, മരിക്ക, സംന്യസിക്ക, ഷണ്ഡനായിത്തീരുക, ജാതിഭ്രഷ്ടനാക, എന്ന അഞ്ചു് അവസ്ഥകളിലും മറെറാരാളെ ഭർത്താവായി സ്വീകരിക്കാമെന്നു പറഞ്ഞിരിക്കുന്ന ശ്ലോകം നാരദ സ്മൃതിയിൽനിന്നും ഉദ്ധരിച്ചിരിക്കുന്നതു നോക്കുക —

'നഷ്ടേ മൃതേ പ്രവ്ര ജിതേ
ക്ലീബേ ച പതിതേ തഥാ;
പഞ്ച സ്വാപത്സു നാരീണാം
പതിരന്യോ വിധീയതേ'

സ്വാമികളുടെ പ്രതിഭ ആദ്ധ്യാത്മിക വിഷയങ്ങളിൽ മാത്രമല്ല, വിജ്ഞാനത്തിൻെറ സമഗ്രമായ മററു മേഖല

കളിലേക്കം ഗൗരവതരമായ സാമൂഹിക പ്രശ്നങ്ങളി ലേക്കം കടന്നു ചെല്ലുന്നുവെന്നുള്ളതിനു് പുനർവിവാഹം എന്ന പ്രബന്ധം സാക്ഷ്യം വഹിക്കുന്നു. സഹസ്രാബ്ദ ങ്ങളായി ഭാരതത്തിൽ ആചരിച്ചുപോന്ന സതിസമ്പ്രദാ യത്തിന്റെ ഭീകരതയെ ചോദ്യം ചെയ്യുന്നതും മനുഷ്യസേ വനത്തിന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നതുമായ ഈ പ്രബന്ധത്തിൽ ശാസ്ത്രപ്രമാണങ്ങൾ കൊണ്ടുതന്നെയാണു് പുനർവിവാഹത്തെ സാധൂകരിച്ചിരിക്കുന്നതും.

പറച്ചിപെററ പന്തിരുകുലം, ശ്രീ ശങ്കര ഭഗവത് പാദാദികളുടെ കാലം, മാമങ്കം വൃത്താന്തം, ആദിമക്ഷത്രി യ നായക കേസരി, തച്ചുടയകൈമൾ, കവളപ്പാറ മൂപ്പിൽ നായർ എന്നിവകൾ ഐതിഹ്യകഥകളും, അദ്ധ്യാ ത്മചിന്തകളും സമ്മേളിച്ച ചരിത്ര ഗവേഷണപരമായ പ്രബന്ധങ്ങളാണു്.

പഴയകാര്യങ്ങളെ യുക്തിയുക്തമായും സമഞ്ജസമായും വ്യാഖ്യാനിക്കുന്നതിൽ ശ്രീവിദ്യാധിരാജാ ചട്ടമ്പിസ്വാമി കൾ തെളിച്ച വഴിയിൽക്കൂടിയാണു് ശ്രീ നീലകണ്ഠതീ ർത്ഥപാദസ്വാമികൾ സഞ്ചരിക്കുന്നതെന്നു് ഈ ഗ്രന്ഥം വാ യിക്കുമ്പോൾ ബോധ്യപ്പെടും. പുരാതന ഭാരതീയ സം സ്കാരത്തെ പൊക്കിപ്പിടിക്കാനും, അതിന്റെ ദുർവ്യാഖ്യാ നങ്ങളെ ചൂൽകൊണ്ടു് തൂത്തു് ദൂരെയെറിയാനും സത്യ ധർമ്മാദികളെ വെളിപ്പെടുത്താനും പാണ്ഡിത്യത്തെ പ്ര യോജനപ്പെടുത്തണമെന്നാണു് ആ മഹാചാര്യന്മാരുടെ മതം. അവരുടെ സിദ്ധാന്തംകൊണ്ടു് ആധുനിക കേരള സംസ്കാരത്തെ പോഷിപ്പിച്ച ശ്രീവിദ്യാധിരാജാ ചട്ടമ്പി സ്വാമികളും, ശ്രീ. നാരായണഗുരു സ്വാമികളും, ശ്രീ. നീലകണ്ഠതീർത്ഥപാദസ്വാമികളും, ശ്രീ തീർത്ഥപാദപര മഹംസ സ്വാമികളും അന്നത്തെ മററു് ആദ്ധ്യാത്മിക ഗുരു വരന്മാരും, ആധുനിക കേരളത്തിന്റെ സ്രഷ്ടാക്കളായിരു ന്നുവെന്നു് നിസ്സംശയം പറയാം.

ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ശ്രീ തീർ ത്ഥപാദരുടെ ചിന്തകളും ശ്രീ. ചട്ടമ്പിസ്വാമി മുതലായവ രുടെ ചിന്തകളും ചേർത്തു പഠിക്കുന്നവർക്കു് ഈ വസ്തുത

വ്യക്തമാകും, ആ ഓരോമഹാന്റെയും മുൻപിൽ ആരാധനാ പുഷ്പമിട്ട് കൈകൂപ്പി നില്ക്കേണ്ടിവരും.

ഇത്ര വിലപ്പെട്ട പ്രബന്ധങ്ങൾ പ്രയാസപ്പെട്ടു സമാഹരിച്ച് ഇങ്ങനെയൊരു ഗ്രന്ഥം പൊതുജനങ്ങൾക്ക് നല്കിയ എന്റെ പ്രിയസുഹൃത്ത് ശ്രീ. പന്നിശ്ശേരിൽ ശ്രീനിവാസക്കുറുപ്പ് അവർകളും ശ്രീ കെ. ആർ. സി. പിള്ളയും പ്രശംസയും കൃതജ്ഞതയും അർഹിക്കുന്നു. ശ്രീ കുറുപ്പ് തന്റെ അഭിവന്ദ്യ പിതാവിന്റെ—കവിയും പണ്ഡിതനും, പരമാനന്ദനാഥനുമായ യശ: ശരീരനായ പന്നിശ്ശേരി നാണുപിള്ള അവർകളുടെ കൃത്യത്തെ പൂർത്തിയാക്കിയതാണീ ഗ്രന്ഥമെന്നു പറയാം. ശ്രീ കെ. ആർ സി പിള്ള അനുഗ്രഹീത കവിയും ആത്മജ്ഞാന വിഷയത്തിൽ തല്പരനും, സഹൃദയനും ആണ്. ഈ ഗ്രന്ഥം ബഹുജനങ്ങൾ സദയം സ്വീകരിച്ച് പ്രോത്സാഹിപ്പിക്കുമെന്നു വിശ്വസിക്കുന്നു. ശ്രീ നീലകണ്ഠതീർത്ഥ പാദസ്വാമികളുടെ മറ്റുകൃതികൾ ഈ പരമ്പരയിൽ തുടർന്ന് പ്രസിദ്ധപ്പെടുത്തുന്നുണ്ട്.

ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികളുടെ ഒരു ലഘുജീവചരിത്രം (ശ്രീ വിദ്യാനന്ദ തീർത്ഥപാദ സ്വാമികൾ രചിച്ചതു് ഇതിൽ ചേർത്തിട്ടുണ്ട്. തീർത്ഥപാദപരമ്പരയിലെ പുണ്യശ്ലോകനായിരുന്ന അദ്വൈത ശസ്ത്രപാരംഗതനായ ആ മഹാൻ 1984ാംമാണ്ട് ബ്രഹ്മഭൂയം പ്രാപിച്ചു.

ഈ ഗ്രന്ഥത്തിനും, ഇതിന്റെ പ്രസാധനംകൊണ്ടു കേരളീയരെ അനുഗ്രഹിച്ചിരിക്കുന്ന ശ്രീവിദ്യാധിരാജാ പബ്ളിക്കേഷനും സർവ്വ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

വിധേയൻ

ശൂരനാട്ടു കുഞ്ഞൻപിള്ള

കേരളപ്രഭ
തിരുവനന്തപുരം
19–8–88.

★

# പ്രസാധകക്കുറിപ്പ്

ശ്രീ വിദ്യാധിരാജാ പബ്ലിക്കേഷൻെറ ഗ്രന്ഥാവലിയിൽ 2-ാമത്തേതായി പ്രസിദ്ധീകരിക്കുന്ന വിജ്ഞാനതരംഗിണി (ഒന്നാംഭാഗം) ശ്രീ വിദ്യാധിരാജാ ചട്ടമ്പിസ്വാമികളുടെ രണ്ടാമത്തെ ശിഷ്യനായ (കൊ: വ: 1096ൽ സമാധി പ്രാപിച്ച) ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ രചിച്ചിട്ടുള്ള പ്രബന്ധങ്ങളുടെ ഒരു സമാഹാരമാണ്. ഈ ഗ്രന്ഥത്തിൽ, പുരുഷാർത്ഥം മുക്തിവിചാരം, സ്വരൂപനിരൂപണം. പുനർവിവാഹം, ശ്രീമദ് ശങ്കര ഭഗവത്പാദാദികളുടെ കാലം, ആദിമ മലയക്ഷത്രിയ നായകകേസരി തുടങ്ങിയ ആത്മ്യാത്മിക വിഷയങ്ങളും, ഗവേഷണ പ്രാധാന്യമുള്ള ചരിത്ര സാമൂഹിക വിഷയങ്ങളും ഉൾപ്പെടുന്ന 16 പ്രബന്ധങ്ങൾ അടങ്ങിയിരിക്കുന്നു. സ്വാമികളുടെ ശാസ്ത്രപാണ്ഡിത്യത്തിൻെറ അഗാധതയും ധിഷണാ വൈഭവും യുക്തിചിന്തയും ഈ പ്രബന്ധങ്ങളിൽ തെളിഞ്ഞു നില്ക്കുന്നു വിജ്ഞാനമണ്ഡലത്തിലെ വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം അദ്ധ്യാത്മജ്ഞാനതല്പരർക്കുമാത്രമല്ല വിജ്ഞാന തൃഷ്ണയുള്ളവർക്കെല്ലാവർക്കും പ്രയോജനപ്പെടുന്ന ഒരു കൃതിയാണ്.

സ്വാമികളുടെ ഗ്രന്ഥനിരൂപണങ്ങളും, കത്തുകളും സംഭാഷണങ്ങളും മററും സമാഹരിച്ച് വിജ്ഞാനതരംഗിണി രണ്ടാംഭാഗമായി ഈ ഗ്രന്ഥാവലിയിലെ 3-ാം പുസ്തകമായി ഞങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്.

ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രബന്ധങ്ങളെല്ലാം 1095-ൽ പ്രസിദ്ധീകരിച്ച നീലകണ്ഠതീർത്ഥപാദചരിത്രസമുച്ചയം എന്ന സ്വാമികളുടെ ജീവചരിത്ര ഗ്രന്ഥത്തിൽ നിന്നും സമാഹരിച്ചിട്ടുള്ളവയാണ്. ഇത്രയും ദീർഘമായ കാലയളവിനുള്ളിൽ സ്വാമികളുടെ ജീവചരിത്രം പുന:പ്രകാശനം ചെയ്യാനോ, ഈ പ്രബന്ധ

ങ്ങരാം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനോ ആരും മുന്നോട്ട വന്നിട്ടില്ലെന്നുള്ള ദുഃഖസത്യം ഖേദപൂർവ്വം പ്രസ്താവിച്ചുകൊള്ളട്ടെ. ഈ മഹത്ക്കൃത്യത്തിന് ഞങ്ങരാംക്ക ഭാഗ്യം സിദ്ധിച്ചതിൽ വളരെ സന്തോഷവും ചാരിതാർത്ഥ്യവും ഉണ്ട്. ഈ പ്രബന്ധങ്ങളെല്ലാം ജീവചരിത്രത്തിൽനിന്നും തെരെഞ്ഞെടുത്തു് പരിശോധിച്ചു് പ്രകാശനത്തിന തയ്യാറാക്കിയ ഭാര ച്ച കത്തവ്യം നിർവ്വഹിച്ചിട്ടുള്ളതു് അദ്വൈതവിദ്യാപണ്ഡിതനും, യശ:ശരീരനുമായ ശ്രീ. പന്നിശ്ശേരി നാണുപിള്ള അവർകളുടെ പുത്രൻ ശ്രീ. പന്നിശ്ശേരി ശ്രീനിവാസക്കുറുപ്പ് അവർകളാണ്. പണ്ഡിതവരേണ്യനും ശ്രീ വിദ്യാധിരാജാ പബ്ലിക്കേഷൻെറ ഉപദേശകസമിതി അംഗവും, അനുഗ്രഹീത കവിയും, അദ്വൈത ശാസ്ത്രനിപുണനും, വേദാന്തകേസരി തുടങ്ങിയ അനേകം ഗ്രന്ഥങ്ങളുടെ കത്താവും ആയ അദ്ദേഹത്തിനു് ഈ പബ്ലിക്കേഷൻെറ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ ഗ്രന്ഥം പരിശോധിച്ചു്, ദേഹാസ്വാസ്ഥ്യംവകവയ്ക്കാതെ, വളരെയധികം ജോലിത്തിരക്കുകരാംക്കിടയിലും വിജ്ഞാനപ്രദവും, പ്രൗഢോജ്ജ്വലവും സുദീർഘവുമായ ഒരവതാരിക എഴുതിത്തന്നു് ഞങ്ങളെ അനുഗ്രഹിച്ച ഈ പബ്ലിക്കേഷൻെറ ഉപദേശക സമിതി അംഗവും, ഞങ്ങളുടെ പ്രസിദ്ധീകരണങ്ങരാംക്ക് വേണ്ട പ്രോത്സാഹനങ്ങരാം ചെയ്തുകൊണ്ടിരിക്കുന്ന മഹത്വ്യക്തിയും, മലയാള സാഹിത്യത്തിലെ ഭീഷ്മാചാര്യനും, നിരവധി സാഹിത്യഗ്രന്ഥങ്ങരാം കൊണ്ട് മലയാളഭാഷയെ ധന്യമാക്കിത്തീർത്തിട്ടുള്ള ബഹുഭാഷാപണ്ഡിതനും ഗവേഷകനും മലയാളം ലക്സിക്കൻെറ ഉപജ്ഞാതാവും ആയ പത്മശ്രീ. ഡോക്ടർ ശൂരനാട്ട കുഞ്ഞൻപിള്ളസാർ അവർകരാംക്ക് ഞങ്ങളുടെ ഹൃദയം നിറഞ്ഞ കൃതജ്ഞതയുടെ പൂച്ചെണ്ടുകരാം അർപ്പിച്ചുകൊള്ളുന്നു.

ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനു് ആവശ്യമായ ധനം നല്കിയിട്ടുള്ളതു് കൊല്ലം ബിസിനസ്സ് ചിട്ടിഫണ്ട്

മാനേജിംഗ് ഡയറക്ടർ ശ്രീ. M. K. വിജയൻപിള്ള അവർകളാണ്. അദ്ദേഹത്തിന്റെ പിതാവും ശ്രീ വിദ്യാധിരാജാ ചട്ടമ്പിസ്വാമികളുടെ ആരാധകനും, ശ്രീ വിദ്യാധിരാജാ സേവാസമിതി (തൃക്കടവൂർ) യുടെ പ്രസിഡൻറായി സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കവേ ദിവംഗതനുമായ ശ്രീ. ശോഭനാ കെ. പി. മാധവൻപിള്ള അവർകളുടെ പാവനസ്മരണയ്ക്കായിട്ടാണ് ഉദാരമതിയും, ഉല്പതിഷ്ണുവും ശ്രീ. വിദ്യാധിരാജാ സേവാസമിതിയുടെ ഇപ്പോഴത്തെ പ്രസിഡൻറുമായ ശ്രീ എം. കെ. വിജയൻപിള്ള മാതൃകാപരമായ ഈ കൃത്യം നിർവഹിച്ചിട്ടുള്ളതെന്ന കാര്യം സന്തോഷപൂർവ്വം പ്രസ്താവിച്ചുകൊള്ളട്ടെ. ഈ സത്കൃത്യത്തിൽക്കൂടി സ്വപിതാവിനോടുള്ള ആദരവും, ശ്രീ നീലകണ്ഠതീർത്ഥ പാദസ്വാമികളോടുള്ള ഭക്തിയും അദ്ദേഹം പ്രകാശിപ്പിച്ചിരിക്കുകയാണ്. യശഃശരീരനായ ശ്രീ ശോഭനാമാധവൻപിള്ളയുടെ ആത്മാവിന് ഞങ്ങൾ നിത്യശാന്തി നേരുകയും ശ്രീ. എം. കെ. വിജയൻപിള്ളയ്ക്ക് ഹൃദയപൂർവ്വമായ കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.

ഈ ഗ്രന്ഥം ഭംഗിയായി, കൃത്യസമയത്തുതന്നെ അച്ചടിച്ചുതന്ന രവിമംഗലം പ്രിൻേറഴ്സിനോടും, ഫോർമാൻ ശ്രീ. ചന്ദ്രൻപിള്ളയോടും പ്രത്യേകം കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

സ്നേഹപൂർവ്വം

പെരുമൺ — കെ. ആർ. സി. പിള്ള

കൊല്ലം — ശ്രീ വിദ്യാധിരാജാ പബ്ലിക്കേഷൻസ്

21-8-1988 — ഗീതാഞ്ജലി

## ശ്രീ വിദ്യാധിരാജാ പബ്ലിക്കേഷൻസ്

# ഗ്രന്ഥാവലി

1 മനോനാശം അഥവാ ശുദ്ധാദ്വൈതഭാവന
(ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമികൾ)
2 വിജ്ഞാനതരംഗിണി—ഒന്നാംഭാഗം
(ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ)
3 വിജ്ഞാനതരംഗിണി—രണ്ടാംഭാഗം
(ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ)
4 ഭജഗോവിന്ദം—വ്യാഖ്യാനം
(കെ. ആർ. സി. പിള്ള)
5 ലഘുവാസുദേവമനനം—ഒന്നാംഭാഗം
6 ലഘുവാസുദേവമനനം വിവർത്തനം—രണ്ടാംഭാഗം
വിവർത്തനം കടവൂർ ജി. വേലുനായർ
7 വേദാന്തമാലിക
(ശ്രീ നീലകണ്ഠതീർത്ഥ പാദസ്വാമികൾ)
8 ഹഠയോഗ പ്രദീപിക. ,,
9 വേദാന്ത മണിവിളക്ക് ,,
10 ഗീതാഞ്ജലി—ശ്രീകൃഷ്ണ സ്തോത്രം
(കെ. ആർ. സി. പിള്ള)


★

# വിജ്ഞാനതരംഗിണി

## ഒന്നാംഭാഗം

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1 | പുരുഷാൎത്ഥം | 25 |
| 2 | മുക്തിവിചാരം | 40 |
| 3 | സ്വരൂപ നിരൂപണം | 48 |
| 4 | സംന്യാസം | 56 |
| 5 | ഈശ്വരഭക്തി | 66 |
| 6 | പരമാചാൎയ്യ വിചാരം | 70 |
| 7 | ഭസ്മവും ഭസ്മധാരണവും | 75 |
| 8 | സ്വപ്ന നിരൂപണം | 80 |
| 9 | പ്രാരബ്ധ ചിന്ത | 86 |
| 10 | പുനർവിവാഹം | 92 |
| 11 | പറച്ചിപെറ്റ പന്തിരുകുലം | 100 |
| 12 | ശ്രീ ശങ്കര ഭഗവത്പാദാദികളുടെ കാലം | 103 |
| 13 | മാമങ്ക വൃത്താന്തം | 106 |
| 14 | ആദിമ മലയക്ഷത്രിയ നായകകേസരി | 108 |
| 15 | തച്ചുടയകൈമൾ | 128 |
| 16 | കവളപ്പാറ മൂപ്പിൽനായർ | 138 |



യശഃശരീരനായ

# ശ്രീ. ശോഭനാ കെ. പി. മാധവൻപിള്ള

# വിജ്ഞാനതരംഗിണി

## ഒന്നു്

## ലേഖനതരംഗം

### 1. പുരുഷാർത്ഥം *

''നാം ധർമ്മാർത്ഥ കാമങ്ങളാകുന്ന ത്രിവർഗ്ഗങ്ങളെ ആശ്രയിച്ചിരുന്നുകൊണ്ടു നാലാമത്തേതും പ്രധാനവുമായ ''മോക്ഷ''മെന്ന പരമപുരുഷാർത്ഥമാകുന്ന സൗധത്തെ ലക്ഷ്യമാക്കിപ്പിടിച്ച് അതിനു സാധകങ്ങളായ സാമഗ്രികളെ അവശ്യം സമ്പാദിക്കേണ്ടതു് അനന്തശക്തിയായി ഭക്താനുഗ്രഹത്തിനുതകിയ രൂപങ്ങളെ ധരിച്ചു സർവദാ രക്ഷചെയ്തരുളുന്നവനായി കരുണയാകുന്ന അമൃതത്തിനിരിപ്പിടമായി ശുദ്ധ ചിന്മാത്രവിഗ്രഹനായിത്തന്നെ ഇരി

---

* കൊ: വ: 1088 മീനം മേടം ഇടവം ലക്കങ്ങളിൽ സദാനന്ദ വിലാസം മാസികയിൽ പ്രസിദ്ധം ചെയ്തതു്.

ക്കുന്ന ഈശ്വരന്റെ ഉദ്ദേശത്തിനു സദൃശമാകുന്നു. പുരുഷാത്ഥമെന്നാൽ പുരുഷന്റെ അത്ഥം-പ്രയോജനം എന്നു താല്പര്യമാകയാൽ, പുരുഷാത്ഥങ്ങളിൽ സ്ത്രീകൾക്കധികാരമില്ലെന്നു ചില മഹാനുഭാവന്മാർ കൂടിപ്പറയുന്നുണ്ടു്. അതിന്റെ അത്ഥം പുരുഷാത്ഥമെന്നു താല്പര്യമായാലും, പുരുഷനെന്നാൽ ഒരു പുല്ലിംഗശബ്ദമെന്നല്ലാതെ അധികാരമുള്ള, സ്ത്രീകളെ പുറംതള്ളുന്ന,ഒന്നെന്നു നിരൂപിക്കാൻ ഇടയില്ല. ആദ്ധ്യാത്മികങ്ങളാകുന്ന 'പുര'—കളിൽ എന്നാൽ, ഹൃദയഗുഹകളിൽ അധിഷ്ഠിതനായിരിക്കുന്നവനെന്നു മുഖ്യാർത്ഥമായ ഇതു്, സ്ത്രീപുരുഷക്ലീബഭേദമില്ലാത്ത ഇവരുടെ ആത്മാവിനെ എങ്ങനെ സ്വീകരിക്കാതെ വിടുമെന്നു അവർ വിചാരിക്കട്ടെ.

> ''നൈവ സ്ത്രീ,ന പുമാനേഷ,
> ന ചൈവായം നപുംസക:
> യദ്യത്ശരീര മാദത്തേ
> തേന തേന സയുജ്യതേ''

എന്നു് ഉപനിഷത്തു പറയുന്നു ഈ ആത്മാവു് സ്ത്രീയും പുരുഷനും ക്ലീബവുമല്ലെന്നും എങ്ങനെയുള്ള ദേഹമെടുക്കുന്നുവോ അതിനോടു ചേരുന്നു എന്നും സാരം. ആകയാൽ, ഇതു് ഒരു ഉപലക്ഷണമെന്നോ സാമാന്യമായി അധികാരിയുടെ നാമമെന്നോ വിചാരിക്കത്തക്കതാകുന്നു അല്ലെങ്കിൽ രണ്ടുവർഗ്ഗക്കാരെയും സംബന്ധപ്പെടുത്തി മുൻപു പറഞ്ഞിട്ടു പിന്നീടു യാതൊരുവൻ എന്നോ സാമാന്യമായി ഇങ്ങനെയോ പറയുന്നതു തെററുന്നതായി വരുമല്ലോ. പറഞ്ഞയാൾക്കു് ഇതുരണ്ടും അഭിമതമാണെന്നുവരികിലും കൊള്ളുന്നവർ തെററിച്ചാൽ, അമൃതമയമായ ജലമെടുത്തു പയോഗിച്ചു ജീവിക്കാനായി വെട്ടിയ കിണററിൽചാടി മരിക്ക മുതലായതു ചെയ്യുന്നതുപോലെയും മററുമാകുന്നു. അതിനാൽ, വക്താവിന്റെ അഭിപ്രായം അറിയാതെ പോയാൽ,നസ്യം അഞ്ജനമായികഷ്ടമാകും. ശാസ്ത്രങ്ങളിൽ അർത്ഥവാദാദികളാകുന്ന, നിന്ദ്യമായതിന്റെ നിന്ദയും, സ്തുത്യമായതിന്റെ സ്തുതിയും, ഫലശ്രുതിയും മററുമാകുന്ന പല ഇടവഴികളും അബദ്ധത്തിലേക്കെന്നപോൽ കാണാ

റായേക്കാം. (വിശിഷ്ടനായ ഗുരുവിനാൽ വഴിതിരിക്കപ്പെടാതെ പോയാൽ എന്ന സാരം). ധർമ്മത്തിന്റെ അധിഷ്ഠാനദേവത ബ്രാഹ്മണന്റെ വലത്തെ സ്തനത്തിങ്കൽ നിന്നും ഉത്ഭവിച്ചതാകുന്നു ഋതം, പ്രസാദം, അഭയം, സുഖം, മുത്ഗർവം, സ്മൃതി, ക്ഷേമം, മുതലായ പുത്രന്മാർ ഇദ്ദേഹത്തിനുണ്ടായി എന്നും ഭാഗവതത്തിൽ പറയുന്നു. അഹിംസ, ധർമ്മപത്നി ആകുന്നു.

''പാത്രേദാനം, മതി: കൃഷ്ണേ,
മാതാ പിത്രോശ്ച പൂജനം;
ശ്രദ്ധാ, ബലിർ.ഗ്ഗവാം ഗ്രാസ:,
ഷഡ്വിധം ധർമ്മലക്ഷണം''

തപസ്സും, വിദ്യയും ചേർന്ന പാത്രത്തിൽ ദാനവും, ശ്രീ കൃഷ്ണനിൽ ഭക്തിയും മാതാപിതാക്കളെ പൂജിക്കയും, ശ്രദ്ധ, ദേവയജ്ഞം, ഗോക്കൾക്കു പുല്ലു മുതലായവ കൊടുക്ക എന്നിവയും ധർമ്മലക്ഷണമാകുന്നു

''അഹിംസാ ലക്ഷണോ ധർമ്മോ
ഹിംസാ ചാധർമ്മലക്ഷണാഃ''

എന്നു ഭാരതത്തിൽ പറയുന്നു അഹിംസയാകുന്ന ലക്ഷണത്തോടുകൂടിയതു ധർമ്മമെന്നും, ഹിംസാലക്ഷണമായതു് അധർമ്മമെന്നും താല്പര്യം.

വിഹിതക്രിയയെ അനുഷ്ഠിക്കുന്നതിൽനിന്നുണ്ടാകുന്നതു ധർമ്മവും. നിഷിദ്ധക്രിയയെ ചെയ്യുന്നതിൽ നിന്നുണ്ടാകുന്നതു അധർമ്മവും ആകുന്നു എന്നു മറ്റൊരിടത്തു പറയുന്നു. ശുഭാദൃഷ്ടത്തെ (സംസ്കാരത്തെ) ഹൃദയത്തിൽ ജനിപ്പിക്കുന്ന സകല കർമ്മത്തെയും ധർമ്മമെന്നു പറയും. ആ ധർമ്മ സംസ്കാരത്താൽ പ്രേരിതമായ മനസ്സു നാനാവിധ സദ്വിഷയങ്ങളിലേയ്ക്കു നിയമിക്കപ്പെടുന്നു. ആകയാൽ, ധർമ്മം സർവ്വകാലങ്ങളിലും അനുഷ്ഠിക്കപ്പെടേണ്ടതു തന്നെ.

''ഏക ഏവ സുഹൃദ്ധർമ്മോ
നിധനേപ്യനുയാതിയഃ
ശരീരേണ സമം നാശം
സർവ്വമന്യത്തു ഗച്ഛതി'' (മനു)

മരണ കാലത്തിൽകൂടി ഒരുമിച്ചുവരുന്ന ഒരേക സുഹൃത്തായത്തു ധർമ്മമാകുന്നു, മറ്റെല്ലാം ദേഹം വിടുന്നതോടുകൂടി മാറിക്കളയുന്നു. ഈച്ച, തേൻ കൂട്ടുന്നതുപോലെ അല്പാല്പമായി ഇടവിടാതെ പരലോകഹിതത്തിനായി ധർമ്മം നേടണം. എന്നാൽ, ആയത്തു ഭൂതോപദ്രവം കൂടാതെ വേണ്ടതാകുന്നു. ലോകാന്തരങ്ങളിൽ സഹായാർത്ഥമായി മാതാപിതാക്കന്മാരും ഭാര്യാപുത്രാദികളും ബന്ധുവും ഇല്ലെന്നും കേവലം ധർമ്മം മാത്രമേ ഉള്ളൂ എന്നും സ്മൃതി പറയുന്നു.

''തസ്മാദ്ധർമ്മം സഹായാർത്ഥം
നര:സഞ്ചരിനു യാച്ഛനൈ:
ധർമ്മേണ ഹി സഹായേന
തമസ്തരതി ദുസ്തരം''

അതുകൊണ്ടു സഹായത്തിനുവേണ്ടി സാവധാനമായി ധർമ്മം സമ്പാദിക്കണം. തത്സഹായത്താൽ കടക്കാൻ വഹിയാത്ത ഇരുട്ടിനെ (ക്ലേശാന്ധകാരത്തെ) കടക്കുന്നു.

''മന: കൃതം കൃതം കർമ്മ'' എന്ന പ്രമാണത്താൽ മനസ്സോടെ ചെയ്ത കർമ്മം തന്നെ ചെയ്തതെന്നു കാണുകയാൽ, ധർമ്മാദ്യനുഷ്ഠാനം ശ്രദ്ധാപൂർവ്വം വേണ്ടതാകുന്നു. എന്നാൽ ഈ ശ്രദ്ധ, ഫലത്തിലായി വന്നുകൂടാ; ക്രിയയിലേ ആകാവൂ. ഫലാപേക്ഷയോടെ ആയാൽ ജനിച്ചനുഭവിക്കേണ്ടുന്നതാകുന്നതും, അല്ലെങ്കിൽ ചിത്ത ശുദ്ധവഴി മോക്ഷം തരുന്നതും തന്നെ. ദയ, ആശ്രിതവാത്സല്യം, ഗുരുഭക്തി, ദാനം, കായികമായും വാചികമായും മാനസികമായുള്ള തപസ്സ്, കൃപ, അന്നസത്രം, മാർഗ്ഗശാല ഇവയുടെ സ്ഥാപനം, ആത്മരക്ഷണം, സത്യം, ദേവാർച്ചനം മുതലായവ ആകുന്നു ധർമ്മാംഗം. ഗുരുപദത്താൽ തപോവിദ്യാജ്ഞാനവൃദ്ധന്മാരെയും, ''ജനിതാചോപനേതാച'' എന്നു തുടങ്ങിയ ഉപാദ്ധ്യായാദികളെയും ഗ്രഹിക്കേണ്ടതാണു; (ബ്രഹ്മോപദേഷ്ടാവുവരെ എന്നർത്ഥമാകും) ദേവാർച്ചനയിൽ അതിഥിയേയും ഗ്രഹിച്ചിരിക്കുന്നു. എന്തെന്നാൽ, ആരാകിലും അതിഥിയെ ദേവനെന്നോർക്കണം, എന്ന ശാസ്ത്രത്താൽ തന്നെ, അർത്ഥിയെ വിമുഖനാക്കിക്കൂടെന്നും ശാസ്ത്ര

മുണ്ട്. അങ്ങനെ ആയാൽ പൂർവ്വ പുണ്യങ്ങളെല്ലാം ഹരിച്ചുകൊണ്ട് അയാറം മടങ്ങുന്നു എന്നു പ്രമാണം പറയുന്നു.

''ദേവദ്വിജഗുരുപ്രാജ്ഞപൂജനം, ശൗച,മാർജ്ജവം,
ബ്രഹ്മചര്യ,മഹിംസാ ച, ശാരീരം തപ ഉച്യതേ.

അനുദ്വേഗകരം വാക്യം,
സത്യം, പ്രിയഹിതം, ചയത്
സ്വാദ്ധ്യായാഭ്യസനം ചൈവ
വാങ്മയം തപ ഉച്യതേ.
മനഃപ്രസാദഃ, സൗമ്യത്വം,
മൗന, മാത്മ വിനിഗ്രഹഃ
ഭാവ സംശുദ്ധിരിത്യേത
ത്തപോമാനസമുച്യതേ''.

'ഗീത'—അദ്ധ്യയം 17, ശ്ലോകം 15, 16.

അർത്ഥം:- ദേവന്മാർ, ബ്രാഹ്മണർ, ഗുരുക്കന്മാർ, (ഗുരുക്കന്മാർക്ക പുറമേയുള്ള) ധർമ്മവിത്തുകറം ഇവരെ പൂജിക്ക, ദേഹശുദ്ധി വരുത്തുക, അവക്രത, ബ്രഹ്മചര്യം, അന്യനുപദ്രവം ചെയ്യായ്ക ഇവയെല്ലാം ശരീരം കൊണ്ടുള്ള തപസ്സെന്നു പറയപ്പെടുന്നു. അന്യന ഭയത്തെ ഉണ്ടാക്കാത്തതും, സത്യമായും, പ്രിയമായും, ഹിതമായും ഇരിക്കുന്നതുമായ വാക്കും, വേദശാസ്ത്രങ്ങളുടെ അഭ്യാസവും യാതൊന്നോ അതു വാക്കുകൊണ്ടു ചെയ്യപ്പെടുന്ന തപസ്സെന്നു പറയപ്പെടുന്നു. മനസ്സിൻെറ സ്വച്ഛത, ക്രൂരത ഇല്ലായ്മ, മൗനം, മനസ്സിനെ വിഷയങ്ങളിൽനിന്നു നിവർത്തിപ്പിക്കുക, കപടമില്ലായ്ക ഇതു മനസ്സുകൊണ്ടു ചെയ്യപ്പെടുന്ന തപസ്സെന്നു പറയപ്പെടുന്നു, ഇവ മുതലായവയെന്നു പറഞ്ഞതിനാൽ സംഗ്രഹിച്ച ധർമ്മാംഗങ്ങളിൽ ചിലതുകൂടി വിസ്തരിക്കുന്നു.

''ശ്രൂയതാം ധർമ്മസർവസ്വം,
ശ്രുത്വാ ചൈവാവധാരയേത്,
ആത്മനഃപ്രതികൂലാനി
പരേഷാം ന സമാചരേത്'''.

ധർമ്മസർവസ്വമായതിനെ കേറംക്കുക, മനസ്സിൽ വച്ചുകൊറംകയും ചെയ്ക; ആയതു്, നമുക്കു യാതൊന്നു

സംഭവിച്ചുകൂടാ എന്നു സർവദാ തോന്നുന്നുവോ, അങ്ങനെയുള്ളതു് അന്യരോടും ചെയ്യുകൂടാ എന്നത്രെ

അർത്ഥത്തെയും ജ്ഞാനവിജ്ഞാനങ്ങളെയും സമ്പാദിക്കുന്ന അവസരത്തിൽ ശൈഥില്യം (മനസ്സിനു) വരാതിരിപ്പാൻവേണ്ടി ക്ഷയനാശാദി ഇല്ലാത്ത ദേവനെപ്പോലെ, "തന്നെ" നിരൂപിക്കണമെന്നും മൃത്യു തലയ്ക്കു് പററിപ്പിടിച്ചതായിക്കരുതി ദ്രുതഗതിയിൽ ധർമ്മം സമ്പാദിക്കണമെന്നും ശാസ്ത്രതാല്പര്യമാകുന്നു

"യസ്യ ധർമ്മവിഹീനാനി,
ദിനാന്യായാന്തി യാന്തി ച
സലോഹകാരഭസ്ത്രേവ
ശ്വസന്നപി ന ജീവതി".

യാതൊരുത്തൻെറ ദിവസങ്ങൾ (കാലം) ധർമ്മാനുഷ്ഠാനം (ധർമ്മാർജ്ജനം) കൂടാതെ ചിലവാകുന്നോ അവൻ കൊല്ലൻെറ തോൽതുരുത്തിപോലെ ശ്വാസം കഴിക്കുന്നു എങ്കിലും മൃതൻതന്നെ ആകുന്നു.

"ശ്ലോകാർദ്ധേന പ്രവക്ഷ്യാമി
യദുക്തം ഗ്രന്ഥ കോടിഭിഃ
പരോപകാരഃ പുണ്യായ
പാപായ പരിപീഡനം".

ഗ്രന്ഥകോടികളാലുക്തമായ അർത്ഥം അരമുറി ശ്ലോകംകൊണ്ടു പറയുന്നു; ആയതു പരോപകാരം പുണ്യത്തിനായും പരപീഡ പാപത്തിനായും ഭവിക്കുന്നു എന്നാണു്. ദാനം കൊടുക്കുന്നതു താഴെ പറയുന്നവർക്കായി ഭവിച്ചുകൂടാ എന്നു മുൻപറഞ്ഞ പാത്രത്തിനു ഭിന്നമായ അപാത്രം മുതലായതു പറയപ്പെടുന്നു.

"ന ദദ്യാദ്യശസേ ദാനം,
ന ഭിയാ, ചോപകാരിണേ,
ന നൃത്തഗീതശീലേഭ്യോ,
ഹാസകേഭ്യശ്ച ധാർമ്മികഃ"

ധർമ്മപരനായവൻ യശസ്സിനായും, ഭയത്താലും, ഉപകാരിക്കായിട്ടും, നടൻ, ഗായകൻ, ഗോഷ്ഠിക്കാരൻ, ഇവർക്കായും ദാനം ചെയ്യരുതെന്നർത്ഥം. "ന കാമാന്നച സംരംഭാന്നദ്വേഷാദ്ധർമ്മമുൽസൃജേത്" കാമം കൊണ്ടും, ക്രോധം കൊണ്ടും ദ്വേഷം കൊണ്ടും ഒന്നും ധർമ്മത്തെ ത്യജിക്കത്തക്കതല്ല

"ധർമ്മഃ ശർമ്മപരത്ര ചേഹ ച നൃണാം,
ധർമ്മോന്ധകാരേ രവി:
സർവാപൽപ്രശമക്ഷമഃ, സുമനസാം
ധർമ്മാഭിധാനോ നിധി:,
ധർമ്മോ ബന്ധുരബാന്ധവേ, പൃഥുപഥേ
ധർമ്മഃ സുഹൃന്നിശ്ചല:,
സംസാരോരുമരുസ്ഥലേസുരതരു,
ർന്നാസ്ത്യേവ ധർമ്മാൽപര:"

ഈ വിവരണങ്ങളാൽ ധർമ്മം സുഖസാധനമാകുന്നു; ധർമ്മം ഇരുട്ടിൽ (അജ്ഞതയിൽ) രവി ആകുന്നു; ധർമ്മം സർവാപത്തിനെയും തീർക്കുന്നതും ദേവനിധിയുമാകുന്നു: ബന്ധുഹീനനു ബന്ധുവും, ദൂരാദ്ധ്വാവിൽ ധർമ്മം ഇളക്കമററ സുഹൃത്തും, സംസാര മരുഭൂമിയിൽ കല്പവൃക്ഷവുമാകുന്നു; ധർമ്മത്തിൽ അധികമായി ഒന്നുമില്ല എന്നു മേൽ പറഞ്ഞ ശ്ലോകത്തിൻെറ സാരമാകുന്നു. യജ്ഞം, വേദശാസ്ത്രപഠനം, ദാനം, തപം, സത്യം, ക്ഷമ, ദയ, ദുരാശയില്ലായ്മ, എന്നിവ എട്ടും ധർമ്മത്തിൻെറ പെരുവഴി ആകുന്നു. ആദ്യം (സൃഷ്ടികാലത്തിൽ) പ്രപഞ്ചത്തിനു, ചിൽപ്രധാനമായിട്ടു നിമിത്തകാരണവും (ഘടത്തിനു കുശവൻപോലെ) ജഡപ്രധാനനായിട്ട്, ഉപാദാന കാരണവും (ഘടത്തിനു മൺ പോൽ) ആയ, അന്തര്യാമി ആകുന്ന ഈശ്വരൻ, പ്രാണികളുടെ അനാദികർമ്മപരിപാകത്താൽസൃഷ്ടിചെയ്യാൻ ആലോചനയോടുകൂടിയവനായി ഭവിച്ചു "സ ഐക്ഷത" (അവൻ ഈക്ഷിച്ചു) എന്നു സാരം എന്ന ശ്രുതിവചനപ്രകാരം മുന്നമേ തന്നെ പശ്വാദി തിര്യഗ്യോനികളെയും മൃഗങ്ങളെയും മഹാ മൃഗങ്ങളും (ആന, സിംഹം) ഇവയേയും മററുമെല്ലാം അതതിൻെറ കർമ്മത്തെ അവലംബി

ച്ച സൃഷ്ടിച്ചിട്ട ഇവയെല്ലാവറെറക്കാളും ഉൽക്കൃഷ്ട ജന്മത്തോടെ അവയെ രക്ഷിക്കമുതലായതു ചെയ്യാനും; ആത്മജ്ഞാനം നേടാനുമായി മനുഷ്യരെ സൃഷ്ടിച്ചു എന്നു ശ്രുതിയിൽ പറയുന്നു. ശ്രുതിയിൽ സൃഷ്ടിക്രമം നാനാവിധമായി പറഞ്ഞതുകൊണ്ട് ശങ്കിപ്പാനില്ല. സൃഷ്ടിയിൽ വേദത്തിനു പ്രഗാഢമായ താല്പര്യമില്ലായ്കയാലാകുന്നു ഇങ്ങനെ പറയുന്നതു്.

> ''ക്രമേണ യുഗപദ്വൈഷാ
> സൃഷ്ടിർജ്ഞേയാ യഥാ ബുധൈഃ
> ദ്വിവിധ ശ്രുതി സദ്ഭാവാദ്
> ദ്വിവിധ സ്വപ്നദർശനാത്''.

ആകാശത്തിൽനിന്നു വായു, വായുവിൽനിന്ന് അഗ്നി എന്നിങ്ങനെ ക്രമസൃഷ്ടിയും ''സർവമാകാശാദേവസമുൽപദ്യന്തേ'' എല്ലാം ആകാശശബ്ദവാച്യമായ ബ്രഹ്മത്തിൽ നിന്നുണ്ടായി എന്ന് അക്രമസൃഷ്ടിയും പറയുന്നതിനാൽ ഏതാണ് ശരിയെന്നുള്ള ചോദ്യത്തിനു മുൻപറഞ്ഞ ക്രമത്തിൽ പഞ്ചദശി ശ്ലോകത്തിൽ, രണ്ടുവിധവും ശ്രുതിയും സ്വപ്നവുമുള്ളതിനാൽ രണ്ടുപക്ഷവും വരുമെന്നു പറയുന്നു. അതിനാൽ, വേദത്തിനു സൃഷ്ടിയെ പ്രതിപാദിക്കുന്നതിൽ താല്പര്യമില്ല. ഏകജീവവാദമെന്ന മുഖ്യാദ്വൈത സിദ്ധാന്തത്തിലാണ് താല്പര്യം. ആയതു് മന്ദപ്രജ്ഞന്മാൎക്ക് ഉപയുക്തമല്ലാത്തതുകൊണ്ട് അവരുടെ ഹൃദയമറിഞ്ഞു യുക്തികളെ നാനാവിധം (മാതാവിനെപ്പോലെ) ശ്രുതി അനുഗ്രഹാർത്ഥം പറയുന്നതാകുന്നു. ആത്മജ്ഞാനത്തിനു (ശിഷ്യന്റെ അജ്ഞാനാന്ധകാരം നീങ്ങി ജ്ഞാനസൂര്യൻ തെളിയുന്നതിന്) ഉപയുക്തങ്ങളായ എല്ലാവിധ യുക്തികളും അതിശ്രേഷ്ഠങ്ങളെന്നും അതുതന്നെ വേണ്ടതെന്നും വിശ്വരൂപാചാര്യൻ (ശംകരാചാര്യസ്വാമിയുടെ ശിഷ്യൻ) പറയുന്നു. ഇങ്ങനെ, അത്യുൽകൃഷ്ടജന്മത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനു മററു പ്രാണികളുടെ പേരിൽ സഹോദര സ്നേഹമില്ലാതെ വരുന്നതു് അന്യായവും ഈശ്വരവിരുദ്ധവുമാണ്. അവയെക്കൊന്നു തിന്നുന്നവർ തങ്ങളുടെ കുട്ടികളിൽ ഏതുമാതിരി ദൃഷ്ടിയു

ളളവരായിരിക്കമെന്നറിയുന്നില്ല ''അഹിംസാ പരമോ ധർമ്മഃ'' അഹിംസ പരമമായ ധർമ്മമാകുന്നു എന്നു വേദം പറയുന്നു. (ന ഹിംസ്യാത്) ഹിംസിക്കരുതെന്നു പ്രബല പ്രമാണമിരിക്കവെ, ''അഗ്നീഷോമീയം പശുമാലഭേത'' യാഗത്തിനായി പശുവിനെ ഹിംസിക്കാമെന്ന പൂർവപക്ഷപ്രമാണത്തിനെ സിദ്ധാന്തമായി ഗ്രഹിച്ചു കൊണ്ടു് ആദ്യത്തെ, ഒരു പ്രാണിയെയും ഹിംസിക്കരു തെന്ന ഉത്തമസിദ്ധാന്തപക്ഷത്തെ ആക്ഷേപമാക്കി മൂഢർ എടുത്തിരിക്കുന്നു എന്നൊരു മഹാൻ പറയുന്നു മിക്കവാറും പേർ യാഗപക്ഷവാദികളുംതന്നെ ഇതു് നൂറു് സന്ധന്മാർ കൂടി ഒരു പദാർത്ഥത്തെ കണ്ടുപിടിക്കും പോലെ എന്നേ ഉള്ളൂ

യോഗ വൃത്തികാരൻ (സൂത്രവ്യാഖ്യാതാവു്) ഈ യാഗത്തേയും നിരസിച്ചാണു് പറയുന്നതു്. ''വൃത്യർത്ഥം തേ യജന്തഃ'' യാഗം ചെയ്യുന്നവർ വൃത്തിക്കു മാത്രമായാണു് അതു ചെയ്യുന്നതെന്നും ''പശുസമരാമ്നായത്തിനു ചൊന്നാരശനാർത്ഥം ഖലു നാരായണജയ'' എന്നും മഹാനുഭാവനായ മേല്പത്തൂർ നാരായണഭട്ടതിരിപ്പാട്ടിന്നും പറഞ്ഞിരിക്കുന്നു കർമ്മത്തിൽനിന്നും ഒഴിവാനായിട്ടു് എന്നാൽ അതിൻെറ അനുഷ്ഠാനവിഷയങ്ങളിലുള്ള ഒരു രൂപാന്തരമായ പറയലിനാലാണിങ്ങനെ വേദാർത്ഥം തോന്നുന്നതു്. അതല്ലാതെ വേദപുരാണാദികൾക്കു യാഗത്തിൽ താല്പര്യമില്ലെന്നാണു് വ്യാസഭഗവാൻ ഭാഗവതത്തിൽ പറയുന്ന നവയോഗി സംവാദത്തിൽ സിദ്ധാന്തിക്കുന്നതു്. വേദം ഗംഭീരാർത്ഥമാകയാൽ, അർത്ഥാന്തര പ്രതീതിയോടെ പറയുന്നതുപോലെ തോന്നുന്നതാകുന്നു എന്നും ''ഗുഡജിഹ്വിക'' എന്നാൽ കുട്ടികളുടെ നാവിൽ ശർക്കര തേച്ചു കഷായം കൊടുക്കുന്നതുപോലെ സ്തുതി പറയുന്നു എന്നും ആകുന്നു സാരം. ഇങ്ങനെ പറയുന്നവർ പാഷണ്ഡികൾ എന്നു പറയുമായിരിക്കാം. (വൈദികർ) ഇവർ തന്നെയോ പാഷണ്ഡികൾ മററുവല്ലവരുമോ എന്നു ന്യായസ്ഥന്മാർ അറിയുമല്ലോ. അതിനാൽ, ക്ലേശലേശവുമില്ല നമുക്കെന്നു സമാധാനം. ഈ സ്ഥിതിക്കു മററുവല്ല ഹിംസ

യെക്കുറിച്ചും പറയേണ്ടതുണ്ടോ? ''അന്യനെക്കൊന്ന താൻ എന്തിനുതിന്നുന്നു, തന്നുടെ മാംസത്തിനെ തിന്നുകൂടയോ?' ''നാകൃത്വാ പ്രാണിനാം ഹിംസാംമാംസമുല്പദ്യതേ കചചിത്''' പ്രാണിയെക്കൊല്ലാതെ മാംസം ഒരിടത്തു മുണ്ടാകയില്ലെന്നു മനുസ്മൃതി. കൊല്ലാൻ പറയുന്നവനും, അനുമോദിക്കുന്നവനും, കൊല്ലുന്നവനും, വിൽക്കുന്നവനും, വാങ്ങുന്നവനും, പചിക്കുന്നവനും, യദൃച്ഛയായി ചെന്നു തിന്നുന്നവനും പാപത്തിൻെറ സമഭാഗികളാണെന്നു സ്മൃതി പറയുന്നു. അതുകൊണ്ടു്, വാങ്ങിതിന്നുന്നതും യദൃച്ഛയായി കിട്ടിയതും എല്ലാം ദോഷഗ്രസ്തം തന്നെ. ഹിംസകൾ മനോവാക്കായ സംഭവങ്ങളായിട്ടു മൂന്നുവിധം ഭവിക്കുന്നു. ഇതിൽ ഉത്തരോത്തരം ഗൗരവമേറിയതാകയാൽ ഇങ്ങുനിന്നങ്ങോട്ടു പരിഹരിച്ചുവരുന്നവനെ മററവനു ഹസിച്ചുകൂടാ. ആത്മദാരങ്ങളിൽ ബ്രഹ്മചര്യവ്രതമുടയവനെ ഗുരുതല്പഗനു ദൂഷിക്കാനിടയില്ലാത്തതുപോലെ എവിടെയും ഗുരുലഘുത്വമോർക്കണം. ശിരച്ഛേദനത്തിനായി പിടിക്കപ്പെട്ടവൻ അംഗച്ഛേദം ചെയ്‌വാൻ സമ്മതിക്കുന്നതെങ്ങനെയോ അതുപോലെ എന്നു ലോകഗാഥയും അറിക. അംഗങ്ങളിൽ എന്നവണ്ണം പ്രാണികളിലും ഉൽകൃഷ്ടാപകൃഷ്ടങ്ങൾ ഉണ്ടു്. ആയതു് വാക്കുകൊണ്ടും മനസ്സുകൊണ്ടും മററുമുള്ള ഹിംസയെ അറിയുക, അറിയായ്ക മുതലായതിനെ അപേക്ഷിച്ചുകൂടി ആയിരിക്കും അത്യന്തമായ അഹിംസയെ (സമാധിയെ) സ്വരൂപസ്ഥിതിയെ, സംപാദിക്കാനായി ഹിംസ ലഘുപ്പെടുത്തി വരുന്നവനോടു സംസാരിക്കുന്നതിനു് ഇതരനായവൻ അധികാരിയല്ലെന്നു് ഇതിനാൽ അറിയത്തക്കതു്. അശാസ്ത്രീയ വിഷയത്തിൽനിന്നും ശാസ്ത്രീയ മാർഗ്ഗത്തിലേയ്ക്കു മനസ്സിനെ ആകർഷിച്ചുവയ്ക്കുന്നതാണു് മനുഷ്യനുള്ള വിശേഷം. അതുകൊണ്ടും ധർമ്മിഷ്ഠൻ അധർമ്മിഷ്ഠൻെറ വാക്കിനു (പരിഹാസത്തിനു) വിഷയമല്ല.

അർത്ഥകാമങ്ങൾ സുപ്രസിദ്ധങ്ങൾ ആകുന്നു. ധർമ്മാനുഷ്ഠാനകാര്യത്തിൽ (അർത്ഥം) സഹായഭൂതമാകയാൽ ധർമ്മസമ്പാദനത്തിനായി ശാസ്ത്രീയമാർഗ്ഗത്തെ ലംഘി

ക്കാതെ അർത്ഥം ആർജ്ജിക്കേണ്ടതുതന്നെ. ''കാമാൎത്ഥൌ ലിപ്സമാനസ്സു ധർമ്മമേവാദിതശ്ചരേത്'' കാമാൎത്ഥങ്ങളെ ഇച്ഛിക്കുന്നവർ ആദ്യമേ ധർമ്മമാർജ്ജിക്കണം എന്നൎത്ഥം.

''നാച്ഛാദയതി കൗപീനം,
ന ദംശമശകാദികം,
ശ്ശുന: പുഛമിവാനർത്ഥം
പാണ്ഡിത്യം ധർമ്മ വർജ്ജിതം''

എന്നാൽ, ധർമ്മാർത്ഥമല്ലാത്ത പാണ്ഡിത്യം, ഈച്ചയാട്ടുന്നതിനോ മലദ്വാരം മറയ്ക്കുന്നതിനോകൂടി കൊള്ളാത്ത ശ്വാപുച്ഛംപോലെ തീരെ പ്രയോജനമററതാകുന്നു. എന്നുള്ളതിനാൽ, പാണ്ഡിത്യവും ധർമ്മാർത്ഥമായിരിക്കണം.

''ചത്വാരോ വിത്തദായാദാ
ധർമ്മാ,ഗ്നി, നൃപ, തസ്കരാ:
ഏകസ്മിൻ കുപതേ യാന്തി
ചത്വാരോപി, പരിക്ഷയം''

വിത്തത്തിനു നാലവകാശികളാകുന്നു എന്നും ആയതു് ധർമ്മവും, അഗ്നിയും, രാജാവും, കള്ളനുമാകുന്നു എന്നും അതിൽ ധർമ്മമാകുന്ന ആദ്യാവകാശി പിണങ്ങിയാൽ എല്ലാവരും നശിച്ചുപോകുമെന്നും മേൽ എഴുതിയ ശ്ലോകത്തിനർത്ഥം. ആകയാൽ ധർമ്മമായി അർത്ഥമാർജ്ജിച്ചു കാമോപഹതരാകാതെയും അല്പസാരമായ കളിപ്പാവയല്ലാതെയും ഇരുന്നു വിരക്തിയെ അടഞ്ഞു മോക്ഷം നേടണം.

ഇനി നാലാമത്തേതും മുഖ്യമായിട്ടുള്ളതുമായ പുരുഷാൎത്ഥത്തെക്കുറിച്ചാണല്ലോ പറയാനുള്ളതു്.

''ധർമ്മാർത്ഥ കാമ മോക്ഷാണാം
ചതുർണ്ണാം പുരുഷാർത്ഥാനാം
മദ്ധ്യേ മോക്ഷ ഏവ
പരമ പുരുഷാർത്ഥം''

എന്നു മനനത്തിൽ പറയുന്നു. മോക്ഷ പര്യായമായ മുക്തി നാലു തരമെന്നു പ്രസിദ്ധമായിട്ടുള്ളതാകുന്നു. സാർ

ഷ്ടി എന്നതിനെ കൂടിച്ചേർത്തു് അഞ്ചെന്നും പക്ഷമുണ്ടു്. അവിടെയും സാർഷ്ടി അഞ്ചാമത്തു (മുക്തി) അല്ല രണ്ടു പക്ഷത്തിലും മുൻപറഞ്ഞവ അപരാർത്ഥമുക്തികളാകുന്നു. വിദേഹ കൈവല്യമാകുന്ന ഒന്നുമാത്രമാണു് നിത്യമുക്തി. "തസ്യാ ഏവ നിത്യത്വാത്" എന്നുള്ളതിനു ശാസ്ത്രമുണ്ടു്. "കൈവല്യമുക്തിരേകൈവ പാരമാർത്ഥിക രൂപിണീ" വിദേഹകൈവല്യംതന്നെ പരമാർത്ഥമുക്തി എന്നു് ഉപനിഷത്തു പറയുന്നു. "സാർഷ്ടിന്നാമചതുർമ്മുഖേന സമാനൈശ്വര്യത്വം" സാർഷ്ടി എന്നതു് ചതുർമ്മുഖ ബ്രഹ്മത്തോടുള്ള സമാനൈശ്വര്യപ്രാപ്തി എന്നു പറഞ്ഞുകാണുന്നതിനാലും മററു ശാസ്ത്രകാരന്മാർ സായുജ്യമെന്നതു കാര്യബ്രഹ്മപ്രാപ്തിവഴിയായ ക്രമമുക്തിയാകുന്നു എന്നു വിവരിക്കയാലും സാർഷ്ടിസായുജ്യങ്ങരം രണ്ടും പര്യായങ്ങരം തന്നെ. വിദേഹമോക്ഷത്തെ വേറെ ഗണിക്കാത്ത പക്ഷം സായുജ്യം കേവലാത്മാവസന്ധാന രൂപമായ കൈവല്യം തന്നെ ആയിവരും. ശന്തനുമഹാരാജാവു മുതലായവർ ബ്രഹ്മലോകത്തുനിന്നു പതിച്ചതായി ചില പുരാണം പറയുന്നതു് ആധികാരികത്വം (അധികാരികളിൽ ഉരംപ്പെട്ട ആളായിരിക്കൽ) നിമിത്തമെന്നേ വരാൻ തരമുള്ളൂ. അർച്ചിരാദിമാർഗ്ഗമായി ഹിരണ്യ ഗർഭലോകം പ്രാപിച്ച ബ്രഹ്മോപാസകനു പതനമില്ലെന്നു സിദ്ധാന്തമാകുന്നു. ആധികാരികന്മാർക്കു (വസിഷ്ഠാദികളെപ്പോലെയുള്ളവക്കു) ഇത്യാദികരം ഐച്ഛിക (ഇച്ഛാപ്രാരബ്ധ) ങ്ങളാകയാൽ, ദോഷമില്ലെന്നു ശാസ്ത്രം അനുവദിക്കുന്നു. ഈ ക്രമമുക്തി പഞ്ചാഗ്നിവിദ്യ, മാത്രാക്രമത്തിൽ ഗുരുമുഖമായി പരിശീലിക്കപ്പെട്ട പ്രണവധ്യാനം, മുതലായതിൻെറ ഫലമാകുന്നു. പക്ഷെ, കല്പകാലപര്യന്തം അവിടെ സുഖിച്ച ബ്രഹ്മാവിനോടുകൂടി സാക്ഷാൽ മുക്തി അടയുകയാൽ ഇതിനു ക്രമമുക്തി എന്നു പേർ പറയുന്നു ഇങ്ങനെ പരമപദത്തോടു ചേരുന്നതു സംയോഗരൂപമായല്ല വ്യവഹാരത്തിൽ പറയൽ മാത്രം. ആകാരമുള്ള വസ്തുക്കളേടേതുപോലെ അല്ലായ്കയാൽ അതീതമാകുന്നു. ഉപാധി ഒഴിയൽ മാത്രമാണു്. "നചപുനരാവത്തതേ" അവൻ (മുക്തൻ) പുനരാവത്തിക്കയില്ല; എന്നുപനിഷത്തു പറയുന്നു. ഈ ക്രമമുക്ത

ൻെറ അവസ്ഥാമാഹാത്മ്യം കൊണ്ടു സദ്യോമുക്തൻെറ അ പുനരാവൃത്തി നിരൂപിക്കപ്പെട്ടു. സാലോക്യാദി ക്ഷുദ്രമു ക്തികൾ സ്വർഗ്ഗത്തെക്കാൾ കൂടുതൽ എന്നല്ലാതെയില്ല. ഇങ്ങനെ പറയുന്നതു രാമാനുജാദി വൈഷ്ണവപക്ഷക്കാർക്കു രുചിക്കയില്ലെന്നേ ഉള്ളൂ. ഇങ്ങനെ ഉള്ളവർ പതിച്ചു പ തിച്ചു മുക്തി അടഞ്ഞേക്കാം. ആയതു മൂഢജനങ്ങളുടേതു പോലെ യാദൃച്ഛികമാകുന്നു പിന്നെ, അവർക്കും ലക്ഷ്യം ഈ കൈവല്യം തന്നെയെന്നുണ്ടെങ്കിൽ, അനുഷ്ഠാന പ്രാബ ല്യത്താൽ ഈ മുക്തികളടഞ്ഞാലും പിന്നീടു സ്വരൂപമുക്തി കിട്ടിയെക്കാം. മററുള്ളവർക്കും ക്രമം ഇതുതന്നെ. താപ നീയോപനിഷത്തിൽ നിഷ്കാമോപാസനം കൊണ്ടു കൂടി കൈവല്യം വരുന്നു എന്നുപറയുന്നുണ്ടു്. ആയതു 'കണ്ണുപ്പൂച്ചിത്തരു'ടെ ഏകകാല സംബന്ധങ്ങളായ സ്വരൂ പമനോനാശം, അരൂപമനോനാശം എന്നിവ രണ്ടും പോ ലെ തൽക്ഷണമുണ്ടാകുന്ന ജ്ഞാനം മുക്തി എന്നിവയുടെ ഐകമത്യ ദൃഷ്ടിയാലാണു്. അപ്പോൾ, ശരമയസ്സലും ല ക്ഷ്യമറലും പോലെ വരുമല്ലൊ. മററു മൂത്തസംയോഗ മല്ലാത്തതിനാൽ ഇതുപോലും ദൈർഘ്യം പ്രകൃതത്തിൽ വേണ്ടതില്ല സാലോക്യസാമീപ്യ സാരൂപ്യ രൂപ മൂന്നു മുക്തികൾക്കും ചര്യ, ക്രിയ, യോഗം ഈ മൂന്നും സാധന ങ്ങളാകുന്നു എന്നാണു് വ്യവസ്ഥ. വേറെ സാധനം പാ ഞ്ഞിരുന്നാൽ, ഇവയിൽ അന്തർഭവിക്കുന്നതായി വരും. കാശിമുക്തിവിചാരണയിലും

''അയോദ്ധ്യാ, മധുരാ, മായാ,
കാശീ, കാഞ്ചീ,ഹ്യവന്തികാ,
പുരീ, ദ്വാരവതീ, ചൈവ
സപ്തൈതാമോക്ഷദായികാ:''

എന്നിവയിൽപ്പെട്ട അയോദ്ധ്യ, വടമധുര, ഹരിദ്വാരം എന്ന ആദിയിലെ മൂന്നും കാഞ്ചീപുരം, ഉജ്ജയിനി, ദ്വാര ക എന്ന അന്ത്യത്തിലെ മൂന്നും കാശീപ്രാപ്തിമാർഗ്ഗമായി മുക്തി അടയിക്കുന്നവ എന്നും ശ്രീകാശി സാക്ഷാൽ മുക്തിപുരി എന്നുമാണു് പറയുന്നതു്. കാശിയിൽ മര ണകാലത്തിൽ ദക്ഷിണ കർണ്ണത്തിൽ പരമശിവൻ താരക.

(പ്രണവ) ഉപദേശം ചെയ്യുമെന്നും ബുദ്ധി നിലനിൽക്കുന്ന തിനും മററും ഉതകുംവിധം ജഗദംബികയുടെ കസ്തൂരീ (പംക) ദിശ്ധമായ ഉത്തരീയംകൊണ്ടുള്ള വീശലിനാൽ വരുന്ന മാരുതൻ ശ്രമം പോക്കുമെന്നും കാശീഖണ്ഡത്തിൽ പറയുന്നു.

പ്രമാണം:-''അനിലോമൃഗനാഭിരേണു ഗന്ധൈ
രധികാശിപ്രണവോപദേശകാലെ;
ഹരതേ മരണശ്രമം നരാണാം
ഹരവാമാങ്കുലോത്തരീയ ജന്മാ.''

താപനീയോപനിഷത്തിന്റെ അഭിപ്രായം പോലെ ആകുമ്പോഠം ഈ മുക്തിക്രമവും സംഭാവ്യവുമാകുന്നു. നിയതി നിശ്ചയത്തെക്കുറിച്ചു വാസിഷ്ഠത്തിൽ മേൽ പ്രകാരം പറയപ്പെട്ടിട്ടുള്ളതിനാൽ, ഹേതു പ്രശ്നത്തിനവസരമില്ല. വിദേഹ മുക്തിയെന്നതു ജീവന്മുക്തന്റെ ശരീരപാത ത്തിലുള്ള അവസ്ഥയാകുന്നു. (ഭാവിദേഹ സംബന്ധമററവനാകയാൽ, ജീവന്മുക്തനെ വിദേഹ മുക്തനെന്നും പറയാമെന്നു വിദ്യാരണ്യ സ്വാമികഠം പറയുന്നു ) ജീവന്മുക്തി ആവതു കഴുത്തിലെ ആഭരണം മറന്നു തപ്പിഓർക്കും പോലെയും, ദശമൻ കഥ പോലെയും, വേടക്കൂട്ടത്തിൽ വളർന്ന രാജകുമാരന്റെ വൃത്താന്തം പോലെയും ഉണ്ടാകുന്നതായ, 'താൻ' തന്നെ ആകുന്നു, ഉൽകൃഷ്ടലക്ഷണമുടയ ആത്മാവെന്നുള്ള അഖണ്ഡാത്മസ്വരൂപലാഭമാകുന്നു. ഇങ്ങനെ ഉണ്ടാകുന്ന ആത്മപ്രാപ്തി, ചിത്തസംസ്കാരത്തിനും അതു ശാസ്ത്രോക്ത വ്യവഹരമായ പൗരുഷത്തിനും അധീനമാകുന്നു. ഈ ബോധത്തിന്റെ ഉറപ്പുപോലെ ജീവന്മുക്തി ദൃഢതയുണ്ടാകുന്നു. ബുദ്ധിഗുണം പോലെ, ഉറപ്പുമുണ്ടാകും. ആയതു വട്ടിയിലും, അതുതന്നെ മെഴുകിയതിലും, പച്ച മൺകുടത്തിലും, സ്വർണ്ണക്കലശത്തിലും വെള്ളം കോരുന്നതുപോലെ താരതമ്യമുള്ളതായിരിക്കും. ഇപ്രകാരമുള്ള ജ്ഞാനം ലഭിച്ചാൽ, ഒരുവന്റെ ചിത്തവൃത്തി, അജ്ഞാനാന്ധതയിൽ മുഴുകുന്നതല്ല. എങ്ങനെ എന്നാൽ, പാൽ കലക്കി എടുത്ത വെണ്ണ പിന്നെ അതിൽതന്നെഇട്ടാലും കലന്നുപോകാത്തതുപോലെ ആകുന്നു എന്നു പറയുന്നു.

പ്രമാണം:-''ക്ഷീരാദുദ്ധൃതമാജ്യം യത്
ക്ഷിപ്തം പയസി തൽ പുനഃ
ന തേനൈവൈകതാം യാതി
സംസാരേ ജ്ഞാനവാം സ്ഥധാ.''

മൂഢദൃഷ്ടിക്കുതോന്നുന്ന ബ്രഹ്മവിദ്വാന്റെ സംസാരഭ്രമം അവരെ ചേർന്നതെന്നല്ലാതെ ജ്ഞാനിക്കുണ്ടാകുന്നില്ല. നദീതീരത്തു നില്ക്കുന്നവർക്കു തലകീഴായി നില്ക്കുന്നതായി പ്രതീതി ഉണ്ടായാലും, ഭ്രാന്തി ഇല്ലാത്തതുപോലെ ജ്ഞാനിക്കും ആത്മാവിൽ ബന്ധഭ്രമം ഉണ്ടാകുന്നില്ല. ഇങ്ങനെയുള്ള ജ്ഞാനി പരമഹംസനാകുന്നു എന്നും ബ്രാഹ്മണനാകുന്നു എന്നും ശ്രുതി ഘോഷിക്കുന്നു. ഗുണാതീതനെന്നു ശ്രീ. ഭഗവാനും അതിവർണ്ണാശ്രമി എന്നു പരമശിവനും അരുളിച്ചെയ്തിരിക്കുന്നു. ഇങ്ങനെ ജ്ഞാനം വന്നതിന്റെ ശേഷം സഞ്ചിത കർമ്മഫലം നശിക്കുന്നതായും ആഗാമി (എന്നാൽ വരും) ഫലം പററാതെ പോകുന്നതായുമിരിക്കും എന്നു ''തദധിഗമ ഉത്തരപൂർവാഘയോരശ്ലേഷവിനാശൗ തദ്വ്യപദേശാത്''' ഈ ബ്രഹ്മസൂത്രം പറയുന്നു. ആഗാമിയിലെ ശുഭഫലം സല്ക്കാരബഹുമാനാദി ചെയ്യുന്നവരും അശുഭഫലം നിന്ദാദിദൂഷണം ചെയ്യുന്നവരും ആഹരിക്കുന്നു എന്ന് ഒഴിവിലൊടുക്കവും ''സുഹൃദ: സാധുകൃത്യാം ദ്വിഷന്ത: പാപകൃത്യാം'' എന്നു കൗഷീതക്യുപനിഷത്തും പറയുന്നു. ആകയാൽ, ഇങ്ങനെയുള്ള മുക്താത്മാവിനെ ഭുക്തികാമന്മാരായുള്ളവർ അവശ്യം അർച്ചിക്കേണ്ടതാകുന്നു. എന്നാൽ, ഇവരുടെ പ്രസാദ രശ്മിയാൽ അജ്ഞാനം നശിച്ചു മുക്തി അടയായ്വരും

## 2. മുക്തിവിചാരം *

ഹിരണ്യഗർഭ, വൈകുണ്ഠാദ്യുപാസ്യദേവതാപ്രാപ്തി യാണ് മുക്തിയെന്നു ദേവോപാസകന്മാർ പറയുന്നു.

ഇതു്, യാന്തിദേവവ്രതാ ദേവാൻ
പിതൄന്യാന്തിപിതൃവ്രതാഃ,
ഭൂതാനി യാന്തി ഭൂതേജ്യാ
യാന്തിമദ്യാജി നോപിമാം''

എന്ന ഗീതോപനിഷന്മന്ത്രത്തിനും അനുരൂപമാകുന്നു. ദേവ നിഷ്ഠന്മാർ ദേവന്മാരെയും, പിതൃയജനപരന്മാർ അഗ്നി ഷ്വാത്താദി പിതൃദേവന്മാരെയും, ഭൂതസമാരാധകന്മാർ ഭൂതങ്ങളെയും, ഭഗവത്പരന്മാർ ശ്രീ ഹരിയെയും യഥാ യോഗ്യം പ്രാപിക്കുന്നു എന്നു ഇതിനു് അർത്ഥമാകുന്നു. അ വർക്കും ഉപാസ്യദേവതകളുമായി സേവക സേവ്യാവ സ്ഥയേ സിദ്ധിക്കുന്നുള്ളു. അതു നാശോന്മുഖമായല്ലാതെ ഇരിക്കയില്ല. എന്നാൽ, ഓരോരുത്തരുടെയും നിശ്ചയ സ്ഥിതിയുടെ താരതമ്യമനുസരിച്ചു തത്തദ്ദേവാദികളുടെ സലോകത, സമാനരൂപത എന്നാദിയായ വൈചിത്ര്യം ദേവപ്രാപ്തിവിഷയത്തിൽ ഉണ്ടാകുന്നു താല്ക്കാലിക ദുഃഖ നിവൃത്തിയെമാത്രം ആസ്പദമാക്കിയും ആത്യന്തികാനർത്ഥ നിവൃത്തിപൂർവക പരമാനന്ദപ്രാപ്തിയെ മാത്രയാൽപോ ലും കടാക്ഷിക്കാതെയും ഉണ്ടാകുന്ന ഏതാദൃശ ദുഃഖനിവൃ ത്തിയെ മോക്ഷമായി കുറിക്കുന്നതു് ഔപചാരികം (വെറും വ്യവഹാരമാത്രം) ആകുന്നു. അപ്പോഴും മശക ദംശാദി

---

* കൊ: വ: 1089 മിഥുനം ലക്കം സദാനന്ദവിലാസം മാസിക യിൽ പ്രസിദ്ധം ചെയ്തതു്.

(കൊത്തുകടി) ദുഃഖനിവൃത്തിപോലെ ആകുന്നതേ ഉള്ളൂ; എന്നാൽ, പക്ഷ (പിടിവാദ) ക്കാർക്കു് അങ്ങനെയല്ല തോന്നുന്നതു്. അതുകൊണ്ടു്, വസ്തുയാഥാത്മ്യത്തിനു (സ്ഥിതിക്കു) മാററം സംഭവിക്കുന്നില്ല. എന്നാലും, ഭാഗവതന്മാർ മുതലായവർ ഈ ഭാഗം സമ്മതിക്കയില്ല. അവരുടെ സിദ്ധാന്തം ആശ്രയിച്ചാൽ ഭഗവല്ലോകവും, തദാപ്തിരൂപമുക്ത്യാദികളുമെല്ലാം നിത്യം തന്നെയാണു്. ഈ പക്ഷം, 'യന്മൂർത്തം തദനിത്യം' (യാതൊന്നിനു രൂപമുണ്ടോ അതു നാശമുള്ളതുതന്നെ) എന്ന ന്യായപ്രകാരം വ്യാക്ഷേപാർഹമാകുന്നു. ഇങ്ങനെ പറയുന്നവരും അദ്വൈതികളും ബുദ്ധാപശ (സ) ദന്മാരാകുന്നു എന്നു ഭട്ടഭാസ്കരമതാനുയായികളും വിജ്ഞാനഭിക്ഷു മുതൽപേരും പറയുന്നുണ്ടു്. അവർ ഭേദവാദികളുടെ കൂട്ടത്തിൽ പെട്ടവരാണു്. പരമാണ്വവയവങ്ങളാൽ ആരംഭിച്ചു സർവവും ഉണ്ടാകുന്നു എന്ന മട്ടിൽ അസൽക്കാര്യവാദികളായ നൈയായികന്മാർ, ആത്യന്തിക ദുഃഖനിവൃത്തിയാകുന്നു മുക്തി എന്നു പറയുന്നു. പ്രധാനമഹദാദിക്രമത്തിൽ പഞ്ചഭൂതങ്ങൾ പരിണാമമടഞ്ഞു സകലതും ഉല്പന്നമാകുന്നു എന്നുള്ള സത്ക്കാര്യവാദം പുറപ്പെടുവിക്കുന്നവരായ സാംഖ്യന്മാർ പ്രകൃതിപുരുഷവിവേകജന്യമാണു് മുക്തിഎന്നു പറയുന്നു. ഇവരും ഭേദവാദികൾ തന്നെ. അഭേദം അവിനാഭാവസംബന്ധത്തോടുകൂടിയതെന്നും ഭേദം പാരമാർത്ഥികമെന്നും പക്ഷമായ രാമാനുജാദികൾ ഭക്തിനിഷ്ഠാദികളാലുണ്ടാകുന്ന വൈകുണ്ഠപ്രാപ്തിരൂപമാണു് മുക്തി എന്നു പറയുന്നു. ഭക്തിനിഷ്ഠാദികൾ മോക്ഷസാധനങ്ങളാകുന്നുഎന്നുപറഞ്ഞതുപോലെ, യോഗം മോക്ഷകാരണമാകുന്നു എന്നു മററു പ്രസ്ഥാനക്കാർ ഖണ്ഡിതമായി എടുത്തിരിക്കുന്നു. ഇവരുടെ നിരോധഭൂമിയിലുള്ള സ്ഥിതി ചിത്തബാലന്റെ ഒരു മൂകീഭാവം മാത്രമാകയാൽ മിക്കവാറും സുഷുപ്തി സമകക്ഷയാകുന്നതല്ലാതെ, സ്വരൂപാവസ്ഥാനമാകുന്നില്ല. അല്ലാതെ, അഖണ്ഡൈകരസസ്ഥിതി, സ്വരൂപാവസ്ഥാനം എന്നിങ്ങനെ ഏതാനും പറഞ്ഞു പോകയോ താങ്ങിപ്പിടിക്കയോ ചെയ്താൽ, അതു ''യാചിതമണ്ഡനം'' മററുള്ളവരുടെ എരവൽ തന്നെയാണെന്നുവരും; ആകയാൽ, അതു നിഷ്കാമകർ

മ്മാനുഷ്ഠാനം പോലെ ചിത്ത ശുദ്ധമൂലമായി തൽസ്ഥൈ ര്യത്തിനും അത്യുപയുക്തമായില്ലാതെ—, വച്ചാലും കൂടി പരംപരയായി മോക്ഷാംശത്തിനും ഉപകരിക്കും.

ക്ഷുദ്ബാധനിവൃത്തിക്കു അന്നഭക്ഷണം നിമിത്തമെ ന്നല്ലാതെ കൃഷി (അങ്ങനെ) ആകുന്നില്ലല്ലോ. (കർമ്മയോ ഗത്തിലും സമുച്ചയവാദിയായ വൃത്തികാരന്റെ മതം വ്യാമർദ്ദിച്ച ക്രമസമുച്ചയത്തെ മാത്രമേ പരംപരാസാധന ത്തിനിടയ്ക്കും ആചാര്യസ്വാമികൾ എടുത്തിട്ടുള്ളു.) "ഏതേ ന യോഗ:പ്രത്യുക്ത:" ഈ സാംഖ്യ നിരാകരണം കൊ ണ്ടു തത്സമസ്വഭാവമുള്ള യോഗവും ഖണ്ഡിക്കപ്പെട്ടിരിക്കു ന്നു എന്നു ഉത്തരമീമാംസാകാരനായ ബാദരായണാചാ ര്യരും "ന യോഗേന ന സാംഖ്യേന...........മോക്ഷഃ സിദ്ധ്യതി" എന്നു ആചാര്യസ്വാമികളും മോക്ഷത്തെക്കു റിച്ചുള്ള യോഗാലംബനമാക്ഷേപിച്ചിരിക്കുന്നു. മേലെ സാംഖ്യം, സംഖ്യാനം ചെയ്യപ്പെടുന്നതുകൊണ്ടു, സംഖ്യാ_ യഥാർത്ഥ ജ്ഞാനം എന്നർത്ഥമായ സംഖ്യ_യാതൊന്നിൽ ഭവിക്കുന്നോ അതു സാംഖ്യം എന്ന പ്രക്രിയാനുരോധേന സിദ്ധിക്കുന്നതും സമ്യഗ്ജ്ഞാനപ്രതിപാദകവുമായ സാംഖ്യം ആകുന്നില്ല; കാപിലസാംഖ്യമത്രെ ആകുന്ന തു്. യോഗം കൊണ്ടു് ദേഹത്യാഗം ചെയ്താലുണ്ടാകുന്ന സ്വച്ഛക്രീഡാദിയെക്കുറിച്ചു് ഭാഗവതത്തിൽ പ്രസ്താവിച്ചി ട്ടുമുണ്ടല്ലോ. ഇതു, "തയോർദ്ധ്വമായന്നമൃതത്വമേതി" എ ന്ന ശ്രുതിഭാഷ്യത്തിൽ കാണുംപോലെ ഗൗണം(ആപേക്ഷി കമുക്തി) മാത്രമേ ആകുന്നുള്ളു. "ആഭൂതസംപ്ലവം സ്ഥാ നമമൃതത്വം ഹി ഭാഷ്യതേ" പ്രാകൃത പ്രളയ പര്യന്തം നിലനില്ക്കുന്ന ഊർദ്ധ്വലോകങ്ങൾ അമൃത (മുക്തി) പാദങ്ങ ളാകുന്നു എന്നു സ്മൃതിവചനമുള്ളതിനാൽ മേൽ പറഞ്ഞ തിനു സാംഗത്യമുണ്ടാകുന്നു. പിന്നെ, അതുകൊണ്ടുതന്നെ ശ്രീ ഭഗവൽ പാദാചാര്യർ മോക്ഷത്തെക്കുറിച്ചു് ഒരിടത്തും യോഗനിരൂപണം ചെയ്യാതിരുന്നതെന്നു സകല ശ്രുതി ശിരോരത്നശാണായിതധിഷണനായ വിദ്യാരണ്യ സ്വാ മികളും പറഞ്ഞിട്ടുണ്ടു്. ആകയാൽ, യോഗപ്രലാപം ഗ്രാഹ്യമാകുന്നില്ല. അനർത്ഥനിവൃത്യനവധികപരമാനന്ദ

പ്രാപ്തിലക്ഷണമാകുന്ന മോക്ഷമെന്ന ശാങ്കരവേദാന്തികരം പറയുന്നു. ഇതാകുന്ന സർവ്വോൽകൃഷ്ടമതം. "വേദാർത്ഥഃ പരമാദ്വൈതം" എന്നു സ്ഥാനത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. "അദ്വൈതമാകുന്ന പരമാത്ഥം, അല്ലെന്നു വരികിൽ എന്റെ മൂർദ്ധാവു് ഇപ്പോരം തന്നെ പതിച്ചുപോകട്ടെ" എന്നു യജ്ഞവൈഭവ ഖണ്ഡാന്തർഗ്ഗത ബ്രഹ്മഗീതയിൽ ദേവന്മാരോടായിട്ടു സാക്ഷാൽ പരമേഷ്ഠിതന്നെ ശപഥം ചെയ്തു പറഞ്ഞിരിക്കുന്നു. മേൽപറഞ്ഞ ലക്ഷണത്തോടുകൂടിയ മുക്തിക്കു് അല്ലെങ്കിൽ മോക്ഷത്തിനു് അവ്യവഹിത (സാക്ഷാൽ, അടുത്ത) സാധനം ജ്ഞാനം തന്നെയാണു്. മററുമാർഗ്ഗങ്ങരം ജ്ഞാനസാധനങ്ങളാകയാൽ പരംപരാ സാധനങ്ങരം മാത്രമാണു്. "മോക്ഷകാരണ സാമഗ്ര്യാം ഭക്തിരേവ ഗരീയസീ" മോക്ഷത്തിനുള്ള കാരണ കലാപങ്ങളിൽ ഭക്തിയാണു് പ്രധാനമെന്നു ഭഗവത്പാദാചാര്യർ പറഞ്ഞിട്ടുണ്ടെങ്കിലും ഭക്തിയെന്നതിനെക്കുറിച്ചു് നിഷ്കർഷിച്ചു "സ്വസ്വരൂപാനുസന്ധാനം ഭക്തിരിത്യഭിധീയതേ" തന്റെ നിത്യാത്മസ്വരൂപാനുസന്ധാനത്തെത്തന്നെ അവിടെ സാധിച്ചിരിക്കുന്നു. കർമ്മ, ഭക്തി, യോഗാദികളം അനുഷ്ഠാന പരിപാകത്താൽ ജ്ഞാനസാധനങ്ങളായും വരും; എങ്കിലും ശ്രവണ, മനന, നിദിധ്യാസനങ്ങരം തന്നെയാണു് പ്രധാന സാധനങ്ങരം. അതിലും, ജ്ഞാനോത്പത്തിക്കു ശ്രവണം അന്തരംഗ സാധനമാകുന്നു. "ഉത്പത്താവന്തരംഗം ഹി ജ്ഞാനസ്യ ശ്രവണം ബുധാഃ" എന്നു പ്രമാണ വചനമുണ്ടു്. മനനനിദിദ്ധ്യാസനങ്ങരം അംഗങ്ങരം എന്നും, ശ്രവണം അംഗിയെന്നും ശ്രീമദാചാര്യ (പത്മപാദ)ർ ചതുഃസൂത്രിയിൽ സിദ്ധാന്തിച്ചിട്ടുണ്ടു്. ആകയാൽ, മുൻപറഞ്ഞ സ്വസ്വരൂപാനുസന്ധാനം വാക്യപൂർവകമായുള്ള അനുസന്ധാനമേ ആവൂ. അതു ശ്രവണകോടിയിൽ അന്തർഭവിക്കുന്നതായിരിക്കയും ചെയ്യും. ആത്മസ്വരൂപത്തെ പ്രതിപാദിക്കുന്നവകളായ വേദാന്തവാക്യങ്ങളെ അത്ഥാനവിതം "ശ്രോത്രിയം ബ്രഹ്മനിഷ്ഠം" എന്നു ശ്രുതി പറയുംവണ്ണം ജ്ഞാനവിജ്ഞാനവിഭവനായ സദ്ഗുരുവിന്റെ മുഖത്തുനിന്നും ശ്രവിക്കുന്നതു് ശ്രവണമാകുന്നുഎന്നു് ആചാര്യന്മാർ പറയുന്നു.

''തത്ര താവന്മുനിശ്രേഷ്ഠാ:
ശ്രവണം നാമ കേവലം
ഉപക്രമാദിഭിർല്ലിംഗൈ:
ശക്തിതാത്പര്യ നിർണ്ണയം.''

ശ്രവണമെന്നതു് ഉപക്രമാദിഷഡ്വിധ ലിംഗങ്ങളെക്കൊണ്ടു പദപദാത്ഥവാക്യാത്ഥങ്ങളിലുള്ള ശക്തിതാല്പര്യങ്ങളെ നിശ്ചയിക്കയാകുന്നു എന്നു കൈവല്യരത്നത്തിൽ പറഞ്ഞിരിക്കുന്നു.

ഷഡ്വിധലിംഗങ്ങൾ:— 1. ബ്രഹ്മത്തെക്കുറിച്ചു പ്രതിപാദിപ്പാനാരംഭിച്ചു് അതു തന്നെ പറഞ്ഞവസാനിപ്പിക്കൽ, ഉപക്രമോപസംഹാരങ്ങൾ ചേർന്ന ലിംഗമാകുന്നു. 2. ഒരേതരം നിശ്ചയത്തോടെ നാനായുക്തികളെക്കൊണ്ടു് ''ഐതദാത്മ്യമിദം സർവം തത്സത്യം, സ ആത്മാതത്ത്വമസിശ്വേതകേതോ!'' എന്ന പോലെ വീണ്ടും ഉപദേശിക്ക അഭ്യാസമാകുന്നു. 3. ഉപനിഷൽ പ്രമാണമാത്രത്താൽ അറിയത്തക്കതാകുന്നു എന്നതു് അപൂർവ്വത. 4. അനത്ഥനിവൃത്തിയും ആനന്ദപ്രാപ്തിയും ബ്രഹ്മവിദ്യാഫലം എന്നതു്. 5. ഭേദനിന്ദയും അഭേദസ്തുതിയും (ചേന്നതു്). അത്ഥവാദമെന്ന ലിംഗമാകുന്നു. 6. പ്രതിപാദിക്കുന്ന അദ്വൈതപരമായ അത്ഥത്തിനു് അനുരൂപമായുള്ള ദൃഷ്ടാന്തപ്രകടനം ഉപപത്തിയെന്ന ലിംഗമാകുന്നു.

''ഉപക്രമോപസംഹാരാ
വഭ്യാസോഽപൂർവതാ ഫലം;
അത്ഥവാദോപപത്തീ ച
ലിംഗം താല്പര്യനിശ്ചയേ''

എന്നു പ്രമാണമുണ്ടു്. ''ശ്രോതവ്യോ മന്തവ്യോ നിദിദ്ധ്യാസിതവ്യ:'' എന്ന ശ്രുതിവചനപ്രകാരം ആത്മദർശനത്തിനായി ശ്രവണമനനനിദിദ്ധ്യാസനങ്ങളെ അനുഷ്ഠിക്കണം.

''ശ്രോതവ്യഃ ശ്രുതിവാക്യേഭ്യോ
മന്തവ്യശ്ചോപപത്തിഭി:,
ജ്ഞാത്വാ ച സതതം ധ്യേയ
ഏതേ ദർശന ഹേതവ:''

ശ്രുതിവാക്യവഴി ശ്രവണം ചെയ്യണം, യുക്തികളെക്കൊണ്ട് അടിക്കടി ചിന്തിക്കണം, ശ്രവണമനനങ്ങളാൽ നിശ്ചയമായ (ഉറച്ച) അർത്ഥത്തിൽ മനസ്സിരുത്തി ധ്യാനിക്കണം എന്ന വിവരണപ്രമേയ സംഗ്രഹത്തിൽ വിദ്യാരണ്യസ്വാമികൾ പറഞ്ഞിരിക്കുന്നു.

''സർവവേദാന്തവാക്യാനാം
മാചാര്യമുഖതഃ പ്രിയാൽ
വാക്യാനുഗ്രഹകന്യായ–
ശീലനം മനനം ഭവേത്''

സദ്ഗുരുമുഖമായി സകല വേദാന്തവാക്യങ്ങളുടേയും അർത്ഥത്തിനനുഗുണമാം വണ്ണമുള്ള ന്യായങ്ങളെ പരിശീലനം ചെയ്യൽ മനനമാകുന്നു. ''നിദിദ്ധ്യാസനസംജ്ഞം ച മനനം ച ദ്വയം ബുധാ: ഫലോപകാരകാംഗംസ്യാത്..'' നിദിധ്യാസനവും മനനവും ഫലോപകാരകമായ അംഗമാകുന്നു എന്നു മുൻപു പറഞ്ഞതുപോലെ കൈവല്യരത്നത്തിലും പറഞ്ഞിരിക്കുന്നു. അവിടെ അസംഭാവനാദികളുടെ നിവൃത്തിക്കായിട്ടാണു് ഇവ രണ്ടും പറഞ്ഞിരിക്കുന്നതു്. അസംഭാവനയും വിപരീതഭാവനയും ഇല്ലാത്തവക്കു് ഇവ അവശ്യാശ്രയണീയങ്ങളായി പറവാനില്ല. മനനനിദിദ്ധ്യാസനങ്ങൾ കൂടാതെ ശ്രവണമാത്രത്താൽ ഒരുവനു് അപരോക്ഷാനുഭവം ഉണ്ടാകാം. എന്നാൽ, ശ്രവണം കൂടാതെ ആർക്കും ഒരിക്കലും ആത്മലാഭം ഉണ്ടാകയില്ല. ഒരുവനു, സർവ്വാനാത്മവസ്തുക്കളെ നിഷേധിച്ചു കഴിഞ്ഞാൽ ''യസ്മദന്യന്നാസ്തി കസ്മാന്നു ബിഭേമി'' എന്ന വിരാട്ടിന്റെ അനുഭവംപോലെ സ്വാനുഭൂതി ഉണ്ടാകുന്നു. മറ്റൊരാൾക്കു–, ''യതോ വാ ഇമാനി ഭൂതാനി ജായന്തേ'' എന്നവണ്ണം ഐക്യപരമായല്ലെങ്കിലും വരുണങ്കൽനിന്നു

ശ്രവിച്ച ഭൃഗുവിനെപ്പോലെ വാക്യാൎത്ഥസന്ധാനബലത്താൽ ജ്ഞാനം സിദ്ധിക്കുന്നു. വേറൊരുവന്ന്—, ഉദ്ദാലകനാൽ അടിക്കടി ഉപദിഷ്ടമായി ഐക്യം പ്രതിബോധിക്കപ്പെട്ട ശ്വേതകേതുവെപ്പോലെ സ്വാനുഭവമുണ്ടാകുന്നു. വേറെ ഒരുതരക്കാരന്ന്—, കാട്ടിൽ വിറകൊടിക്കാൻപോയ പിശാചകന്ന് അവിടെവച്ചു യദൃച്ഛയായി ഉപദേശമൊഴി കേട്ടു് ഐക്യബോധം വന്നവിധം ആത്മാനുഭവം ഉത്ഭവിക്കുന്നു. എന്നാൽ, മൂന്നാമതു പറഞ്ഞപ്രകാരമുള്ള ഏകത്വബോധനത്തിൽ ജ്ഞാനം ഉണ്ടാകുന്നതു നിശ്ചയവും മററു മൂന്നിലും ജ്ഞാനം 'ഘുണാക്ഷരന്യായ'മനുസരിച്ചു് (യാദൃച്ഛികവു) മാകുന്നു. വൈദാന്തികരത്നശ്രേണിയുടെ നടുനായകമായ ജനകമഹാരാജാവ് പിശാചകനെപ്പോലെ യദൃച്ഛയായി സിദ്ധഗീതം ശ്രവിച്ചു ജ്ഞാനമുണ്ടായ ദേഹമാണല്ലോ? യദൃച്ഛാ പ്രാപ്തങ്ങളായ മാർഗ്ഗങ്ങളെ വിട്ടു നിയതഫലകമായ ആരുണേയസരണിയിലൂടെ ഗമിക്കുന്നതു യുക്തമാകുന്നു. അപ്പോഠം ഗുരുമുഖമായി ലഭിക്കുന്ന ജ്ഞാനത്താൽ അജ്ഞാനം കെടുന്നു.

''തത്വമസ്യാദി വാക്യോത്ഥ-
സമൃഗ്ധീജന്മമാത്രതഃ
അവിദ്യാ സഹകാൎയ്യേണ
നാസീദസ്തി ഭവിഷ്യതി''

തത്വമസ്യാദിമഹാവാക്യോപദേശം കൊണ്ടു് സിദ്ധിക്കുന്ന വൃത്തിജ്ഞാന ജനന (സമ)കാലത്തുതന്നെ അവിദ്യാതല്കാൎയ്യങ്ങഠം നിശ്ശേഷം നശിക്കുന്നു; (കാലത്രയത്തിലും അവിദ്യയും തത്ക്കാൎയ്യങ്ങളും ഇല്ലെന്നായിത്തീരുന്നു) എന്നു സുരേശ്വരാചാൎയ്യരുടെ ബൃഹദ്വാൎത്തികത്തിൽ പറയുന്നു. ''തപ്തലോഹപീതാബുന്യായ'' (പഴുത്ത ഇരുമ്പിൽ വീഴ്ത്തുന്ന ജലം തീ കെടുത്തു താനെ ലയിക്കുന്ന) പ്രകാരം വൃത്തിജ്ഞാനം അജ്ഞാനത്തെ കെടുത്തി അതും സ്വയമേവ ലയമടയുന്നു. ഇപ്രകാരമുള്ള ജ്ഞാനം ഉദിച്ച ഒരുവനു ജീവിതാവസ്ഥയിലെ കൈവല്യമുണ്ടു്. മരണകാലത്തു പ്രാണൻ വെളിയിൽ പോകപോലും ചെയ്യാതെ വിദേഹമുക്തനായിത്തീരുന്നു.

''ന തസ്യപ്രാണാ ഉൽക്രാമന്തി
അത്രൈവ സമവലീയന്തേ'',
''ദേഹാത്മജ്ഞാനവജ്ജ്ഞാനം
ദേഹാത്മജ്ഞാന ബാധകം;
ആത്മന്യേവ ഭവേദ്യസ്യ
സ നേച്ഛന്നപി മുച്യതേ.''

സർവ്വ സാധാരണമായി, ഇന്നവൻെറ പുത്രൻ അല്ലെങ്കിൽ ഇന്നയിന്ന പ്രകാരമുള്ള ഇന്നവൻ ഞാനെന്നു തുടങ്ങിയവ യ്ക്കു ബാധകമായും മേല്പറഞ്ഞ ദേഹാത്മജ്ഞാനം പോലെ ദൃഢമായും ഇരിക്കുന്ന പരാത്മ ജ്ഞാനം ഏതൊരുവനുണ്ടാകുന്നോ അവനു മുക്തി വേണ്ടെന്നിരുന്നാലും കിട്ടുമെന്നു ആചാര്യസ്വാമി ഉപദേശ സാഹസ്രിയിൽ പറഞ്ഞിരിക്കുന്നു. (ആത്മസ്വരൂപാവസ്ഥാനരൂപമാണു് മുക്തിയെന്നുള്ളതു കൊണ്ടത്രേ ഉപേക്ഷിച്ചാൽ പോകാത്തതു്.) ഇങ്ങനെയുള്ള വിദേഹമുക്തനു പുനരാവർത്തനം ഇല്ല. ''ന സ പുനരാവർത്തതേ'' എന്നു വേദം ഘോഷിക്കുന്നു. ഇപ്രകാരമുള്ള ജ്ഞാനിയെ ഭഗവദ് ഭക്തനെന്നും ഗുണാതീതനെന്നും ഭഗവദ് ഗീതയിലും, അതിവർണ്ണാശ്രമിയെന്നു മുക്തികണ്ഡത്തിലും, ബ്രാഹ്മണനെന്നു ശ്രുതിയിലും പറയുന്നു. ഇങ്ങനെയുള്ള ബ്രഹ്മവിത്തു് ഈശ്വരനാകുന്നു, ''ബ്രഹ്മവിദ് ബ്രഹ്മരൂപത്വാദീശ്വര:'', ''ബ്രഹ്മ, ന ബ്രഹ്മവിത് സ്വയം'' ഇവൻ ബ്രഹ്മവിത്തല്ല, ബ്രഹ്മം തന്നെയെന്നാണു് ഒടുവിലേതിനർത്ഥം. ഇങ്ങനെയുള്ള ജ്ഞാനം സമ്പാദിച്ചു മുക്തനാകുന്നതുതന്നെ മനുഷ്യജന്മോദ്ദേശ്യം.

# 3. സ്വരൂപനിരൂപണം *

സ്വരൂപമെന്നാൽ സ്വകീയ (തന്റെ) ഭാവം അല്ലെങ്കിൽ രൂപം എന്നർത്ഥമാകുന്നു. അതിലെ 'സ്വ' ശബ്ദം കൊണ്ട്—, വ്യാപകമാകയാൽ ദേശത്താലും, നിത്യമാകയാൽകാലത്താലും, സർവാത്മാവാകയാൽ വസ്തുവിനാലും പരിഛിന്നമല്ലാത്തതായും, സംസാരബന്ധമററതാകയാൽ മുക്തമായും, സർവത്തിനും ഭാവാവസ്ഥ (ഇരിപ്പ്) യൽ സാപേക്ഷമായിരിക്കുന്നോ അതിനാൽ സത്തായും, ജഡവിരുദ്ധമായി സ്വയമേവ വിളങ്ങുകയാൽ ചിത്തായും, ദുഃഖലവമില്ലാതെ സുഖരൂപമായിരിക്കയാൽ ആനന്ദമായും, രണ്ടററ ഒന്നായും ഇരിക്കുന്ന—ആത്മാവ് പ്രതിബോധിക്കപ്പെട്ടുകയാൽ കാര്യത്തോളം വാഗാശ്രയണരൂപം ദ്വൈതം അവശ്യമായിരിക്കെ ഉക്തവിശേഷണവിശിഷ്ടം എന്നിരുന്നാലും ചാക്ഷുഷ, സ്പാർശനാദി (നേത്രം, ത്വക് മുതലായതിനാലുണ്ടാകുന്ന) പ്രത്യക്ഷങ്ങൾക്കു വിഷയമാകാതെ നിത്യാനന്ദാദിപദഗമ്യമാനം (നിത്യം, ആനന്ദം മുതലായ ശബ്ദംകൊണ്ടു വിധിമുഖേന കിട്ടുന്നത്) ആയിരിക്കുന്നതിനാൽ ശാബ്ദപ്രത്യക്ഷമെന്നു പറയാവുന്ന രൂപമല്ലെങ്കിൽ ഭാവം എന്നു താല്പര്യമാകുന്നു. ഇപ്രകാരമുള്ള തന്റെ രൂപത്തെ വിചാരിച്ചു കരതലാമലകം പോലെ അനുഭവത്തിൽ വരുത്താത്തവൻ 'പശു' അല്ലെങ്കിൽ ആത്മഘാതകനാകുന്നു എന്ന് 'കോഹം കഃ സ്യാം' ആദിയായ ശാസ്ത്രവാക്യങ്ങൾ ഘോഷിക്കുന്നു. പിന്നെ, 'രൂപം സ്മരൻ നിജംസ്ഫാരംമാ സ്മൃത്യാ സമ്മിതോഭവേ'

---

* ചെറുകോൽപ്പുഴ സഭാമന്ദിരത്തിൽവച്ച് നടത്തിയ അയിരൂർ മഹാജനയോഗത്തിന്റെ വാർഷികയോഗത്തിൽ വായിച്ചത്.

വ്യാപകമായ നിജാത്മ രൂപമനുസ്മരിക്കുന്നവനായും ആത്മ വിസ്മൃതിയോടു കൂടാത്തവനായും ഭവിക്കണമെന്നു വിധിനിഷേധങ്ങൾ (രണ്ടു) കൊണ്ടു ശ്രുതിയും സാധിക്കുന്നു. ''സ്വരൂപേ തപസി, ബ്രഹ്മൻ! മുക്തസ്ത്വം ഭ്രാന്തിമുത്സൃജ'' നീ ആത്മസ്വരൂപത്തിൽ തന്നെ പരിലസിക്കുന്നതിനാൽ മുക്തനാകുന്നു; ഭ്രമത്തെ പരിത്യജിക്കുക, എന്നു ജനക മഹാരാജൻ ശുകബ്രഹ്മർഷിയോടു പറഞ്ഞിരിക്കകൊണ്ടു് സ്വരൂപപ്രാപ്തിയാണു് പരമമായ സ്ഥാനമെന്നു രൂഢമായി. ഇങ്ങനെയുള്ള സ്വരൂപ സംപ്രാപ്തിയെ ആത്മലാഭമെന്നും പറയും. ആത്മലാഭത്തിൽ പരമായ ലാഭമില്ലെന്നുള്ളതിനു് ''നാത്മലാഭാൽ പരമസ്തി'' എന്നു പ്രമാണമുണ്ടു്. പ്രസ്തുതാത്മസ്വരൂപാന്വേഷണത്തിനു് പര്യാപ്തമായ ചിത്തസംസ്കാരമില്ലാതെയിരിക്കുന്ന മന്ദാധികാരികൾക്കു്, ദരിദ്രനു ക്ഷുന്നിവൃത്തിക്കു കാടും പടലും എന്നവിധം ഭഗവത്പാദാരവിന്ദങ്ങളിൽ ദ്രവീഭാവപൂർവകചിത്തവൃത്തി സമ്പാദന രൂപഭക്തി യോഗവും, ഫലാപേക്ഷ കൂടാതെ,

''സംഗം ത്യക്ത്വാ കരോതിയ;
അനാശ്രിത: കർമ്മഫലം;
കർമ്മണ്യേവാധികാരസ്തേ
മാ ഫലേഷു കദാചന''

എന്നു തുടങ്ങി ഭഗവാൻ പറഞ്ഞിരിക്കുന്ന പ്രകാരം ഈശ്വരാർപ്പണ ബുദ്ധ്യാ കർമ്മമനുഷ്ഠിക്കലാകുന്ന കർമ്മയോഗവും, ഭഗവദഭിപ്രേതങ്ങളായിട്ടുള്ളവ കൂടാതെ പരശിവപരിഗൃഹീതമായ പ്രാണസംയമന (നിരോധ) രൂപ 'യോഗ'വും പ്രസിദ്ധിയെ പ്രാപിച്ചിരിക്കുന്നുണ്ടു്. എന്നാൽ, അന്ധകാരത്തെ ദൂരെ നിരസിച്ചു വസ്തുതത്വത്തെ ദർശിക്കുന്ന വിഷയത്തിൽ പ്രദീപ പ്രഭയോളം ചിദൈകാഗ്ര്യാദി സമ്പാദകകൃത്യവിശേഷങ്ങൾ ഉപയുക്തങ്ങളല്ലാത്തതിനാൽ, അജ്ഞാനാന്ധകാരത്തെ അകററുന്നതിനു് ജ്ഞാനപ്രകാശംതന്നെ സന്നികൃഷ്ട സാധനമായിട്ടു് അഭിഷേകമർഹിക്കുന്നു വെന്നതു നിരൂഢമായ സംഗതിയാകു

ന്നു. ഇങ്ങനെയുള്ള ജ്ഞാനം മുഖ്യാധികാരികൾക്കു സ്വരൂപ പരികലനംകൊണ്ടു് ഉണ്ടാകേണ്ടതാണു് എന്നതു്പ്രസിദ്ധമാണല്ലോ.

''സ്വാത്മാജ്ഞാനമനത്ഥാനാം
മൂലം ലോകേപി നേതരത്;
സ്വ പരാക്രമമജ്ഞാത്വാ
യുദ്ധ്യൻപ്രിയത ഏവ ഹി.
ഏവം സ്വാത്മാന മജ്ഞാത്വാ
സംസാരാനർത്ഥമാപ്നുയാൽ''

തന്റെ ബലപരാക്രമങ്ങളറിയാതെ യുദ്ധം ചെയ്യുന്നവൻ മരിക്കതന്നെ ചെയ്യുമെന്നുള്ളതിനാൽ ഈ ലോകത്തിൽ പോലും അനർത്ഥ പരമ്പരയ്ക്കുകാരണം തന്റെ ദേഹേന്ദ്രിയാദികളിലുള്ള മൗഢ്യം (വെളിവില്ലായ്ക) ആകുന്നു എന്നും, ഇതുപോലെതന്നെ നിത്യമുക്ത സച്ചിദാനന്ദാദ്വിതീയമായി മുൻപു പറയപ്പെട്ട ലോകാതീത സ്വരൂപത്തെ താനായറിയാതെ സംസാരാനർത്ഥത്തെ പ്രാപിക്കുന്നു എന്നും ശ്രീമദ് ബൃഹദ്വാർത്തികത്തിൽ സുരേശ്വരാചാര്യർ പറഞ്ഞിരിക്കുന്നു. നാടോടിയായി തീർന്നിട്ടുള്ളതും, മണ്ഡനമിശ്രന്റെ ഗ്രന്ഥാന്തരങ്ങളിലേയും പഞ്ചദശിയിലേയും, ആറു ചാടി നീന്തിക്കയറിയ പത്തുപേരിൽ ഓരോരുത്തനും എണ്ണിയതിൽ ന്യൂനഭാവം കണ്ടു പരിതപിക്കവേ മറെറാരു മഹാൻ പ്രത്യേകമെണ്ണിയിട്ടു ശരിയാക്കിയതുമായ, ദശവൻ കഥയും ഇതിനെ അനുകരിക്കുന്നു. 'പ്രാചീന വൃത്തികാര' പ്രഭൃതികൾ പറയുംപ്രകാരം—

''ഉഭാഭ്യാമേവ പക്ഷാഭ്യാം
യഥാ ഖേ പക്ഷിണാം ഗതി:,
തഥൈവ ജ്ഞാന കർമ്മഭ്യാം
ജായതേ പരമം പദം''

എന്നുവച്ചാൽ പക്ഷികൾ രണ്ടു ചിറകുകളും വിടർത്തു പറക്കും പോലെ ജ്ഞാനകർമ്മങ്ങൾ രണ്ടിനെയും അടിസ്ഥാ

നമാക്കിത്തന്നെ പരമപദപ്രാപ്തി സിദ്ധിക്കുന്നു എന്നുള്ള 'സമസമുച്ചയ' രീതിയെ മതിമോഹത്താലാശ്രയിച്ചും ഭഗവത്പാദാദ്യാദൃത സിദ്ധാന്തമായ 'ക്രമസമുച്ചയ'ത്തെക്കുറിച്ച് അറിയാതെയും, ചില ആധുനിക പുംഗവന്മാർ എഴുതിത്തള്ളിയിരിക്കുന്നുവെങ്കിലും അതു സ്വീകാര യോഗ്യമല്ലെന്നു പ്രത്യേകം പറയേണ്ടതില്ല.

''പ്രത്യക് പ്രവണതാം ബുദ്ധേഃ
കർമ്മാണ്യുല്പാദ്യ ശുദ്ധിതഃ
കൃതാർത്ഥാ ന്യസ്തമായാന്തി
പ്രാവൃഡന്തേ ഘനാ ഇവ''

എന്നു നൈഷ്ക്കർമ്മ്യസിദ്ധിക്കാരൻ പറയുംപോലെ ചിത്തശുദ്ധിവരെ കർമ്മാനുഷ്ഠാനം, പിന്നെ ജ്ഞാനം എന്ന മുറയാണു് ക്രമസമുച്ചയം. അപ്പോൾ കർമ്മത്തിനും ജ്ഞാനത്തിനും ഏകകാലാവച്ഛേദകത ഉണ്ടാകുന്നില്ല.

"കിമാർദ്രക വണിജാമസ്മാകം
അന്യത്ര വഹിത്ര വൃത്തിവിത്തചിന്തയാ''

ഇഞ്ചി വിൽക്കാൻ പോകുന്ന ഇവനു കപ്പൽക്കച്ചവടക്കാര്യത്തിലെന്തു പ്രവേശം എന്നു നൈയായിക ചക്രവർത്തിയായ ഉദയനാചാര്യരുപോലും സ്വമതാപേക്ഷയാ വേദാന്തമതത്തെ മാനിച്ചു പറയുന്നു. ഇതുപോലെതന്നെ, വേദാന്തമതത്തെ പ്രശംസിച്ച് ബൗദ്ധനാസ്തികാദികുമതകരിപഞ്ചാനനനും മീമാംസകാചാര്യനുമായ കുമാരിലഭട്ടപാദനും

''രഹസ്യമേതദ്വിഷയസ്തു ബോധഃ
പ്രയാതി വേദാന്ത നിഷേവണേന''

എന്നു പറഞ്ഞിരിക്കുന്നു. ഇങ്ങനെ സർവ്വപ്രധാനമായും മുമ്പു പറഞ്ഞിട്ടുള്ളതായും ഇരിക്കുന്ന സ്വരൂപവിചാരത്തിനു് സാംഖ്യം എന്നു പറയും. ഈ സാംഖ്യം പ്രകൃതിപുരു

ഷവിവേകജന്യമോക്ഷത്തെ പ്രതിപാദിക്കുന്നതായ കാപില സാംഖ്യത്തിൽ നിന്നുമത്യന്തം ഭിന്നമാകുന്നു.

''അവ്യാകുല ധിയാം മോഹ-
മാത്രേണാച്ഛാദിതാത്മനാം
സാംഖ്യന്യമാ വിചാരഃ സ്യാ
ന്മുക്ത്യോത്ഥടിതി സിദ്ധിദഃ''

ചിത്തവ്യാകുലതയില്ലാതെ സ്വരൂപാവരണം മാത്രമുള്ള വിശിഷ്ടാധികാരിക്കു സാംഖ്യമെന്നു പറയുന്ന ബ്രഹ്മവിചാരം സദ്യഃ സിദ്ധിപ്രദമാകയാൽ പ്രധാനമാകുന്നുവെന്നു മേൽകാണിച്ചതും, ഈശ്വരോക്തമായി പഞ്ചദശപ്രകരണത്തിൽ ഉദ്ധരിച്ചിരിക്കുന്നതുമായ പ്രമാണത്തിനർത്ഥമാകുന്നു.

''ആനന്ദോ വിഷയാനുഭവോ
നിത്യത്വം ചേതി ധർമ്മാ
അപൃഥക്ത്വേപി ചൈതന്യാൽ
പൃഥ ഗിവാവഭാസന്തേ''

ആനന്ദം, വിഷയാനുഭവം, നിത്യത്വം മുതലായ ധർമ്മങ്ങൾ അഭിന്നങ്ങളായിത്തന്നെ ഇരുന്നും ചൈതന്യത്തിൽ നിന്നു ഭിന്നങ്ങളെന്നപോലെ തോന്നുന്നു-എന്നു ശ്രീപദ്മപാദാചാര്യർ പറഞ്ഞിരിക്കുന്നതിനാൽ, മുമ്പ് ഉപന്യസിക്കപ്പെട്ടിട്ടുള്ള ബ്രഹ്മലക്ഷണങ്ങളിൽ നിത്യാനന്ദാദികൾ സ്വരൂപമാകുന്നതല്ലാതെ ആത്മാവിൽ ജ്ഞാനാശ്രയത്വസാധകങ്ങളല്ല. പിന്നെ അദ്വൈതമകരന്ദത്തിൽ

''സ്വരൂപമേവമേ സത്വം
നതു ധർമ്മോ നഭസ്ത്വവത്;
മദന്യ സ്യ സതോഭാവാന്നഹി
സാജാതിരിഷ്യതേ.
സ്വരൂപമേവ മേ ജ്ഞാനം
ന ഗുണഃ സ ഗുണോ യദി:
അനാത്മത്വമസത്വം ച
ജ്ഞേയാജ്ഞേയ ത്വയോ: പതേത്''.

വാക്യലക്ഷ്യാർത്ഥമായ എൻെറ സത്ത, (സത്താവു എന്നുള്ള അവസ്ഥ) അല്ലെങ്കിൽ ഇരിപ്പ് സ്വരൂപമാകുന്നു. എന്നല്ലാതെ (സത്വാന്തരാശ്രയത്വമില്ലെങ്കിലും അസത്വം വരാത്തതിനാൽ) ആകാശത്വം പോലെ ധർമ്മമല്ലെന്നും, എങ്കൽ നിന്നന്യമായി സദ്വസ്തുവില്ലാത്തതിനാൽ അതു സത്വരൂപമായ ജാതിയുമല്ലെന്നും, ജ്ഞാനംതന്നെ എൻെറ സ്വരൂപമാകയാൽ ഗുണമാകുന്നില്ലെന്നും ഗുണമായിരുന്നാൽ വേദ്യമെന്ന അവസ്ഥയിൽ അനാത്മത്വവും അവേദ്യമെന്ന അവസ്ഥയിൽ അസത്വവും വരുമെന്നും അദ്വൈത മകരന്ദത്തിൽ പറയുന്നു. ആ ബ്രഹ്മവിചാരമെന്നതു് നാനാമുഖമായി ശ്രുത്യാദ്യാകരങ്ങളിൽ വെളിവാക്കീട്ടുണ്ടു്. ചില സ്ഥലങ്ങളിൽ അധ്യാരോപാപവാദന്യായപ്പടിയാണു് പറയുന്നതു്. മററു ചിലേടത്തു് "കുതോ ജാതേയമിതിതേ ചിന്താമാസ്തു കദാചന" എന്നാദിയായിട്ടു് ഇതു് (സംസാരബന്ധം) എങ്ങനെ ഉണ്ടായി എന്ന വിചാരണ അനാവശ്യമെന്നും എങ്ങനെ ഇല്ലായ്മചെയ്യാമെന്നു ചിന്തിച്ചാൽ മാത്രം മതിയെന്നും പറഞ്ഞിരിക്കുന്നു. ഒരോരുത്തൻെറയും ബുദ്ധിയുടെ പോക്കുപോലെ പ്രക്രിയകളും നിന്നു സഹായിക്കുമെന്നുള്ളതിനാൽ പക്ഷാന്തരങ്ങളിൽ ഭ്രമത്തിനവകാശമില്ല. "ബ്രഹ്മാജ്ഞാനാജ്ജഗജ്ജന്മ" ബ്രഹ്മജ്ഞാനമില്ലായ്കയാൽ (അജ്ഞാനത്താൽ) ജഗത്തുണ്ടായി (പ്രതീതമാകുന്നു) എന്നു ശ്രീമദ്വാർത്തികാചാര്യൻ പറയുന്നു. "സമ്പൂർണ്ണകാരണാഭാവാദനുല്പന്നമിദം ജഗത്" ഇങ്ങനെയുള്ള പംക്തികളിൽ, ജഗത്തുണ്ടായേ ഇല്ലെന്നു പറഞ്ഞാൽ അനുഭവപ്പെടുത്താൻ കഴിയുന്നവർ ആദ്യത്തേതിൽ പ്രകൃഷ്ട സംസ്കാരമുള്ളവരായിരിക്കും.

അനർത്ഥനിവൃത്യർത്ഥകമായ യഥാർത്ഥ ജ്ഞാനമുണ്ടാകാതെ ഇരിക്കുമാറുള്ള അവിദ്യാവരണമാകുന്നു അജ്ഞാനം. ബ്രഹ്മമില്ലെന്നുള്ള തോന്നൽ അസത്വാവരണവും, ഇതു് അന്തഃകരണ സംഭിന്നചൈതന്യനിഷ്ഠവും, (അവിച്ഛിന്നചൈതന്യത്തിലുള്ളതു്) ബ്രഹ്മം പ്രതീതമാകുന്നില്ലെന്നുള്ളതു് അഭാനാവരണവും, ഇതു വിഷയ സംബദ്ധ ചൈതന്യ നിഷ്ഠവും ആണു്. പരോക്ഷജ്ഞാനം വിഷ

യേന്ദ്രിയ സംപർക്ക ജന്യമായില്ലാതെ അന്ത:കരണമാത്ര നിഷ്ഠമാകയാൽ, അതുകൊണ്ടു് അസത്വാവരണം നീങ്ങുന്നതും അപരോക്ഷജ്ഞാനം വിഷയേന്ദ്രിയ സന്നികർഷ ജന്യമായിട്ടുതന്നെ വിഷയാന്ത:കരണങ്ങരം രണ്ടിനെയും ആശ്രയിച്ചിരിക്കയാൽ, അതു് അഭാനാവരണത്തെ നീക്കുന്നതും ആയിരിക്കും. മേല്പറയപ്പെട്ടതും പ്രതിപുരുഷം (ഓരോരുത്തനിലും) ഭിന്നിച്ചിരിക്കുന്നതുമായ അവിദ്യയാൽ ''പരത്ര പരാവഭാസഃ'' രജത ഭിന്നമായിരിക്കുന്ന ഇദം വൃത്തിയിൽ (ഇതു് എന്നതിൽ) ഇദം വൃത്തിഭിന്നമായ രജത(ത്തിൻെറ) പ്രതീതി അല്ലെങ്കിൽ ''അതസ്മിംസ്തദ്ബുദ്ധി:'' എന്ന അധ്യാസം സംഭവിക്കുന്നു. ജ്ഞാനാദ്ധ്യാസമെന്നും അർത്ഥാധ്യാസമെന്നും ഇതിൽ പിരിവു് (വിഭാഗം) ഉണ്ടു്. പിന്നെ, സ്വരൂപ, സംസർഗ്ഗഭേദത്താൽ അർത്ഥാധ്യാസവും, രണ്ടാകും. ''രജ്ജുസർപ്പജ്ഞാനം'' ജ്ഞാനാധ്യാസവും, അജ്ഞാനവിഷയമായ 'രജ്ജുസർപ്പം' അർത്ഥാധ്യാസവും ആകുന്നു. ആത്മാവിൽ (അനൃത ജഡദുഃഖാദി) അനാത്മവർഗ്ഗത്തിൻെറ ആരോപം സ്വരൂപാദ്ധ്യാസമെന്നു, അവിദ്യാന്ത:കരണാദി അനാത്മവർഗ്ഗത്തിൽ ആത്മ ധർമ്മാരോപം സംസർഗ്ഗാധ്യാസമെന്നും വ്യവഹരിക്കപ്പെട്ടും.

''അധ്യാസ ഏവ സംസാര:'' എന്ന പ്രമാണത്താൽ ഈ ഭാവരൂപാവിദ്യാമൂലകാധ്യാസമാകുന്നു സംസാരം. ഈവക അധ്യാസങ്ങളും, അജ്ഞാനഹൃദയഗ്രന്ഥിയും, 'ആത്മാവു ചിദ്രൂപനോ അചിദ്രൂപനോ? ആദ്യത്തെ പക്ഷമെങ്കിൽതന്നെ നിത്യനോ അനിത്യനൊ? നിത്യനെങ്കിൽ ദേഹേന്ദ്രിയാദികളിൽ നിന്നു ഭിന്നനൊ അഭിന്നനൊ, ഭിന്നനെന്നുവരികിൽ, ദേഹാദിസംശ്ലിഷ്ടനൊ അല്ലയൊ, കർത്തൃത്വാദി വിശിഷ്ടനല്ലെന്നു വരികിലും അസംഗനാണൊ അല്ലയൊ, കർമ്മസംശ്ലേഷമില്ലെന്നിരുന്നാലും, ബ്രഹ്മത്തിൽനിന്നു ഭിന്നനൊ അഭിന്നനോ, അഭിന്നനെങ്കിൽ, തദേകത്വജ്ഞാനമുണ്ടായിട്ടുണ്ടോ ഇല്ലയോ, (ജ്ഞാനം) രൂഢമായിട്ടുണ്ടെങ്കിലും, ശരിയാണൊ അല്ലയൊ, അതു് യഥാർത്ഥമായാൽതന്നെ, മുക്തിക്കു പര്യാപ്തമാകുമോ ഇല്ല

യൊ, ആകുമെന്നിരുന്നാലും ജീവന്മുക്തി വിദേഹമുക്തി കൾ എനിക്കുണ്ടാകുമൊ ഇല്ലയൊ എന്നു തുടങ്ങിയ സംശയകോടികളും, പരമാത്മദർശനമുണ്ടാകുന്ന ക്ഷണത്തിൽ നശിക്കുന്നു എന്നു്

''ഭിദ്യതേ ഹൃദയഗ്രന്ഥിഃ,
ഛിദ്യന്തേ സർവസംശയാഃ''

ഇത്യാദിയായ ശ്രുതി പറയുന്നു. അവിദ്യാസ്തമയമാണു് മോക്ഷോപായമെന്നു ന്യായമകരന്ദകാരനായ ആനന്ദ ബോധഭട്ടാരകാചാര്യർ

''അവിദ്യാസ്തമയോ മോക്ഷ
ഇതി താവൽ സമർത്ഥിതം
തേന മോക്ഷാഭ്യുപായത്വം
വിദ്യായാ നതു കർമ്മണാം''

എന്നു സാധിച്ചിരിക്കുന്നു. ''തരതി ശോകമാത്മാവിത്'' മുതലായ ശ്രുതികളെ ആശ്രയിച്ചാൽ മുമ്പു പറഞ്ഞപ്രകാരം സ്വരൂപജ്ഞാനരൂപവിദ്യോദയമാണു് മുക്തിയെന്നാകുന്നു. ആകയാൽ,

''വീക്ഷാപന്നസ്യ കോസ്മീതി
തത്ത്വമിത്യാഹ വൈ ശ്രുതിഃ''

താനാരെന്നു വീക്ഷാപന്ന (അന്വേഷണപര) നായിരിക്കുന്നവനെ ഊന്നി—''തത്ത്വമസി'' എന്നു ശ്രുതി അവസാനക്കൈ ഉപദേശിക്കുന്നു. ഇതിലെ തത്ത്വം പദങ്ങളിൽ തോന്നുന്ന വിരോധം പരിഹരിക്കുന്നതിനായി മായാവിദ്യകളാകുന്ന ഉപാധികളെയും മായാവിദ്യാജന്യങ്ങളായ സർവജ്ഞത്വം, അല്പജ്ഞത്വം, ഈശ്വരത്വം, ജീവത്വം എന്നിവയേയും ഭാഗത്യാഗലക്ഷണയാ പരിത്യജിച്ചു ബ്രഹ്മം താനെന്ന സാക്ഷാത്കാരമുണ്ടാകുന്നു. ഇതു ജീവന്മുക്തിയാകുന്നു. ഇങ്ങനെയാകുന്നു മുഖ്യമായ സ്വരൂപനിരൂപണം.

★

# 4. സംന്യാസം

## i സംന്യാസാധികാരം

സംന്യാസത്തിനുള്ള അധികാരത്തെപ്പററി ആലോചിക്കാം. പ്രകൃതവിഷയം പ്രകൃതിപ്രതിപന്നമോ അട്ടിപ്പേറവകാശമോ ആണ് ഏതോ കൂട്ടർക്കെന്ന് അവർ അഭിമാനിക്കുന്നുണ്ടെങ്കിലും ഇതരന്മാർ ആ അഭിപ്രായത്തെ വകവയ്ക്കുന്നതായി കാണുന്നില്ലെന്നു വന്നിരിക്കുകയാണ്. ഇതിൻെറ സാധുത്വാസാധുത്വത്തെപ്പററി ഒന്നു ലഘുവായി വിമർശിക്കാമെന്നു വിചാരിക്കുന്നു.

''അയം കാർത്തയുഗോ ധർമ്മോ
ന കർത്തവ്യഃ കലൌ യുഗേ
ദീർഘകാലം ബ്രഹ്മചര്യം
ധാരണം ച കമണ്ഡലോഃ

നൈഷ്ഠികബ്രഹ്മചര്യം, സംന്യാസം ഇവ കലിയുഗത്തിൽ പാടില്ല—എന്നു ഹേമാദ്രി ആദിത്യപുരാണമുദ്ധരിച്ചു പറഞ്ഞുകാണുന്നു.

'അഗ്നിഹോത്രം ഗവാലംഭം–
സംന്യാസം പൈലപൈതൃകം
ദേവരേണ സുതോത്പത്തിം–
കലൌ പഞ്ച വിവർജ്ജയേത്''

എന്ന് ഒരു പ്രധാനധർമ്മാചാര്യൻ 'സിദ്ധാന്തിക്കുന്നു.' ഈ നിഷേധം ക്ഷത്രിയവൈശ്യവിഷയകമാണെന്ന് ദിവ്യ

ദ്ദശാ കണ്ടതുപോലെ പറവാൻ സ്മൃതിതത്വകാരൻ ധൈ ര്യപ്പെട്ടു കാണുന്നുണ്ട്. ഭട്ടാചാര്യനല്ലയോ പിന്നെന്തു്! വല്ലതുമാകട്ടെ; ബ്രാഹ്മണക്കധികാരമുണ്ടെന്നാക്കിയല്ലൊ. 'ബ്രാഹ്മണാഃ പ്രവ്രജന്തി' എന്നു ശ്രുതിയും 'ബ്രാഹ്മണഃ പ്രവ്ര ജേദ് ഗൃഹാത്'' എന്നു സ്മൃതിയും പറകയാൽ ബ്രാഹ്മണ ക്കേ സംന്യാസാശ്രമമുള്ളവെന്നാണു പിന്നത്തെ പക്ഷം. ജനകൻ സംന്യാസവിഷയമായിച്ചെയ്ത ചോദ്യവും യാ ജ്ഞവല്ക്യരുടെ ഉപദേശവും വേദത്തിൽ—ജാബാലശ്രുതി യിൽ ഉൾപ്പെട്ടതിനു അശുദ്ധിയില്ല. ബ്രഹ്മർഷിവര്യനായ ശ്രീശുകനു ഒരു രാജാവുപദേശിച്ചു ബ്രഹ്മവിദ്യമറെറാരുപ നിഷത്തിൽ അന്തർഭവിക്കുന്നതിനും ദോഷമില്ല. അതു പോലെ ഉദ്ദാലകൻ, പ്രാചീനശാലൻ, സത്യയജ്ഞൻ, ഭാല്ലവേയൻ, ശാക്കരാക്ഷൻ, ബുഡിലൻ മുമ്പായ വേദാ ചാര്യന്മാർ അജാതശത്രുപ്രഭൃതിരാജാക്കന്മാരുടെ അടുക്കൽ ബ്രഹ്മചര്യം ദീക്ഷിച്ചു, ബ്രഹ്മർഷിലോകത്തിനു അതുവരെ തീരെ അജ്ഞാതമായിരുന്ന ഏതാനും ബ്രഹ്മവിദ്യാപദ്ധ തികളെ അധ്യയനമാർഗ്ഗേണ ഗ്രഹിച്ചതിനൊ ആ ഭാഗം സാമവേദത്തിൽ അടങ്ങിയിരിക്കുന്നതിനൊ കുററമില്ല. അശേഷവേദപാരംഗതനായ ശ്രീനാരദൻ 'അധീഹി ഭഗ വ' എന്നു ശ്രീസനൽകുമാരനോടപേക്ഷിച്ചുകാണുന്നതി നാൽ മേൽപറഞ്ഞതും അധ്യയനം തന്നെ എന്നു സ്പഷ്ടം.

ഇങ്ങനെയെല്ലാം ഇരിക്കെ ഉദാഹരിച്ചമാതിരി കുകല്പനം കേട്ടാൽ ചിരിക്കാതെ നിവൃത്തിയുള്ളു. 'ജായമാ നോ വൈ ബ്രാഹ്മണ സ്ത്രിഭിർ ഋണവാൻ ജായതെ; യജ്ഞേന ദേവേഭ്യഃ, ബ്രഹ്മചര്യേണ ഋഷിഭ്യഃ, പ്രജ യാ പിതൃഭ്യഃ'—ബ്രാഹ്മണൻ മൂന്നുതരം ഋണത്തോടുകൂടി ജനിക്കുന്നു: ഇതിൽ യജ്ഞംകൊണ്ടു ദേവന്മാരുടെയും ബ്ര ഹ്മചര്യംകൊണ്ടു ഋഷികളുടെയും പ്രജോത്പാദനംകൊ ണ്ടു പിതൃക്കളുടെയും കടം തീർക്കേണ്ടതാണ്—എന്ന ശ്രു തിപ്രകാരം ബ്രാഹ്മണക്ഷത്രിയവൈശ്യന്മാർക്കു് ഋണ ത്രയാപാകരണം നിയതമാണെന്നു് പൂർവമീമാംസ 6–3–31–ൽ ജൈമിനി നിർണ്ണയിച്ചിരിക്കുന്നു. മനുവും ഇതിനോടു യോജിച്ചുതന്നെയാണ് പറയുന്നതു്. എന്നാൽ

'യദഹരേവ വിരജേത്തദഹരേവ പ്രവ്രജേത്'' എന്നുള്ള ശ്രുതിക്കു പ്രത്യക്ഷത്തിൽ വിരുദ്ധമാകയാൽ ഇതു് അസാധുവാണ്. ഈ അഭിപ്രായത്തെ ശ്രീമദ്‌വാർത്തികകാരൻ ഉറപ്പിച്ചിട്ടുണ്ടു്. 'ജ്യോതിഷ്ടോമേന സ്വർഗ്ഗകാമോ യജേത'—സ്വർഗ്ഗം കാംക്ഷിക്കുന്നവൻ ജ്യോതിഷ്ടോമയാഗം അനുഷ്ഠിക്കണം—എന്നു തുടങ്ങിയ ശാസ്ത്രം ഒരു ഭേദവും കൂടാതെ ഫലാർത്ഥികളെ ആകമാനം ഉദ്ദേശിച്ചു് പ്രവർത്തിക്കുന്നതാകയാൽ സുഖപ്രേപ്സയുള്ള പ്രാണിമാത്രത്തിനു് ഇതിൽ അധികാരമുണ്ടെന്നു—'ഫലാർത്ഥത്വാത് കർമ്മണഃ സർവാധികാരം സ്യാത്''—എന്ന സൂത്രംകൊണ്ടു ശങ്ക ഉത്ഭാവനംചെയ്തു, യജിക്കാൻ ദേവതാന്തരമില്ലായ്ക, അസാമർത്ഥ്യം എന്നീ കാരണങ്ങളാൽ ദേവതിര്യഗാദിപരത്വമപവദിച്ച അനന്തരസൂത്രംകൊണ്ടു യാഗം മനുഷ്യാധികാരവിഷയമായി ജൈമിനി സിദ്ധാന്തിക്കുന്നു; എന്നുവരികിലും വിഷയൈശ്വര്യാദികൾ വികാരപ്പെടുന്നതോർത്തു് അർത്ഥിത്വവും മന്ത്രാർത്ഥവാദപുരാണാദിമാർഗ്ഗമായി ആകൃതിയുള്ളവിധം കാണുകയാൽ സാമർത്ഥ്യവും ദേവന്മാർക്കുണ്ടെന്നും ആകയാൽ ബ്രഹ്മജ്ഞാനകാണ്ഡത്തിൽ മനുഷ്യർക്കു മാത്രമല്ല ദേവന്മാർക്കുമധികാരമുണ്ടെന്നും ഉള്ള നിശ്ചയത്തിന്മേൽ 'തദുപര്യപി...' എന്നു ഭഗവാൻ ബാദരായണൻ സൂത്രിച്ചിരിക്കുന്നു. ദേവന്മാർ സംന്യാസിച്ചിട്ടില്ലല്ലൊ എന്നു ശങ്കിക്കേണ്ടാ. അവർ ഭോഗനിഷ്ഠന്മാരാണ്. എന്നാൽ അഖിലവിഷയവിതൃഷ്ണയാണ് സംന്യാസം എന്നു സമാധാനപ്പെടണം.

'ഗായത്രീം പ്രണവം യജൂർലക്ഷ്മീം
സ്ത്രീശൂദ്രായ നേച്ഛന്തി യദി ജാനീയാൻ
സമൃതാഽധോ അധൊഗച്ഛതി.'
'ന സ്ത്രീശൂദ്രൗ വേദമധീയാതാം'

എന്നും മററും ശ്രുത്യാദിനിഷേധമിരുന്നിട്ടും 'സ്വർഗ്ഗകാമൻ ദശപൂർണ്ണമാസേഷ്ടികളെക്കൊണ്ടു ജയിക്കണം' എന്നതിലെ സ്വർഗ്ഗകാമശബ്ദത്തെപ്പററി പരാമർശിക്കുമ്പോൾ അതു പുല്ലിംഗമാണെന്നു ഐതിശായനാചാര്യപക്ഷംകൊണ്ടു് ശങ്കിച്ച്,

'ജാതിം തു ബാദരായണോऽവിശേഷാൻ
തസ്മാത് സ്ത്ര്യപി പ്രതീയേത...'

എന്നു ജൈമിനി സിദ്ധാന്തിക്കയും ആയതു സ്ത്രീപുരുഷന്മാർ രണ്ടിനേയും അധികാരപ്പെടുത്തുന്നുവെന്നു ഭാഷ്യകാരൻ പറകയും ചെയ്കയാൽ സ്ത്രീകൾക്കു വലിയ രക്ഷ കിട്ടി. ഇതുകൊണ്ട്,

'ബ്രാഹ്മണേന ഷഡംഗൊ വേദോധ്യേയൊ ജ്ഞേയശ്ച' എന്നു തുടങ്ങിയതിലെ ബ്രാഹ്മണപദം ജാതിപരമാണെന്നും പുംവ്യക്തിമാത്രപരമല്ലെന്നും സിദ്ധിക്കുന്നു. വേദവേദാംഗാദി വിദ്യാവിഷയത്തിൽ ഏകപത്രി- സർവോന്നതൻ—ആരെന്നറിയുന്നതിനായി ജനകമഹാരാജൻ നടത്തിയ മഹായജ്ഞത്തിൽ ഭാഗഭാക്കുകളായിരുന്ന 'ആശ്വല (ആർത്തഭാഗ) ഉഷസ്ഥ (കഹോള) ഉദ്ദാലകാ'ദി മഹർഷിമാരെ ജയിച്ച് സംമാന്യനായിരുന്ന ആചാര്യയാജ്ഞവല്ക്യനോടു വാദകോലാഹലം കൂട്ടിയ ഗാർഗ്ഗി, അതുപോലെ ബ്രഹ്മവിദുഷിയായിരുന്ന മൈത്രേയി മുതലായ സ്ത്രീരത്നങ്ങൾ ഗുരുമുഖമായി വേദാധ്യയനംചെയ്ത പണ്ഡിതാഗ്ര്യകളായിരുന്നുവെന്നൂഹിക്കയും അവരുടെ സംവാദംകൂടി ആഖ്യായികാരൂപത്തിൽ വേദമുഖത്തു കാണുകയും ചെയ്യാം. വചക്നവാത്മജയായ ഈ ഗാർഗ്ഗി ഒരു പരമാർത്ഥഭിക്ഷുകിയും ജനകസഭയിൽ ചെന്നു വാദിക്കയും മററും ചെയ്തപ്പോൾ നിരാവരണ—ജാതരൂപധര—ആയിരുന്നിട്ടും അവരെക്കണ്ടതിൽ മഹർഷിമാർക്കു സംഭവിച്ചതായിപ്പറയപ്പെടുന്ന മനഃസങ്കോചാദിലവമാത്രം ഉണ്ടാകാത്തവിധം ചിത്തസംയമവിശിഷ്ടയും ആയിരുന്നുവെന്ന് ആത്മപുരാണാദികളിൽനിന്നു പഠിക്കാം. ഇതുപോലെ ജനകനുമായി വാദം നടത്തിയ സുലഭയെന്ന സംന്യാസിനിയും അധ്യയനാദിസമ്പന്നയായിരുന്നു എന്ന സംഗതി സുപ്രസിദ്ധമാണല്ലൊ. ഇനി ബൃഹദാരണ്യകോപനിഷത്ത് 6_4_17_ൽ 'തന്റെ പുത്രി പണ്ഡിതയായി ഭവിക്കയും ദീർഘായുസ്സായിരിക്കയും ചെയ്യണമെന്ന് ഇച്ഛിക്കുന്നവൻ തിലൌദനരൂപമായ 'ചരു' രൂപപ്പെടുത്തി ഘൃതസമ്മിശ്രമാക്കി ഭാര്യയോടുകൂടി ഭക്ഷിക്കണം;

എന്നാൽ താദൃശപ്രജോത്പാദനത്തിനു ശക്തരാകും' എന്നു പറഞ്ഞിരിക്കയാൽ ഇവരുടെ വിദ്യാവത്ത യദൃച്ഛാപ്രാപ്തമല്ലെന്നുവരുന്നു. ഇതോടുകൂടി വാർത്തികത്തിലെ സ്വയം അധ്യാപികയായ 'ഉപാധ്യായാ' സ്വയം വ്യാഖ്യാത്രിയായ 'ആചാര്യാ' മുതലായവയും മഹാഭാഷ്യത്തിലെ 'ശതപഥികീ, കാശകൃൽസ്നാ' മുതലായ ശബ്ദങ്ങളും സ്ത്രീകൾക്ക അധ്യാപനാദ്യധികാരവും നൽകുന്നുവെന്നു തീർച്ചതന്നെ.

ശൂദ്രരുടെ കാര്യമൊ? മുമ്പു ദേവന്മാരുടെ സംഗതിയിൽ അർത്ഥിത്വസാമർത്ഥ്യാദികൾ അധികാരകാരണമായി പറഞ്ഞിരിക്കുമ്പോൾ, ആവകയെല്ലാം തികഞ്ഞ അവരെ, സ്ത്രീകളിൽ കടയാക്കി, തിര്യഗ്ജന്തുക്കളോടൊപ്പം,

'ശൂദ്രോഽസമർത്ഥോഽഗ്നിഹോത്രാദി നിർവർത്തയിതും'

എന്നു ശാബരഭാഷ്യവും മററും പറയുമ്പോലെ ഖണ്ഡിച്ചു തള്ളുന്നതു കട്ടപ്പംതന്നെ. എങ്കിലും തീണ്ടജാതിയായ തച്ചനു 'രഥകാരന്യായ'പ്രകാരം യജ്ഞാദ്യധികാരമുണ്ടെന്നു വ്യവസ്ഥാപിക്കുന്നു. സൌധന്വനജാതിപ്പേരുകാരനായ ഈ തച്ചൻ—രഥകാരൻ—ത്രൈവർണ്ണികന്മാരിൽനിന്നു അല്പം ഹീനനാണെന്നുവരികിലും ശൂദ്രനല്ല എന്നും മററും മീമാംസാഭാഷ്യം പറയുന്നുണ്ടുതാനും. ഇതുപോലെ സ്ഥപതീഷ്ട്യധികരണ-നിഷാദസ്ഥപതിന്യായ—പ്രകാരം രൌദ്രയാഗത്തിനു ത്രിവർണ്ണത്തിലുംപ്പെടാത്ത നിഷാദൻ—കാട്ടാളൻ അല്ലെങ്കിൽ ഒരുജാതി മുക്കവൻ—അധികാരിയാണെന്നു നിർണ്ണയിച്ചിരിക്കുന്നു. ഈ നിലയ്ക്കു ഇത്തരം തീണ്ടജാതിയെക്കാൾ നിഹീനരായിക്കരുതി യജ്ഞാദിബഹിഷ്കൃതരാക്കിയ ശൂദ്രർ ആരായിരിക്കുമെന്നുനോക്കിയതിൽ മേല്പറഞ്ഞ തച്ചൻ, മുക്കവൻ മുതലായവരോടൊപ്പം, ആര്യന്മാരുടെ വേഷഭാഷാമര്യാദകളെ കൈക്കൊള്ളാതിരുന്ന കൂട്ടരാണെന്നുകിട്ടുന്നു. എന്നാൽ,

'ശ്രദ്ദധാനഃ ശുഭാം വിദ്യാ-
മാദധീതാവരാദപി;
അന്ത്യാദപിപരം ധർമ്മം
സ്ത്രീരത്നം ദുഷ്കുലാദപി'

എന്ന മനുവചനപ്രകാരം നീചങ്കൽനിന്നുപോലും വിദ്യോപദേശം സ്വീകരിക്കാമെന്നുവരികകൊണ്ടും,

അബ്രാഹ്മണാദധ്യയനമാപദി
ശുശ്രൂഷാനുവ്രജ്യാച യാവദധ്യയം.'

ത്രൈവർണ്ണികേതരന്മാരിൽനിന്നു് അധീതിയും അധ്യയനപൂർത്തിവരെ ആ ഗുരുവിൻെറ പരിചര്യയും ആകാം എന്നു ബോധായനൻ പറകകൊണ്ടും ശൂദ്രാദികളിലും അധ്യയനം ചെയ്യിക്കുന്ന യോഗ്യന്മാരുണ്ടായിരുന്നതായി തെളിയുന്നു. ശൂദ്രർക്കു വേദശാസ്ത്രാധ്യയനാധികാരം, നിമിത്തമപേക്ഷിച്ചു് സിദ്ധിക്കുമെന്നാണു് ചില ആചാര്യന്മാർ അഭിപ്രായപ്പെടുന്നതു്. ഈ കൂട്ടത്തിൽ ഒരാളാകുന്നു ആചാര്യബാദരി എന്നു കാണക്കാക്കാം. മലയാളത്തിലെ ഒരു വെളുത്തേടത്തിയുടെ പുത്രനായിട്ടു് ഐതിഹ്യംകൊണ്ടറിയപ്പെടുന്ന ഭഗവാൻ ഭർത്തൃഹരി തൻെറ സഹോദരന്മാരോടൊപ്പം വേദമഹാഭാഷ്യാദിപരിശീലനംചെയ്യണമെന്നു് ആഗ്രഹിക്കുന്നപ്രകാരം പിതാവിനെ ധരിപ്പിച്ചപ്പോഠം നിമിത്തവിശേഷത്താലെ അതു ചെയ്യാവൂ എന്നു പറഞ്ഞു് വൈരാഗ്യനിഷ്ഠ അവലംബിച്ചു് അധ്യയനം ചെയ്യിച്ച കഥ ഇതിന്നൊരുദാഹരണമാണു്. ഇനി സത്യകാമൻ എന്ന ജാബാലൻെറ കാര്യമെടുക്കാം. വേദശാസ്ത്രാധ്യയനത്തിനായി തനിക്കു് ഗുരുകുലബ്രഹ്മചര്യമനുഷ്ഠിക്കണമെന്നുള്ളതിനാൽ ഗോത്രനാമം അറിയുന്നതിനുവേണ്ടി തദ്വിഷയമായി സത്യകാമൻ ജബാലയെന്ന മാതാവിനോടു ചോദ്യംചെയ്തതിൽ അവർ സൂതവൃത്തിയിൽ വെപ്പാട്ടിയായിരുന്നു ആരെയെല്ലാമൊ പരിചരിച്ച കാലത്തു് ജനിച്ചതെന്നല്ലാതെ അതൊന്നും രൂപമില്ലെന്നു പറഞ്ഞുകാണുന്നു. ഇതുകൊണ്ടു് അവർ ദാസിമാത്രമല്ല, പുത്രൻ ആരിൽനിന്നുത്ഭവിച്ചുവെന്നുനിശ്ചയിക്കാൻ അവസരമില്ലാതെപോയതിനാൽ ഒരു 'കുട്ടനി'തന്നെ എന്നു വ്യാഖ്യാനാപേക്ഷകൂടാതെ അറിയാം. ഈ ജാബാലൻ ഗൌതമീയഹാരിദ്രുമതനെന്ന മഹർഷിയുടെ അടുക്കൽ ബ്രഹ്മചര്യംദീക്ഷിച്ചു് അധ്യയനസമ്പന്നനായിത്തീർന്ന കഥ ഛാന്ദോഗ്യം നാലാം അദ്ധ്യായം 4_ാം ഖണ്ഡത്തിൽനിന്നു.

ഗ്രഹിക്കാം. പരീക്ഷയിൽ അധികാരി എന്നു കാണാനിടയായാൽ വേദവേദാന്തവിദ്യകൾ നൽകാൻ തയാറാകുന്ന തരം ഗുണലുബ്ധന്മാരായ ആചാര്യന്മാർ എല്ലാ കാലങ്ങളിലുമുണ്ടായിരിക്കുന്നതാണു്. മഹർഷിമാർ കൌലടേരനെന്നു പറഞ്ഞധിക്ഷേപിച്ചു മണൽകാട്ടിൽ വെയിലത്തു് ഏകാന്തതടങ്ങളിലാക്കിയ സമയം അപോനപ്ത്രീയ ഋക്കുകൾ കണ്ടുപിടിച്ച—സ്വയം നിർമ്മിച്ച—കവഷൻ അതിനുമുമ്പുതന്നെ വേദശാസ്ത്രാദിവിദ്യാവിവേനായിരുന്നു എന്നു് ആരെങ്കിലും പറഞ്ഞറിയിക്കണമോ? ശൂദ്രനായ അയാളെ ബ്രാഹ്മണനായി സ്വീകരിച്ചു് ഋഷിമാർ അപോനപ്ത്രീയയാഗം അനുഷ്ഠിച്ചതു് ഇത്തരം ഗുണലുബ്ധസ്വഭാവം കൊണ്ടല്ലേ?

ശ്രുതിസ്മൃതിപ്രതിപാദനം അനുസരിച്ച വർണ്ണാശ്രമധർമ്മങ്ങളെ പരിപാലിക്കാൻ ഒരു സാധാരണമനുഷ്യനു സാധിക്കയില്ലെന്നു, വിധിനിഷേധബാഹുല്യംകൊണ്ടു് ഏകദേശം നിശ്ചയിക്കാം. എങ്കിലും നാഡിംധമജനംഗമാദി തീണ്ടജാതി സ്ത്രീലോകവ്യതികരം, മദ്യമാംസസേവ, ഉൽക്കോചാദിസ്വീകാരം മുതലായി വേദശാസ്ത്രങ്ങൾക്കും സ്വസമുദായത്തിനും സഹൃദയസമിതിക്കും തീരെ ചേരാത്ത കൃത്യങ്ങളെ നിത്യവൃത്തിയായി പരിപാലിക്കുന്ന വല്ല ബ്രാഹ്മണജാത്യഭിമാനക്കാരുമുള്ളപക്ഷം അവർ, മററു സമുദായമെല്ലാം പുരോഹിതപ്രക്ലൃപ്താചാരമര്യാദകളെ ആശ്രയിച്ചിരിക്കണമെന്നു് ഇന്നു ശഠിക്കുന്നതിന്റെ രസഹ്യം ഇന്നതെന്നു കരുതത്തക്ക ബുദ്ധ്യന്മേഷമുണ്ടായാൽ ജാത്യാചാരവ്യവസ്ഥാപയിതാക്കളായ പൂർവന്മാരിൽ ചിലരുടെ സ്വാർത്ഥപരതയും മററു ചിലരുടെ പരേച്ഛാവശംവദതയും മൂലമാണു് മേൽപ്രകാരം അന്യായകല്പനവും ജല്പനവും ശാസ്ത്രമുഖങ്ങളിൽ പടർന്നതെന്നു് ഉദ്ദർശിക്കാം. തങ്ങളുടെ നയം അന്യസമുദായത്തിനിടയിൽ ഇനിമേൽ ഫലിക്കയില്ലെന്നു കരാമലകംപോലെ ഏതാണ്ടു പ്രത്യക്ഷപ്പെട്ടിരിക്കുന്ന ഇക്കാലത്തു് ചിലർ ചെയ്യുന്ന സൂത്രപ്പണികൾക്കും പൂർവന്മാരുടെ ഏതാനും സൂത്രങ്ങൾക്കും തമ്മിൽ വലിയ വ്യത്യാസമില്ല. ഒത്തെങ്കിലാകട്ടെ,

എന്നേ രണ്ടുകൂട്ടർക്കുമുള്ളവെന്നു് അന്നുമിന്നുമുള്ള ഗുണജ്ഞമൌലികളുടെ അഭിപ്രായം നിങ്ങളെ പഠിപ്പിക്കുന്നുണ്ടല്ലൊ—ആരെല്ലാം നിഷേധിച്ചാലും. അന്തര്യാമി അറിഞ്ഞുള്ള അധികാരിത്വം അഭിവ്യക്തമാകുന്ന ക്ഷണത്തിൽ അവർ, എങ്ങനെയായാലും വേണ്ടില്ല, അധ്യയനത്തിൽ വിശിഷ്ടരാകതന്നെ ചെയ്യും—'പരാഞ്ചി ഖാനി വ്യതൃണത് സ്വയംഭൂഃ' എന്നു തുടങ്ങിയ ശ്രുതി, സൃഷ്ടപ്രാണി പരാഗ് ദൃഷ്ടിയായിപ്പോകത്തക്കവണ്ണം ഇന്ദ്രിയങ്ങൾക്ക് ഈശ്വരൻ ഒരു മറയിട്ടു എന്നു പറഞ്ഞു 'കശ്ചിദ്ധീരഃ പ്രത്യഗാത്മാനമൈക്ഷദാവൃത്തചക്ഷുഃ...' അനേകസഹസ്രം പേരിൽ തീവ്രമുമുക്ഷയുള്ള ദുർല്ലഭം ചിലർ ആ മറനീക്കി ആത്മദർശനം ചെയ്യുന്നു എന്ന ടി ശ്രുതിഭാഗം മുമുക്ഷുവിനെ ധീരപദംകൊണ്ടു് വിശേഷിപ്പിച്ചതു് വെറുതെയാണൊ? ആകപ്പാടെ കാര്യങ്ങളുടെ കിടപ്പ് ഇപ്രകാരം ആകകൊണ്ടു് ആരും പരിതപിക്കേണ്ട ആവശ്യമില്ല—പോരെങ്കിൽ ശൂദ്രാദികൾക്കു് അനുകൂലമായ പ്രത്യക്ഷശ്രുതിയും ഇല്ലാതെ ഇരിക്കുന്നുമില്ല. 'യഥേമാം വാചം കല്യാണീമാവദാനി ജനേഭ്യഃ; ബ്രഹ്മരാജന്യാഭ്യാം ശൂദ്രായചാര്യായ സ്വായചാരണായ' എന്ന യജുർമന്ത്രം യാതൊരു പക്ഷാന്തരത്തിനും ഇടംകൊടുക്കാതെ ബ്രാഹ്മണക്ഷത്രിയശൂദ്രവൈശ്യഭൃത്യാദികൾക്കായി ഉപദേശിച്ചിരിക്കുന്നതു നോക്കുക.

ഈവകയൊന്നും ഇല്ലെന്നിരിക്കട്ടെ, എന്നാലും ശൂദ്രൻ അനഗ്നികൻ — ശ്രൌതസ്മാർത്തകർമ്മഹീനൻ — ആണെന്നു മീമാംസാഭാഷ്യാദികൾ സ്ഥാപിക്കുകകൊണ്ടും വേദവ്രതം അവസാനിപ്പിച്ചവനായാലും യജ്ഞദീക്ഷിതനായാലും വേണ്ടില്ല; ബ്രഹ്മചര്യം അവസാനിപ്പിച്ചു, എന്നാൽ ആശ്രമാന്തരം സ്വീകരിച്ചിട്ടുമില്ല, അങ്ങനെയുള്ളവരായാലും ബ്രഹ്മവ്രതക്കാരനായാലും വേണ്ടില്ല; നഷ്ടാഗ്നിയായാലും ഒരഗ്നിയുമില്ലാത്തവൻ—ശ്രൌതസ്മാർത്തകർമ്മഹീനൻ—ആയാലും വേണ്ടില്ല; ഏതു സമയം വൈരാഗ്യം—വിഷയവൈതൃഷ്ണ്യം—ഉണ്ടാകുന്നോ അപ്പോൾ തന്നെ സംന്യസിക്കാം എന്നു് മുമ്പുദ്ധരിച്ച ശ്രുതി പറകകൊണ്ടും പൂർവാപരങ്ങൾ ആലോചിക്കാതെ സംന്യസി

ക്കാൻ ശൂദ്രാദികൾക്ക മാത്രമല്ല ഏവർക്കും അധികാരമു ണ്ട് എന്നുള്ളതു് ഇളക്കമററ സംഗതിയാകുന്നു. പക്ഷെ സംന്യാസഹേതു പരവൈരാഗ്യമാണെന്നും ബ്രഹ്മലോ കപര്യന്തമുള്ള ഭോഗ്യഭോഗപ്രപഞ്ചത്തിന്റെ തൃണീകരണ മാണു് വൈതൃഷ്ണ്യപരമകാഷ്ഠയെന്നും ഉള്ള ഭാഗം ഒരി ക്കലും വിസ്മരിച്ചുകൂടാ''.

## ii സംന്യാസവിധി

''ഉത്തരായണകാലത്തു പൌർണ്ണമാസിനാൾ ആറോ ഏഴോ രോമം മാത്രം ശേഷിക്കമാറു് തലമുണ്ഡനംചെയ്തു് സ്നാനം കഴിച്ചു കൗപീനം, വസ്ത്രം മുതലായതു് കാവിമു ക്കി വെച്ചിട്ടു് കൃച്ഛ്രദാനം കഴിക്കുക. പിന്നീടു് നാന്ദീ ശ്രാദ്ധം. ഇതു് ഊട്ടിയോ ദാനമായിട്ടോ ചെയ്യാം. (സാ ഗ്നികനെങ്കിൽ—'അയം തേ യോനിർഋത്വിജോ യതോ ജാതഃ പ്രാണാദരോചഥാഃ പ്രാണം ജാനന്നഗ്നാരോഹ അ ഥാതോ വർദ്ധയരയിം', 'യേഷ...അഗ്നിഃ സൂര്യഃ പ്രാണം ഗച്ഛസ്വാഹാ ഓം സ്വാം യോനിം ഗച്ഛസ്വാഹാ' എന്നു് അഗ്നി ഉദ്വസിച്ചുകൊൾക). ഗായത്രിയെ ഭൂഃ, ഭുവഃ, സ്വഃ, എന്ന വ്യാഹൃതികളിലും അവയെ അകാര ഉകാര മകാര ങ്ങളിലും മുറയ്ക്കുലയിപ്പിച്ചു ജലംകൊണ്ടുപാരണചെയ്ക. പിന്നീടു്, 'ഓം സ്വാഹാ' എന്നു ശിഖ—കുടുമ—പറിച്ചു,

'യജ്ഞോപവീതം പരമം പവിത്രം
പ്രജാപതേര്യത് സഹജം പുരസ്താൽ
ആയുഷ്യമഗ്ര്യം പ്രതിമുഞ്ച ശുഭ്ര
യജ്ഞോപവീതം ബലമസ്തു തേജഃ—

യജ്ഞോപവീതം ബഹിർന്നനിവസേത്ത്വമന്തഃപ്രവിശ്യ മധ്യേഹ്യജസ്രം പരമം പവിത്രം യശോബലം ജ്ഞാന വൈരാഗ്യം മേധാം പ്രയഛ' എന്നു പൂണുനൂൽ പൊട്ടിച്ചു വസ്ത്രാദികളോടുകൂടി 'ആപൊ വൈ സർവാദേവതാഃ സർ വാഭ്യോ ദേവതാഭ്യോ ജുഹോമിസ്വാഹാ' എന്നു ജലത്തിൽ

ആഹുതികഴിച്ച, 'ഓം ഭൂഃ സംന്യസ്തം മയാ, ഓം ഭുവഃ സംന്യസ്തം മയാ, ഓം സ്വഃ സംന്യസ്തം മയാ, ഓം ഭൂർഭുവഃ സ്വഃ സംന്യസ്തം മയാ' എന്നുച്ചരിച്ച വടക്കോട്ട ഏഴടി നടക്കുക. അനന്തരം 'കൌപീനാധാരം കടിസൂത്രമോം' എന്ന കടിസൂത്രവും 'ഗുഹ്യാച്ഛാദനം കൌപീനമോം' എന്ന കൌപീനവും 'ശീതവാതോഷ്ണത്രാണകരംവസ്ത്രമോം' എന്ന കാഷായവസനവും ധരിച്ചുകൊൾക, [ദണ്ഡധാരണപക്ഷത്തിൽ, നാസാദഘ്നമൊ, ശിരഃപരിമിതമൊ ആയി സപ്തനവൈകാദശമുട്ടുകളുള്ളതായിരിക്കുന്നതിൽ ഒരു വേണുദണ്ഡം 'സഖാമാഗോപായോജഃ സഖായോസീന്ദ്രസ്യവജ്രോസിവാർത്രഘ്നഃ ശർമ്മമെ ഭവയൻ പാപം, തന്നിവാരയ' എന്നു മന്ത്രിച്ച ധരിക്കേണ്ടതാണു്.) അതിന്റെശേഷം—

'യോ ബ്രഹ്മാണം വിദധാതിപൂർവം
യൊ വൈ വേദാംശ്ച പ്രഹിണോതി തസ്മൈ
തം ഹ ദേവമാത്മബുദ്ധിപ്രകാശം
മുമുക്ഷുർ വൈ ശരണമഹം പ്രപദ്യെ'

എന്നു ഗുരുവിനെ സ്തുതിച്ചു് ആത്മാഭേദേന ധ്യാനിക്കുന്നതോടുകൂടി ദ്വാദശവാരം പ്രണവംകൊണ്ടഭിമന്ത്രിച്ച ശംഖതീർത്ഥം ഗുരു, ശിഷ്യന്റെ ശിരസ്സിൽ അഭിഷേകംചെയ്തു പ്രണവമഹാവാക്യങ്ങളെ ദക്ഷിണകർണ്ണത്തിൽ ഉപദേശിച്ച ആശ്രമോചിതനാമം കല്പിക്കുക. ഇതു് ഏററവും ചുരുങ്ങിയ ക്രമമാണു്. കർമ്മകാണ്ഡമഹാനിബന്ധകാരന്മാർ തങ്ങളുടെ ഗ്രന്ഥത്തിന്റെ വിസ്താരമനുസരിച്ചു് ഇതിനുള്ള വിധവും അതിവിസ്തൃതമാക്കീട്ടുണ്ടു്. വിസ്തരഭയത്താൽ അവരുടെ അഭിപ്രായങ്ങളെ ക്രോഡീകരിച്ചു് ഇവിടെ വിമർശിക്കുന്നില്ല.

ചൌരവ്യാഘ്രസർപ്പാദിയാൽ ജീവിതാത്യയം പ്രാപിച്ചിരിക്കുന്ന ആതുരന്റെ സംന്യാസത്തിനു നിയമവിധികളൊന്നും ആദരിക്കേണ്ടതായിട്ടില്ല. അങ്ങനെയുള്ള ഘട്ടങ്ങളിൽ 'പ്രൈഷമാത്രസ്സസംന്യാസഃ' എന്നപ്രകാരം പ്രൈഷോച്ചാരണം മാത്രം മതിയാകും. ആതുരൻ ജീവിക്കുന്നെങ്കിൽ മുറയ്ക്കു സംന്യസിക്കയും ചെയ്യാം.

## 5. ഈശ്വരഭക്തി

''സത്യസംകല്പത്വം, സൃഷ്ട്യാദികർത്തൃത്വം മുതലായ ഗുണങ്ങളാലും, സത്യജ്ഞാനാദിസ്വരൂപത്താലും ഈശ്വരൻ പ്രസിദ്ധനാണല്ലൊ. ഭക്തി എന്നതു് ഈശ്വരവിഷയമായി, വെണ്ണമുതലായ ദ്രവ്യംപോലെ, അലിഞ്ഞു മുറിയാദ്ധാരകണക്കെ നില്ക്കുന്ന ഒരു മനോവൃത്തിയാകുന്നു എന്നു ശ്രീമന്മധുസൂദനസരസ്വതിസ്വാമി പറയുന്നു. പ്രേമസ്നേഹാദികളാകുന്ന ചിത്ത വൃത്തികളോടു ശ്രദ്ധാ ബഹുമാനാദികളും കലർത്തി ഈശ്വർവിഷയമാക്കപ്പെടുമ്പോൾ അതിനെ ഭക്തിയെന്നു പറയും. ഭക്തിയുടെ പ്രകൃതി സേവയിലാണു് സ്ഥിതിചെയ്യുന്നതു് എന്നു് ഗാരുഡത്തിൽ പറഞ്ഞിരിക്കുന്നു. നേത്രശ്രോത്രാദികളായ ഇന്ദ്രിയങ്ങൾ വഴി ഗ്രഹിക്കുന്നതും ഈശ്വരനിൽ സംബന്ധിച്ചിരിക്കുന്നതുമായ മഹിമാനഭാവത്തിൽ ഏകാഗ്രമായിരിക്കുന്ന ചിത്തവൃത്തിതന്നെ ഭക്തിയെന്നു കാപിലേയോപാഖ്യാനത്തിൽ പറയുന്നു. വെയിലേററ ശരീരത്തി(ന്മേ)ൽ പനിനീർത്തുള്ളി വീണാൽ വിചാരം മുതലായതുകൂടാതെ ഉണ്ടാകുന്നകുളിർമ്മപോലെ, ഈശ്വരനെ സംബന്ധിക്കുന്ന കാര്യങ്ങൾ വഴി ഉണ്ടാകുന്ന ചിത്താർദ്രതയാകുന്നു ഇതെന്നു പറയേണ്ടിയിരിക്കുന്നു. ഈ ഭക്തിയാകുന്ന 'അംഗി' താഴെപ്പറയുന്ന 8 വിധ 'അംഗങ്ങ'ളോടുകൂടിയതാകുന്നു, അവ, (1) ഈശ്വരഭക്തന്മാരെക്കുറിച്ചുള്ള വാത്സല്യവും, (2) ഈശ്വരകാര്യങ്ങളിൽ പ്രവർത്തിക്കുമ്പോൾ താൻ ഇപ്രകാരം പ്രവർത്തിക്കുന്നതുകൊണ്ടു് കേമനാണെന്നു ഡംഭ ഭാവിക്കാതിരിക്കുകയും, (3) ഈശ്വരപൂജനത്തെക്കുറിച്ചു് അനുമോദനവും, (4) ഹൃദയത്തെ നിർമ്മലമാക്കിക്കൊണ്ടു് ഈശ്വരാരാധന ചെയ്യുകയും (5) ഈശ്വരകഥാശ്രവണത്തിൽ

താത്പര്യവും, (6) അങ്ങനെയുള്ള സന്ദർഭങ്ങളിൽ രോമാഞ്ചം മുതലായ അംഗവികാരങ്ങൾ ഉണ്ടാകലും (7) സർവകാലവും ഈശ്വരവിഷയമായ സ്മരണയും, (8) ഈശ്വരനാമങ്ങൾ എല്ലായ്പോഴും കീർത്തിക്കയും ആകുന്നു എന്നു ഗൗതമീയത്തിൽ പറയുന്നു. ഇപ്രകാരമുള്ള ഭക്തിയോടു കൂടിയവൻ ഹീനജാതിയിൽ ജാതനായിരുന്നാലും മുനിയാകുന്നു എന്നാണു് മഹർഷിമാരുടെ അഭിപ്രായം.

ഭഗവത്കഥ കേൾക്കുകയും ഗുണനാമാദികൾ കീർത്തിക്കുകയും അടിക്കടി ഭഗവാനെസ്മരിക്കയും ക്ഷേത്രാദികളിൽ പരിചരിച്ചു് ഈശ്വരപാദസേവ ചെയ്കയും പൂജിക്കയും വന്ദിക്കയും ദാസഭാവത്തിൽ വർത്തിക്കുകയും സഖിഭാവത്തിൽ അനുചരിക്കുകയും ആത്മസമർപ്പണം (തന്നെക്കൂടെ ഈശ്വരനായി സമർപ്പണം) ചെയ്കയുമായ നവാംഗമാകുന്ന ഭക്തിയെന്നു ഭാഗവതത്തിൽ പറഞ്ഞിരിക്കുന്നു. ക്ഷേത്രക്കാര്യം പറഞ്ഞതുകേട്ടു പരിഷ്കാരഭ്രമക്കാർ കയർക്കാതിരിക്കുന്നതിനു് ആയതു അവർക്കായി കല്പിക്കപ്പെട്ടിട്ടുള്ളതല്ല, എന്നോർത്താൽ സമാധാനമുണ്ടാകുമെന്നു വിശ്വസിക്കുന്നു. അങ്ങനെ ഉള്ളവരെ ഉന്നി ഭക്തി കാലും ഊന്നുന്നില്ല. ഈ ഭക്തിപൂർവവാസനാ ജന്യമാകയാൽ അഭ്യാസംകൊണ്ടു സിദ്ധിക്കുന്നതല്ല. ഇങ്ങനെ ആയാൽ മററുള്ളവർക്കുഗതി എന്തെന്നാണെങ്കിൽ

''ചിത്താർദ്രതാമൃതേ വിചിന്ത്യബഹുഭിഃ
സിദ്ധ്യന്തി ജന്മാന്തരൈഃ''

എന്നു ഭട്ടതിരിപ്പാടിൽനിന്നും പറഞ്ഞ (ആത്മ)വിചാരം തന്നെ ഗതി. അതിനിവിടെ പ്രവേശം ഇല്ലാത്തതുകൊണ്ടു് ഭക്തിയെത്തന്നെ നമുക്കു തുടരാം.

ആദികവിയായ ശ്രീ. വാല്മീകി, ശ്രീരാമസ്വാമിയെ ഒരുന്മത്തനാക്കി വർണ്ണിച്ചിരിക്കുന്നു എന്നും, ഭഗവാൻ ശ്രീ. വേദവ്യാസൻ അദ്ദേഹത്തിനെ ഒരു പരമജ്ഞാനിയാക്കിത്തന്നെ സ്മരിച്ചിരിക്കുന്നു എന്നും സർവദർശി പണ്ഡിതശിരോമണിയായ നാഗേശ്വരഭട്ടൻ പറഞ്ഞതുപോ

ലെയുള്ള അദ്ധ്യാത്മപ്രശംസയ്ക്കു വിഷയമായ അദ്ധ്യാത്മ രാമായണത്തിൽ ഭക്തിയുടെ സാധനങ്ങളെക്കുറിച്ചു ഭഗവാൻ ശബരിക്കു ഉപദേശിക്കുന്ന ഘട്ടത്തിൽ താഴെ കാണുംപ്രകാരം പറഞ്ഞിരിക്കുന്നു.

1) സത്തുക്കളുമായുള്ള (സഹശയ്യാസനാശനാദി) സംസർഗ്ഗം; 2) ഭഗവാന്റെ അപാരചരിത്രത്തെ വർണ്ണിക്കുക, 3) ഭഗവാന്റെ അനന്തഗുണങ്ങളെ പുകഴ്ത്തുക, അല്ലെങ്കിൽ അവയിൽ പിടിപാടുണ്ടായിരിക്കുക 4) ഉപദേശവിശേഷങ്ങളെ വ്യാഖ്യാനിക്കുക, 5) ഈശ്വരാംശഭൂതനായ ഗുരുവിനെ ദേവങ്കൽനിന്നു അഭിന്നമായി സ്നാനാദികൾകൊണ്ടു ആരാധിക്കുക, 6) കഠിനോപദ്രവം മുതൽ പ്രാണഹാനി വരെയുള്ള ഹിംസ സകല ജീവികളിലും വർജ്ജിക്കുക—, വാക്കിലും കർമ്മത്തിലും വാസ്തവധർമ്മമുണ്ടായിരിക്കുക, പരദ്രവ്യം ബലാലപഹരിക്കായ്ക, ബ്രഹ്മചര്യം (—വിഷയപ്രവൃത്തിയില്ലായ്ക) ഇന്ദ്രിയാർത്ഥങ്ങളിൽ പററുമാനമില്ലായ്ക, എന്നീയമം—, മൃജ്ജലാദികളെ കൊണ്ടുള്ള ബാഹ്യശൗചം, മന്ത്രോച്ചാരണങ്ങളെകൊണ്ടുള്ള ആന്തരശൗചം, ഇത്രയും ചേർന്ന ദേഹാത്മശോധന; മനസ്സിനുള്ള സന്തോഷം, (—കലക്കമില്ലായ്ക) തപസ്സ്, വേദമന്ത്രജപം (—പ്രണവോച്ചാരണം) ഈശ്വരധ്യാനം തുടങ്ങിയ നിയമം—ഇവ കൈക്കൊണ്ടു പുണ്യസമ്പന്നനായി അദ്ദേഹത്തെ ആരാധിക്കുക, 7) അവതാരമൂർത്തിയായ ദേവന്റെ മൂലമന്ത്രങ്ങൾ ഉപാസിക്കുക, 8) എല്ലാ പ്രാണിവർഗ്ഗത്തിലും ഈശ്വരാംശം എന്ന ബുദ്ധി ഉണ്ടായിരിക്കുക, ഭക്തന്മാരിൽ സദ്ബുദ്ധി ഉണ്ടാക, ബാഹ്യവിഷയങ്ങളിൽ വിരക്തിസംഭവിക്കുക, സർവലോകങ്ങൾക്കും അടിസ്ഥാനം പരമാത്മാവാണെന്നു ഉറയ്ക്കുക, 9) ജീവാത്മപരമാത്മാക്കളുടെ ഏകത്വത്തെക്കുറിക്കുന്ന തത്വശാസ്ത്രത്തെ ആധാരമാക്കി വിചാരം ചെയ്ക ഇവയാകുന്നു ആവക ഭക്തിസാധനങ്ങൾ.

മററു പുരാണങ്ങളിലെ നിശ്ചയപ്രകാരം നോക്കുമ്പോൾ, ക്ഷേത്രാദികളിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ഈശ്വ

രനെ ദർശിക്കുക, ക്ഷേത്രോപവാസം ചെയ്ക, ധൂപദീപാദികളെ ആഘ്രാണിക്കുക, നിർമ്മാല്യം മുതലായതു ധരിക്കുക, ഭഗവത്സന്നിധിയിൽ നൃത്തമഭിനയിക്ക, വീണാദിവാദനമാചരിക്ക, ഭഗവല്ലീലകളെ പ്രദർശിപ്പിക്കുക, ഭഗവദ് ഭക്തന്മാരെ സേവിക്കുക, പത്മാക്ഷമാല മുതലായതു ധരിക്കുക, ഏകാദശ്യാദിവ്രതമനുഷ്ഠിക്കുക, വ്രതാംഗമായി ഉറക്കൊഴിയുക, ക്ഷേത്രാദി പണിയിക്കുക, ഭഗവദ്ധർമ്മങ്ങളെക്കുറിച്ചും ഭക്തന്മാരുടെ ലക്ഷണങ്ങളെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുള്ള പ്രമാണങ്ങൾ പഠിച്ചറിയുക, ഭക്തിയുടെ ലക്ഷണം ഗ്രഹിക്കുക, 'ഗൗണഭക്തി'യും 'മുഖ്യഭക്തി'യും തിരിച്ചറിക, 'പ്രേമഭക്തി'യെന്നു പറയപ്പെടുന്ന ഭക്തിക്കടുത്തതും അകന്നതുമായ ലക്ഷണങ്ങളെ ഗ്രഹിക്കുക, ഇത്യാദികളും ഭക്തിയുടെ സാധനങ്ങളായി കാണാം. 'പ്രേമഭക്തി' എന്ന ഉത്തമ (പ്രകൃഷ്ട) ഭക്തി മററുവിഷയങ്ങളിലാകട്ടെ മറെറാരാൾക്കാകട്ടെ അതിദുർല്ലഭമായ വിധത്തിൽ ഭഗവദ്വിഷയമായുണ്ടാകുന്ന 'എന്േറതു'' എന്നുള്ള അത്യഭി(മാനം) നിവേശമാകുന്നു.

ഇപ്രകാരമുള്ള പ്രേമഭക്തിക്കു പ്രഹ്ളാദോദ്ധവാദികളും, ഗോപികളും—, വൃന്ദാവനത്തിൽനിന്നു ഭഗവാന്റെ കല്പനപ്രകാരം ഗോപന്മാർ ചെന്നു അന്നം യാചിച്ചപ്പോൾ സംസ്കാരവിശിഷ്ടന്മാരായ വിപ്രന്മാർ ഗർവ്വനിമിത്തം മൗനം അനുഷ്ഠിക്കവേ, ഭക്തിയുടെ പ്രാബല്യത്താൽ ഭ്രതാവേശം—കൊണ്ടതുപോലെ അന്നവുമായി പുറപ്പെട്ട വിപ്രാംഗനകളും,—, ഭഗവാനായി സങ്കല്പിക്കപ്പെട്ടിരുന്ന പഴം അദ്ദേഹത്തിനു കൊടുത്തുകൊണ്ടിരിക്കുന്ന അവസരത്തിൽ— പ്രേമഭക്തിയുടെ ഉദയംമൂലം സാമാന്യമായി ശബ്ദാദി വിഷയഗ്രഹണം മറന്നു, പഴത്തിന്റെ തോലുരിച്ചു പഴംനിലത്തിട്ടു കളഞ്ഞിട്ട് ആ തോട് തെരുതെരെ ഭഗവാനെക്കൊണ്ടുഭുജിപ്പിച്ച കുചേലബ്രാഹ്മണന്റെ ചരിത്രസമ്പത്തായ ഭാര്യയും മററും സാക്ഷികളാകുന്നു''.

★

# 6. പരമാചാര്യവിചാരം

ആചാര്യൻ എന്നാൽ ശാസ്ത്രാർത്ഥത്തെ സംഗ്രഹിക്കയും നടപ്പിൽ കൊണ്ടുവരികയും താനേ ആചരിക്കയും ചെയ്യുന്നവനാകുന്നു എന്നതിനു്,

''ആചിനോതി ച ശാസ്ത്രാർത്ഥ
മാചാരേ സ്ഥാപയത്യപി;
സ്വയമാചരതേയസ്മാ
ദാചാര്യസ്തേന ചോച്യതേ''

എന്ന വായുസംഹിതാഭാഗം പ്രമാണമാകുന്നു. ഇതിൽ ഏതാനും അംശം (ഗുണം) മാത്രം ചേർന്നിരുന്നാൽ നിർവചനത്തിനു സാർത്ഥക്യമുണ്ടാകയില്ല. ആകയാൽ, സംസാരത്തിൽ വിരക്തിയടഞ്ഞ ഒരു മുമുക്ഷു സപ്തഭൂമികാരോഹണികയിൽ (പടവിൽ) കയറുവാനാരംഭിക്കുമ്പോൾ, ഈ ദശഗുണവിശിഷ്ടനായ ആചാര്യനെയാണന്വേഷിക്കേണ്ടതു്.

''ക്ഷുരസ്യ ധാരാ നിശിതാ ദുരത്യയാ
ദുർഗ്ഗം പഥസ്തത് കവയോ വദന്തി''

എന്ന വേദവചനപ്രകാരം ബ്രഹ്മമാർഗ്ഗസഞ്ചാരം കത്തി (വായ്ത്തല)യിൽ നടക്കുന്നതുപോലെ ദുഷ്കരമെന്നു വരുന്നു. അതുകൊണ്ടു്, ദുസ്തരമായ ഭവരാശി താണ്ടുവാൻ (കടക്കുവാൻ) ഒരുങ്ങുമ്പോൾ ''ഗുരുകർണ്ണധാരം'' എന്നു ശ്രീമദ്ഭാഗവതത്തിൽ പറഞ്ഞിരിക്കുന്നവിധം അമരക്കാരനായി ഗുരുവിനെ വച്ചുകൊള്ളണം. ചിലർ ആത്മലഘുത്വശങ്കയാൽ ഗുരുത്വത്തിൽ വിതൃഷ്ണന്മാരായിത്തീരുന്നു. അവർ മുമുക്ഷുകോടി പ്രവേശമർഹിക്കുന്നവരല്ലായ്കയാൽ ഈ ഘട്ടത്തിൽ സങ്കേതം ലഭിക്കുന്നില്ല.

''ആചാര്യവാൻ പുരുഷോ വേദ'' ആചാര്യനുള്ളവൻ ബ്ര ഹ്മതത്വമറിയുന്നു എന്നും ''തദ്വിജ്ഞാനാർത്ഥം സ ഗുരുമേ വാഭിഗച്ഛേൽ'' ബ്രഹ്മജ്ഞാനലാഭത്തിനായി ഗുരുവിനെ പ്രാപിക്കണമെന്നും ശ്രുതി ഘോഷിക്കുന്നതിനാൽ, ആചാ ര്യന്റെ ആവശ്യകത നിരൂഢമായിരിക്കുന്നു. ''ശ്രോത്രി യം ബ്രഹ്മനിഷ്ഠം'' എന്നുകൂടി ശ്രുതിയിൽ ആചാര്യ വിശേഷണമുള്ളതിനാൽ, ഗുരുസാംഗവേദാദ്ധ്യായി (വേദ വേദാംഗജ്ഞൻ) മാത്രമല്ല ബ്രഹ്മനിഷ്ഠനും ആയിരിക്കണ മെന്നുണ്ട്. അപ്പോൾ, മേൽപറഞ്ഞ പുരാണവചനം ശ്രു ത്യനുഗൃഹീതമായിത്തീരുകയും ചെയ്തു.

ചോദകൻ എന്നും മോദകൻ എന്നും മോക്ഷദൻ എന്നും ശ്രുതി പറയുംപ്രകാരം ആചാര്യത്രൈവിധ്യം അംഗീക രിക്കുമ്പോൾ ഈ ആചാര്യൻ മോക്ഷദനാകയാൽ മുഖ്യൻ, അല്ലെങ്കിൽ പരമാചാര്യനാകുന്നു. ''ചോദകോ ദർശയേ ന്മാർഗ്ഗം'' എന്ന പ്രമാണപ്രകാരം ആദ്യത്തെ ഗുരു വഴി കാണിക്കും. 'ദർശയേത് സ്ഥാനമന്യസ്തു'' എന്നതി നാൽ രണ്ടാമത്തെ ഗുരുമോക്ഷക്രമമറിയിക്കും. സാക്ഷാൽ ഗുരുവായ മൂന്നാമൻ കരതലാമലകം (കൈക്കനി)പോലെ, അല്ലെങ്കിൽ ''ശൃംഗഗ്രാഹികാ'' ന്യായപ്പടി (ഗോഗണ ത്തിൽവച്ചു സ്വഗോശൃംഗം പിടിച്ച് അതിനെ തിരിച്ച റിയിക്കുംപോലെ) ബ്രഹ്മത്തെ, അപരോക്ഷം (പ്രത്യക്ഷം) ആക്കിച്ചെയ്യും. ''ബഹുഭ്യഃ ശ്രോതവ്യം ബഹുധാ'' ബഹു തരം ഗുരുക്കന്മാരിൽനിന്നും ബഹുപ്രകാരം ഗ്രഹിക്കണമെ ന്ന് ഒരിടത്തുണ്ടെങ്കിലും ആയതു് ആചാര്യബഹുത്വത്തെ വിവക്ഷിക്കുന്നതല്ല.

> ''ഏകമേവ ഗുരുംശാന്തം
> സംശ്രയേദ് ബ്രഹ്മവിത്തമം''

ബ്രഹ്മജ്ഞോത്തമനായ ഒരു ഗുരുവിനെത്തന്നെ ആശ്രയി ക്കണം എന്ന് അതിനപവാദകമായ പ്രമാണമുണ്ട്. ഇങ്ങ നെയുള്ള പരമാചാര്യനെ കിട്ടുന്നതു് പുണ്യാതിശയം തന്നെ. ഇല്ലാതെ പോയാൽ ക്രമത്തിലും ആകാം. ഈ രണ്ടുതരം (മുഖ്യഗൗണ) ആചാര്യന്മാരെവിട്ട് ഉദരംഭരിക

ളായ അനാചാര്യന്മാരെ ആശ്രയിക്കുന്നതുപോലും ''അന്ധഗോലാംഗൂലന്യായ''ത്തെ, എന്നുവച്ചാൽ അന്ധൻെറയും അന്ധഗോലാംഗൂലത്തിൻെറയും കഥയെ, അനുസരിക്കുന്നതായിത്തീരുകയാൽ മേൽപറഞ്ഞ വേറൊരു തരത്തിനു ഇവിടെ സ്ഥലം കാണുന്നില്ല എന്നേ പറയാനുള്ളു. സങ്കല്പമാണല്ലൊ പ്രധാനം എന്നു ചിലർപറയുമായിരിക്കും. ''അക്ഷയവടം'' കാണണമെന്നുകരുതി പുറപ്പെടുന്ന ഒരു ദാക്ഷിണാത്യൻ തെക്കുമുഖമായി നടന്നാൽ അവനു് എങ്ങനെയാണു് കാര്യലാഭമുണ്ടാവുക? ആചാര്യനെത്തിരയുന്നതിനു മുമ്പുതന്നെ ആത്മപരിശോധന കഴിച്ചുവയ്ക്കണം. ദർശനാനന്തരം, തന്നെപ്പരിശോധിക്കാൻ തുടങ്ങിയാൽ രണ്ടും കെട്ടുപോവാനിടയായേക്കും. ആത്മശോധനമെന്നു

''സ്ഥിത: കിം മൂഢ ഏവാസ്മി
പ്രേക്ഷേഹം ശാസ്ത്രസജ്ജനൈഃ''

ഇങ്ങനെ മൂഢാവസ്ഥയിൽ ഇരുന്നു കഴിഞ്ഞാൽ പോരെന്നും ശാസ്ത്രസജ്ജനസംസർഗ്ഗാദ്യപേക്ഷയാ വല്ലതും ചെയ്യണമെന്നും ഉള്ള ഉദ്ദേശം അടിസ്ഥാനമാക്കി മുൻപറഞ്ഞ ഒന്നാമത്തെ ഭൂമികയിൽ എത്തുകയാകുന്നു. അനപത്യനു ദുരപത്യനെപ്പോലെ അനൎത്ഥമില്ല. തെററിപ്പഠിച്ച പാഠം ശരിയാവുക പ്രയാസം. അതുകൊണ്ടു് ശരിയായ ആചാര്യനെ സമ്പാദിപ്പാനിടയായില്ലെങ്കിലും അനാചാര്യനെ ദൂരെ പരിഹരിക്കേണ്ടതാണു്. പിന്നെയും, അനാചാര്യനെ ആശ്രയിക്കൽ കണ്ടകേച്ഛുവായ ഒട്ടകത്തെ അനുകരിക്കയാൽ ശരിയായ ലക്ഷ്യം കിട്ടിയാലും ഉപയുക്തമാകാതെ വരുമ്പോലെ സാക്ഷാൽ ഗുരുവിനെ ലഭിച്ചാലും— ഉദ്ദേശ്യസിദ്ധിപ്രയാസമെന്നാക്കിത്തീർക്കും. അതുകൊണ്ടു് അപഥത്തിൽ മനം പതിയാതെയിരിക്കാൻ പ്രത്യേകം സൂക്ഷിക്കണം.

''ലഗ്നം ഹി കിമപി ക്വാപി
കൃച്ഛ്റാദാകൃഷ്യതേ മനഃ''

എവിടെയെങ്കിലും പതിഞ്ഞുപോയ മനസ്സിനെ അവിടെ നിന്നുദ്ധരിക്കുന്നതുകഷ്ടസാധ്യമാകുന്നു. അപരോക്ഷജ്ഞാ

നിയായില്ലെങ്കിലും,

''വ്യാചഷ്ടേയഃ പഠതി ച
ശാസ്ത്രം ഭോഗായ ശില്പിവത്
യതതേ നത്വനുഷ്ഠാനെ
ജ്ഞാനബന്ധുഃസഃ ഉച്യതേ''.

ഉദരപൂരണാർത്ഥം ശാസ്ത്രത്തെവ്യാഖ്യാനിക്കുന്നു, പഠിക്കുന്നു. എന്നല്ലാതെ അനുഷ്ഠാനത്തിൽ വരുത്തുന്നില്ല; അങ്ങനെ ഉള്ളവൻ ജ്ഞാനബന്ധു (കപടജ്ഞാനി) ആകുന്നു എന്നു ബൃഹദ്യോഗവാസിഷ്ഠം പറയുംപ്രകാരം പോലും ആകാതെ ചിലർ സുസാദ്ധ്യമായുള്ള വേഷത്തിലെ മാററു വർദ്ധിപ്പിക്കൽ മാത്രം അവലംബിച്ചു നടന്നു് ഉപദേശിച്ചുവരുന്ന വർത്തമാനകാലസ്ഥിതിയെക്കുറിച്ചു് ഖേദിക്കേണ്ടിയിരിക്കുന്നു. അങ്ങനെ പലരും ആരുരുക്ഷുവിൻെറ പദവിയെപ്പോലും അർഹിക്കാതെ ആരൂഢനെ അപലപിക്കയും ചെയ്യുന്നുണ്ടു്. ''മാനാപമാനയോസ്തുല്യഃ'' എന്നതു് ആരൂഢനായ ഗുണാതീതനെക്കുറിച്ചല്ലയോ എന്നു ചോദിച്ചാൽ ഖേദവുമില്ല. ഒരു വിവിദിഷുവിനും വിജ്ഞനും (തമ്മിൽ) ആകൃതി ഭേദപ്പെടുന്നില്ല.'' പശ്വാദിഭിശ്ചാവിശേഷാത്''' എന്ന ഭഗവത്പാദീയശാരീരകഭാഷ്യത്തിൽ അധ്യാസകാലം സർവപ്രാണിസമാനമായി പറയപ്പെട്ടിരിക്കുന്നു. പല ലക്ഷണങ്ങളും സാക്ഷാൽ ബ്രഹ്മവിത്തിൽ വ്യഭിചരിതങ്ങളായി വന്നേക്കാം; എന്നാലും

''അജ്ഞാനഹൃദയഗ്രന്ഥി
മോക്ഷോ മോക്ഷ ഇതീഷ്യതേ''

എന്നമാതിരി ഹൃദയ ഗ്രന്ഥിഭേദംനിയതമുണ്ടായിരിക്കുന്നതാണു്. സാധുജനോപകൃതിക്കായി ഇങ്ങനെ പറഞ്ഞു എന്നല്ലാതെ ഗുരുത്വത്തിലെ പ്രതിപത്തികൊണ്ടുപറയുന്നതേ അല്ല. പിന്നെ മറെറാരുതരം അനാചാര്യരോ ആരോ യോഗം സ്വയംഅഭ്യസിക്കാതെ (വശമാക്കാതെ)അന്യരെ

ആ മാർഗ്ഗമായി ചോരചർദ്ദിപ്പിക്കുന്നു. മഹാനുഭാവന്മാർക്ക് ഈ പറഞ്ഞതിൽ ഉദ്വേഗത്തിന്ന് അവകാശമില്ല തന്നെ എന്നപൂർണ്ണബോധമുണ്ട്. ശരിയായ ആചാര്യനും ആത്മശോധനവുമിരുന്നാൽ തെററുകയില്ല. ജ്ഞാനഹേതുക്കറം വളരെ ഉണ്ടെങ്കിലും ഗുരുവിനാണു പ്രാധാന്യമെന്നു പ്രമാണമുണ്ട്. കാര്യവശാൽതത്കാലം ഇത്രയും സംക്ഷേപിച്ചുപറഞ്ഞുകൊണ്ട് വിരമിക്കുന്നു,

★

# 7. ഭസ്മവും ഭസ്മധാരണവും*

''ഭാസനാൽ ഭസ്മസംജ്ഞിതം'' ഭാസിക്കൽ—സ്വയം പ്രകാശിക്കൽ-ഹേതുവായിട്ട (മനോവാഗതീതമായ)ശുദ്ധ ബ്രഹ്മം ഭസ്മമെന്നു പറയപ്പെടുന്നുഎന്നു സ്കാന്ദപുരാണ ത്തിൽ പറഞ്ഞിരിക്കുന്നു. അന്യാനപേക്ഷമായി പ്രകാ ശിക്കഎന്നതു ബ്രഹ്മസ്വഭാവമാകുന്നു. ''നതദ്ഭാസയതേ സൂര്യോന ശശാങ്കോ ന പാവകഃ'' അതിനെ സൂര്യനും ചന്ദ്രനും അഗ്നിയും പ്രകാശിപ്പിക്കുന്നില്ലെന്നും ''ജ്യോതി ഷാമപിതജ്ജ്യോതിഃ'' അതു ജ്യോതിസ്സുകൾക്കുകൂടി (ജ്യോതിഃ) പ്രകാശം കൊടുക്കുന്നതാണെന്നും ഭഗവദ്ഗീ തയിൽ പറയുന്നു. ബൃഹദാരണ്യകത്തിൽ ആദിത്യ ചന്ദ്രാദിജ്യോതിരുപരമാവസ്ഥയിൽ ''വാഗേവാസ്യ ജ്യോതിഃ'' എന്നുഘോഷിച്ചിരിക്കുന്ന സർവജ്യോതിസ്സാ യവാക്കുപോലും ''യേനവാഗഭ്യുദ്യതെ'' എന്നു കേനോപ നിഷത്തിൽ ബ്രഹ്മപ്രകാശത്തെ അപേക്ഷിച്ചു പ്രകാശി ക്കുന്നതായി പറയപ്പെട്ടിരിക്കയാൽ, ഇതിൻെറ സർവ പ്രകാശകത്വം ശ്രുതി സ്മൃതി പുരാണസമ്മതമായിരിക്കു ന്നു. ഇങ്ങനെ മുഖ്യമായ ഭസ്മം ബ്രഹ്മംതന്നെ. പിന്നെ, സാളഗ്രാമബാണലിംഗപ്രതിമാദികൾ തത്തൽ പ്രതീക ങ്ങൾ (അതാതിൻെറ പ്രതിമകൾ) ആയിരിക്കുന്നതുപോ ലെ, ഗൗണാത്മകമായ ഭസ്മം ബ്രഹ്മപ്രതീകമാകുന്നു; എന്ന ല്ല പരമശിവാംഗരാഗവും ആയിരിക്കുന്നു. ഇതു നാനാ പ്രകാരത്തിൽ ഉത്കൃഷ്ടമായി ഗ്രാഹ്യമായിരിക്കുന്നു. ആയ തു• അഗ്നിഹോത്രശാലകളിൽ നിന്നുണ്ടായതും പാകദാവ

---

* കൊ: വ: 1089 വൃശ്ചികം ലക്കം സദാനന്ദവിലാസം മാസി കയിൽ പ്രസിദ്ധം ചെയ്തതു്.

വഹ്നിജന്യമായുള്ളതും ഗോമയം ചുട്ടെടുത്തതും മററും ആയിരിക്കും. എന്നാൽ, ഗോമയഭസ്മംതന്നെയാകുന്നു ബഹുപ്രമാണാനുഗൃഹീതവും സർവസമ്മതവും. "കുര്യാദ്ഗോമയഭസ്മനാ" എന്നു പുരാണാദികളിൽ പറഞ്ഞിട്ടുണ്ട്. ശാങ്കരസ്മൃതിയിലും ഭസ്മജാബാലോപനിഷത്തിലും ഗോമയഭസ്മത്തെത്തന്നെ ആദരിച്ചിരിക്കുന്നു. ഭസ്മോപനിഷത്തിൽ ഉദയത്തിനുമുൻപായി ശുദ്ധഗോമയം പലാശപർണ്ണത്തിൽ എടുത്തുവച്ച് "ത്ര്യംബകം യജാമഹേ" എന്നമന്ത്രംകൊണ്ടുണക്കി, ഹോമക്രമത്തിൽ അഗ്നിസ്ഥാപിച്ച് "സോമായ സ്വാഹാ" എന്ന മന്ത്രംകൊണ്ട് ഘൃതസമ്മിതമായി തിലവ്രീഹികൾ ഹോമിച്ചു പൂർണ്ണാഹുതിപര്യന്തം, കഴിച്ചെടുക്കാൻ വിധിച്ചിരിക്കുന്നു. ആ ഭസ്മം ഗായത്രികൊണ്ടു ജലം പ്രോക്ഷിച്ചു യഥായോഗ്യം സ്വർണ്ണാദിപാത്രങ്ങളിലൊന്നിലാക്കി രുദ്രമന്ത്രങ്ങൾകൊണ്ടു പ്രോക്ഷിച്ചുവച്ചുകൊള്ളണമെന്നും കല്പിച്ചിരിക്കുന്നു. ഈ വിധ ഭസ്മധാരണം സർവകർമ്മാംഗമാകുന്നു. ഈ ഭസ്മധാരണവിധി അനുഷ്ഠിച്ചശേഷമേ കർമ്മാർഹത സിദ്ധിക്കു എന്നു സാരം.

"നതദ്ധ്യാനം, നതദ്ദാനം,—
നതജ്ഞാനം, ജപോനസഃ,
ത്രിപുണ്ഡ്രേണ വിനായേന—
വിപ്രേണ യദനുഷ്ഠിതം"

ഭസ്മത്രിപുണ്ഡ്രധാരണംകൂടാതെ (ഒരുവൻ) എന്തനുഷ്ഠിക്കുന്നോ, അതു ധ്യാനവും ജ്ഞാനവും ദാനവും ജപവും ആകുന്നില്ല, എന്നീ പ്രമാണം സിദ്ധാന്തിക്കുന്നു. തത്വസാരായണത്തിൽ ജ്ഞാനം കർത്തൃതന്ത്രമായി (കർത്താവിൻെറ ഇച്ഛയ്ക്കധീനമായി) പറയപ്പെട്ടിരുന്നാലും ശ്രീ ഭഗവത്പാദീയമതാനുഗാമികളും പ്രബല പ്രമാണ ശ്രുപാകരങ്ങളും ജ്ഞാനം വസ്തുതന്ത്രം (ഇന്ദ്രിയങ്ങൾക്കും പദാർത്ഥങ്ങൾക്കും ഉണ്ടാകുന്ന സംബന്ധാവസ്ഥയിൽ പുരുഷേച്ഛാനുരൂപം യഥാസ്ഥിതിക്കവിരുദ്ധമായി ഗ്രഹിക്കാൻ കഴിയാതെ വസ്തുസ്ഥിതിക്കനുരൂപമായുണ്ടാകുന്ന പദാർത്ഥബോധം) എന്നു സ്ഥാപിച്ചിരിക്കുന്നതിനാൽ "ന തജ്ജ്ഞാനം"

എന്നതുകൊണ്ടു് അപരോക്ഷാനുഭവത്തിൽ ഇതിനു് അഭിപ്രായമുള്ളതായി ശങ്കിപ്പാനില്ല. എന്നാൽ, പൂർവകാലികനിയമങ്ങളിൽ അത്യന്താപേക്ഷിതമായി എടുക്കേണ്ടതെന്നേയുള്ളു.

''ത്രിപുണ്ഡ്രമുദ്ധൂളനമാസ്തികോത്തമാഃ
സദാചരേച്ഛംകര വേദനേ രതഃ''

ശിവജ്ഞാനത്തിലുദ്യുക്തനായിരിക്കുന്നവൻ ഉദ്ധൂളനത്തെയും ത്രിപുണ്ഡ്രത്തെയും കൈക്കൊള്ളണമെന്നുപറയുന്നു. സംന്യാസിക്കു് ഉദ്ധൂളനവും (പൂശലും) ഗൃഹസ്ഥനുത്രിപുണ്ഡ്രവുമെന്നും പക്ഷംഉണ്ടു്. പഞ്ചവിധസ്നാനങ്ങളിൽ ''ആഗ്നേയം ഭസ്മനാസ്നാനം'' എന്ന സ്മൃതിവചനപ്രകാരം ഭസ്മസ്നാനം ആഗ്നേയസ്നാനമാകുന്നു. വാരുണാദിസ്നാനങ്ങളിൽ അശക്തനായിരിക്കുന്നവനു് ഈ (ഭസ്മ) സ്നാനം നിത്യകർമ്മാർഹതയെ ഉണ്ടാക്കുന്നു. ഭസ്മധാരണക്രമം ഇങ്ങനെയാകുന്നു. ഭസ്മം ഇടത്തുകയ്യിലിട്ടു വലത്തുകയ്യുകൊണ്ടു് മൂടിപ്പിടിച്ചു് ''അഗ്നിരിതിഭസ്മ, വായുരിതിഭസ്മ, ജലമിതിഭസ്മ, സ്ഥലമിതിഭസ്മ, വ്യോമേതിഭസ്മ, സർവംവാഇദം ഭസ്മ, മന ഏതാനി ചക്ഷൂംഷിഭസ്മാനി'' എന്നു തുടങ്ങി ''ഓം സദ്യോജാതം, പ്രപദ്യാമി സദ്യോജാതസ്യ വൈ നമോ നമഃ'', ഭവേ ഭവേനാതിഭവേ ഭവസ്വമാം ഭവോത്ഭവായ നമഃ, വാമദേവായ നമോ ജ്യേഷ്ഠായ നമഃ ശ്രേഷ്ഠായ നമോ രുദ്രായ നമഃ, കാലായ നമഃ, കാലവികരണായ നമോ ബലവികരണായനമോ ബലായനമോ ബലപ്രമഥനായ നമഃ സർവഭൂതദമനായ നമോ മനോന്മനായ നമഃ, അഘോരേഭ്യോഥ ഘോരേഭ്യോ ഘോര ഘോരതരേഭ്യഃ, സർവേഭ്യഃ സർവ ശർവേഭ്യോ നമസ്തേ അസ്തുരുദ്രരൂപേഭ്യഃ തത്പുരുഷായ വിദ്മഹേ, മഹാദേവായ ധീമഹി, തന്നോരുദ്രഃ പ്രചോദയാത്, ഈശാനഃ സർവ വിദ്യാനാം, ഈശ്വരഃ സർവ ഭൂതാനാം, ബ്രഹ്മാധിപതിർ ബ്രഹ്മണോധിപതിർ ബ്രഹ്മാശിവോമേ അസ്തുസദാശിവോം'', ഈ മന്ത്രങ്ങളെക്കൊണ്ടഭിമന്ത്രിച്ചു ''വസിഷ്ഠോ മൃത്യുഞ്ജയോനു

ഷ്ടപ്, ജലമിശ്രണേ വിനിയോഗഃ'' ഓം ത്ര്യംബകം യജാമഹേ_സുഗന്ധിം പുഷ്ടിവർദ്ധനം; ഉർവാരുകമിവ ബന്ധനാൻ മൃത്യോർ മുക്ഷീയമാമൃതാത്''' എന്നു ജലം ചേർത്തുമധ്യാംഗുലികൾ മൂന്നംകൂട്ടി പ്രണവ വ്യാഹൃതികൾ ചേർത്തു ഗായത്രിസഹിതം ലലാടം മുതലായ സ്ഥാനങ്ങളിൽ (തിര്യക്) വിലങ്ങത്തിൽ ത്രിപുണ്ഡ്രം ധരിക്കുക (പ്രണവവ്യാഹൃതി ഗായത്രികൾ) ''ഓംഭൂർഭുവഃ സ്വഃ തൽ സവിതുർവരേണ്യം ഭർഗ്ഗോദേവസ്യ_ധീമഹി, ധീയോയോനഃ പ്രചോദയാത്''' ഈ രീതി ആഹ്നിക ചന്ദ്രിക അനുസരിച്ച് ഉള്ളതാകുന്നു. ''അദ്യ,മമോപാത്ത ദുരിതക്ഷയദ്വാരാശ്രീപരമേശ്വരപ്രീത്യർത്ഥം ഭസ്മധാരണമഹം കരിഷ്യേ'' എന്നു സങ്കല്പംചൊല്ലി ''മാനസ്തോകേ തനയേ മാന ആയുഷിമാനോ ഗോഷുമാനോഅശ്വേഷുരീരിഷഃ, വീരാന്മാനോരുദ്രഭാമിതോവധീർഹവിഷ്മന്തഃ സദമിത്വാഹവാമഹേ'' എന്നു ഭസ്മമെടുത്തു ജലമിശ്രമാക്കി മുൻപറഞ്ഞ ഈശാനമന്ത്രം കൊണ്ടു ശിരസ്സിലും തത്പുരുഷമന്ത്രം കൊണ്ടു മുഖത്തും അഘോരമന്ത്രംകൊണ്ടു ഹൃദയത്തിലും വാമദേവമന്ത്രംകൊണ്ടു നാഭിയിലും സദ്യോജാതമന്ത്രം കൊണ്ടു പാദങ്ങളിലുംധരിക്കണമെന്നു ബ്രഹ്മകർമ്മത്തിൽ പറയുന്നു. പക്ഷാന്തരത്തിൽ 'മാനസ്തോകേ' എന്നുദ്ധരിച്ചു ജലമിശ്രമാക്കി__സവ്യാഹൃതി ഗായത്രി കൊണ്ടോ, ശൈവഷഡക്ഷരംകൊണ്ടോ ധരിക്കാം. കാലാഗ്നിരുദ്രോപനിഷത്തു പ്രകാരമാണെങ്കിൽ, മുൻപറഞ്ഞപോൽ ഭസ്മം 'സദ്യോജാതാ'ദിയായി 'സദാശിവോം' എന്നുവരെ ചൊല്ലിയിട്ടു 'മാനസ്തോകേ' എന്നതുകൊണ്ടെടുത്ത് 'മാനോമഹാന്തം' എന്നു ജലംകൂട്ടി 'ത്രിയായുഷം' എന്നതുകൊണ്ട് ശിരസ്സിലുംനെററിമേലും കഴുത്തിലും നെഞ്ചത്തും തൊട്ടിട്ട് ''ത്രിയായുഷ, ത്ര്യംബക__ത്രിശക്തി'' മന്ത്രങ്ങൾകൊണ്ട്ത്രിപുണ്ഡ്ര ധാരണം ചെയ്യണം. ഇതു ശാംഭവവ്രതമാകുന്നു. ഈ ത്രിരേഖകളിൽ ഒന്നാമത്തെ രേഖ ഗാർഹപത്യവും, അകാരവും, രജോഗുണവും, ഭൂലോകവും, സ്വാത്മാവും, ക്രിയാശക്തിയും, ഋഗ്വേദവും, പ്രാതഃസവനവും, മഹേശ്വരദേവതാകവും ആകുന്നു. രണ്ടാമത്തേതു, ദക്ഷിണാഗ്നിയും, ഉകാരവും, സത്വഗുണവും, അ

ന്തരീക്ഷലോകവും, അന്തരാത്മാവും, ഇച്ഛാശക്തിയും, യജുർവേദവും, മാദ്ധ്യന്ദിനസവനവും, സദാശിവദേവതാകവുമാകുന്നു. മൂന്നാമത്തേതു് ആഹവനീയാഗ്നിയും, മകാരവും, തമോഗ്ഗുണവും, ദ്യുലോകവും, പരമാത്മാവും, ജ്ഞാനശക്തിയും, സാമവേദവും, തൃതീയസവനവും മഹാദേവദേവതാകവും ആകുന്നു. ഇപ്രകാരം ഭസ്മത്രിപുണ്ഡ്രം (ബ്രഹ്മചാരിയോ, ഗൃഹിയോ, വാനപ്രസ്ഥനോ) ആരു ധരിക്കുന്നോ, അവൻ മഹാപാതകോപപാതകങ്ങളിൽ നിന്നു മുക്തനായി ഭവിക്കുന്നു. അവൻ സർവതീർത്ഥങ്ങളിൽ സ്നാനംചെയ്ത ഫലം അടയുന്നു. സർവവേദാധ്യയനഫലം അനുഭവിക്കുന്നു. സർവരുദ്രമന്ത്രജപഫലത്തെ പ്രാപിക്കുന്നു. സകല ഐശ്വര്യങ്ങളെയും ഭുജിക്കുന്നു. ദേഹാന്തരത്തിൽ സായുജ്യം അടയുന്നു. പുനരാവർത്തിക്കുന്നില്ല എന്നു ശ്രുതി ഘോഷിക്കുന്നു.

''ഭസ്മച്ഛന്നോ ദ്വിജോ വിദ്വാൻ
മഹാപാതകസംഭവൈഃ,
പാപൈർവ്വിമുച്യതേ നിത്യം
മുച്യതേ ന ച സംശയഃ

എന്നു സ്മൃതിയും പറയുന്നു. ഇപ്രകാരം മഹത്വമേറിയ ഭസ്മധാരണം സർവകാലം ഗ്രാഹ്യമാകുന്നു. ഊർദ്ധ്വപുണ്ഡ്രം ധരിക്കുന്നവർ അതിനുശേഷം ഭസ്മത്രിപുണ്ഡ്രം ധരിക്കേണ്ടതാകുന്നു. 'ഭസ്മനാനോർദ്ധ്വപുണ്ഡ്രംസ്സ്യാദ്ഭിർനൈവത്രിപുണ്ഡ്രകം' എന്നു പ്രമാണമുള്ളതിനാൽ ഭസ്മം കൊണ്ടു് ആരും ഊർദ്ധ്വപുണ്ഡ്രം ധരിച്ചുകൂടാത്തതാകുന്നു.

★

# 8. സ്വപ്ന നിരൂപണം

സ്വപ്നത്തെക്കുറിച്ച് പല അഭിപ്രായങ്ങളും വരുന്നതുകൊണ്ട് അതിനെപ്പററി സ്വല്പം നിരൂപിക്കേണ്ടിയിരിക്കുന്നു.

'വാസനാമാത്രസാക്ഷിത്വം സാക്ഷിണ: സ്വാപമുച്യതേ' എന്ന ശിവഗീതയനുസരിച്ച് സ്വാപം അല്ലെങ്കിൽ സ്വപ്നം സാക്ഷിഭാസ്യമാകുന്നു. സാക്ഷിഭാസ്യം എന്നുവച്ചാൽ ഇന്ദ്രിയാനുമാനാദി പ്രമാണവ്യാപാരം കൂടാതെ അവിദ്യാ വൃത്തിയാൽതന്നെ പ്രതീതി ഉണ്ടാകുന്നത് എന്നാകുന്നു താല്പര്യം. വ്യാവഹാരികാനുഭവകാലത്ത്, അതായത് ജാഗ്രദവസ്ഥയിൽ, സംഭവിച്ച സ്തന്യപാന ബാലക്രീഡാദികൾ അട്ടപ്പം കൊണ്ട് ആദ്യവയസ്സിൽ (ശൈശവത്തിൽ) സ്വപ്നംകാണുന്നതിൽനിന്നും ദേഹേന്ദ്രിയാദികളുടെ പാടവം നിമിത്തം യുദ്ധവാണിജ്യാദിവ്യാപാരങ്ങളിൽ പ്രവർത്തിച്ച വാസന തടിച്ച് അവ മദ്ധ്യവയസ്സിൽ സ്വപ്നംകാണുക പതിവാണെന്നും സ്വർഗ്ഗാദി ഊർദ്ധ്വലോകഗമനോത്സുകനായ ഒരാൾ വൃത്താദ്ധ്യായന കർമ്മജന്യമായി വരാനിരിക്കുന്ന ജന്മത്തിലെ അനുഭവം സ്വപ്നത്തിൽ കാണുമെന്നും ശിവഗീതയിലെ അനന്തര ശ്ലോകങ്ങളിൽ പറയുന്നു. സ്വപ്നാനുഭവത്തെ വിശദീകരിക്കുന്ന ശാബ്ദപ്രമാണത്തെയോ ആപ്തപ്രണീതാവ്യഭിചരിത ശാബ്ദപ്രമാണാനുകൂലമായ അനുഭവത്തെയോ മിഥ്യയെന്നു പറയാൻ പലരും സന്നദ്ധരായിരിക്കാം. വ്യഭിചാരിയായ (തെററുപററുന്ന) ചാക്ഷുഷപ്രത്യക്ഷത്തെയും സ്പാർശന പ്രത്യക്ഷത്തേയും വിശ്വസിക്കാതെ ഒരാൾ

മേൽപറഞ്ഞ കൂട്ടരെത്തന്നെ പാടേ മിഥ്യയെന്നുനിഷേധി ച്ചാൽ എന്തുഗതി? തോന്നുന്ന (പ്രതീതമാകുന്ന)തോ എന്നു ചോദിച്ചാൽ അതു് 'ന്യായമകരന്ദ'പ്പടി അവൻെറ വിഭ്രമമാണെന്നുവാദിക്കാം. ഭാവനാപ്രത്യക്ഷം പോലെ (ചാക്ഷുഷ) പ്രത്യക്ഷവും, സ്വപ്നാനുഭൂതം പോലെ സ്പർശനവും മിഥ്യയാണെന്നു പറയുന്ന സിദ്ധാന്തപക്ഷിയെ സ്വപ്നമിഥ്യാത്വവാദി എങ്ങനെ ശരിവയ്പിക്കും? വഴിയില്ലെന്നുസ്പഷ്ടം. എന്നല്ല, ശബ്ദപ്രമാണത്തെ ത്യജിക്കുമ്പോഠം വ്യവഹാരത്തിനും ലോപം വന്നുപോകും. അതുകൊണ്ടു് നമുക്കു് പ്രമാണപ്പടി ചിന്തിക്കാം. 'സൂചകശ്ചഹി സ്രുതേരാചക്ഷതേതദ്വിദ:' എന്ന ബ്രഹ്മസൂത്രം, ഭാഷ്യം മുതലായവ സ്വപ്നദർശനം സത്യവസ്തു പ്രാപ്തിസൂചകമാണെന്നു് ശ്രുതിപ്രമാണാവഷ്ടം ഭബലേനതെളിയിക്കുന്നു. അസത്യമായ സ്വപ്നം സത്യവസ്തു സൂചകമാകുമോ എന്നാണെങ്കിൽ സ്വപ്നത്തിൽ കണ്ട വ്യാഘ്രം നിദ്രാഭംഗത്തേയും പ്രബോധാനന്തരം നിലനിന്നുകാണുന്ന കമ്പവിഭ്രമാദികളെയുംത്തേയും ജനിപ്പിക്കുന്നതുപോലെ വരത്തക്കതാണെന്നു് സമാധാനമുണ്ടു്.

'ഛായാപ്രത്യാഹ്വയാഭാസ—
ഹ്യ സന്തോപ്യാർത്ഥകാരണ:'

എന്ന ശ്രീമദ് ഭാഗവതവാക്യവും ഛായ, പ്രതിധ്വനി, ശുക്തിരജതം മുതലായ അസൽ പദാർത്ഥങ്ങളുടെ കാര്യകരത്വത്തെക്കുറിച്ചു് വിവരിക്കുന്നു. (സ്വപ്നാംഗനാലിംഗനജന്യസ്ഖലനാദിയും ഉദാഹരിക്കാം.)

ചിന്താക്രാന്തനും വ്യാധിപീഡിതനും മററും കാണുന്ന സ്വപ്നം വിഫലമാകയാൽ അതിനെ ഇവിടെ ലക്ഷീകരിക്കുന്നില്ല. അതുപോലെ മൂത്രപുരീഷവേഗങ്ങളെ തടയുക കൊണ്ടും ഭയപീഡിതനായി ഭവിക്കകൊണ്ടും ഉണ്ടാകുന്ന സ്വപ്നവും ഗ്രഹിക്കത്തക്കതല്ല. പ്രഥമയാമത്തിലെ സ്വപ്നം ഒരു സംവത്സരത്തിനകവും, ദ്വിതീയയാമത്തിലേതു് എട്ടുമാസത്തിനകവും മൂന്നാം യാമത്തിലേതു് മൂന്നുമാസ

ത്തിനകവും നാലാം യാമത്തിലേതു് പക്ഷത്തിനകവും ഫലിക്കുന്നതാണത്രേ. അരുണോദയ സമയത്തുകാണുന്ന സ്വപ്നം സദ്യ: ഫലപ്രദമായിത്തീരും. ഈദൃശ സംഗതികഠം വിസ്തരിച്ചു് ബ്രഹ്മവൈവൎത്തം, മാത്സ്യം മുതലായ പുരാണങ്ങളിലും സ്വപ്നാദ്ധ്യായങ്ങളിലും പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. ഇന്ന ഇന്നമാതിരി സ്വപ്നം ഇന്ന ഇന്നവിധത്തിലുള്ള ഫലത്തെ സൂചിപ്പിക്കുംഎന്ന ഭാഗം വളരെ സൂക്ഷ്മമാകയാൽ ഇവിടെ കാണിക്കണമെന്നു വിചാരിക്കുന്നില്ല. കാരണങ്ങളാൽ നിഷേധിക്കപ്പെട്ട ജാതിസ്വപ്നങ്ങളൊഴിച്ചു് വളരെ നാളായി ഞാൻ കാണാറുള്ള സ്വപ്നങ്ങഠം ഫലിക്കാതിരുന്നതായി തോന്നുന്നില്ല. മേൽ പ്രസ്താവിച്ച യാമക്രമമനുസരിച്ചുതന്നെ ഫലവും കണ്ടിട്ടുണ്ടെന്നുപറയാൻ ധൈൎയ്യവുമുണ്ടു്. അരിഷ്ടാദ്ധ്യായങ്ങളിൽ പറയപ്പെട്ടിരിക്കുന്ന മൃത്യുസൂചകങ്ങഠം സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ചിലപ്പോഠം തെററിപ്പോയാലും യോഗികളുടെ വിഷയത്തിൽ യഥാൎത്ഥ ഫലങ്ങളാണെന്നു് ആചാൎയ്യന്മാർ പറയുന്നതുനോക്കിയാൽ ഫലവൈപരീത്യം സൂചകദ്രഷ്ടാക്കളുടെ (ഉപാധി) സംസ്കാരക്കുറവുകൊണ്ടായിരിക്കണം. കാഷ്ഠം, ജലം, ലോഹം മുതലായവയിൽ സംക്രമിക്കുന്ന അഗ്നി ഒന്നാണെങ്കിലും കാൎയ്യവിഷയത്തിൽ വളരെ ഭേദം കാണുന്നതുപോലെ വസ്തുസച്ചൈതന്യത്തിൻെറ പ്രതിഫലനത്തിലും ഉപാധികൃതതാരതമ്യം കാണുന്നുണ്ടല്ലോ. ഇങ്ങനെയാകുമ്പോഠം അസ്മാദൃശന്മാർ അനുഭവിക്കുന്നമാതിരി സ്വപ്നഫലം മററുചിലർക്കു് ഉണ്ടാകാത്തതിനു് തക്ക ന്യായവും കിട്ടുന്നുണ്ടു്.

ഈദൃശവിഷയങ്ങളിൽ എനിക്കുണ്ടായിട്ടുള്ള അനുഭവങ്ങളുടെ ബാഹുല്യത്താൽ അവ ഉദാഹരണക്ഷമങ്ങളല്ല. അപ്രാപ്യമായ ഒരു ഇഷ്ടവസ്തുവിൻെറ നാശത്തെക്കുറിക്കുന്ന സൂചനം ഉണ്ടായകാലത്തു് അതു് എങ്ങിനെ ഘടിക്കുമെന്നു് ശങ്കിച്ചിരുന്നുഎങ്കിലും ഉടനെ ഹസ്തപ്രാപ്തമായിത്തീർന്നു് നഷ്ടപ്പെടുകകൂടിചെയ്തു. 'ഹൃദയം' ഇല്ലാതെ (എല്ലാം) യാദൃച്ഛികം എന്നു നിലവിളിക്കുന്നവർ സൎവ്വ

ശക്തനെക്കുറിച്ച് നിഷേധിച്ചിരുന്ന നമ്മുടെ പഴയ സയൻറിസ്ററ് ഡാക്ടരുടെ ശിഷ്യനാണെന്നുസമാധാനപ്പെടാം.

ഇതിൽ (ഡയറിയിൽ) പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഒരു അതിപരിദേവനാഭാസ വേളയിൽ അനുഷ്ഠിക്കപ്പെട്ട പഞ്ചഷ (അഞ്ചാറ്) ഉപവാസങ്ങളും ജപങ്ങളും ഫലിച്ചതായി സഗുണദേവപ്രസാദസൂചനം (അനുഗ്രഹം) ഉണ്ടായതും അതിൻെറ സന്നിഹിതഘട്ടത്തിൽ തന്നെ പരിദേവനഹേതുക്കൾ ക്ഷോദക്ഷമമല്ലാത്തവിധം അന്യഥാപരിണമിച്ചതും പ്രത്യേകം പ്രസ്താവയോഗ്യമാണ്. സ്വപ്നത്തിലെ വിപ്രൻ ദേവനാണെന്ന് സ്വപ്നാദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു.

''ദീവ്യതിക്രീഡതേയസ്മാ-
ദ്രോചതേ ദ്യോതതേദിവി
തസ്മാദ്ദേവ ഇതിപ്രോക്ത:
സ്തൂയതേ സർവ്വദൈവതൈ:''

എന്ന വിധമുള്ള ദേവന് (ദ്യോതനാത്മകനായ പരമേശ്വരന്) വിപ്രരൂപഉപാധിയിൽ അഭിനിവേശം സംഭവിപ്പാൻ കാരണം ചോദിക്കുമായിരിക്കും. അത്യന്തജഡഭ്രു പ്രദേശത്തിന് ദേവതാവതാരസ്ഥലമെന്ന ഭാവത്തിൽ ഹിന്ദുക്കളും അന്യമതസ്ഥരും മാത്രമല്ല ദേവന്മാരും കൂടി മഹത്വം കല്പിക്കുന്ന സ്ഥിതിക്ക് ചൈതന്യ വ്യക്തികൊണ്ടും ദേവാവതാരാർഹത കൊണ്ടും ഭൂതഗതി കൊണ്ടും കീർത്തിപ്പെട്ട ആര്യബ്രാഹ്മണ ഉപാധിയിൽ പററുമാനം ഉണ്ടാകത്തക്കതാണെന്ന് സമാധാനം പറയാം.

★

# സ്വപ്നാനുഭൂതി

(1091 കർക്കടകം 16-ാം തീയതി സ്വാമികൾക്കുണ്ടായ ഒരു ദുർഘടഘട്ടത്തെപ്പററി ഒരനുസ്മരണം)

ഇന്നേദിവസം ഒരു ദുർഘടഘട്ടമായിരുന്നു. അതു് സർവ്വോപരിയുമായിരുന്നു. 73 ധനു, 89 കർക്കടകം, 91 ഇടവം ഈ മൂന്നവസരങ്ങളിലുണ്ടായ ഘട്ടങ്ങൾ ജീവിതത്തിൽ ദുർഗ്ഗങ്ങളായിരുന്നു. ലോകബോധ്യത്തിനൊന്നുമില്ലാത്തതിനാൽ മിഥ്യാരോപം മാത്രമാണു്. ബ്രഹ്മാനുഭൂതിയൊഴിഞ്ഞെല്ലാം കലങ്ങി. 89-ലെ ദുർദ്ദശ നീങ്ങുമെന്നു് ഇഷ്ടദേവപ്രസാദസൂചകമായി ഗജപൃഷ്ഠാധിഷ്ഠിതനാക്കി നദികടത്തിയ പ്രകാരം കണ്ട സ്വപ്നം നാലാറു നാൾക്കകം ഫലിച്ചു സുഖമുണ്ടായി. ഇപ്പോൾ ദേവഹസ്തത്താൽ ദത്തമായ ക്ഷീരപാനം ദർശനവിഷയമാകയും, ഏഴുദിവസംകൊണ്ടു സ്വാസ്ഥ്യനാവുകയും ചെയ്തു. പക്ഷേ, സ്വപ്നം ഭ്രാന്തിമൂലകമെന്നും, മൂഢവിശ്വാസമെന്നും പരിഷ്കാര വിഭ്രാന്തലോകം വ്യാപിക്കും. മൂഢവിശ്വാസം കൂടുമെന്നിരുന്നതു് ആംഗല വിദ്യാശാല വിട്ടപ്പോൾ ഉപേക്ഷിക്കപ്പെട്ടുഎങ്കിലും പ്രത്യക്ഷസിദ്ധമായവ അപലപിക്കപ്പെടുന്നതല്ലായ്കയാൽ മൗഢ്യമേതെന്നു് മൂന്നാമൻ വിധിച്ചുകൊള്ളും. ദേവാനുഗ്രഹത്തിനുപകരം സംസ്കൃതമായ മനസ്സിന്റെ സങ്കല്പശക്തികൊണ്ടല്ലേ ഫലലാഭമെന്നു് വേദാന്തയോഗികൾ ശങ്കിച്ചേക്കും. എനിക്കും അങ്ങനെ പക്ഷം ഇല്ലാതെയില്ല. എന്നാൽ അങ്ങനെ ഊച്ചു് സഗുണ പരമേശ്വരാനുകൂല്യമെന്ന ഒന്നിനെ തള്ളുകയോ എന്നിരുന്ന ഘട്ടങ്ങളിൽ ആവിധ സങ്കല്പലേശമേശാതെയുണ്ടായ അനുഗ്രഹ സൂചകങ്ങളും ഫലങ്ങളും സഗുണപരമേശ്വരനെ താങ്ങുന്നു എന്നുതന്നെ ഇന്നും വിചാരമുണ്ടു്. ഏതുതരം അനുഭോഗവും പ്രാരബ്ധഫലമാകയാൽ ഞങ്ങൾക്കു മററൊരു മാർഗ്ഗമുണ്ടോ എന്നൊരു ചോദ്യത്തിനു് ഇല്ല തന്നെ എന്നാണു് ഉത്തരം. പിന്നെ ദേവാനുഗ്രഹമോ? അതും അതുതന്നെ. ജ്ഞാനം ഉദിച്ചാൽ 'ബദ്ധൻ' എന്ന ഒരു ഭ്രമം ഒഴിച്ചു് പലതും തോന്നാം; എന്നാൽ

അതു് (ബന്ധഭ്രമം) ദൂരെ നിരസ്തമായിരിക്കും എന്നു വിശേഷം. (തീരെ ഉണ്ടാകയില്ല, എന്നു സാരം) ഈ സന്ദർഭത്തിൽ, യോഗചര്യക്കാലത്തു് മൂന്നുവർഷത്തോളം ഇടമുറിയാതെ ഇരുത്തിയിരുന്ന മനോനിരോധം മറ്റൊന്നും ഓർക്കാത്തവണ്ണം ശരിയാക്കി ശരത്ക്കാലത്തു് ആകാശമെന്നവിധം സത്വപ്രസാദം ഉണ്ടാകയും ചെയ്തു. ആഹോ! ഗുരുജനാനുഗ്രഹം! ശിവം!

ഓർത്തില്ല, ഇതുകണ്ടു ജയിച്ചു എന്നു ഞെളിയാനില്ല. പ്രാരബ്ധത്തിൻെറ വേഗം കുറയുമ്പോൾ നിരോധവും മററും പററും.

'സദൃശം ചേഷ്ടതേ സ്വസ്യാഃ
പ്രകൃതേർജ്ഞാനവാനപി
നിഗ്രഹഃ കിം കരിഷ്യതി?'

എന്നല്ലേ ശ്രീ ഭഗവാൻ അരുളിച്ചെയ്തതു് ഇതുകൊണ്ടു് ജ്ഞാനിയും പ്രാരബ്ധാനുസാരം ഇളകാതെയിരിക്കയില്ലെന്നും, സംയമനവും മററും എവിടെ പററുമെന്നും ആയില്ലേ.? സോളൻ പറഞ്ഞതു് എന്നും ശരി. പിന്നെ, ഞങ്ങൾക്കിണങ്ങിയ പരോപകാരമായ പുസ്തകരചന, പ്രസംഗം, ഉപദേശം മുതലായതുപോലും താഴെവച്ചു് ബാഹ്യത്തിൽ ഒരിക്കലും മാനം അയക്കാതിരുന്നാൽ പ്രാരബ്ധമുണ്ടാകയില്ലെന്ന ശ്രുതിയും അനുഭവും ശരിയാകും. ആ ഇരിപ്പും പ്രാരബ്ധാധീനം തന്നെയാണു്. പോകട്ടെ. സ്വയം പ്രകാശമായ സ്വബോധം വിളങ്ങുമല്ലോ.

★

# 9. പ്രാരബ്ധചിന്ത

ഗ്രഹദോഷം എന്നതിൽ കുറേ വിശ്വസിക്കാതെ നിവൃത്തിയില്ല. അന്നുണ്ടായതും ആ ഇടവമാസത്തിൽ ഇപ്പോഴും മഹാവൃക്ഷം പോലെ കാണ്ഡപുഷ്പ പടലീവിരാജമാനമായി നില്ക്കുന്നതുമായ ദുരദൃഷ്ടപരമ്പര (പ്രാരബ്ധ സഞ്ചയം) തുല്യമില്ലാത്തവയാണ്. ദേഹപാതത്തിനു് ഈ സന്ധികളിൽ പുഷ്കലകാരണങ്ങളും ഉണ്ടായിരുന്നു. എന്നാൽ പ്രാരബ്ധമിരിക്കെ ദേഹപാതം ഉണ്ടാകയില്ലെന്നുള്ള ശ്രുത്യനുഭവ പ്രമാണബലത്താൽ അങ്ങനെ സംഭവിച്ചില്ല. ദേഹപാതം പലർക്കും—ജ്ഞാനികൾക്കും കൂടി—സുഖഭൂമിയായിത്തോന്നിയില്ലെന്നുവരാം. ഇതങ്ങനെയല്ല. സ്വരൂപാനുഭവം ഉണ്ടായതിനുശേഷം ഞാനതിനെ പ്രതീക്ഷിച്ച് വേഷം കെട്ടിയിരിക്കുകയാണ്. (ബാഹ്യാഭ്യന്തരങ്ങളാൽ ഒരുപോലെ) ഒരുങ്ങിയിരിക്കുകയാണെന്നുതാല്പര്യം. വിദേഹമുക്തിയും ജീവന്മുക്തിയും ഭേദമില്ലെന്ന് ചിലർ പറയുമെങ്കിലും അതത്ര ശരിയല്ല. ലോകവ്യവഹാരത്തിലെത്രത്തോളം കുറവുവരുന്നോ അത്രയ്ക്ക് ജീവന്മുക്തിസുഖം വർദ്ധിക്കും. ഇതാണ് വേദാന്തസിദ്ധാന്തം. അനുഭവവും ഇപ്രകാരം തന്നെ. അങ്ങനെയാണെങ്കിൽ, ശരീരപാതാനന്തരമുണ്ടാകുന്ന വിദേഹാവസ്ഥയിൽ രുചി കൂടുമല്ലോ. പിന്നെ, മുക്തന്നുദേഹപാതം പ്രാർത്ഥനാ വിഷയമാകാതെ വരുന്നതെങ്ങനെ. ദേഹപാതത്തെക്കുറിച്ച് ഇച്ഛാനിച്ഛകൾ പറയാനില്ല.—എന്തെന്നാൽ അതും പ്രാരബ്ധാധീനമാണല്ലോ. എന്നാൽ ദേഹം വീണാൽ തൊല്ലയൊഴിഞ്ഞു എന്നു തോന്നാതിരിക്ക

യില്ല. 'നാദ്യാപി കർമ്മ ന ഛിന്നമിതി ക്ലിശ്യന്തിസന്തതം' കർമം (പ്രാരബ്ധം) ഒടുങ്ങിയില്ലല്ലോ എന്നു വിചാരിച്ച് ക്ലേശിക്കുമെന്നും ഈ ക്ലേശം സംസാരജമല്ലാത്തതിനാൽ വൈരാഗ്യത്തിനുള്ളതേ ആയിരിക്കു എന്നും പഞ്ചദശിയിൽ പറയുന്നുണ്ടല്ലോ. അപ്പോൾ പ്രാബ്ധമില്ലെന്നുപറയുന്നതു് ഭയം കൊണ്ടാണെന്നുകിട്ടുന്നു. ഭയം, വല്ലവരും പറഞ്ഞാലോ എന്നുവച്ചാണ്. അവർക്ക് ശാസ്ത്രവും, അനുഭവവും ഇല്ല. എന്നാൽ മനോവൃത്തി ഒന്നിനേയും ഗ്രഹിക്കാത്തപ്പോൾ പ്രാരബ്ധം ഇല്ലെന്നു വേണമെങ്കിൽ പറയാം.

'ഇഷുചക്രാദിദൃഷ്ടാന്തൈർ
നൈവാരഭ്യതേവിനശ്യതഃ'

എന്നു് അധികരണ മാലയിൽ സിദ്ധാന്തിച്ചിട്ടുണ്ട്. കൈവിട്ട അസ്ത്രവും, തിരിച്ചുവിട്ട കുലാലചക്രവും വേഗബലത്താൽ കുറേക്കൂടികാര്യം ചെയ്യുന്നതുപോലെയാണെന്നാണ് സിദ്ധാന്തം. ഇതിനുമുൻപ് 72-ാം കൊല്ലവർഷത്തിൽ ഇതിനോടേകദേശം ഒക്കന്നെ ഒരു സന്ദർഭം ഉണ്ടായിരുന്നു എന്നു് ഇപ്പോൾ തോന്നുന്നുണ്ട്. പക്ഷേ, വൈരാഗ്യാഭ്യാസാദികളുടെ കാലം ആയിരുന്നതിനാൽ അന്നു പ്രാരബ്ധങ്ങൾ ദൂരെക്കൂടി കടന്നു പോയതേഉള്ളൂ. അപ്പോൾ 'സമാധിപ്രധാന'നായ യോഗിയേപ്പോലെ ഇരുന്നതിനാൽ അവ അടുത്തു വന്നില്ല. പിന്നീട് 82_ൽ തുടങ്ങി അതിലും കവിഞ്ഞ കുറെ കഷ്ട പ്രാരബ്ധങ്ങൾ തലയെടുത്തുനിന്നു. അന്ന് 'വിവേകപ്രധാന'ന്മാരായ ജനകാദികളെപ്പോലെ അതൊന്നും കൂട്ടാക്കാതെ ഉറപ്പിൽകഴിച്ചു. ഇപ്പോഴാകട്ടെ വ്യവഹാര പ്രധാനന്മാരായ യുധിഷ്ഠിരാദികളെപ്പോലെ പ്രാരബ്ധത്തിൽ മുഴുകിയിരിക്കുകയാണെന്നുപറയണം.

''വൈരാഗ്യോപരതീപൂർണ്ണേ
ബോധസ്തുപ്രതിപദ്യതേ
യസ്യ തസ്യ ന മോക്ഷോസ്തി
പുണ്യലോകസ്തപോ ബലാത്

പൂർണ്ണേബോധേ തദന്യൗ ദ്വൗ
പ്രതിബദ്ധൗ യദാ തദാ
മോക്ഷോവിനിശ്ചിതഃ കിന്തു
ദൃഷ്ടദുഃഖം ന നശ്യതി.''

എന്ന പ്രമാണം നോക്കുക. ഇക്കാലങ്ങളിൽ, അരവയറാക്കുമാറ് കഴിക്കാറുള്ള വന്യാശനം (കിഴങ്ങ്-ധാന്യം മുതലായതു്) ഉപയോഗിക്കാൻ ഒത്തിട്ടില്ല; കിട്ടിയാൽ വേണ്ട; സഞ്ചാരത്തിലുപവാസം. ഇങ്ങനെയായി. പരമാത്മത്തിൽ പല ഉദ്യമങ്ങളിലും മതപരിഷ്കാരങ്ങളിലും ചാടി; ഗൃഹപ്പിഴസന്ധിക്കുമുമ്പ് വിചാരിക്കുന്നതെല്ലാം ക്ലിപ്തസമയത്തുതന്നെ നിർവിഘ്നം സാധിക്കുമായിരുന്നു. ഇപ്പോളെല്ലാം മുട്ടുന്നുവെന്ന് ഖേദം. തടസ്ഥമോ വിളംബമോ സഹിക്കാത്ത സ്വഭാവമാണുള്ളതുതാനും. ഇതിനെയെല്ലാംകൊണ്ടും ദൃഷ്ടപ്രാരബ്ധം ഒത്തിരുന്നുവെങ്കിലും എടുത്തു ചോദിക്കുന്നവൎക്ക് കാണ്മാനൊന്നുമില്ല. ഉള്ളതു് മേൽകൊണ്ടതുമല്ല. അപ്പോൾ സ്വതേ തനിക്കു വ്യസനമില്ലാതെ രക്ഷിതാവിനുവേണ്ടി കരഞ്ഞ അമ്മച്ചിയെപ്പോലെയാകുന്നു. അതായതു് ''വായക്കരപ്പോററി ചത്തു പോയല്ലോ നമ്പൂരിശ്ശാ;'' ''അതിനു നിനക്കെന്തടീ? അടിനൊരു വസ്തുവില്ലേ ''

ആന്തരമായി പറയുമ്പോൾ ബ്രഹ്മവിത്തുകളുടെ വാസ്തവം ഇത്രത്തോളമേ ഉള്ളു. മുട്ടിക്കൂടുമ്പോൾ സ്ഥിതി ഇപ്രകാരമാകയാൽ ജ്ഞാനിക്കു് ഒന്നും ഇല്ലെന്നുപറയുന്നതും ശരിയല്ലെന്നുവരുന്നു.

x x x x x x x x

ഇതിനകം കഴിഞ്ഞിടത്തോളം കൊണ്ടു് 'ദൈവം' എന്നുപറയുന്ന പൂർവ്വകർമ്മരൂപ പ്രാരബ്ധത്തിനോ 'ഇജ്ജന്മകർമ്മ'രൂപ പൗരുഷ(യത്ന) ത്തിനോ ബലമെന്നു തീർച്ചയാക്കാറായി. വസിഷ്ഠർ പറയുംപ്രകാരമാണെങ്കിൽ, മേഷയുദ്ധം (ആടുകളുടെ ഇടി) പോലെയും, ബലമേറിയതിൻെറ ജയം പോലെയും പൗരുഷത്തിനു ശക്തി

കൂട്ടിയാൽ ജയിക്കാമെന്നാണ് ഇരിപ്പ്. ഇതു് ആത്മ ജ്ഞാനത്തെ സംബന്ധിച്ചിടത്തോളം എടുക്കത്തക്കതെന്നു് അനുഭവപ്രകാരം സമ്മതിക്കേണ്ടിയിരിക്കുന്നു. എന്നാൽ മററുസകലത്തിലും 'ശ്രീഭഗവാൻെറ' അഭിപ്രായം തന്നെ ബലപ്പെട്ടുനില്ക്കുന്നുവെന്നു പറയണം.

''സദൃശം ചേഷ്ടതേ സ്വസ്യാഃ
പ്രകൃതേർ ജ്ഞാനവാനപി''

എന്നാണ് ഗീതയിൽ പറയുന്നതു്. ജ്ഞാനിപോലും പ്രാരബ്ധത്തിനു് അടിപ്പെട്ടുവർത്തിക്കുന്നുവെന്നു താല്പര്യം. വർത്തമാന ദേഹത്തിനു് ഹേതുവായ കർമ്മ സഞ്ചയത്തെയാണു് പ്രാരബ്ധമെന്നുപറയുന്നതു്. ഈ കർമ്മത്തെ മാററിമറിക്കാൻ ഈശ്വരൻ പോലും അശക്തനെന്നുപറഞ്ഞുകൊണ്ടു് 'നളരാമയുധിഷ്ഠിരാദികളെ വിദ്യാരണ്യസ്വാമികൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അനുഭവവും അങ്ങനെ തന്നെ. എന്തെന്നാൽ, ചെന്ന വയസ്സിൽ കൂടുതൽ ഭാഗവും, പരമശിവ ഭക്തിയിൽ മുഴുകിയിരുന്ന ശ്രീ ഭഗവത്പാദാചാര്യർ, സാംബസേവാപരായണനായിരുന്ന വിദ്യാരണ്യ സ്വാമി, ശ്രീകൃഷ്ണാനുരക്തനായിരുന്ന മധുസൂദന സരസ്വതിസ്വാമി. ശിവപരനായിരുന്ന ശ്രീമണിവാചകർ സ്വാമി, തുടങ്ങിയവരേപ്പോലെ (ഒരു തീർന്ന വേദാന്തി ആയിരുന്നിട്ടും) ശ്രീ ഹരിഭക്തി പരായണനായി കഴിഞ്ഞുവരവേ പ്രാരബ്ധം ഒഴിഞ്ഞിടമാറായ്കകൊണ്ടാകുന്നു ഇങ്ങനെ പറഞ്ഞതു്. പിന്നെ, ''ന ദേവാ യഷ്ടിമാദായ രക്ഷന്തി പശുപാലവത്.'' ദേവന്മാർ, മാടു മേയ്ക്കുന്നവനെപ്പോലെ, തടിയുമെടുത്തുകൊണ്ടു നടന്നു് രക്ഷിക്കാറില്ലെന്നു് നീലകണ്ഠഭാരതി സ്വാമി പറഞ്ഞതും ഓർക്കേണ്ടതാണു്. ദേവന്മാർ എന്നതിലെ ബഹുവചനത്തിൽ വക്താവിനു് അഭിപ്രായമില്ല. സ്വേച്ഛയാ ദേവൻ ഗ്രഹിക്കുന്ന അനേകവിധ രൂപങ്ങളെ അപേക്ഷിച്ചു പറയുന്നതാകയാൽ ആത്മൈകത്വത്തിൽ വിരോധമുണ്ടാകുന്നില്ല. മഹാമഹിമയുള്ള ശ്രീരാമൻ വനത്തിൽ വച്ചു് വൃക്ഷച്ചുവട്ടിൽ ശയനീയമാംവണ്ണം കിടക്കുന്നതുകണ്ടു്, പരിതാപപ്പെടുന്ന ഗുഹനോടു് ''ആരും തന്നെ, ആരുടേയും സുഖ

ദുഃഖങ്ങൾക്കു നിമിത്തമാകുന്നില്ല; ജന്മാന്തരങ്ങളിൽ അവരവർ ചെയ്ത കർമ്മകലാപം മാത്രം അതിനു ഹേതുവാകുന്നു'' എന്നു് ലക്ഷ്മണൻ പറഞ്ഞതും 'ഗഹനാ കർമ്മണോ ഗതി:' എന്നു് ഭഗവാൻ അരുളിച്ചെയ്തതും പ്രത്യേകം ഓർക്കേണ്ടതാണു്. ഇത്രയുംകൊണ്ടു് ദൈവം എന്നു പറയുന്ന പൂർവ്വകർമ്മത്തെ പുരസ്കരിക്കാമെന്നല്ലാതെ പുരുഷയത്നം വേണ്ട എന്നു വരുന്നില്ല.

x x x x x x x x

ബ്രഹ്മാനുഭവം സൂര്യപ്രകാശം പോലെ സഹജമായും ഇടമുറിയാതെയും ഉണ്ടു്. എന്നാൽ സൂര്യഭാസുതട്ടിയ ചുവരിന്മേൽ അനേകം കണ്ണാടികളിലൂടെ പകർന്ന വിശേഷപ്രകാശംപോലെ പ്രാരബ്ധ ശകലങ്ങൾ മുന്നണിയിൽ നില്പാകും. ഇവ ഹാനികരങ്ങളാകയില്ലെങ്കിലും ക്ലേശമുണ്ടാക്കുമെന്നു് പരവിജ്ഞാന ശാലികളായ ബ്രഹ്മർഷിരാജർഷികളുടെ ചരിത്രം കൊണ്ടു കാണാം. ''പ്രാരബ്ധം നീങ്ങുമ്പോൾ ഉദ്യമം അവസാനിക്കും എന്നല്ലാതെ അതു് ധ്യാന സഹസ്രം കൊണ്ടും അടങ്ങുകയില്ല.'' എന്നാണല്ലോ വേദ വ്യാഖ്യാതാവായ വിദ്യാരണ്യസ്വാമികൾ പറയുന്നതു്. വ്യാഘ്രമാണെന്ന വിചാരത്തോടെ അയച്ച അമ്പു് ആയതു പശുവാണെന്നു് അറിവുണ്ടാകുന്നപക്ഷം നിന്നുകളയാതെ ലക്ഷ്യഭേദം ചെയ്യുംപോലെയാണു് ജ്ഞാനം വന്നാലും പ്രാരബ്ധവേഗം ഉണ്ടാകുന്നതു്.

x x x x x x x x

പ്രതി നിയത ദേശകാലങ്ങളിൽ (അതതു സ്ഥലകാലങ്ങളിൽ) നിശ്ചയമായി അനുഭവിക്കേണ്ട പ്രാരബ്ധം മറെറാരുവഴിക്കു മാററാമെന്നുവരുമ്പോൾ അതു് പ്രാരബ്ധമേ ആകയില്ല. പ്രാരബ്ധം (ജീവന്മുക്തദേഹത്തിൽ അനുഭവിച്ചുതന്നെ തീരണമെന്ന കർമ്മങ്ങൾ) മാത്രം അനുഭവിക്കുകയും സഞ്ചിത കർമ്മങ്ങൾ ജ്ഞാനം കൊണ്ടു നശിക്കുകയും, ആഗാമി (ജ്ഞാനം സിദ്ധിച്ചതിനുശേഷമുണ്ടാകുന്ന കർമ്മങ്ങൾ) ഫലം കൊടുക്കാൻ ശക്തങ്ങളാകാതെ

ദഗ്ധബീജംപോലെ ആകയും ചെയ്യും. ചിലർക്ക് സുഖദുഃഖങ്ങൾ കാഞ്ഞിരിക്കുന്ന പ്രാരബ്ധമാകയാലാണ് 'ബ്രഹ്മവിത്തെന്നും, വരിഷ്ഠനെന്നും' മററും വിജ്ഞാനികളിൽ വിഭാഗം ഉണ്ടായതു്. സഞ്ചിതാഗാമികൾ ജ്ഞാനിക്കില്ലെന്നു് ബ്രഹ്മസൂത്രവും ആഗാമിയുടെ ഫലമെടുക്കുന്നതു് അവരെ വന്ദിക്കുന്നവരും നിന്ദിക്കുന്നവരുമാണെന്നു് കൗഷീതകി ഉപനിഷത്തും പറയുന്നു. പൂർവ്വമഹർഷിമാർക്കും രാജർഷിമാർക്കും ഇതാണു് അനുഭവം. സുഖദുഃഖങ്ങളും പ്രാരബ്ധഫലമാണു്. പ്രാരബ്ധം അവശ്യം ഭാവിയുമാണു്.

☆

# 10. പുനർവിവാഹം *

"ഭർത്തരി പ്രേതേ ബ്രഹ്മചര്യം തദനാരോഹണം വാ"—(ഭർത്താവു മരിച്ചാൽ ബ്രഹ്മചര്യം ദീക്ഷിക്കുകയോ "ഉടൻ-തടി" ചാടുകയോ വേണം) എന്നു വിഷ്ണുസ്മൃതിയിൽ പറയുന്നുണ്ട്.

'സ്മരണം കീർത്തനം കേളി:
പ്രേക്ഷണം ഗുഹ്യഭാഷണം;
സംകല്പോധ്യവസായശ്ച
ക്രിയാനി വൃത്തിരേവച'

എന്ന അഷ്ടാംഗ ബ്രഹ്മചര്യമോ, "ബ്രഹ്മഭാവേ മനശ്ചാരം ബ്രഹ്മചര്യം തദുച്യതേ" എന്ന ഉപനിഷത്തു പ്രകാരമുള്ള സാക്ഷാൽ ബ്രഹ്മചര്യമോ ദീക്ഷിക്കാൻ സ്ത്രീകളെക്കൊണ്ട് ദുസ്സാധ്യം എന്നു കണ്ടു മഹാനുഭാവന്മാരെങ്കിലും സ്ത്രീകളിൽ വജ്ര കഠിന ഹൃദയന്മാരായിരുന്നേർപ്പെടുത്തിയ 'ഉടൻ തടിചാട്ടം' (കട്ടു), വിശ്വ വിഖ്യാതനും സർവ്വജ്ഞ പീഠാരോഹ ബിരുദാങ്കിതനും സർവശാസ്ത്രരഹസ്യവേദിയും.ആയ ശങ്കര ഭഗവൽപാദർ നിഷേധിക്കയും, ബ്രിട്ടീഷ് ഭരണനയ നൈപുണ്യത്താൽ നിശ്ശേഷം തടയുകയും ചെയ്തിരിക്കുന്നുവല്ലൊ. "തസ്മാദുഹ ന സ്വ: കാമ്യായുഷ: പ്രാങ്ങ്ന പ്രേയാത്" എന്ന വേദവാക്യം ന്യായ സാധാരണത്താൽ അല്പാസ്ഥിര സുഖഭ്രമിയായ സ്വർഗ്ഗം കൊതിച്ചു നിത്യസുഖ പ്രാപ്തിയോഗ്യമായ ദേഹം ഉപേക്ഷിപ്പാൻ (മരിക്കാൻ) ആയുസ്സുള്ളപ്പോഴും കാംക്ഷിക്കരുതു്

---

* ജി. രാമൻമേനോന്റെ പൗരനിൽ പ്രസിദ്ധം ചെയ്തതു്.

എന്നു് പറയുന്നതു് ഉടൻ കെട്ടയെ പ്രായേണ നിഷേധിക്കുന്നു. പിന്നെ.

''അനാരോഹഃ കലൗ ഭദ്രേ!
നാഭിപ്രേതഃ കദാപിമേ;
അക്ഷതായാഃ ക്ഷതായാ വാ
പാതിവ്രത്യാഗ്നിനാ വിനാ.
അഭാവ ഏതാദൃക്ശക്തി
സാന്നിധ്യ മരണേന കിം;
ധർമ്മാരംഭം ശരീരം തദ്
ബ്രഹ്മഭാവേധിയം നയേത്'''

എന്നു പത്മാഗമത്തിലും പറയുന്നുണ്ടു്. ഇങ്ങനെ ഉടൻ കെട്ടയേറൽ നിഷേധിക്കപ്പെട്ടതു ശാസ്ത്രാനുഗുണവുമായി. രണ്ടാമത്തെ പക്ഷമായ ബ്രഹ്മചര്യം ചില ദ്വിജാദികളുടെ ഇടയിൽ നടപ്പുണ്ടു്. ദ്രാവിഡ, മഹാരാഷ്ട്ര, കൗങ്കണാദി ബ്രാഹ്മണരുടെ ഇടയിൽ ശിരോമുണ്ഡനം കൂട്ടിച്ചേർത്തു് ഒരുമാതിരി സംന്യാസമാക്കിയിരിക്കയല്ലേ എന്നു സംശയിക്കേണ്ടിവരുന്നു. സംന്യാസം ആകട്ടെ വിരക്ത വിഷയമാണ്. ''സരക്തസ്തു ഗൃഹേ വസേൽ''.................. 'സരാഗോ നരകം യാതി' എന്നും മററും പ്രമാണങ്ങളും ഉണ്ടു്. ഇവയ്ക്കെതിരെ ''ഗണ്ഡസ്യോപരിപിടകഃ (കുന്നിന്റെ പുറത്തു കുരു) എന്ന മട്ടിൽ സവിരക്തകളായ അബലകളുടെ കഴുത്തിൽ സംന്യാസം കെട്ടിയിട്ടാൽ അവർ എന്തുചെയ്യും; എങ്ങനെ ചുമക്കും? ഈ തത്ത്വം മനസ്സിലാക്കി ചില കരുണാർദ്ര ഹൃദയന്മാരായ മഹർഷിമാർ (ശ്രുതിസ്മൃതിദ്രഷ്ടാക്കൾ) പുനർവിവാഹം ശാസ്ത്രസമ്മതമാക്കിത്തീർത്തു.

'പുനർഭൂത്വാ ഹ ഉ പാപം ഭുനക്തി
തിഷ്ഠാസേദ്ബ്രഹ്മചര്യേ സ്വ കാമ്യാ'

എന്ന ശ്രുതിക്കു് പുനർവിവാഹം സമ്മതമല്ലെന്നും ആത്മലോകം (മോക്ഷം) ഇച്ഛിക്കുന്നവൾ ബ്രഹ്മാനുസന്ധാനരൂപ ബ്രഹ്മചര്യത്തിൽ സ്ഥിതയായി ഭവിപ്പാൻ (കഴിച്ചുകൂട്ടാൻ) താല്പര്യപ്പെടണമെന്നുള്ളതിലാണു് അഭിപ്രായ

മെന്നും വരുന്നുവെങ്കില്ലം ശ്രുതിയുടെ കിടപ്പുകൊണ്ടു് പുനർവിവാഹം വൈദികകാലത്തും നടപ്പുണ്ടായിരുന്നെന്നു തെളിയുന്നു. പുറമേ, ''കോ വാംശയുത്രാവിധവേവദേവരം മര്യം ന യോഷാ കൃണുതേ സധസ്ഥ'', വിവാഹംകഴിച്ച, വരനുതുല്യമായി നിയുക്തനായ ഭർത്താവിനെ സ്വീകരിച്ച വിധവയായ സ്ത്രീസന്താന വൃദ്ധിവരുത്തുന്നതായിമേൽക്കാണിച്ച ഋങ്ങ്മന്ത്രംകൊണ്ടു് കിട്ടുന്നു. വിധവയ്ക്കു ദേവരനെ (രണ്ടാമത്തു ഭർത്താവിനെ) സ്വീകരിക്കാമെന്നു 'പ്രജാവതീർ വീരസൂർദ്ദേവൃകാമാ' എന്ന മന്ത്രവും തെളിയിക്കുന്നു. ദേവരൻ (എന്നാൽ) 'ദ്വിതീയോ വരഃ ഉച്യതേ' (രണ്ടാമത്തെ ഭർത്താവു് എന്നു നരുക്തം (2.15) പറയുന്നു. ''............ ''സംന്യാസം പലപൈതൃകം; ദേവരാച്ച സുതോല്പത്തിം കലൗ പഞ്ച വിവർജ്ജയേത്''' എന്ന സ്മൃതിയിലെ സംന്യാസ നിഷേധാംശം, ''യദഹരേവവിരജേത്, തദഹരേവപ്രവ്രജേത്''' എന്നുള്ള ശ്രുതിക്കു വിരുദ്ധമാകയാൽ 'അപസ്മൃതി'യാണെന്നു് ശ്രീ. സുരേശ്വരൻ പറഞ്ഞപോലെ, ദേവരനെന്നുള്ളതിനു രണ്ടാമത്തു് ഭർത്താവെന്നു നിരുക്തം കാണിച്ച അർത്ഥത്തിലെ ദേവരനെ സ്വീകരിക്കുന്ന (ഭർത്താവാക്കുന്ന) കാര്യം നിഷേധിച്ചിട്ടുള്ള അംശവും മേൽക്കാണിച്ച ഋങ്ങ് മന്ത്രത്തിനു വിരുദ്ധമാകക്കൊണ്ടു തെററാകുന്നു. ശ്രുതിക്കു വിരോധമായാൽ സ്മൃതി തെററു് എന്നുള്ളതു സർവ്വസമ്മതമാണു്. പുനർഭൂ എന്നതിനു് 'അന്യസ്യ ഭൂത്വാ അന്യസ്യ പുനർഭവതി' ഒരുവൻെറ (ഭാര്യ) ആയിരുന്നു മററൊരുവൻെറ ആയിത്തീരുന്നവൾ എന്ന ശബ്ദവ്യുല്പത്തി പ്രകാരം പുനർവിവാഹം ചെയ്യവൾ എന്നർത്ഥമാകുന്നു. ഇങ്ങനെയാകുമ്പോൾ, ആര്യന്മാർ മധ്യ ഏഷ്യയാകട്ടെ, ബ്രഹ്മർഷിദേശമാകട്ടെ അധിവസിക്കുന്ന കാലം പുനർവിവാഹം ചെയ്യ സ്ത്രീയെ കുറിക്കുന്ന പുനർഭൂശബ്ദം സംസ്കൃതലോകത്തിൽ ലബ്ധപ്രചാരമാണെന്നും വരുന്നു. ഇതു 'ശശവിഷാണം, ആ ലോകാഭാവം' മുതലായ ശബ്ദംപോലെ അഭാവസൂചകമായല്ലാതെ യോഗരൂഢവിധി സിദ്ധമായി വന്നിരിക്കയാൽ, പുനർവിവാഹ കൃത്യം അന്നു നടപ്പുള്ളതായി ഭാഷാകാലിക വിചാരത്തിൽനിന്നും കിട്ടുന്നുണ്ടു്. ഈശ്വര വിഷയ

മായും ആത്മവിഷയമായും ഉള്ള പക്ഷങ്ങൾക്ക് ഐകമത്യമുണ്ടായിരിക്കേണ്ടതെങ്കിലും, സഹോദരന്മാരും 'ഏകഗുരുക'ന്മാരുമായ മഹർഷികൾക്കുപോലും അഭിപ്രായഭേദം ഉണ്ടായിരിക്കുന്ന സ്ഥിതിക്ക് അവ്യവസ്ഥിതങ്ങളായ ബാഹ്യകാര്യങ്ങളിൽ പക്ഷാന്തരം സംഭവിക്കത്തക്കതാകയാൽ ഈ പുനർവിവാഹം സർവ്വസമ്മതമാകയില്ലെന്നിരുന്നാലും സ്വീകാര്യമെന്നു വരുന്നുണ്ടല്ലോ?

'പരപൂർവാ: സ്ത്രീയസ്ത്വന്യാ:
സപ്തപ്രോക്താ യഥാക്രമം
പുനർഭ്രസ്ത്രിവിധാ താസാം'

എന്നു തുടങ്ങിയ നാരദസ്മൃതിയിൽ പുനർ വിവാഹിതകളെ മൂന്നുതരം പറയുന്നു. പാണിഗ്രഹണം കഴിഞ്ഞിരുന്നാലും അക്ഷതയോനി, (സംസർഗ്ഗം ചെയ്യാതെ കന്യക) യായിത്തന്നെ ഇരിക്കെ, പിതൃപിതാമഹാദി ഗുരുജനങ്ങളാൽ അന്യനുവിധിപ്പടി വിവാഹം ചെയ്തുകൊടുക്കപ്പെടുന്ന വിധവ ഒന്നാമത്തേതും സംസർഗ്ഗാദികൂടി ആയശേഷം മറെറാരുവനു കൊടുക്കപ്പെടുന്നതു രണ്ടാമത്തേതും കന്യാപ്രദാനാർഹരായ ഗുരുജനങ്ങളില്ലാതെ വന്നു ബന്ധുക്കൾ കൊടുക്കുന്നതു മൂന്നാമത്തേതുമാകുന്നു.

''കന്യൈവാ ക്ഷതയോനിര്യാ-
പാണിഗ്രഹണ ദൂഷിതാ
പുനർഭ്രൂ: പ്രഥമാ പ്രോക്താ
പുന: സംസ്കാരകർമ്മണാ
ദേശധർമ്മാനവേക്ഷ്യ സ്ത്രീ
ഗുരുഭിർയാപ്രദീയതേ'',

എന്നു മുതലായി ടി സ്മൃതി തന്നെ പറയുന്നു. ഈ സ്മൃതി പുനർവിവാഹത്തെ സാധുകരിക്കയും സ്വൈരിണി (കുലടാ) വൃത്തത്തെ നിന്ദിക്കയും ചെയ്യുന്നു. ഇനി സ്മൃതികാരാചാര്യൻ എന്തു പറയുന്നു എന്നു നോക്കാം.

'നഷ്ടേ മൃതേ പ്രവ്രജിതേ
ക്ലീബേ ച പതിതേ തഥാ;
പഞ്ചസ്വാപത്സു നാരീണാം
പതിരന്യോ വിധീയതേ'',

ഭർത്താവു കാണാതെ പോക, മരിക്ക, സംന്യസിക്ക, ഷണ്ഡനായിത്തീരുക, ജാതിഭ്രഷ്ടനാക എന്ന അഞ്ചവസ്ഥകളിലും മറെറാരാളെ ഭർത്താവാക്കാമെന്നു തന്നെ പറഞ്ഞിരിക്കുന്നു. ഇതു പുനഃപാണിഗ്രഹണത്തെ എത്രമാത്രം ബലമായി താങ്ങിയിരിക്കുന്നു.

''നഷ്ടേ മൃതേതി ശാസ്ത്രേണ
പുനർഭൂരപി സമ്മതാ
തത്രാപിവാസനാവേശേ
ജനഃഫലമിയാദിതി

അക്ഷതാത്ര പ്രമുഖ്യാന്യാ
കൃച്ഛ്രാന്തേ സംസ്കൃതാ ശുഭാ;
തത്ര സ്വാമിവ്രത്യഭാവേ
വ്രതഭംഗോപി നോ ഭവേത്'',

എന്നു മുൻകാണിച്ച ആഗമത്തിലെ അനന്തര ശ്ലോകങ്ങളും പറയുന്നു. ഇതിന്റെ അത്ഥം —, ''നഷ്ടേമൃതേ'' എന്നു തുടങ്ങിയ ശാസ്ത്രംകൊണ്ടു, പുനർ വിവാഹത്തിലും, ജന്മസാഫല്യം ഉണ്ടാകും (ജ്ഞാനം വരെ) എന്നുള്ളതിനാൽ, അതും സമ്മതമാണെന്നും, ഈ കാര്യത്തിൽ സംസർഗ്ഗദൂഷിതയല്ലാത്തവരു മുഖ്യയാണെന്നും, പൂർവഭർത്തൃ സമ്പർക്കമുണ്ടായവരു കൃച്ഛ്രമെന്ന വ്രതം (അശക്തിപക്ഷത്തിൽ പ്രായശ്ചിത്തദാനം) ചരിച്ച ശേഷം പുനർവിവാഹത്തിനു യോഗ്യയെന്നും, രണ്ടാമതു പാണിഗ്രഹണം കഴിച്ചയാളിൽ പാതിവ്രത്യമിരിക്കുന്നതുകൊണ്ടു വ്രതഭംഗമുണ്ടാകാതെ പോകുമെന്നും ആകുന്നു. ഇത്രയും കൊണ്ടു പുനർവിവാഹം വേദസ്മൃത്യാഗമാദി ശാസ്ത്രസമ്മതമെന്നു സമർത്ഥിക്കപ്പെട്ടു.

ഈ സമ്പ്രദായം ചിലരുടെ നിർബന്ധത്താലും മററും കുറെ കാലം മങ്ങിക്കിടന്നുപോയെങ്കിലും, വേദവേദാംഗവേദാന്ത സ്മൃതിശാസ്ത്രപുരാണാദി സർവവാങ്മയ രത്നാകരമായ ഈശ്വര ചന്ദ്രവിദ്യാസാഗരൻ തുടങ്ങിയുള്ള മഹത്തുക്കളും വീണ്ടും സമുദ്ധരിച്ചു പ്രചാരമാക്കി. കൽക്കട്ടാ ഹൈക്കോടതി ജഡ്ജിയും സംസ്കൃത-വിദ്യാപാരംഗ

ത്വം കൊണ്ടു് 'സരസ്വതി' എന്നുള്ള സ്ഥാനപ്പേരുകാരനും ആയ ഡോക്ടർ ആശുതോഷ മുക്കർജി എം. എ., ഡി. എൽ. മുതലായ പല മഹാന്മാരും സ്വന്തം പുത്രികളുടെ പുനർവിവാഹം നടത്തീട്ടുണ്ടു്. ആകെക്കൂടി ഭാരതഖണ്ഡമൊട്ടുക്കു് (ഈ സമ്പ്രദായം) എത്രയും വ്യാപിക്കയും ചെയ്തിരിക്കുന്നു. ഇതിനെല്ലാം പുറമെ, ആഭിജാത്യഭ്രമം കൊണ്ടു് മുന്നണിയിൽ നില്ക്കുന്നവരും ദുർന്നിരൂപന്മാരുമായ ആഗംത്യ മലയാള ദ്വിജന്മാർപോലും പുനർവിവാഹം ചെയ്തു കൊടുപ്പിപ്പാൻ തയ്യാറാണെന്നു ശങ്കരാചാര്യ പത്രത്തിന്റെ 91 കുംഭം വക 7-ാം ലക്കത്തിൽ പറഞ്ഞു കാണുന്നു. അന്യ സമുദായത്തിന്റെ അംഗീകാരണാദികാരം കൊണ്ടു് അതു മറെറാരു വർഗ്ഗത്തിനു സ്വീകാര്യമെന്നില്ലെങ്കിലും ബഹു പ്രമാണ സമ്മതമായും, സർവത്ര അഭിജ്ഞജനങ്ങളാൽ ആദരിക്കപ്പെട്ടതായും വരുന്ന വിഷയത്തിൽ ഒരു താങ്ങിനു ഗുണാംശഗ്രഹണരീതിയിൽ ആർക്കും അതിനെ സ്വീകരിക്കാവുന്നതാണല്ലോ.

അവിരക്തകളായി ബാല്യവൈധവ്യദശ്ധകളായിരിക്കുന്ന പാവപ്പെട്ട സ്ത്രീകളെ ബലാല്ക്കാരം അനർത്ഥ കൂപത്തിൽ തള്ളിയിടുന്നതായാൽ, ദുര്യോഗബലം ഹേതുവായിട്ടു ധർമ്മഭ്രമം അധർമ്മത്തിനായിത്തീരുമെന്നുള്ളതുകൊണ്ടു വിരക്തകളുണ്ടെങ്കിൽ, അവരെ മാത്രം ജപതപസ്തീർത്ഥോപവാസ വ്രതാദികൾക്കായി വിട്ടയയ്ക്കുകയും, പുനർവിവാഹാനന്തരവും സാധ്വികളായിരിക്കാൻ സൗകര്യവും അവകാശവും ഉള്ളതുകൊണ്ടു് പാണിഗ്രഹണോത്സുകകളായവരെ മേൽപ്പറഞ്ഞ പ്രകാരം വിധിപ്പടി പുനർവിവാഹം കഴിക്കയും കഴിപ്പിക്കയും ചെയ്യേണ്ടതാകുന്നു. ഇങ്ങനെയായാൽ അതു ലോകഹിതവും തദ്വാരാധർമ്മ്യവുമായി വരുന്നതാണു്. ലോകഹിതമല്ലാത്തതു് ധർമ്മ്യമായിരിക്കയില്ല. 'സത്യം ബ്രൂയാത്‌പ്രിയം ബ്രൂയാത്, നാപ്രിയം സത്യമണ്വപി', എന്ന പ്രമാണം നോക്കുക! സത്യം പറയണം എന്നു തന്നെയാണു് വിധിയെങ്കിലും ലോകഹിതമല്ലാത്ത സത്യം പറഞ്ഞുകൂടാ എന്നു നിർബന്ധിക്കുന്നു.

ശ്ലോകാദ്ധേന പ്രവക്ഷ്യാമി
യദുക്തം ഗ്രന്ഥകോടിഭി,
പരോപകാരഃ പുണ്യായ
പാപായ പരപീഡനം

ഒരു കോടിഗ്രന്ഥം കൊണ്ടു് വെളിവാകുന്ന രഹസ്യം അദ്ധ ശ്ലോകംകൊണ്ടു പറയാമെന്നും, ആയതു പരോപകാരം പുണ്യത്തിനായും പരദ്രോഹം പാപത്തിനായും ഭവിക്കുന്നുവെന്നും ആകുന്നു, എന്നുള്ള പ്രമാണ നയത്തെ ആശ്രയിച്ചാലും, അനർഹകളെ ദുഷ്ടുനിറഞ്ഞ കൂട്ടിലിട്ടു് ഇഹ പര ലോകങ്ങരം രണ്ടിനും കൊള്ളാത്തവിധമാക്കാതെ പുനർ വിവാഹം ചെയ്തു കൊടുക്കേണ്ടതാണു്. ശ്രുതിശാസ്ത്രാദി നിമ്മാണകാലത്തു കാലാനുചിതമായി വച്ചിരുന്ന സംഗതികളായാൽ പോലും കലോചിതമായി പരിഷ്കരിക്കേണ്ടതു് അതതുകാലത്തുണ്ടാകുന്ന യോഗ്യന്മാരുടെ കത്തവ്യമാകുന്നു. ഇതോ! ശ്രുതി, സ്മൃതി ആഗമം മുതലായ· പ്രമാണങ്ങരംകൂടി സമ്മതിക്കുന്നതും, ഗംഭീരപുരുഷന്മാരാൽ ആദൃതവും ആയിരിക്കുന്ന സ്ഥിതിക്കു് യാതൊരു വിധ മന:സങ്കോചത്തിനും ഇടകൊടുക്കുന്നില്ല. ആകയാൽ, സാധുവിധവകളെ പുന:പാണിഗ്രഹണ വിധിസംഘടിതകളാക്കിത്തീർക്കാനായി ശ്രമം ചെയ്യുന്ന പുരുഷ പുംഗവന്മാരെ ഞങ്ങരം വാചാസ്തുതിക്കയും; മനസാ പ്രണമിക്കയും ചെയ്യുന്നു.

എന്നാൽ, ബാല്യവൈധവ്യത്തെ തടയുന്നതിനായി,

'പിതുർഗൃഹേതു യാകന്യാ
രജ: പശ്യത്യസംസ്കൃതാ;
മാസിമാസി രജസ്തസ്യാഃ
പിതാ പിബതിശോണിതം!

മാതാ ചൈവപിതാ ചൈവ
ജ്യേഷ്ഠോഭ്രാതാ തഥൈവ ച;
ത്രയസ്തേ നരകം യാന്തി
ദൃഷ്ട്വാ കന്യാം രജസ്വലാം''

എന്നു തുടങ്ങി ബാല്യവിവാഹ സാധകങ്ങളായ സ്മൃതികളെ ആദരിക്കാതെയും, "സുര്യാം പത്യേശം സന്തീം", പ്രാപ്തയൗവന ആയവളെ വിവാഹം ചെയ്യുന്നമെന്ന വേദവാക്യത്തേയും,

'ത്രീണിവർഷാണ്യുദീക്ഷേത
കുമാര്യർത്തുമതീ സതീ,
ഊർദ്ധ്വം തു കാലാദേതസ്മാ_
ദ്വിന്ദേത സദൃശംപതിം",

ഋതുവായതിനു ശേഷം മൂന്നു വത്സരം സദൃശനായ ഭർത്താവിനുവേണ്ടി കാത്തിരിക്കണമെന്നുള്ള മനുസ്മൃതിയേയും,

"ജാതോ വാന ചിരം ജീവേ_
ജ്ജീവേദ്വാ ദുർബ്ബലേന്ദ്രിയഃ;
തസ്മാദത്യന്തബാലായാം
ഗർഭാധാനം ന കാരയേത്"

"ഊനഷോഡശവർഷായാ_
മപ്രാപ്താ പഞ്ചവിംശതിം;
യദ്യാധത്തേ പുമാൻഗർഭം
കുക്ഷിസ്ഥഃ സവിപദ്യതേ"

എന്ന സുശ്രുതാദി വൈദ്യശാസ്ത്രത്തേയും, അടിസ്ഥാനമാക്കിയും പ്രായം തികഞ്ഞ ശേഷം മാത്രം ആദ്യവിവാഹം നടത്തുന്നതു യുക്തമാകുന്നു ഈ സംഗതികൾ വേദാഗമസ്മൃത്യാദ്യനുഗുണവും യുക്തി യുക്തവുമാകയാൽ യാതൊരു വിപ്രതിപത്തിക്കും അവകാശം കൊടുക്കുന്നതല്ല. എന്നാൽ, പ്രവൃത്തിയിൽ വരുത്തുന്ന കാര്യം ധീരാഗ്രണികൾക്കധീനമാകുന്നു. അതും ഉടനെ ഫലിക്കട്ടെ എന്നാശംസിച്ച് സമയം മെനക്കെടുത്താതെ ഈ ഉപന്യാസത്തെ പര്യവസാനിപ്പിച്ചു കൊള്ളുന്നു.

★

# 11. പറച്ചിപെററ പന്തിരുകുലം

'പറവി പെററ പന്തിരുകുലം' എന്ന ഒരു ലേഖനത്തിൽ പൊന്നാനി താലൂക്കിൽ മേഴത്തൂർ അംശത്തിലുള്ള മേഴത്തോൾ അഗ്നിഹോത്രി മരിച്ചാൽ വള്ളുവനാട്ട് താലൂക്കിൽ ഒററപ്പാലം സമീപമുള്ള കടമ്പൂര് മനയ്ക്കൽ നമ്പൂരിക്ക് പുലയുള്ളതായി (1073— മീനം ലക്കം പോഷിണി 156-ാം വശത്ത്) പറഞ്ഞു കാണുന്നു. ആണ്ടറബിൾ കവളപ്പാറനായർ രാജാ മരിച്ചാലും കടമ്പൂര് മനയ്ക്കലുള്ളവർക്ക് പുലയുണ്ടെന്നു മുൻപ് പറഞ്ഞിട്ടുണ്ടല്ലോ. ചിലർ തങ്ങൾക്ക് മലയാളത്തുള്ള 'നമ്പൂരി' എന്ന സ്ഥാനപ്പേരിനിണങ്ങിയ 'ആര്യവേഷം' കൈക്കൊണ്ടത് ഇവിടെ ഓർമ്മയിൽപെടുന്നു. വരരുചിയുടെ മക്കളായി പന്തിരുകുലക്കാർ, ആഢ്യൻ നമ്പൂതിരി നായർ, ഇളയത്ത്, വെളുത്തേടൻ, മാപ്പിള തച്ചൻ, പാണൻ, പുലയൻ, പറയൻ എന്നിങ്ങനെ പല ജാതിക്കാരായിരുന്നെങ്കിലും അവർ ശ്രാദ്ധമൂട്ടുന്നത് അഗ്നിഹോത്രിയുടെ ഭവനത്തിൽ ഒരു തറയിൽ ആയിരുന്നു. ഇവരെ തൊട്ടു ഭക്ഷിക്കുന്നതിൽ അകായിലുള്ളവർക്കും നമ്പൂരാർക്കും വൈമനസ്യം തോന്നിയതിനെ പോക്കുവാൻവേണ്ടി അഗ്നിഹോത്രിയെ തൊട്ടുനോക്കുവാൻപറഞ്ഞ് അവരെ ദിവ്യരൂപത്തിൽ കാട്ടിക്കൊടുത്ത് തൃപ്തിപ്പെടുത്തി. അവരെല്ലാവരും മഹാതത്വജ്ഞാനികളായിരുന്നു. കൂടാതെ സിദ്ധന്മാരുമായിരുന്നു. പറയനായിരുന്ന പാക്കനാരുപോലും പണ്ഡിതമാന്യ രീതിയിൽ അനേകം കീർത്തനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്, ഒന്നിൻെറ താല്പര്യം:—

"മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞ" എന്ന ആറു് ആധാരങ്ങളുടെ ഉള്ളിലുള്ളിലായി സ്ഫുരദ്രൂപനായ ജീവാത്മാവു് അധിവസിക്കുന്ന ദേഹത്തിൽനിന്നും അത്ര പിരിഞ്ഞാൽ (മരിച്ചാൽ) പുനഃശരീര പ്രാപ്തിക്കു് മാതൃപിതൃയോഗ വഴിക്കു് ബീജാവാപവും, (രേതഃ സേകവും) ആ വഴി പഞ്ചഭൂതങ്ങളെക്കൊണ്ടു പൊതിഞ്ഞ ദേഹവും ഉണ്ടാവുകയാണല്ലോ. ഇങ്ങനെ വീണ്ടും ലഭിച്ച വിശിഷ്ട മർത്ത്യ ശരീരം പഴകി (കൊള്ളാതെ) പോകുന്നതിനകം എന്നെ പരിശുദ്ധ ചിദ്രൂപനാക്കണേ. ശ്രീ വെങ്കിടം എന്നിടത്തു് അനുഗ്രഹിച്ചരുളുന്ന ശ്രീരാമ"!

ഇതു് തിരുപ്പതി വെങ്കിടേശനെ ഊന്നി ആണോ എന്നു സംശയിക്കുന്നു. ഇവയിൽ ഒരാളായ കാരയ്ക്കൽ അമ്മ പരദേശത്തു കീർത്തിപ്പെട്ട അറുപത്തിമൂന്നു സിദ്ധരിൽ ചേർന്നതാകയാൽ പാക്കനാർ പാണ്ടി പറയനായിട്ടും വരാം. എല്ലാ പ്രസവത്തിലും അടുത്ത ക്ഷണത്തിൽ കുട്ടിയെ ഉപേക്ഷിച്ചു് (അമ്മയച്ഛന്മാർ) ദേശാടനം ചെയ്യുകയായിരുന്നല്ലോ. അപ്പോഠ ഇവരുടെ ജനനം പല ദിക്കിലായിട്ടായിരുന്നുവെന്നു വരുന്നുമുണ്ടു്. ജ്യേഷ്ഠ ഭ്രാതാവു് മേഴത്തോഠ അഗ്നിഹോത്രി ആയിരുന്നതിനാൽ ഒടുക്കം അവർ കേട്ടുകേഠപ്പിച്ചു് മലയാളത്തു കൂടിയതാണു്. പതിനൊന്നു കുട്ടികളേയും പ്രസവിച്ചു ഉടൻ കാട്ടിൽ ഉപേക്ഷിച്ചിട്ടും ജീവിച്ചതു് അവരുടെ മഹിമയ്ക്കു ലക്ഷ്യമാണല്ലോ. 'വാ കീറിയിട്ടുണ്ടോ എന്നു വരരുചി ചോദിക്കുകയും; 'ഉണ്ടു്'' എന്നു തള്ള പറയുകയും, 'എന്നാൽ ഇരയും നിശ്ചയിച്ചിട്ടുണ്ടു്'' എന്നു പറഞ്ഞു് ഉപേക്ഷിക്കുകയും ചെയ്യുകയാണത്രേ പതിവു്. ഒടുവിൽ വായില്ലാക്കുന്നിലപ്പനെ പ്രസവിച്ച സമയം ഒരു കുട്ടിയെ കിട്ടേണമെന്നുള്ള തള്ളയുടെ ആവേശം കൊണ്ടു് അതിനു വായില്ലെന്നു കള്ളം പറയുകയും 'എന്നാൽ എടുത്തുകൊള്ളണമെന്നു് പിതാവു് സമ്മതിച്ചതനുസരിച്ചു് കൊണ്ടു പോയി വളത്തിയതിനു് വായില്ലാതെ പോവുകയും ചെയ്തുവത്രേ. ഇവരുടെ വിശിഷ്ട കഥകഠ മലയാളത്തു് സുപ്രസിദ്ധമാണു്.

ഇവരുടെ കാലം ശങ്കരാചാൎയ്യ സ്വാമികളുടെ അവതാരത്തിനും മററും വളരെ മുൻപാണു്. 'സെൻട്രൽ ഹിന്ദുകോളേജ്' മാഗസിനിൽ ഒരു പ്രധാന ശങ്കരാചാൎയ്യ മഠത്തിൽനിന്നെടുത്തതെന്നുംപറഞ്ഞു് ശ്രീമതി ബെസൻറുമാതാ പ്രസിദ്ധം ചെയ്തിരുന്ന പ്രകാരം 25-ാം നൂററാണ്ടിലായിരുന്ന ശ്രീ ശങ്കരഭഗവൽ പാദരെന്നു് ഇവിടെ ആരും വിചാരിച്ചേക്കരുതേ. പല വികല്പത്തിനിടയിലും അതു് കടന്നു കൈ തന്നെ.

★

## 12. ശ്രീ ശങ്കര ഭഗവത്- പാദാദികളുടെ കാലം

3889_ാമത്ത് കലിവർഷത്തിലാണ് ശ്രീ ശങ്കരഭഗവത്പാദാവതാരമെന്ന് 'ആര്യവിദ്യാസുധാകര'ത്തിൽ പറയുന്നു. അപ്പോൾ 1131_സംവത്സരങ്ങൾക്കുമുമ്പാണ് ആ മഹാത്മാവിന്റെ ആവിർഭാവമെന്നു വരുന്നു 689 വിക്രമാബ്ദത്തിൽ 'സംക്ഷേപ ശാരീരക' കർത്താവായ സർവജ്ഞാത്മക ഗുരു ജീവിച്ചിരുന്നതിനാൽ ഇദ്ദേഹത്തിന്റെ ഗുരുവായ ശ്രീ സുരേശ്വരാചാര്യരുടെ ഗുരു ശ്രീ ശങ്കരാചാര്യ സ്വാമി 600_ാമത്ത് വിക്രമാബ്ദത്തിനു മുമ്പ് ഇരുന്നിരിക്കണമെന്നും അപ്പോൾ 1370 വത്സരങ്ങൾക്കു മുൻപാണിതെന്നും DR. ഭണ്ഡാർകാർ മുതലായവർ പറയുന്നു. ഭണ്ഡാരകര പണ്ഡിതർ കൂട്ടുകയും കുറയ്ക്കുകയും ചെയ്യുകാണുന്ന അബ്ദങ്ങൾ സർവജ്ഞാത്മാ പറഞ്ഞ ശരത്തുകൾ തന്നെയെന്ന് നിർണ്ണയിക്കുവാൻ മാർഗ്ഗം തെളിഞ്ഞില്ല. മലയാളികളുടെ അഭിപ്രായത്തിൽ "ആ—ചാ—ര്യ—വാ—ഗ—ഭേ—ദ്യോ (= 1434160) എന്ന കലിയുഗദിവസസംഖ്യ ചെന്നപ്പോഴാണ് ആചാര്യസ്വാമി ആചാര സ്ഥാപനം ചെയ്തതെന്നോ അദ്ദേഹം മലയാളം വിട്ടുപോന്നതെന്നോ ആണ്. ഈ കണക്കുപടി 1091_ാമാണ്ട് (കൊല്ല വർഷം) ഇപ്പോൾ 1093 വർഷം ആയിട്ടുണ്ട്. ഇതാണ് കൊല്ലവർഷാരംഭത്തിന്റെ അടിസ്ഥാനമെന്നും പറയുന്നു. ഇത്രത്തോളം പ്രാരംഭം മററു മതക്കാരുടെ ആരംഭത്തിന് ഉണ്ടാകുമോ എന്നു സംശയമാണ്.

''ന്യായസൂചീനിബന്ധോയ-
മകരോത് സുധിയാം മുദേ
ശ്രീ വാചസ്പതി മിശ്രേണ
വസ്വാങ്ക വസുവത്സരേ''

എന്ന സൂചനപ്രകാരം 898-ാമത്തു വിക്രമ സംവത്സരത്തിൽ ആചാര്യ വാചസ്പതിമിശ്രൻ ഉണ്ടായിരുന്നു എന്നു് സ്പഷ്ടമാണു്. അപ്പോ൦ ബ്രഹ്മവിൽ പ്രകാണ്ഡനായിരുന്ന (ഭഗവത് പാദശിഷ്യ) ശ്രീ സുരേശ്വരാചാര്യർ വാചസ്പതായായിട്ടു് രണ്ടാമതവതരിച്ചു 'ഭാമതി' എന്ന ഭാഷ്യടീക ചെയ്തുവെന്നുപറയുന്ന തരം ചിലരുടെ കല്പനയ്ക്കു കാലം പോര. പത്തുപതിനഞ്ചു വഷ്ത്തെ ഇട മാത്രമുള്ളതുകൊണ്ടു ഇവർ സമകാല ജീവികളാണെന്നുവരാനാണു് സൗകര്യം. 'ആചാര്യ വാഗഭേദ്യാ' എന്ന കലിദിന സംഖ്യയ്ക്കുനീക്കപോക്കകാണുന്നില്ല. അതുകൊണ്ടു് കൂടുതൽ ആഭ്യന്തര തെളിവുകരം കിട്ടുന്നതുവരെ ഇവിടെ നില്ക്കാനേ വഴിയുള്ളു.

x x x x x x x x

ശ്രീ ഭഗവത് പാദ ശങ്കരാചാര്യ സ്വാമികളുടെ അമ്മാത്തു് എന്നു പറയുന്ന മാതൃഭവനം ഇന്നും ഉച്ചനിലയിൽ ഇരിക്കുന്നു. ഈ ഭവനത്തുകാർ ആഢ്യൻ നമ്പൂതിരിപ്പാടന്മാരാണു്. അവിടെ അലോക സാമാന്യക്കണക്കിൽ (നില്ക്കുന്ന) നാലുകെട്ടു് കെട്ടപ്പെട്ടതു് സ്വാമികളുടെ കണക്കും പടി ആയിരുന്നുവെന്നു് നാട്ടുകാർ പറയുന്നു. ഈ ഇല്ലത്തെ പ്രധാനപുരുഷൻ 'ശങ്കരർ വിഷ്ണുത്രാതർ' ആണു് ഒരാളെങ്കിൽ തത്പുത്രൻ വിഷ്ണുത്രാത ശങ്കർരരാണു്. മൂന്നാം പുരുഷൻ (പൗത്രൻ) ശങ്കര വിഷ്ണുത്രാതർ തന്നെ. ഇങ്ങനെ പേർവച്ചു വരുന്നതു് ശങ്കരാചാര്യരുടെ നാമ സ്മാരകമായിട്ടാണെന്നു പറഞ്ഞുവരുന്നു. മറെറങ്ങും ഇങ്ങനെ സമ്പ്രദായവും ഇല്ല. ഈ ഇല്ലത്തെ പടിപ്പുരമാളികയിൽ സ്വാമികളുടെ ആചാരഗ്രന്ഥം വച്ചിരുന്നതു് കത്തിപ്പോകാനായി അസൂയക്കാരായ ചില വേണനാട്ടു് ഗ്രാമനമ്പൂതിരിമാർ

അതിനു തീ കൊളുത്തിയെന്നും, 'എൻെറ ഗ്രന്ഥം കത്തുക യില്ല'' എന്നു സ്വാമികരം അരുരം ചെയ്കപടി അദ്ദേഹ ത്തിൻെറഗ്രന്ഥംമാത്രം കത്താതെകിടന്നുവെന്നും ''പടിപ്പുര വാഴാതെ പോകട്ടെ'' എന്നു ശപിക്കയാൽ ആ ദിക്കിൽ പടിപ്പുര ഇല്ലാതെപോയി എന്നും മററും പറയുന്നുണ്ട്. പിന്നെ ഒരു കാലത്തു് ജൗതിഷികാഗ്ര്യനായും മൂന്നു ജന്മ ങ്ങളിലെ കർമ്മഫലം ജനിച്ചുപറയുന്ന മഹാനായും ഇരുന്ന തലക്കുളത്തു ഭട്ടതിരിക്കു് ദേവദൂതശാപത്താൽ(പ്രാരബ്ധ ശക്തി കൊണ്ടെന്നിരിക്കട്ടെ) ജാതി ഭ്രഷ്ടുണ്ടാകാൻ മൂല മായ 'പാഴൂർ പടിപ്പുര' എന്ന പേർകേട്ട കണിശ ജ്യോ തിഷിയുടെ പടിപ്പുര മാത്രമേ ആ ദേശത്തുള്ളവെന്നും ബലമായി ജനങ്ങരം പറയുന്നു.

★

## 13. മാമങ്ക വൃത്താന്തം

‘മാമങ്ക’ എന്ന ഒരു പറവിയെക്കുറിച്ചുള്ള ഈ വൃത്താന്തം രസകരമായിരിക്കുന്നു. ഇവരും ആയുധാഭ്യാസത്തിൽ അഭിമന്യു പ്രഭൃതിവീരന്മാരെക്കൂടി അതിവർത്തിക്കുമെന്നു കാണുന്നു. ഇവളെ, കർമ്മവശാൽ, ഒടുവിൽ വിവാഹം ചെയ്ത ആളും സ്വശിഷ്യാഗ്ര്യനും ആയിരുന്ന ഇട്ടിക്കോന്തി നായർ ആദ്യ അഭ്യാസം പൂർത്തിയാക്കുന്നതിന് ഗുരുവാക്കിയ അഞ്ചുകളപ്പണിക്കരുടെ ഗൃഹം എന്റെ പിതൃഭവനത്തോട് അടുത്താകുന്നു. പൂർവ്വകാലത്ത് അവരും, മഹായുദ്ധവീരന്മാരായിരുന്നു. സകലവിധ അഭ്യാസത്തിന്റെയും ഇരിപ്പിടം എന്നു പറയപ്പെടാറുള്ള വള്ളിക്കുടനായർ പണിക്കരുടെ (അന്ന് യജമാനന്മാരായിരുന്ന അവരുടെ) ഗൃഹവും ഞങ്ങളുടെ കുടുംബത്തോടു തൊട്ട മുറിയിലായി (കര) ഇന്നും (1091 കൊല്ലവർഷം) ഉണ്ട്. അവിടത്തെ ഒടുവിലെ യജമാനനായിരുന്ന (കൈവലിയ അദ്ദേഹം എന്നുവിളിക്കാറുള്ള) ആരുംപോലും നിസ്തുല്യനായിരുന്നു. ഇദ്ദേഹം അറിയാത്ത അഭ്യാസമുറ ഉണ്ടായിരുന്നില്ല. ജലസ്തംഭം കൂടാതെ മെതിയടിയോ, ഉശനിലയോ ഇട്ടുകൊണ്ട് ജലത്തിനുമീതെ ‘വായുപീടിത്തത്താൽ’ നടക്കുമായിരുന്നു. ദേശത്ത് ആശായ്മ ഉള്ള ഇദ്ദേഹം ഒരു വിവാഹോത്സവത്തിന് മുഹൂർത്തം പറയാൻ വന്ന സമയം പേരിന് ഞാൻ കണ്ടിട്ടുമുണ്ട്. എന്റെ മാതുലന്മാർക്കും അഗ്രജന്മാർക്കും ഇദ്ദേഹം സുപരിചിതനായിരുന്നു. ഇദ്ദേഹത്തിന്റെ ഒരു പ്രധാന ശിഷ്യനും, ശിഷ്യന്റെ മകനുമായിരുന്ന ചക്കോനാൽ ‘കുഞ്ചുവാർ’ എന്ന നായർ ഒരു ഗുപ്തവസതിയിൽ നിന്നും തച്ചോളി തേനൻ എന്ന വീരനുപോലും

വശായിട്ടില്ലാത്ത 'ഇടംപിരി', 'വലം പിരി' എന്ന സംപ്രദായത്തിൽ പറന്ന സമയം മുൻപറഞ്ഞ അഞ്ചുകളെ പ്പണിക്കർ പത്തുത്തിനിന്നു ഒരു വടികൊണ്ടു നീട്ടി (കുത്തി) അപായപ്പെട്ടുത്തിയതായി കേട്ടിട്ടുണ്ടു. യൗവ്വന ത്തിൽ പറന്നപ്പോഠം അപകടം പററി മരിച്ച ഈ കുഞ്ചു വാരുടെ അച്ഛനെ ഞാൻ ഒൻപതുവയസ്സ പ്രായത്തിൽ സംഗതിവശാൽ അവിടെ ചെന്നു കണ്ടിട്ടുണ്ടു. ഈ ആളും വലിയ അഭ്യാസി ആയിരുന്നു. ഇവരുടെ വീടും മാററാടി ക്കരെയിലാണു. ഇവർക്കു ഇക്കാലം അഭ്യാസം അറിഞ്ഞു കൂടാ. മേൽപ്പറഞ്ഞ 'നായർ പണിക്കർക്കു'' അനവധി ഭൂമി 'തനതായി' ഉണ്ടായിരുന്നു. അവർ കനായി തൊ മ്മൻ (Thomas) വന്ന അവസരത്തിൽ മതപരിവർത്തനം അവലംബിച്ച അഞ്ചുവണ്ണം മണിഗ്രാമമെന്നു വിചാരിക്ക പ്പെടുന്നു. ഹിന്ദുമതാവലംബികളെങ്കിലും ഇപ്പോഠം ക്രി സ്ത്യാനികളുമായി കെട്ടുപാടും, ക്ഷേത്രവിരോധവും ഉണ്ടു. മുൻപുപറഞ്ഞ മാമങ്കപ്പറവി, മൂവാററുപുഴ താലൂക്കിലായി രുന്നു. കൊല്ലവർഷം ഒന്നാം ശതാബ്ദത്തിലുണ്ടായിരു ന്ന ഇവക്കു ഇതൊന്നും ദുർല്ലഭമായി വരാനില്ലെന്നു മേൽ പറഞ്ഞ സംഗതികഠം തെളിയിക്കുന്നു. നിത്യാകല്പം മുത ലായതിൽ ''കൂടുവിട്ടു കൂടുമാററം'' (പരകായ പ്രവേശനം) മുതലായതു പറഞ്ഞിട്ടുള്ള സ്ഥിതിക്കും ഐന്ദ്ര വ്യാകരണ കർത്താവായ ഇന്ദ്രദത്തൻ മുതലായവർ യോഗം കൂടാതെ ഈ വിദ്യ സാധിച്ചിട്ടുള്ള സ്ഥിതിക്കും അക്കാലത്തിതെ ല്ലാം സുലഭം തന്നെ

ഹിന്ദുക്കഠം വിദ്യകളെല്ലാം ഗോപ്യമായി വയ്ക്കുന്ന ദോഷത്താൽ ഇതെല്ലാം പമ്പ കടന്നിരിക്കുന്നു. അങ്ങനെ യും പറയാനില്ല. പാത്രതയുള്ള ശിഷ്യന്മാരില്ലാഞ്ഞാൽ എങ്ങനെയാണു ഗുരുക്കന്മാർ പഠിപ്പിക്കുക. യോഗം വേണമെന്നുപറഞ്ഞു ഞങ്ങളെ ഉപദ്രവിക്കുന്നവർ ധാരാ ളം. ചര്യയെ അവലംബിക്കാൻ തയ്യാറായിട്ടുള്ളവർ വി രളം. അങ്ങനെവല്ല ഒരുവനും ഇരിക്കാമെന്നുണ്ടെങ്കിൽ തന്നെയും അതെത്രനാളത്തേക്കു വേണ്ടിവരുമെന്നായി പ്ര ശ്നം. സംപ്രദായ വിച്ഛേദം വരാതെ വിദ്യയെ പാലി ക്കുകെടി വിഷമം. കാലവൈഭവം.

# 14. ആദിമ മലയ ക്ഷത്രിയ-നായക കേസരി *

'അല്ലയോ മലയക്ഷത്രിയനായകമാലാമദ്ധ്യമണികളേ!'

'ആചാരപദ്ധതി' എന്ന മലയക്ഷത്രിയ സമയ പദ്ധതിയിലെ നിശ്ചിത രീതിയനുസരിച്ച് ഈ മാന്യ വർഗ്ഗക്കാരുടെ പിണ്ഡം. സപിണ്ഡി മുതലായ അടിയന്തിരം ദിവസക്കുറവു (ഹ്രാസം) വരുത്തി 11-ലും 12ലും ആയി നടത്തിവന്ന് ഇപ്പോൾ വളരെ വർഷങ്ങൾ കഴിഞ്ഞിട്ടുള്ളതു്, താങ്കളിൽ ഒട്ടു ചിലരെങ്കിലും പത്രാദിദ്വാരാ അറിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. നായന്മാരെ ശൂദ്രരാക്കിയാണല്ലൊ സൂത്രക്കാർ ഗണിച്ചു വരുന്നതു്. 84-ാമാണ്ടിടയ്ക്കു ഞാനും, എന്റെ സുഹൃത്തായ ഒരു ബി. എ. ബിരുദധാരിയും കൂടി പൂനാനഗരത്തിൽ വച്ചു വിഖ്യാത വിദ്വാനായ 'ഭണ്ഡാരകര' പണ്ഡിത (Dr: Bhanderkar)രെ കണ്ടു സംസാരിച്ചിരുന്നപ്പോൾ പ്രസംഗവശാൽ "Nayers are Sudras" നായന്മാർ ശൂദ്രരാണല്ലൊ എന്നു്, മഹാത്മാവായി ഞങ്ങൾ വന്ദിച്ചു പോരുന്ന ഒരു നായർ പണ്ഡിതാചാര്യനെ വിഷയീകരിച്ചു ഭണ്ഡർക്കാർ പറകയുണ്ടായി. തല്ക്കാലം എനിക്കു തോന്നിയതു്, ഭണ്ഡർക്കാർ എന്ന ദ്വിജകുലശാഖയുടെ ആഗമത്തെക്കുറിച്ചുള്ള രഹസ്യം സമുദ്ഘാടനം ചെയ്യുന്നതു നന്നായിരിക്കുമെന്നായിരുന്നു. ഇങ്ങനെ തോന്നിയതു് ആ പ്രവീണന്റെ വാക്പ്രവാഹത്തെ

* കൊ: വ: 1089 ചിങ്ങം 8-ാംതീയതി എഴമററൂർ ശ്രീ വിദ്യാധിരാജ പരമഭട്ടാരാശ്രമോദ്ഘാടന വേളയിൽ വായിച്ചതു്.

പെട്ടെന്നു രോധിക്കുവാനായിരുന്നു. പക്ഷെ, വേദാന്തികൾക്കുസഹജമായിട്ടുള്ള, അല്ലെങ്കിൽ സാധാരണമെന്നിരിക്കുന്ന ക്ഷമ അവലംബിച്ചും ആ മാന്യൻെറ ദർശനം ദുർവ്വിണപ്പെടുത്തുന്നതു് ആ നിലയിൽ അനുചിതമെന്നു കരുതിയും ദുർവാഗ്വ്യാപാരത്തിനൊരുങ്ങിയില്ല. തെററിദ്ധാരണയെ ഉന്മൂലനം ചെയ്യണമെന്നുമാത്രം തീർച്ചയാക്കിപ്പിരിഞ്ഞു. പിന്നീടുണ്ടായ ഒരു സംഭവം കൊണ്ടു ഈ ധാരണ സാർവത്രികമല്ലെന്നു അവിടെയും 'ബൽഗാം' എന്ന രാജാഗ്രഹാരത്തിലും വച്ചു നിർണ്ണയം വന്നു.

പണ്ഡിത പാമരാദി ബഹുവിധ ദ്വിജാതികൾ ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുന്ന സദസ്സിൽ വച്ചു് എൻെറ കൂട്ടുസഖാവായ ഗ്രാജ്ജുവേററിനോടു് "പൂണുനൂലിലാത്തതെന്തു്" ബ്രാഹ്മണനല്ലയോ? എന്നു ചോദിക്കുകയും അല്ല, നായരാണു്എന്നു് ഉത്തരം പറകയും ചെയ്തശേഷം അവരുടെ പന്തിയിലിരുത്തി ഊണു കഴിപ്പിക്കുന്നതു ഞാൻ അടുത്തിരുന്നു കണ്ടതാണു്. അക്കാലത്തു ഞാനു സസ്യാഹാരം പോലും വെടിഞ്ഞു്, സ്വല്പം ജലമോകാപ്പിയോമാത്രം ഉപയോഗിച്ചു ജീവിക്കയായിരുന്നതിനാലാണു് "കണ്ടതു്" എന്നു പറയാൻ സംഗതിയായതു്. ബൽഗാം എന്ന സ്ഥലത്തുവച്ചും ഇതുപോലെ ഉണ്ടായി. ഊണു കഴിച്ചു പാത്രമെടുക്കാൻ ഭാവിച്ചപ്പോൾ അവർ തടസ്ഥം ചെയ്കയാൽ, ബ്രാഹ്മണരോടൊപ്പം ഇട്ടെഴുന്നേററതും പ്രസ്താവയോഗ്യമാണു്. പിന്നീടു് ഈ നാട്ടിൽ വന്നതിനുശേഷം പേർകൊണ്ട പാച്ചുമൂത്തതിൻെറ പ്രശിഷ്യനായ ഒരു വാര്യർ (ശ്രീമാൻ രാമപാരശവൻ) എൻെറ പൂർവനിശ്ചയത്തെ 'സ്ഥൂണാനിഖനന്യായേന' (തൂണുനാട്ടം വിധം) ബലപ്പെടുത്തുകയും നായന്മാർക്കു വന്നുകൂടിയ ദാസ്യവൃത്തിയും അസ്വാതന്ത്ര്യവും ഉച്ചാടനം ചെയ്യണമെന്നുള്ള സൂചനകളാൽ എൻെറ വൃത്തിയെ വീണ്ടും വീണ്ടും ശാണഘർഷണം ചെയ്കയും ചെയ്തു. ഈ വഴിക്കാണു് 'നായന്മാർ നായന്മാർ തന്നെ' എന്ന ലേഖനം കേരളീയ നായർ സമാജത്തിൻെറ ഒരു യോഗത്തിനു് എന്നെ ക്ഷണിച്ചപ്പോൾ ഞാൻ അയയ്ക്കുകയുണ്ടായതു്. ഇതു നായർ ബില്ലിനു വളരെ

മുമ്പായിരുന്നു. ഇതിൽ പിണ്ഡദിവസം മാറേറണ്ടതി നെക്കറിച്ച് സപ്രമാണം സൂചിപ്പിച്ചിരുന്നു. പിന്നീട്, നായന്മാർ ക്ഷത്രിയാങ്കുരങ്ങളാണെന്ന ചിറയ്ക്കൽ ഇളയരാ ജാവവർകരം ഒരു സമാജത്തിൽ എഴുതിവായിച്ചതായി പത്രമുഖേന മനസ്സിലായി. നായന്മാർ, നായന്മാർ തന്നെ എന്നിരുന്നാലും ചാതുർവർണ്യത്തിൽനായന്മാർ എന്നില്ലാ ത്തതുകൊണ്ട് നായന്മാർ ശൂദ്രർതന്നെ എന്നു വാദിപ്പാനും 'ചാതുർവർണ്യംമയാസൃഷ്ടം' എന്ന ഭഗവദ്ഗീതയും മററും ഉദ്ധരിച്ചുകാണിപ്പാനും ചിലർ തുടങ്ങി. ആ സമയം മുതൽ ടി രാജാവവർകളെത്തുടന്നു നായന്മാരുടെ ക്ഷത്രിയ ത്വ ദൃഢീകരണത്തിനായി ഗ്രന്ഥപര്യടനം ചെയ്‌വാനാ രംഭിച്ചു. കുറേ എല്ലാം കിട്ടി. ചേരമാൻ പെരുമാളുടെ ക്ഷുരകർമ്മകരനായിരുന്ന പ്രഭു പായിത്തീന്ന ഒരു നാഥന്റെ ഗ്രന്ഥപ്പുരയിൽനിന്നും ചിലതു കിട്ടിയതിൽ വന്നുകൂടിയ പൊടിവു തീരുമാറു പഞ്ചവടി ദേശവാസികളായ വിദ്വൽ പ്രകാണ്ഡന്മാരുടെ സഹായത്താൽ പൂണ്ണമായി ലഭിച്ചു. ഉടനെ തന്നെ എഴുതിയ ഒരുപന്യാസത്തിൽ ആദികാല ത്തോ, പരമാത്ഥം പറയുന്ന സമയത്തോ ജാതിയില്ലെന്നും പിന്നീടു ശ്രേയഃ സാധനോദ്ദേശ്യമായി ഗുണോല്ക്കർഷം, നികർഷം എന്നമേന്മയേയും താഴ്മയേയും ഗണിച്ചു നാലു ജാതിയാക്കിയതാകയാൽ ആയതു ആരോപമാണെന്നും, ഇങ്ങനെ ഇരിക്കുന്നുവെങ്കിലും ചാതുർവർണ്യ വ്യവഹാര മുള്ള കാലത്തോളം അതിൽപ്പെട്ട ഇതരന്മാർ, നായന്മാരെ മലയാളത്തിലെ ആദ്യക്ഷത്രിയരെന്നു തന്നെ മനസ്സിലാ ക്കി വ്യവഹരിച്ചു കൊള്ളേണ്ടതാണെന്നും സ്ഥാപിച്ചു. 'നായർ ബില്ല്' മൂലം ശൂദ്രരല്ലെന്നു വന്നിട്ടുള്ള സ്ഥിതിക്ക് അവരെ ഇനിയും ചിലർ ശൂദ്രരെന്നു കണക്കാക്കുന്നതു് അജ്ഞതയാലൊ ദൌരാത്മ്യത്താലൊ മാത്രമാകയാൽ, അതു വകവയ്ക്കാനില്ലെന്നും ഇക്കാരണത്താൽ ക്ഷത്രിയത്വ പ്രക ടനം അത്ര ആവശ്യമാണോയെന്നു ശങ്കയുണ്ടെന്നും ചില മാന്യന്മാർക്കു പക്ഷമുണ്ട്, നായർബില്ല് എന്ന ലാ് പ്രകാ രം ശൂദ്രരല്ലാതെ ആയി എങ്കിലും ശാസ്ത്രദൃഷ്ട്യാ അംഗീകൃ തമാവാനും നടപടിയിലെ ചില ന്യൂനത പരിഹരിച്ചു ചാതുർവണ്യ പംക്തിയിൽ പൂർവ്വസിദ്ധമായ ഉൽകൃഷ്ട

നില, നിലനിൎത്തുവാനും ഈ പ്രകടനവും നടപടിയും അത്യാവശ്യം തന്നെയെന്നാണ് ഞങ്ങൾക്കിതിനുള്ള സമാധാനം.

'ഗോമയ പായസീയ' ന്യായത്തോടു കാലംകൊണ്ടു കിടയായിത്തീൎന്ന ചാതുൎവൎണ്ണ്യാഭാസം, അതായതു ചാതുൎവൎണ്യത്തിന്റെ നിഷ്കൃഷ്ടലക്ഷണത്തോടുകൂടാതെ ദുഷിച്ചനില, നിലനില്ക്കുന്ന കാലംവരെ ഇങ്ങനെ പറയേണ്ടതാണ്. പൂൎവ്വകാലങ്ങളിലെ വട്ടെഴുത്താധാരങ്ങളിലും മററും "ശൂദ്രൻ, കൃഷി" എന്നില്ലായിരുന്നു. ഇടയ്ക്കു രജിസ്റ്ററിൽ പിടിച്ച വാസന അകററാനായി ലായിൽ നൈപുണ്യമുള്ള മാന്യന്മാരോടും മററുമാലോചിച്ച് ആ സ്ഥാനത്തു "കേരള ക്ഷത്രിയനായർ–മാടമ്പി കണക്ക്" എന്നു തുടങ്ങിയതു്, യഥായോഗ്യം പ്രായശ്ചിത്തംപോലെ ചേൎത്തുവന്നിട്ടും ഇപ്പോൾ അധികം വൎഷങ്ങളായി. ബില്ലനുസരിച്ചു നടക്കണമെന്നല്ലാതെ അതിലില്ലാത്ത ഏതാദൃശഭാഗം അംഗീകരിച്ചുകൂടാ, എന്നില്ലല്ലോ. ഞങ്ങളുടെ അദ്വൈതംനയം അനുസരിച്ചായാൽ ഈ വകയൊന്നും ഗണിക്കാനില്ല. അതുകൊണ്ടു് ഞങ്ങൾക്കൊരുപക്ഷത്തോടും യോജിപ്പുകേടില്ല, ഒന്നിലും പിടിവാദവുമില്ല. ആ ലക്ഷ്യത്തിൽ (വാദിപക്ഷ പ്രകാരം വിവിധങ്ങളായ) സൎവ്വമതനയങ്ങൾക്കും ഐകരസ്യേന പ്രവേശമുണ്ട്. ആകയാൽ, പക്ഷപാതദോഷം ഞങ്ങളെ ബാധിക്കില്ല. ഈ നിഷ്ഠയവലംബിച്ച്, പഴയതെന്നില്ലെങ്കിലും ലോകദൃഷ്ടിക്ക് അങ്ങനെ പറയപ്പെടേണ്ടതായ വേദാന്തരസമാസ്വാദിച്ച് (ഇതും അദ്വൈത ദൃഷ്ട്യാ പറയുന്നതല്ല; ലോകദൃഷ്ടിയനുസരിച്ചാണ്) ഇരിക്കാൻ സമ്മതിക്കാതെ ആചാരപദ്ധതിയിലേക്ക് എന്റെ വൃത്തിയെ നയിച്ചു വളരെ പ്രയത്നപ്പെട്ടു പുസ്തകം തീൎക്കയും ചെയ്തു. ലായിലും ചരിത്രവിഷയത്തിലും അതിനിപുണനായ മിസ്റ്റർ കെ. പി. പത്മനാഭമേനോൻ ബി. ഏ; ബി എൽ; എം. ആർ. ഏ എസ്; എഫ്. ആർ. എച്ച്. എസ്, 'പദ്ധതി'യെക്കുറിച്ച് ഇങ്ങനെ അനുമോദിച്ചു പറഞ്ഞിരിക്കുന്നു:– ചില ദിക്കിൽ നായന്മാൎക്കു പന്ത്രണ്ടു ദിവസത്തെ പുല

യേ ഉള്ളു. മററു ചില പ്രദേശത്തു പതിന്നാലു ദിവസത്തെ കാണുന്നുണ്ട്. ചില ദിക്കിൽ പിണ്ഡമടിയന്തിരം പതിനഞ്ചാം ദിവസവും ചില ദിക്കിൽ പതിനാറാം ദിവസവും നടപ്പുണ്ട്. ചില ദിക്കിൽ പുലയോടു പുല പോകുന്നു. മററു ചില ദിക്കിൽ പുലയുടെ അവസാനത്തിൽ തളിച്ചു കുളി കഴിച്ചു ബാക്കി വാലായ്മയായി കഴിക്കുന്നു ഇങ്ങനെ പലപ്രകാരത്തിലുള്ള ഭേദങ്ങളും കാണുന്നുണ്ട്. ശ്രാദ്ധത്തിനു ചില ദിക്കിൽ എളയതു, ചിലദിക്കിൽ നമ്പിടി, ചില ദിക്കിൽ ഇണങ്ങന്മാര്; ഇവർ പൗരോഹിത്യം വഹിക്കയും ചാത്തമുണ്ണുകയും ചെയ്യുന്നു. ഇങ്ങനെ ഒക്കെ ആചാരമെന്നല്ലാതെ ഒരു പ്രമാണവും കാണുന്നില്ല. ഈ നിലയിൽ കേരളമൊട്ടുക്കു് ഉപയോഗപ്പെടത്തക്കതായി പ്രമാണസഹിതം അവിടന്നു പുറപ്പെടുവിച്ചിട്ടുള്ള ഈ പുസ്തകം കേരളീയക്കുപയോഗമായി വരുമെന്നു വിശ്വസിക്കുന്നു.'' ദിവാൻ പേഷ്കാർ മിസ്റ്റർ കെ. നാരായണമേനോൻ ബി. ഏ; ബി. എൽ, വ്യോംബുധിയായ നമ്മുടെ ചീഫ് ജസ്റ്റീസ് മിസ്റ്റർ കെ. രാമമേനോൻ ബി. ഏ; ബി. എൽ; ബി. സി. എൽ; ബാരിസ്റ്റർ അററ്ലാ, എന്നിവരും മലയാളത്തിലും ഇംഗ്ലീഷിലുമായി വളരെ അഭിനന്ദിച്ചെഴുതീട്ടുണ്ട്. പുസ്തകമയച്ചതിനെക്കുറിച്ചു വളരെ വന്ദനങ്ങൾ പറയുന്നുവെന്നും സമുദായാഭ്യുന്നതിക്കായി പ്രയത്നിക്കുന്നുവെന്നറിയുന്നതിൽ വളരെ സന്തോഷമുണ്ടെന്നും നമ്മുടെ ദിവാൻ ജി അവർകളും പറഞ്ഞിരിക്കുന്നു. പുസ്തകം തീൎന്നതുപോലെ കാര്യം നടപ്പിൽ വരുന്നതു് അത്ര സുസാധമാണെന്നു് അന്നു തോന്നിയില്ല. തുടങ്ങിയ കാലത്തുതന്നെ ആത്മഘാതകന്മാരായി ചില പ്രതിബന്ധികളും ഉണ്ടാകാതിരുന്നില്ല. ഈ പ്രപഞ്ചത്തിരശ്ശീലയിൽ എവിടെയായാലും 'ബന്ധുവർഗ്ഗം' പിരിഞ്ഞിരിക്കയില്ലല്ലൊ.

ഈ നിലയിൽ, ഗുണപൗഷ്കല്യമുള്ള ചില ധീരപുരുഷരത്നങ്ങൾ തലയുയർത്തിനോക്കി പ്രവർത്തിച്ചു. കണ്ണേജപന്മാർ അടങ്ങിയതേ ഉള്ളൂ, ഇവിടെ ഒരു പണ്ഡിതൻ പറഞ്ഞ ശ്ലോകം ഓർമ്മിച്ചിട്ടുണ്ട്.

"കോ മത്സരിണി ലോകേ ƒ സ്മിൻ
വിദ്വാൻ കിഞ്ചിച്ചികീർഷതി;
ഇഹ കശ്ചിദ്ഭവേത് സാധു–
രതോ ƒ യം മത് പരിശ്രമ:".

മത്സരഗ്രസ്തമായ ഈ ലോകത്തിൽ ഒരു വിദ്വാൻ എന്തുചെയ്യാനാണ്.? എന്നാക്ഷേപിച്ച്, നല്ലവൻ ഒരുത്തനെങ്കിലുമുണ്ടാകുമല്ലോ! എന്നു കണ്ടു പ്രവർത്തിക്കുന്നു, എന്നാണ് സമാധാനപ്പെട്ടതു്. 'Who is to bell the cat? എന്നു വച്ചാൽ മൂഷക സമാജ നിശ്ചയപ്രകാരം പൂച്ചയ്ക്കു് മണി കെട്ടുന്നതാരെന്നു ചോദ്യം പുറപ്പെട്ടപോലെ ശങ്കയങ്കുരിച്ചതിനെ ചില മഹാശയന്മാർ (–ഇവിടെയും ആദ്യസ്ഥാനം വഹേതനായ എന്റെ ഗോവിന്ദനുണ്ണിത്താനു തന്നെ–) പോക്കടിച്ചു പന്ത്രണ്ടാം ദിവസം പിണ്ഡാവസാനം നടപ്പാക്കിയതിന്റെ ശേഷം അന്യജാതീയ പുരോഹിതാപേക്ഷകൂടി ഇല്ലായ്മ ചെയ്തു സ്വാതന്ത്ര്യം നേടണമെന്നു കരുതി ഞങ്ങളോടാലോചിച്ചും "ആചാരപദ്ധതി"യെ ബലമായിത്താങ്ങിയും ജി. സി. വായനശാലാകാര്യദർശി മിസ്റ്റർ താഴ്ചരേത്തു പത്മനാഭപിള്ള നായന്മാരെ പുരോഹിതസ്ഥാനത്താക്കി, 12–ാം ദിവസം പിണ്ഡമടിയന്തിരം ത്രിപക്ഷദീക്ഷാവിധിയെന്നിവ വിസ്തൃതരീതിയിൽ തന്നെ നടത്തി പ്രചാരമാക്കിത്തീർത്തു. കാഞ്ഞിപ്പുഴ മുതലായ സ്ഥലങ്ങളിലെ അനേക മാന്യന്മാരും ഇതിനെ അനുകരിച്ചു. *പെരുങ്ങാല പ്രദേശത്തു കൈതവന മിസ്റ്റർ വേലുപ്പിള്ളയുടെ വീട്ടിൽ ആരംഭിച്ചു അവിടങ്ങളിൽ മെസേഴ്സ് തറയിൽ താൻ കൃഷ്ണപിള്ള, പെരളശ്ശേരിൽ കൃഷ്ണപിള്ള മുതലായവരുടെ ഉത്സാഹത്താൽ ഈ വിധം സ്വജാതീയ പൗരോഹിത്യത്തിൽ സപിണ്ഡീകരണം പോലും 12–ാം ദിവസംതന്നെ നടപ്പു വരുത്തി. തെക്കേ ആതിനാട്ടു് എടശ്ശേരി വക കക്ഷിപ്പിരിവുണ്ടെങ്കിലും ഐകരസ്യത്തിലും ഐകമത്യത്തിലുംപ്രധാന മാന്യ കക്ഷികൾ ചേർന്നുനിന്നു നടത്തുവാനും മെസ്സേഴ്സ് കൊ

* പെരുങ്ങാലക്കാർ കാലംകൊണ്ടു് ആചാരവിഭ്രംശമടഞ്ഞു എന്നുകൂടി പറയേണ്ടിവന്നു.

ററിനാട്ടു് കേശവപിള്ള, സമുദായ കാര്യപ്രസക്തനും ശീഷ്യനമായ പൂരിയത്തു രാമൻപിള്ള മുതലായവർ ചെയ്യ ഉത്സാഹം സഫലമായിരിക്കുന്നു. ഇതുപോലെ തന്നെ കൊച്ചുവീട്ടിൽ കിഴക്കേതിൽ നാണുപിള്ള എന്ന പൊതുക്കാര്യ ശ്രദ്ധാലുവും മരുത്തൂർക്കളങ്ങരെ വളരെ ശ്രമം ചെയ്തു സാധിച്ചിട്ടുണ്ടു്. മൊഴങ്ങോടിയിൽ തട്ടാരേത്തു മിസ്റ്റർ നാണുപിള്ള അവിടങ്ങളിലും, പുന്നക്കുളത്തു താഴത്തോട്ടത്തു വേലുപിള്ള എന്ന അക്ഷുദ്രാശയൻ അവിടങ്ങളിലും ഫലിപ്പിച്ചിരിക്കുന്നു. സ്വജനങ്ങളിൽ നാലഞ്ചു് അക്ഷരജ്ഞാനമുള്ള മാന്യന്മാർ ഉണ്ടെങ്കിൽ ഒന്നുരണ്ടിടങ്ങഴി അരി കൊണ്ടു് പിണ്ഡകാര്യം നിർവ്വഹിക്കാമെന്നു വന്നപ്പോഠം ദരിദ്രന്മാർക്കു വലിയ ആശ്വാസമായി. ധനസ്ഥിതിയെ നന്നാക്കുന്നതാണു് പരിഷ്കാരവും അഭ്യുദയവും എന്നുള്ള പക്ഷക്കാർക്കും ദുർവ്യയനിരോധം അനുകൂലമായി പരിണമിക്കുമല്ലോ? എളയതിനു വെററില പുകയിലവച്ചു വന്ദിച്ചു ക്ഷണിക്കേണ്ടഭാരവും, ആറടിയന്തിരങ്ങളിൽ പകിടുന്ന വീതത്തിന്റെ ഭാരവും ചുമക്കാതെ ഒഴിയുന്നതു് എത്ര സുഖാധായകമാണു്. 12-ാം ദിവസം ദക്ഷിണ ചെയ്യുന്നതിനു് ഒരു രൂപയില്ലാതെ ശ്വാസം മുട്ടിയ ഒരു കണക്കപ്പിള്ളയെ അടിയന്തിര വീതത്തിൽ ബാക്കിനിന്ന മൂന്നുരൂപയും കണക്കു പറയിച്ച സമയം ആ സാധുപിള്ള കണ്ണുനീർകൊണ്ടു കണക്കുപറഞ്ഞതും, വേറൊരു ദിക്കിൽ വെററിലപാക്കുവച്ചു പറയായ്കയാൽ അടിയന്തിരം നടത്തുകയില്ലെന്നു പറഞ്ഞധിക്ഷേപിച്ച ഒരെളയതിന്റെ ഭാവവും ഞാനിപ്പോഴും ഓർക്കുന്നുണ്ടു്. കുലിപ്പണിക്കാരൻ മുതലാളിയുടെ ആജ്ഞാകരൻ മാത്രമല്ലയോ എന്നായിരുന്നു അന്നെനിക്കുണ്ടായ തർക്കം. കലഗത്യാ താമസം കൂടാതെ ആ സ്ഥലമെങ്ങും നായന്മാരുടെ പുരോഹിത വൃത്തിയിൽ ആയമിക്കാണാനിടവന്നു. ഇത്ര സ്വാതന്ത്ര്യം നായന്മാർക്കുണ്ടാകുന്നതിൽ അഭ്യസൂയയുള്ള അണ്ണന്മാരും ഈ വർഗ്ഗത്തിൽ അധികമുണ്ടെന്നു പറയാതെ കഴികയില്ല. അസൂയ, ആളുകളുടെ കുലദേവതയായിപ്പോയി. 'എളേതില്ലെങ്കിൽ എറങ്ങുകില്ല' എന്നുള്ളവർ കൂട്ടിക്കൊള്ളട്ടെ. ഏതായാലും "പദ്ധതിപ്രകാരം 12-നു തന്നെ സപിണ്ഡീ

കുരണനാന്ത സകല ക്രിയയും തീരുന്നതും തീർക്കേണ്ടതു മാകുന്നു.

ഇങ്ങനെ ആരെങ്കിലും അക്ഷരവ്യക്തിയുള്ള നാലുപേരുണ്ടെങ്കിൽ (അവരുടെ സഹായത്താൽ) പിണ്ഡം, സപിണ്ഡി മുതലായതു നിഷ്പ്രയാസം സാധിക്കുന്നതായി വരുമ്പോഴ്, ചില കുപ്രഭുതാലംകൃത വീട്ടങ്ങത്തമ്മാരുടെ 'കൈ' പോകുമെന്നുഭയന്ന് അവരും, കീഴിഞ്ഞ നായന്മാരെത്തള്ളി ഉയർന്ന തരക്കാർ ക്ഷത്രിയരാകുമെന്നു ഭയന്നു ചില നാട്ടങ്ങത്തമ്മാരും ഇതു കൈക്കൊള്ളാതിരിക്കയും ചിലമാന്യന്മാക്കു ദുരുപദേശം ചെയ്കയും ഉണ്ടായിട്ടുണ്ട്. ഒടുവിൽ നിർദ്ദേശിക്കപ്പെട്ടവരോട് അതിത്തി മാറിപ്പോയി' എന്നതക്മൊണ് ധീരന്മാർചിലർ കൊണ്ടുചെന്നതു്. മേല്പറഞ്ഞതിൽ രണ്ടാം തരക്കാർ നിരൂപിക്കുന്നതുപോലെയല്ല ഞങ്ങളുടെ വിചാരം; നായന്മാർ ഐകമത്യത്തിലും ഐകരൂപ്യത്തിലും നടക്കയും നടത്തിക്കയും ചെയ്യണമെന്നും, സമുദായത്തിനു പൊതുവെ ഇണങ്ങിയ കാര്യങ്ങളിൽ പ്രത്യേക വീട്ടുകാര്യം—അഥവാ കറവഴക്ക്—കെട്ടിപ്പിണ്ണുരുതെന്നുമാണ് ഞങ്ങൾക്കുള്ള അഭിപ്രായം. ചില ഉദരം ഭരികൾ എതിരാളി ചെയ്യുതുപോലെ ചെയ്കയില്ലെന്നു പറയുന്നുണ്ടത്രേ. ഇതു രസാവഹം തന്നെ. അവർ ബാഹ്യശൗച (മലക്ഷാളന) വിഷയത്തിലും അവശ്യമായ മററു കാര്യത്തിലും ഇങ്ങനെ ശഠിക്കുമോ എന്നു ഞാനറിയുന്നില്ല ദുർവാശിക്ക് അങ്ങനെ വരികയില്ലെന്നു തീർച്ചയാക്കിക്കൂടാ. മുമ്പുപറഞ്ഞ നാട്ടങ്ങത്തമ്മാർക്കുണ്ടായി എന്നു സംഭാവന ചെയ്കപ്പെട്ടിരിക്കുന്ന കാര്യം ഒരു വിദ്വാൻ അഭിനയിച്ചപ്രകാരം ഓർമ്മിക്കുന്നു. ബ്രിട്ടീഷ് മലബാറിലെ ഒരു നായർക്കോയ്മയുടെ ആചാര നടപടികൾ അറിഞ്ഞിരുന്നതു് പ്രബലപ്പെട്ടത്താനായി മുമ്പ് 'ഒരു വിദ്വാൻ' എന്നു നിർദ്ദേശിച്ച വിദ്വദ്ഗ്രന്ഥകാരനോട് എഴുതിചോദിച്ചപ്പോൾ, ടിയാൻ, തൻെറ നിലയും ഇതുപോലെ അന്യനായ ഒരു മാന്യൻ മുഖമായി അറിയുമെന്നുവച്ച് പരിഭ്രമിച്ചു വശായി. പ്രസ്തുത പ്രഭുവിനു്

ഏളയതിൻെറ ഏർപ്പാടൊന്നുമില്ലെന്നും ഉത്തമ ബ്രാഹ്മണ രാണ് കൈക്കാരെന്നും മററും വേണ്ടതും അറിഞ്ഞിരുന്നതു മായ വാസ്തവം പറഞ്ഞു തരികയും—, സംസാര വിമുക്ത ന്മാരായി, വിദിത വേദ്യന്മാരായി കരാമലകംപോലെ ബ്രഹ്മസാക്ഷാൽക്കാരം സിദ്ധിച്ചവരായിരിക്കുന്ന ഭവാദൃശ മഹാശയന്മാർക്കു മറെറാരു മഹാൻെറ ജാതിവർണ്ണാചാരാ ദികൾ അറിയുന്നതിനുള്ള ഔത്സുക്യം ഇന്നതെന്നറിയിച്ചു തരുന്നതിനു് വിരോധമില്ലെങ്കിൽ അങ്ങനെ ചെയ്യണമെ ന്നപേക്ഷിക്കയും ചെയ്തിരുന്നു. ഞങ്ങളുടെ ഉദ്ദേശ്യം മേൽ പ്പറഞ്ഞവിധം ഐകശ്രുപ്യത്തിലാണെന്നുകേട്ടപ്പോൾ ആ സഹൃദയൻ സന്തുഷ്ടനായി.

"ഇനിയും ഇത്യാദിവിഷയങ്ങളിൽ അസൂയിക്കുന്ന വർ അല്പം മനസ്സിരുത്തി ആലോചിക്കുന്നതായാൽ, ഒട്ടൊ ഴിയാതെ ഒക്കെപ്പൊട്ടിപ്പൊളിഞ്ഞു പോകുമെന്നു സ്പഷ്ടമാ യി ഏവർക്കും അറിയാവുന്നതാണ്" എന്നു് ഒരു വിദ്വദഗ്ര്യ നായ രാജശിഖാമണി പറഞ്ഞതു് അസൂയാക്രാന്തന്മാർ ഓർക്കേണ്ടതാണ്. അസൂയയ്ക്കു വൈദ്യകത്തിൽ ചികി ത്സയില്ല. ഏതാദൃശപ്രതിപക്ഷഭാവനയേ ഉള്ളൂ. കുടി വക്കീലന്മാർ എന്നു പറയുന്ന ദല്ലാലുകാർ, ചില അനാ ചാര്യന്മാർ മുതലായവർ, ഈ വിഷയത്തിൽ പ്രവർത്തക ന്മാർക്കു, "കൂപഖാനകന്യായ" പ്രകാരം, (എന്നാൽ കി ണറുകുഴിക്കുന്നവനു അനിവാര്യമായുണ്ടാകുന്ന മാലിന്യ നിവൃത്തി, ദാഹശാന്തി, മുതലായ ഫലം പോലെ) ഉണ്ടാ യേക്കാവുന്ന ധന്യവാദത്തിലോ പ്രശസ്തിയിലോ അത്യ സൂയ ഉള്ളവരായി കാണപ്പെടുന്നു. എന്തു ചെയ്യാം! ഒരു മഹാൻ —, വായുവിൽപ്പെട്ട മഹാനല്ല — 64 സംസ്കാരം വേണമെന്നും ഷോഡശസംസ്കാരം പോരെന്നും ഒരഭിപ്രാ യം പുറപ്പെടുവിച്ചതായി കണ്ണാകണ്ണികയാ കേട്ടിരിക്കുന്നു. അപ്പോൾ ഒരു ജഡ ഗാനമോർത്തു ഞാൻ ചിരിച്ചുപോയി. 'അജ്ജനമെന്നതു ഞാനറിയും ചുണ്ണാമ്പുപോലെ ചുവന്നി രിക്കും' എന്ന മട്ടിലാണ് ആ പാട്ടു്. അഷ്ടാചത്വാരിംശ ത് (48) സംസ്കാരമാത്രങ്ങളാണ് ഗൃഹ്യവിധിസിദ്ധങ്ങളും അപ്പയ്യാദീക്ഷിതേന്ദ്രാദി മാതൃകാപുരുഷാദൃതങ്ങളും എന്ന

കാരണത്താലാണ് ജഡ്ജഗാനമോർത്തു ചിരിച്ചുപോയതു്. അതെല്ലാം പോകട്ടെ. അസംഭാഷ്യ സംഭാഷണമെന്തിനു്?

അടിയന്തിരങ്ങൾ ഇങ്ങനെ പ്രചാരമായി എങ്കിലും പത്രദ്വാരാപ്രസിദ്ധമായതു മാന്യഹൃദയാലു ജനാഗ്രണിയായ ജസ്റ്റീസ് മിസ്റ്റർ രാമൻതമ്പി ബി. ഏ; എം. എൽ; അദ്ദേഹത്തിൻെറ പ്രിയമാതാവിൻെറ പിണ്ഡം നടത്തിയതു മുതല്ക്കാണു്. മഹാന്മാർ അംഗീകരിക്കുമ്പോൾ അതിനു മാററു കൂടുതലുണ്ടാകുമല്ലൊ? വിഖ്യാതന്മാരെക്കുറിച്ചു പുറപ്പെടുന്ന സരസ്വതീവിലാസം ജലത്തിൽ തൈലബിന്ദു എന്നപോലെ പരക്കുന്നതാണെന്നും ഒരനുഭവമുണ്ടു്. ബ്രഹ്മശ്രീ അമ്പലപ്പാട്ടരായിരുന്നു ശങ്കരനാശാൻ അവർകൾ, വെച്ചൂരേത്തു് മിസ്റ്റർകൃഷ്ണപിള്ള, എന്നിവർക്കു മററു വിഷയങ്ങളിലെന്നപോലെ ഇക്കാര്യത്തിലും ഒരു വലിയ സ്ഥാനമാണുള്ളതെന്നു പറയാതെ കഴിവില്ല. വാസ്തവം പറയുന്ന സമയം ചിലക്കു തോന്നിപ്പോകുന്ന ''സ്തുതീ—നിന്ദാ—ബുദ്ധി'' (വസ്തുസ്ഥിതിയെ സംബന്ധിച്ചുള്ളതു മാത്രമാകകൊണ്ടും ഞാൻ പക്ഷം പറകയല്ലെന്നു വിശ്വസിക്കാൻ അവസരം കൊടുക്കകയാലും) പ്രതിഷ്ഠയെ പ്രാപിക്കുന്നതല്ല. 'നായർ സർവ്വീസ് സൊസൈററി' വകക്കാര്യദർശി മന്നത്തുപത്മനാഭപിള്ള അവർകൾ മുതൽ പേരുടെ ഏതാദൃശയത്നത്തെ വർണ്ണിക്കുന്നതിനു് അക്ഷരപങ്ക്തി ദുർല്ലഭമായിരിക്കുന്നുവെന്നുതന്നെ പറയേണ്ടിവരുന്നു.

ഈ നടപടി കൃത്രിമമാണെന്നു് ഒരു ശംക, ആദ്യം ചിലക്കുണ്ടായിരുന്നു. അനേകം പേക്കു അതു വിട്ടുപോയി എങ്കിലും, ഇനിയും ചിലക്കുണ്ടായിരിക്കാം, വടക്കേ മലയാളത്തിൽ സംകരതയിലോ കൃത്രിമത്തിലോ പെടാത്ത നായർ വർഗ്ഗക്കാർക്കിങ്ങനെയാണു് ആ ശൗചനിവൃത്തിയെന്നു പ്രസിദ്ധമായി അറിയുന്നു. അത്ര അങ്ങു് എന്തിനു പോകുന്നു; ഈ ഡിവിഷനിൽ ചേർന്ന 'നിരണം പെട്ടിക്കെെമ്മൾ' എന്ന മാടമ്പികളും ആദികാലം മുതൽ

ഇങ്ങനെയാണ് ആശൗചകാലം ഇരിക്കുന്നത്. ഈ നായർവർഗ്ഗം മലയാളത്തെ ആദിമക്ഷത്രീയകോടിയിൽപ്പെട്ടവരാണെന്നു വിസ്തരിച്ചും വിശദമായും 'മലയക്ഷത്രിയ നായക സമയ പദ്ധതി'യുടെ പ്രസ്താവനയിൽ പ്രമാണസഹിതം കാണിക്കപ്പെട്ട ഭാഗം വിസ്തരഭയത്താൽ ഇവിടെ ഉദ്ധരിക്കുന്നില്ല. അതു് അവിടെ അനുസന്ധാനം ചെയ്യേണ്ടതാണ്. കൂടുതൽ സ്വല്പം ഇവിടെയും കാണിക്കാൻ ശ്രമിക്കുന്നു. 'നന്ദീശ സംഹിത'യിൽ കേരള ക്ഷേത്രമാഹാത്മ്യം 32-ാമദ്ധ്യായം താഴെക്കാണുംപ്രകാരം പറയുന്നു:—

ഹ്രഹ്യകാദ്രി (ഹിമവൽ പാർശ്വം) തുടങ്ങി കന്യാകുമാരിവരെയും ഗാന്ധാരദേശം തുടങ്ങി കിഴക്കോട്ടു 'കാമരൂപ'മെന്നുപറയുന്ന 'ആസാം'വരെയുംഉള്ളടക്കം ഭൂമി ഭാരതവർഷമാണ്. അതിൽ, വിശിഷ്ട കർമ്മാനുഷ്ഠാനയോഗ്യമായ ബ്രഹ്മർഷി ദേശം'—സരസ്വതീദൃഷദ്വതീനദികളുടെ മധ്യസ്ഥഭൂമി—മുഖ്യമാകുന്നു. കാശ്മീരത്തിനപ്പുറം (തെക്കോട്ടു പറഞ്ഞുവരുന്നതാകയാൽ തെക്കേ അററം) പഞ്ചനദമെന്നും, പിന്നെ കുരുദേശം, മരുദേശം, അനന്തരം അവന്തിയെന്ന ഉജ്ജൈനം, അതിനപ്പുറം കച്ഛപുരി, അപരാന്തമെന്നും ശൂർപ്പാരകമെന്നും പറയുന്ന 'രാമക്ഷേത്രം', ഇവയാകുന്ന വിഭാഗങ്ങൾ, തലക്കാവേരിമല മുതൽ തെക്കൻ കന്യാകുമാരിവരെ ഭൂതലസ്വർഗ്ഗമായ മലയാചലഭൂമിയാണെന്നും അതിനു കാരണാന്തരങ്ങളാൽ കേരളമെന്നുകൂടി പേരു സിദ്ധിച്ചിട്ടുണ്ടെന്നും വിവരിച്ചിട്ടു്, ടി. കേരളഭൂമിയിൽ 'പഞ്ചാപ്സര'മെന്ന അനന്തശയനത്തു ശ്രീ അമ്പരനാഗരാട് എന്നൊരു നായക രാജാവുണ്ടായിരുന്നതായും, അദ്ദേഹത്തിനു വളരെ പുത്രന്മാരുണ്ടായതിൽ ദേവാംശസംഭവനായി ഭഗീരഥരാജാവിനുതുല്യം തപോനിഷ്ഠയുള്ളവനായി 'വീരകംഠളൻ' എന്നൊരു രാജാവുണ്ടായിരുന്നതായും അനേക ശ്ലോകങ്ങൾ കൊണ്ടുപറഞ്ഞിരിക്കുന്നു.

മൂലം:—

‘‘ഗുഹ്യകാദ്രേ: ദക്ഷിണതോ ദക്ഷകന്യോത്തരേണ ച
ഗാന്ധാര കാമരൂപാന്തർ ഭാരതം വർഷമീയതേ.
കർമ്മഭൂമിസ്സത്രമുഖ്യോ ബ്രഹ്മർഷിദേശസംജ്ഞിതഃ
കാശ്മീരാദ്ദക്ഷിണേ ഭാഗേ പഞ്ചനദേതി കീർത്തിത:
കുരുദേശോ ദക്ഷിണതോ മരുദേശസ്തു ദൂദ്ധ്വത:
തസ്മാദപ്യുദിതം യാമ്യേ അവന്തിപദമുത്തമം
തത; കച്ഛപുരീതസ്യാ ദക്ഷതോഹ്യപരാന്തകം
ശൂർപ്പാരകേതി രാമസ്യ ക്ഷേത്രം സർവസമൃദ്ധിമത്.
കവേരശൈലാദാരഭ്യ യാവൽക്കന്യാകുമാരികാ;
മലയാചലനാമാസ്തി ക്ഷേത്രം ഭൂസ്വർഗ്ഗമീരിതം
നാരികേളീതരുപ്രായം കേരളേത്യഭിസംജ്ഞിതം
പൂർവ്വം കേരള നാഗേന രക്ഷണാദിതി കേചന.........
ക്ഷേത്രം പഞ്ചാപ്സരം നാമ തത്രാവാഗുത്തരേ പദേ
തത്രാസീത് ഭഗവത്ഭക്ത; പ്രാക് ശ്രീഅമ്പരനാഗരാട്
തസ്യ കശ്യപ വംശ്യസ്യ ജാതാ: പഞ്ചാശദാത്മജാഃ
തത്രൈകോംശേന ദേവസ്യ ഭഗീരഥ നപാ നൃപഃ.
വീരകന്ദല(or കംവല) നാഗേന്ദ്ര ഇതി വിഖ്യാത
വീര്യവാൻ
യസ്തുകേരള നാഗാനാം സ്വവംശ്യാനാം ച ഭൂഭുജാം.
തഥാന്യേഷാം നിർവൃതയേ സ്വർണ്ണവർഷം ദിവോ_
കരോത്
തസ്യ ചക്രം ലലാടേ/ഭൂദ്ധരേരംശ പ്രബോധകൃത്’’

ഈ രാജേന്ദ്രനെക്കുറിച്ച് ആചാരപദ്ധതി പ്രസ്താവനയിൽ പുരാണാന്തരത്തിൽ നിന്നുദ്ധരിച്ചു വേണ്ടുംവിധം വിസ്തരിച്ചിട്ടുണ്ട്. ഇദ്ദേഹം കനകവർഷം മുതലായ അത്ഭുത കൃത്യങ്ങൾ സാധിച്ചിട്ടുണ്ടെന്നും, ലങ്കാധിനാഥന്റെ (വിഭീഷണന്റെ ആയിരിക്കാം) മിത്രമായിരുന്നുവെന്നുംകൂടി പറഞ്ഞുകാണുന്നു നാഗരാട് എന്നു പറഞ്ഞതുകൊണ്ടു സംശയിപ്പാനില്ലെന്നും, ദ്രാവിഡ_‘നാക’ ശബ്ദത്തിന്റെ ഗീർവ്വാണ പ്രതിരൂപമാണ് ‘നാഗശബ്ദ’മെന്നും സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളതാകുന്നു. ഇദ്ദേഹം അന്ത്യവയസ്സിൽ

'ഉപമന്യ' എന്ന സിദ്ധതാപസൻെറ അനുഗ്രഹത്താൽ പരാത്മ നിർവൃതിയെ പ്രാപിച്ചപോൽ. ഈ വംശം ക്ഷീണിച്ച ശേഷം വസുനാഗനെന്ന ഒരു മലയക്ഷത്രിയ തിലകനുണ്ടായി എന്നു പറയുന്നുണ്ട്. അദ്ദേഹം, (കാശ്മീരിക ഗോനന്ദനെക്കുറിച്ചു രാജതരംഗിണി പറയുംപോലെ) ഭാരതയുദ്ധത്തിൽ ധർമ്മപുത്രരുടെ പക്ഷമാശ്രയിച്ചു നിന്നു രണക്ഷോണിയിൽ മരിച്ചുവെന്നു കാണുന്നു. 'കാശീയൂര'മെന്നു പറയുന്ന തൃക്കാര്യൂരിനെ വർണ്ണിക്കുന്ന ഘട്ടത്തിൽ, ''യത്ര ക്രോഢമുഖേ: പുത്ര: ശംകര ക്രോഢനാഗപ:'' എന്നു ശംകരൻ കോതക്കൈമ്മളെ (തച്ചേത്തു മൂന്നാംകൂറു കൈമ്മളെ) അവിടത്തെ രാജാവായി നിരൂപിച്ചിരിക്കുന്നു മുമ്പറഞ്ഞ നാഗശബ്ദത്തിൻെറ ഉപപത്തിക്കു ഇതും അനുകൂലമാണല്ലോ.

> ''ഏതദ്വംശീയകോദണ്ഡ
> ശംകര ക്രോഢനാഗപേ;
> രാജ്യം പ്രശാസത്യാര്യാണാ-
> മാഗത മ്മലയാചലേ''

എന്ന ശ്ലോകം കൊണ്ടു് ഇദ്ദേഹത്തിൻെറ കാലത്താണു് 'ആര്യന്മാർ' മലയാളത്തിൽ വന്നുകൂടിയതെന്നു തെളിയുന്നു.

ടി. 33-ാമദ്ധ്യായം 18-ാം ശ്ലോകം—, ''സംഗമേശം തഥോത്തരേ'', എന്നു മുതൽ 'സംഗമേശ'മെന്ന ഇരിങ്ങാലക്കുടെ തച്ചുടയ തമ്പുരാനെക്കുറിച്ചു്—, ''യാതൊരു സംഗമേശ്വരനായ ദേവൻെറ പ്രതിനിധിയും ഈശ്വരാംശസംഭവനും, തപ:സ്ഥിതനായിരുന്നു് എഴുനേററ പ്രജാപതിയുടെ ദൃഷ്ടിപാതത്താൽ—'ത്രേത' യെന്ന നാകസ്ത്രീയിൽ ജാതനും ആയ ദക്ഷക്രോഢകംബരൻ (മററു ചിലേടത്തു ദക്ഷോഢേശ്വരകം വലൻ)—തച്ചുടയ കയ്മൾ—ഉണ്ടായി(രുന്നു) എന്നും ഇദ്ദേഹം സർവ വിദ്യാനിധിയും ആദിരാജനും അധിരാജനും ആയ നൃപശ്രേഷ്ഠ ആയിരുന്നെന്നും, ഇദ്ദേഹത്തിൻെറ ഡോലി ചുമക്കുന്നതു ബ്രാഹ്മണരും നൃപന്മാരുമായിരുണ'', എന്നും പ്രസ്താവിച്ചു കാണുന്നു.

മൂലം—''......പ്രത്യക്ഷസിദ്ധിഭേവാൻയത്ര സന്നി-
ഹിതോƒസ്തിഹി:
യസ്യപ്രതിനിധീർക്ഷ ക്രോഢകംബര നാമകഃ (19)
അംശാംശേനാവതീർണ്ണോസ്തിനാഗ്യം
ത്രേതേതിനാമത:
ഉത്ഥിതസ്യപ്രജേശസ്യതപസോദ്ദൃഷ്ടിപാതനാത് (20)
സ, സ്ഥാനം സാംഖ്യയോഗാദേർവിദ്യാനാം
പാരദേശ്ന:
പാലനാച്ച സരാജർഷിർജ്ജാമദഗ്ന്യ ഇവാപര: (21)
ആദിരാജം ചാധിരാജം കേരളേഷുവദന്തിതം
ബഹുവർഷം പ്രശാസ്യോർവീംതുരീയം പദമാ-
സ്ഥിത: (22)
ബ്രാഹ്മണാശ്ചൈവ വിശ്പതയസ്തസ്യ ഭോളാം
വഹന്തി ഹി......''

ഇതിൽ ചിലതെല്ലാം ഇക്കാലത്തും പ്രത്യക്ഷഗമ്യമാണെന്നുമാത്രമല്ല, ഇദ്ദേഹം നായരുമാണല്ലോ. (''ഉത്ഥിതസ്യ പ്രജേശസ്യ തപസോദ്ദൃഷ്ടിപാതനാൽ'' എന്ന ഭാഗത്തിന്റെ അർത്ഥം 'സ തപസ്തപ്ത്വാ അസൃജത' എന്ന ശ്രുതിപ്രകാരം സ്രഷ്ടാവ്( സൃഷ്ട്യാലോചനാപൂർവ്വം ചമച്ചു, എന്ന ഭാവത്തിൽ വ്യാഖ്യാനിക്കപ്പെടേണ്ടതാണ്). അടുത്ത അദ്ധ്യായത്തിൽ നാലാമത്തു ശ്ലോകം മുതൽ പറയുന്നതാവിതു്—''മുമ്പു പറഞ്ഞ രാമക്ഷേത്രമായ 'ശൂർപ്പാരക'ത്തിൽ—

'അബ്രാഹ്മണേ്യതദാദേശേ
കൈവർത്താൻ പ്രേക്ഷ്യ ഭാർഗ്ഗവഃ
ഛിത്വാ സബഡിശം കണ്ഠേ-
യജ്ഞ സൂത്രമകല്പയത്.

എന്നു തുടങ്ങിയ സഹ്യാദിഖണ്ഡപ്രകാരം മുക്കവന്മാർ ബ്രാഹ്മണരായ ചിൽപ്പാവന (ബ്രാഹ്മണ)രെ കല്പിച്ചും അന്യരെ വരുത്തിയും ഇരുത്തിയ ശേഷം അവർ ഒത്തുചേന്നു നിഷ്കാരണമായിട്ടു തന്നെപ്പരീക്ഷിക്കയാൽ അവരെ ശപിച്ചു ശൂദ്രസാമ്യം വരുത്തി, ഭാർഗ്ഗവൻ തപസ്സിനു

പോയി എന്നും, തങ്ങളുടെ ദോഷത്താൽ കള്ളർഭയം ദാരി ദ്ര്യം മുതലായതു ബാധിച്ചു പ്രജകൾ തെക്കോട്ടു തിരിച്ചു മലയാളത്തു വന്നു, ചിലർ, അഥർവ്വണ വേദവിധിപ്രകാരം ക്ഷുദ്രാഭിചാരം കൊണ്ടു് ഐശ്വര്യം സമ്പാദിച്ചുവെന്നും, പണ്ടു സഗരനാൽ ശൂദ്രവൃത്തന്മാരാക്കപ്പെട്ട 'മൗളക' ക്ഷത്രിയ വംശക്കാരനായ ധൗവക (നായ രാജ്യത്തെ ഡോലിച്ചുമട്ടുകാരായി നിന്നു ചിലർ ധനം നേടിയെന്നും, പിന്നീടു് ഇവിടെ വന്നുചേർന്ന ചിലരെ ആചാരദോഷം ഭയന്നു നമ്പൂരിമാർ ഓടിച്ചു എന്നും മലയാളാചാരം കൈക്കൊണ്ടവരെ ഓരോ കാര്യങ്ങൾക്കായി നിയോഗിച്ചു എന്നും മറ്റുമാകുന്നു [(അന്യജാതിയെ സംസ്കരിച്ചു പുതിയ ബ്രാഹ്മണരായി പരശുരാമൻ കല്പിച്ചതു Miraj (മിറാജ്) എന്ന രാമക്ഷേത്രാന്തർഗ്ഗത ഭൂവിഭാഗം സംബന്ധിച്ചാണെന്നും അവിടെ ഒട്ടധികം ചിൽപ്പാവന ബ്രാഹ്മണരുണ്ടെന്നും ആ ദിക്കിൽ വച്ചു അക്കൂട്ടർ എന്നോടുതന്നെ പറയുകയുണ്ടായി. 'ചിൽപ്പാവനർ' എന്നതിനു് (ചിതായാം പാവിതാഃ—) ചിതാസ്ഥാനത്തുനിന്നും സംസ്കരിക്കപ്പെട്ടവർ എന്നു് അർത്ഥം പറഞ്ഞു കാണുന്നു.)]

ഇങ്ങനെ ബഹുവിധ പ്രമാണങ്ങളാൽ ദൃഢീകൃതമായി വ്യവഹാരദശയിൽ ഉറച്ചു പറയാവുന്നതായിരിക്കുന്ന നായന്മാരുടെ ക്ഷത്രിയത്വം സ്ഥിരപ്രതിഷ്ഠമാകുന്നു. മററു് ഇതിഹാസ പുരാണവചനങ്ങൾ ഗ്രാഹ്യങ്ങളെന്നും ഇവ, ത്യാജ്യകോടിയിൽപ്പെട്ടവയാണെന്നും ആർക്കും ശഠിക്കുവാൻ അവകാശമില്ലല്ലോ. എന്നല്ല, നമ്മുടെ പൊന്നുതിരുമേനിയുടെ വംശശാഖാംഗമായ ഒരു മഹാൻകൂടി എന്റെ നിരൂപണത്തിനു വളരെ മുമ്പു് ഈ വിഷയം സ്ഥാപിച്ചു വച്ചതും ഓർക്കേണ്ടതാണു്. ആ രാജശിഖാമണിയുടെ 'മലയാളത്തിലെ നായന്മാർ' എന്ന പുസ്തകം ഉത്തരമലബാറിൽനിന്നും വരുത്തി, ഹിന്ദുക്കോളേജ് വിദ്യാർത്ഥി (ഇപ്പോൾ സംസ്കൃത ബി. എ.) നമ്മുടെ ശ്രീവദ്ധനത്തു കൃഷ്ണപിള്ള ഈയിടെ എനിക്കയച്ചു തന്നിട്ടുണ്ടു്. അതിൽ പറഞ്ഞിട്ടുള്ള സംഗതികൾ വിസ്തരിച്ചു പറക പ്രയാസമാകയാൽ ഇവിടെ, ചുരുക്കുന്നു. ശേഷം

ആ പുസ്തകത്തിൽ കാണേണ്ടതാണ്. ടി. പുസ്തകത്തിൽ പുരാണപ്രാമാണ്യത്തെക്കുറിച്ച്, "A historical sketch of Sanskrit Litercture'' എന്ന പുസ്തകത്തിന്റെ 86-ാം പുറത്ത്— ''കുറഞ്ഞപക്ഷം പ്രളയകാലം മുതല്ക്കെങ്കിലുമുള്ള അനേക സംഭവങ്ങളെ നിക്ഷേപിച്ചുവെക്കപ്പെട്ടിട്ടുള്ള വിലയേറിയ ചരിത്രശകലങ്ങളാകുന്നു പുരാണങ്ങൾ''— എന്നു പറയുന്നപ്രകാരം ഉദ്ധരിച്ചിരിക്കുന്നു.

''...... ന തദ്വിധാ ബാഹ്യചരാ: പൂർവംക്ഷത്രകലോദ്ഭവാഃ'', എന്നു തുടങ്ങിയ ശ്ലോകംകൊണ്ടു മലബാറിലെ 'പുറത്തു ചാന്ന' നായർ വർഗ്ഗക്കാരെ ഇളയരാജാവവർകൾ ഭൂഗോളപുരാണവചനമെടുത്തു കാണിച്ചു ക്ഷത്രിയരാക്കിപ്പറഞ്ഞിരിക്കുന്നു. പുറത്തുചാന്ന നായർപോലും ക്ഷത്രിയ വംശ്യരെന്നു വന്നാൽ ഈ നാട്ടിലെ മററു പ്രധാന തറവാട്ടുകാരുടെ കഥ പറയേണ്ടതുണ്ടോ എന്നു സംശയിക്കുന്നു നായന്മാർ ടിബററിൽനിന്നു വന്നവരാണെന്നും, രാജപുട്ടാണയിൽ നിന്നു വന്ന ക്ഷത്രിയന്മാരാണെന്നും ഇദ്ദേഹം പറയുന്നു. അങ്ങനെ വല്ലവരും വന്നു നായന്മാരിൽ കൂടിയിരുന്നാൽ തന്നെയും, ഒരു പ്രധാന നദിയിൽ ചേരുന്ന പോഷകനദി, ചേർച്ചയ്ക്കുശേഷം ആ പ്രധാനനദിയുടെ പേർ ചൊല്ലി വിളിക്കപ്പെടുംപോലെയും, വടമൺമാർഗ്ഗവടമൺ ചില്ലാവനർ എന്നിവരുടെ ബ്രാഹ്മണത്വവ്യവഹാരംപൊലെയും, ഏതിൽ ചേർന്നോ അതായിഗണിക്കപ്പെടാനല്ലാതെ നിവൃത്തിയില്ലെന്നും, ആകയാൽ മററാക്ഷേമില്ലാത്ത ദോഷം പൂർവകാലികനായന്മാരുടെ കൂടസ്ഥനിലയിലോ അവരിലോ ആരോപിക്കപ്പെടാനിടയില്ലെന്നുമാണ് എൻെറ വാദം. നായന്മാർ രണതന്ത്രജ്ഞന്മാരും യുദ്ധവീരന്മാരുമാണെന്നു അനേക അത്താറിട്ടി (രേഖ)കളോടെ ഇദ്ദേഹവും തെളിയിച്ചിട്ടുണ്ട് ടി പുസ്തകം 21-ാം പുറത്ത് —''നായർ സ്ത്രീകൾ പാതിവ്രത്യത്തിൽ എത്രയും നിഷ്ഠ ഉള്ളവരായിരുന്നതിനാൽ, അവർ ബ്രാഹ്മണസ്ത്രീകളെപ്പോലെ അകത്തടച്ചുകൂട്ടുക പതിവായിരുന്നു'' എന്നു 30-ാം വശത്തു് ''നായർ സ്ത്രീകളുടെ പാതിവ്രത്യത്തിനു കോടാലി വച്ചതു് ആദ്യമായി നമ്പൂരിമാരായിരുന്നു'' എന്നും സധൈര്യം ഇദ്ദേഹം വിളിച്ചുപറയുന്നു.

ഈ മട്ടപോയി, ''ചേരമാൻ_പെരുമാളുടെ കാലശേഷം കേരള രാജ്യഖണ്ഡങ്ങൾ ഭരിച്ചുവന്ന നാട്ടുരാജാക്കന്മാരുടെ ഗുരുസ്ഥാനവും പട്ടോലസ്ഥാനവും മന്ത്രിസ്ഥാനവും, എന്തു വേണ്ട സർവ്വവും നായന്മാർക്കുതന്നെ ആയിരുന്നു'' എന്നു 34-ാം വശത്തു കാണുന്നു. ''യജ്ഞോപവീതമില്ലാതിരുന്നിട്ടും മദ്യമാംസാദി ഭക്ഷിക്കാതെയും നിത്യസ്നാനാദിചെയ്തും ക്ഷത്രിയ കമ്മങ്ങളെല്ലാം അമന്ത്രകമായി ആചരിച്ചു വരുകയാൽ ആ നായന്മാരിൽ ചിലൎക്കു ''സാമന്തർ'' എന്നു പേരുണ്ടായി. എടത്തിൽ, നമ്പ്യാർ, ഉണ്ണിത്തിരി, ഊണുനമ്പി, അടിയോടി, ഏറാടി, നെടുങ്ങാടി, വള്ളോടി, തിരുമുല്പാട് എന്നിവരെല്ലാം ഈ വർഗ്ഗത്തിൽ ചേൎന്നവരാകുന്നു''എന്നും ആ മഹാൻ പറയുന്നു. എന്തൊഫലം! ഇവർക്കിപ്പോൾ നായന്മാരെ തൊട്ടാൽ കുളിക്കണം എന്നായിരിക്കുന്നു. ഉള്ള നോക്കണം..!

മലബാറിലെ ജാതികളെപ്പററി പെൻഷൻഡ് ഡപ്യുട്ടി കളക്ടർ പി. കരുണാകര മേനോൻ അവർകൾ എഴുതിയ പുസ്തകത്തിൽ, ഏറാടി എന്നാൽ കന്നിനെ മേയ്ക്കുന്നവൻ എന്നൎത്ഥമാകുന്നു എന്നും, (ഏർ= കന്നു്, അതിനെ ആട്ടുന്നവൻ, ഏറാടി) ഇവർ നായരിൽ ഒരു ജാതി ആണെന്നും പറയുന്നു.

പാരശവന്മാർ (വാര്യന്മാർ) അനുലോമസംകര ജാതിയിൽപെട്ടവരും, 'ശൂദ്രായാം വിപ്രതനയ:' എന്ന വചനപ്രകാരം പരിചാരികയിൽ വിപ്രനു ജാതരായവരും ആണെന്നു പ്രസിദ്ധമാകുന്നു. 'സ പാരയന്നേവ ശവസ്തസ്മാത് പാരശവ: സ്മൃത:' എന്നതിനു, ജീവിച്ചിരിക്കവേ (സംസ്കാര വിഹീനതയാൽ) ശവതുല്യൻ എന്നു മനുവ്യാഖ്യാനക്കാർ അൎത്ഥം ചെയ്തിരിക്കുന്നു. പാരശവപദ വിവൃതി ഇങ്ങനെയിരിക്കെ കേരള മാഹാത്മ്യം 40-ാം അദ്ധ്യായത്തിൽ— 'ഒരു വൃദ്ധനായ മലയാള ദ്വിജന്റെ യൗവനസ്ഥയായ ഭാര്യ ഗർഭിണിയായി കാണുകയാൽ അവരെ പുറത്താക്കുകയും പ്രസവം കഴിഞ്ഞശേഷം (തൃശ്ശിവപേരൂർ) ശ്രീമൂലസ്ഥാനത്തു വച്ചു യോഗാചാര്യാദി

സമക്ഷമറിയിച്ചുവിചാരിച്ചാറെ(അവളിലുണ്ടായ)കന്യക സ്കു ദോഷമില്ലെന്നും എന്നാലും വിപ്രവാക്യത്താൽ കറെ ഏതാണ്ടുണ്ടെന്നു തീച്ചപ്പെടുത്തുകയാൽ തിരിച്ചുവെക്കുക യും ചെയ്തു എന്നും കന്യകസ്കു 12- വയസ്സുചെന്നപ്പോൾ പൂ വറുത്തു മാല കെട്ടിയതു ഭാൎഗ്ഗവൻ കണ്ടു മാലയുടെ ആഗമം ചോദിച്ചറിഞ്ഞു് അവളെ ശിവാലയ ശുശ്രൂഷസ്കു ആക്കി യെന്നും —, പറയുന്നു. ഇവർ മാരാസ്ത്രീസ്കു്, ആഴവഞ്ചേ രിൽ വിറകുവാരിയസ്ഥിയെടുത്തു പാതിത്യം വന്നശേഷം അവളിൽ വിപ്രന്ന ജാതരായവരാണെന്നാകുന്നു ശ്രുദ്ധ പക്ഷം. ഇതിനനുഗുണമായിട്ടു വെള്ളാറപ്പള്ളിൽ ഒരു വാ രിയത്തി (സ്ത്രീ)യാക്കു മാരാന്മായുണ്ടായ ഇടപാടിന്റെ വിചാരണയിൽ, സ്ത്രീക്കു് ശുദ്ധിയില്ലെന്നും, മാരാൻ പ്രാ യിശ്ചിത്തം ചരിക്കണമെന്നും വിദ്വന്മാന്യനായ മഹി മശ്രീമാടമഹീന്ദ്രൻ (80-ാമാണ്ടിനടുത്തെന്നു തോന്നുന്നു) വിധി കല്പിക്കയുണ്ടായിട്ടുണ്ടു്. എന്നാലും ഇവർ ഉൽകൃ ഷ്ടന്മാർ തന്നെ.

ടി, 41-ാമദ്ധ്യായത്തിൽ, ഉത്തരസ്ഥ (വടക്കും മഠത്തി ലെ) സ്വാമിയാർ ഇരിങ്ങാലക്കട ദേശം അലങ്കരിക്കുന്ന കാലത്തു് ഒരു യൗവനസ്ഥയായ വിപ്രപത്നിയിൽ അദ്ദേ ഹത്തിന്റെ ബീജസംഭൃതനായി ഒരു പുരുഷസന്താനമുണ്ടാ യി എന്നും. ഭട്ടാചാര്യാദികൾ പുറംതള്ളാൻ വിചാരിക്ക വേ ആ സ്ത്രീ മരിക്കയും, സ്വാമിയാർ അതു തന്റെ പുത്ര നാണെന്നും സംസ്കാരാദികഴിച്ചു്, സംഗമേശദേവന്റെ പരിചര്യസ്കാക്കണമേന്നും ഭാൎഗ്ഗവരാമനോടു പറയുകയും അതുപ്രകാരം കല്പിച്ചു സന്താന വൃദ്ധിക്കു ദാസിസ്ത്രീയെ സോദരീഭാവത്തിലാക്കിക്കൊടുക്കയും, ബ്രാഹ്മണദ്വാരാ സന്താന വൃദ്ധി വിധിക്കയും ചെയ്തുവെന്നും, പറയുന്നു. സംസ്കരണാവസരത്തിൽ ഓടിയതുകൊണ്ടു് പിഷാരോടി യെന്നു പേരുണ്ടായതായി പ്രസിദ്ധിയുമുണ്ടു്.

സഹ്യാദ്രിഖണ്ഡത്തിൽ 'ശിവദ്വിജൻ' ഒരു ദാസി യിൽ ഒരു വിപ്രന്ന ജാതനായതായും അവരുടെ സ്ത്രീകളെ 'ബ്രാഹ്മണി' എന്നുപറയുന്നതായും പ്രസ്താവിച്ചിരിക്കുന്നു.

ബ്രാഹ്മണികരം ഉണ്ണിയുടേയോ നിമ്പിയാ (ശൂദ്രൻെറയോ സ്ത്രീകളാണെന്നു പ്രസിദ്ധമാണു്. അപ്പോരം ശിവദ്വിജൻ (പട്ടരുണ്ണി) ഉണ്ണി എന്നു തീർച്ചയായി. കേരള മാഹാത്മ്യം മേൽപ്പറഞ്ഞ അദ്ധ്യായത്തിൽ. ഒരു ശിവദ്വിജൻ (ഉണ്ണി മൂത്തു്—ഇപ്പോരം മൂത്തതാണല്ലോ ശിവദ്വിജൻ) ഒരു വിപ്രകന്യകയെ തൻെറ ജാതിസ്വരൂപം വ്യക്തമാക്കാതെ വഞ്ചനയായി വേളികഴിച്ചുവെന്നും, ഭട്ടാചാര്യപ്രഭൃതികരം വന്നു അയാരം ശിവദ്വിജൻ (മൂത്തതു്) ആണെന്നും മററും പറഞ്ഞു് ആലോചന നടത്തി, കെട്ടിയതുകൊണ്ടു ദോഷമില്ലെന്നും, സോദരീഭാവത്തിൽ വച്ചുകൊണ്ടു് വിപ്രദാരാ സന്താനവൃദ്ധി വരുത്തുകയേ ആകാവൂ എന്നും ഭാർഗ്ഗവാനുമതിപ്രകാരം വിധിച്ചു എന്നു പറഞ്ഞിരിക്കുന്നു.

ഇളയതു്, ഏതാദൃശാജ്ഞയോ നടപടിയോ ഉല്ലംഘിച്ചു വിവാഹം ചെയ്യുവന്നു് ഇപ്പോരം ഇവരും വേളി തുടങ്ങിയിരിക്കയാണല്ലൊ? ദാസിയെന്നു സൂത്രക്കാർ പറയുന്നവരുടെ പുത്രരെന്നിരുന്ന ഇവർ ഇപ്പോരം കല്പടയിൽ കയറിനിന്നിട്ടു് 'നരകത്തിനുതകിയതെന്നു ഗീത പറയുന്ന' സാംകര്യമൊന്നുമില്ലാത്ത 'മലയക്ഷത്രിയ ശുദ്ധ നായരെ' തീണ്ടാട്ടാൻ തുടങ്ങുന്നു എന്നതു ആശ്ചര്യം.

അഭിസാരികയായി ഭ്രഷ്ടയായ ബ്രാഹ്മണ സ്ത്രീയിൽ അജ്ഞാത പുരുഷജനിത സന്താനങ്ങരം (തന്ത നിശ്ചയമില്ലാത്തവർ) ആണല്ലോ മ്ഴാവു നമ്പ്യാർ, ചാക്യാർ എന്നിവരുടെ കുലകൂടസ്ഥന്മാർ. ഇവരെ തൊട്ടു് ഈഴവർപോലും ഇവിടെ ഭക്ഷിക്കയില്ല. ഇവർക്കും ശുദ്ധ പച്ചനായരെ പുച്ഛം. കഷ്ടം! തങ്ങളുടെ സ്വരൂപത്തിൽ ഇത്ര വലിയ വിസ്മൃതി മേൽപ്പറഞ്ഞവർക്കും നായന്മാർക്കും വന്നുകൂടാത്തതാണു്. സാരവമാന്യമുള്ളവരും, വന്ദ്യന്മാരുമായ വിപ്രന്മാർ 'സഹ്യാദ്രി' ഒരു വെട്ടി തെളിച്ചുനോക്കാതെ നായന്മാരെ നിഹീനരാക്കിപ്പറയരുതെന്നുമാത്രം അപേക്ഷയുണ്ടു്. വേണ്ടിവന്നാൽ ആ ഭാഗപ്രസ്താവം വഴിയേ ആകാം.

ജാതയില്ലെന്നു 'പദ്ധതി'യുടെ പ്രാസ്താവികത്തിൽ സുദൃഢം വ്യവസ്ഥാപിച്ചസ്ഥിതിക്കു ഇത്ര വാഗ്വ്യയമെന്തിനെന്നു അത്രമനസ്സിലിറങ്ങിയവർ വല്ലവരും ശങ്കിച്ചുചോദിക്കുന്നതായാൽ ഇതു്, താദൃശ സൂക്ഷ്മഗ്രാഹികൾക്കായി പറയുന്നതല്ലെന്നും അത്ര പാരമാർത്ഥികം ഇത്ര വ്യാവഹാരികം എന്നു വിഭജിച്ചു ഗ്രഹിക്കണമെന്നും ആകുന്നു ആശയം.

ഇതിലെ അത്യുക്തി ദുരുക്തി ശംകാ പങ്കില വാചകങ്ങളെ ശ്രോതാക്കളും സഭാനായക ഹീരങ്ങളും ക്ഷമാപൂർവം മനനം ചെയ്യണമെന്നു അപേക്ഷിച്ചുകൊണ്ടു ഈ ഉപന്യാസത്തെ പര്യവസാനിപ്പിച്ചുകൊള്ളുന്നു.

★

## 15. തച്ചുടയകൈമൾ *

(ഇരിങ്ങാലക്കട ദേവപ്രതിനിധിയായി, തച്ചുടയകൈമളെ അവരോധിക്കുന്നതിനുള്ള ചടങ്ങുകൾ വിവരിക്കുന്ന ലേഖനം)

'ഇരിങ്ങാലക്കട ക്ഷേത്രം മുതലായവയെക്കുറിച്ചുള്ള പല റിക്കാർഡുകളും ആധാരങ്ങളും മററും പരിശോധിച്ചു. അവരോധത്തെപ്പററി ഏതാനും ഭാഗം ഉദ്ധരിക്കയും വേറെ ചില രേഖകളെ കാണിക്കയുംചെയ്യാം:– '1904 സി. എം. പി. നമ്പർ 1533 അപ്പീൽവാദികൾക്കുവേണ്ടി മിസ്റ്റർ രൈരുനമ്പ്യാർ ഹാജരാക്കിയതു്. രേഖ 10 (ഇംഗ്ലീഷിൽ നിന്നു)

---

* 'തച്ചുടയ' എന്നതിൻെറ യഥാർത്ഥരൂപം 'തെച്ചുടയ' എന്നായിരുന്നു. അതിൻെറ ലോപമാണിപ്പോൾ കാണുന്നതു്. ''കടവുളൈ നാടിച്ചുഞ്ചെക്കരുത്തുടയനിരുന്തു തെച്ചിക്കുടയവരാനമേലാം പുനിതരൈ വണങ്കി.........എന്നു തുടങ്ങിയ തമിഴ്പാടൽ നോക്കിയാൽ ഇതു മനസ്സിലാകും. അർത്ഥം:– കടവുൾ = ഈശ്വരൻ, നാഡി = അന്വേഷിച്ച്, ചുഞ്ച = നിഷ്ഠ, കരുത്തു് = ആശയം, തെച്ചു = തേജസ്സ്, ഐശ്വര്യം, പരിശുദ്ധി, ഉടയവരാന = ഉടയവർ, ആധാരഭൂതന്മാർ, തെച്ചുക്കുടയവർ എന്നു് വ്യസ്തപ്രയോഗം. തേജ, ഐശ്വര്യ, പരിശുദ്ധികൾക്കിരിപ്പിടം എന്നും പ്രകാശൈശ്വര്യപരിപൂതാത്മാവായിരിക്കുന്നവരെന്നും താല്പര്യം. മേൽ = ഉപരി, പുനിതർ = പുണ്യവാന്മാർ.

അപ്പോൾ, അഭയദഭാവേന, ഈശ്വരസാക്ഷാൽക്കാരമടഞ്ഞു് അതിൽതന്നെ ദൃഢനിഷ്ഠയോടും നിർദീനഭാവത്തോടുംകൂടി, പരിശുദ്ധജ്ഞാനൈശ്വര്യ സമ്പന്നനായി, വിശിഷ്യ, പുണ്യാത്മാവായിരിക്കുന്നഎന്നാകപ്പടെ കിട്ടുന്നുണ്ടല്ലോ.

(ചട്ടമ്പിസ്വാമിതിരുവടികൾ)

## അവരോധഗ്രന്ഥം

983 തുലാം 30-ാംനു- യോഗക്കാരെല്ലാവരും ചേൎന്ന്, താമസംവിനാ ഒരു തച്ചുടയകയ്മളെ അവരോധിക്കണമെന്നു നിശ്ചയിക്കയും വൃശ്ചികം 1-ാംനു- സേവതുസേവ തുടങ്ങുകയുംചെയ്തു. 40 ദിവസത്തെ സേവയ്ക്കുശേഷം മകരം 12-ാംനു-യോഗാംഗങ്ങളെല്ലാവരുംകൂടി തൃപ്പൂണിത്തുറെച്ചെന്ന് രാജാവിനെക്കണ്ടു അവരോധകാൎയ്യത്തെക്കുറിച്ചറിയിച്ചു. അതിനു് ഇങ്ങനെ മറുപടി പറഞ്ഞു:— ''നിങ്ങൾക്കെല്ലാവൎക്കും അങ്ങനെയാണു് അഭിപ്രായമെങ്കിൽ ഞാനും അതിനോടു് യോജിച്ചിരിക്കുന്നു.'' പിന്നീടു് യോഗത്തിൽ രണ്ടുപേർ അഴവാഞ്ചേരിൽ ചെന്നു തമ്പ്രാക്കളെക്കണ്ടു് അവരോധസംഗതി ധരിപ്പിച്ചപ്പോൾ ഇങ്ങനെ പറഞ്ഞു:- 'നിങ്ങളൊരുദിവസം നിശ്ചയിച്ചു് ആളയയ്ക്കുന്നപക്ഷം ഞാൻ വരാം.'

പിന്നീടു് യോഗാംഗങ്ങളെല്ലാം വാതിൽമാടത്തിൽ കൂടിയിട്ടു് അവരോധത്തിനു ജാതകം അയച്ചുകൊടുക്കണമെന്നപ്രകാരം കുലശേഖരപ്പെരുമാൾക്കു് ഒരു തീട്ടെഴുതി. കൊളൊംമൂത്തതു്, ചെറയത്തുമൂത്തതു്, ഒല്ലൂർനായർ, തുരുത്തിക്കാട്ടിൽനായർ എന്നിവർ നാലു യോഗക്കാരോടുകൂടി തൃപ്പൂണിത്തുറ ചെന്നു് രാജാവിനെക്കണ്ടു് തീട്ടൂരംവാങ്ങി മകരം 17-ാംനു- പുറപ്പെട്ടു് 23-ാംനു- തിരുവനന്തപുരത്തു് ചെന്നുചേൎന്നു..... കുലശേഖരപ്പെരുമാളെക്കണ്ടു് അവരോധത്തിനായി ജാതകം വാങ്ങാൻ വന്നിരിക്കയാണെന്നും യോഗത്തിലെ തീട്ടും തീട്ടൂരവും കൊണ്ടുവന്നിട്ടുണ്ടെന്നും പറഞ്ഞു് തീട്ടു് കുലശേഖരപ്പെരുമാൾക്കും തീട്ടൂരം തേവാരിക്കും കൊടുത്തു് യോഗക്കാർ പലകകളിലിരിക്കയും ശേഷംപേർ അവിടെ നില്ക്കയും ചെയ്തു. തീട്ടും തീട്ടൂരവും വായിച്ചുകേട്ട കുലശേഖരപ്പെരുമാൾ സമ്മതിദാനംചെയ്കയുണ്ടായി. 27-ാംനു- കൊട്ടാരച്ചൗക്കയിൽചെന്നു് യോഗക്കാർ കിഴക്കുനോക്കി ആസനസ്ഥരാകയും ശേഷംപേർ നില്ക്കയും ചെയ്തു. കുലശേഖരപ്പെരുമാൾ പടിഞ്ഞാറു നോക്കിയിരുന്നു. ഇളയ രാജാവും മൂന്നാംമുറ രാജാവുംകൂടി

യുണ്ടായിരുന്നു ......കുലശേഖരപ്പെരുമാറം മീനം രാശിസമയം പനയറ 'ഇല്ലത്തു' പുത്തൻവീട്ടിൽ രാമക്കുറുപ്പിൻെറ ജാതകം കൊടുക്കയും ഒല്ലൂർ നായർ വാങ്ങുകയും ആ സമയം ശംഖു വിളിക്കയും ചെയ്തു......അവർ അന്നുതന്നെ പുറപ്പെട്ടു കുംഭം 3-ാംതീയതി ഇരിങ്ങാലക്കുടെ എത്തി. വിവരം രാജാവിനെ ധരിപ്പിക്കുന്നതിനായി യോഗത്തിലെ രണ്ടംഗങ്ങറം തൃപ്പൂണിത്തുറ എത്തി രാജാവിനെകണ്ടു. മീനം 10-ാംതീയതി സുദിനമാകയാൽ വിവരം എല്ലാവരെയും അറിയിക്കണമെന്നു് രാജാവു് പറഞ്ഞു. പിന്നീടു് തമ്പുരാക്കറം, വെള്ളാട്ടുകരനമ്പിടി, വടക്കൻകോട്ടുനായർ എന്നിവക്കു് തീട്ടൂരങ്ങളും തീട്ടുകളും എഴുതി. അതു യോഗക്കാരും മടപ്പള്ളിക്കാരും കൊണ്ടുചെന്നു കൊടുത്തു. 9-ാം തീയതി എല്ലാവരും വന്നു. 10-ാംതീയതി വിളക്കും ഗണപതിയും തെക്കേവാതിൽ മാടത്തിൽവച്ചു് യോഗാംഗങ്ങറം കിഴക്കോട്ടു നോക്കിയിരുന്നു. രാജാവു് മടിയിൽ വാളോടുകൂടി പടിഞ്ഞാറോട്ടിരുന്നു. കൊളോംമൂത്തതു്, ചെറയത്തുമൂത്തതു്, ഒല്ലൂർ നായർ, തുരുത്തിക്കാട്ടു നായർ ഇവരും നമ്പികളും കയ്മറംമാർ നാലുപേരും വടക്കുംകൂറുനായർ, മുരിയൊത്തുനമ്പിയാർ ഇവരും തെക്കേവാതിൽ മാടത്തിൽ നിന്നു. ഊരാണ്മക്കാരായ ഒൻപതില്ലക്കാരും വെള്ളാട്ടുകരനമ്പിടിയും വേളോസ്സനമ്പിയാരും വടക്കേവാതിൽ മാടത്തിൽനിന്നു......

[ (പ്രഭുക്കറം വല്ല തെററും ചെയ്തുപോയിട്ടുണ്ടെങ്കിൽ ആനയിരുത്തുന്നതിൻെറ അടയാളമായി) തോട്ടിയും വളറും വെപ്പിക്കണം] (അവരോധത്തിനു് ഒരുക്കകറം വെച്ച ശേഷം)...തമ്പുരാക്കറം തററുടുത്തു്, മണ്ഡപത്തിൽ ദേവനഭിമുഖമായിരുന്നു്......തമ്പുരാക്കറം ദാനമുഹൂർത്തദക്ഷിണകറം കഴിച്ചു. ടി പനയറ ഇല്ലത്തു കുറുപ്പിനെ തച്ചുടയനായി അവരോധിച്ചു......ആ സമയം ആരുംതന്നെ ചുററിനകത്തു നിന്നിട്ടില്ല. മാരാൻ വടക്കേദ്വാരം അടച്ചു് അവിടെനിന്നു് ശംഖുവിളിച്ചു. ഗണപതീവിസർജ്ജനം കഴിഞ്ഞു് തമ്പുരാക്കറംക്കു് കൊളോംമൂത്തതു ആയിരത്തിഒന്നു പണം കിഴികെട്ടി മണ്ഡപത്തിൽ കൊണ്ടുചെന്നു...

ദാനംചെയ്തു വെള്ളാട്ടുകര നമ്പിടിക്കും വടക്കുംകൂറു നായർക്കും നൂററിഒന്നു പണംവീതം കിഴികെട്ടി വാതിൽമാടത്തിൽ കൊണ്ടുചെന്നു് മൂത്തതു കൊടുത്തു. പിന്നീടു് എല്ലാവർക്കും സദ്യ.

അനന്തരം യോഗക്കാരിൽ എട്ടംഗങ്ങളോടുകൂടി കൊളോംമൂത്തതു്, ചെറിയത്തുമൂത്തതു്, ഒല്ലൂർനായർ, തുരുത്തിക്കാട്ടുനായർ, പെരുമ്പള്ളിനായന്മാർ, നന്ദിക്കരെപ്പണിക്കർ കൃഷ്ണപിഷാരത്തുപിഷാരൊടി, അറയ്ക്കപ്പിഷാരത്തുപിഷാരൊടി, അകത്തൂട്ടുവാര്യർ. സംബന്ധിമാരാന്മാർ, എന്നിവർ ഒന്നിച്ചു 11-ാംനു- ശുഭമുഹൂർത്തത്തിൽ പുറപ്പെട്ടു അവരോധിച്ച ആളെക്കൂട്ടിക്കൊണ്ടുവരുന്നതിനായി 23-ാംനു- തിരുവനന്തപുരത്തെത്തി. കുലശേഖരപ്പെരുമാളെക്കണ്ടപ്പോൾ 25-ാംനു-യാണു് മുഹൂർത്തം നിശ്ചയിച്ചിരിക്കുന്നതെന്നു അവിടുന്നു പറഞ്ഞു. അന്നേദിവസം അവർ അവിടെച്ചെന്നപ്പോഴേയ്ക്കു് വലിയ എടക്കെട്ടു് പട്ടുവിരിച്ചലങ്കരിച്ചു നിറപറയും ഗണപതിയും മററും വച്ചിരുന്നു. യോഗക്കാർ പടിഞ്ഞാറു നോക്കിയിരുന്നു. ശേഷംപേർ നിന്നു. കുലശേഖരപ്പെരുമാൾ കിഴക്കുനോക്കിയിരുന്നു കൊളോം മൂത്തതു് മരതകരത്നാദി മംഗലസാധനസംവൃതമായ പുത്തുക്കലശംവെച്ചു് കുലശേഖരപ്പെരുമാളെക്കണ്ടു. യോഗത്തിലൊരാൾ ഇന്നാരെ അവരോധിച്ചിരിക്കുന്നു എന്നു് കുലശേഖരപ്പെരുമാളോടു പറഞ്ഞു അവിടുന്നു് അദ്ദേഹത്തെ വരുത്തി 'തച്ചുടയനായി അവരോധിച്ചിരിക്കുന്നു' എന്നും യോഗക്കാരോടുകൂടിപ്പോയി ഞാനെന്നപോലെ എല്ലാം നടത്തണ'മെന്നും പറഞ്ഞു് പട്ടും വസ്ത്രവും സമ്മാനിച്ചു. തച്ചുടയൻ വണങ്ങി അതു വാങ്ങി, അതോടെ വെളിയട ഇടുകയും ശംഖൂതുകയും അനുപദം നടന്നു ഒന്നാമതായി ഒല്ലൂർനായരും ബന്ധമുള്ള മററു സംബന്ധികളും അദ്ദേഹത്തെ വന്ദിക്കണം. പിന്നീടു് ളേവാ മുതലായവർ വന്ദിക്കണം. അവിടെനിന്നു പല്ലക്കിൽ കയറി ദീപാദികൾ അകമ്പടിവാദ്യം മുതലായതോടുകൂടി ക്ഷേത്രപ്രദക്ഷിണമായി ശ്രീകണ്ഠേശ്വരത്തു മഠത്തിൽ ചെന്നു. അന്നുമുതൽ തച്ചുടയ കയ്മൾ അദ്ദേഹത്തിന്റെ നിത്യകർമ്മങ്ങളിൽ വ്യാപൃതനായി......

മേടം 6_ാനു- പാറവൃത്തനിന്നും പുറപ്പെട്ടു് 'തൃപ്പയ്യപ്പാ' ക്ഷേത്രത്തിൽ ചെന്നു് അന്നവിടെത്താമസിച്ചു. 7_ാനു- രാവിലെ രാജാവുപ്രഭുക്കന്മാരെ വരുത്തി അവരോടൊന്നിച്ചു് തൃപ്പയ്യപ്പാവിൽ ചെന്നു തച്ചുടയകയ്മളെ ആനപ്പുറത്തെഴുന്നള്ളിച്ചു പാണ്ടിവാദ്യം, നാഗസ്വരം, നഗരാവെടി മുതലായതോടുകൂടി ഇരിഞ്ഞാലക്കുടെ എത്തി......

രണ്ടു മുണ്ടും ആറു പണവും ഒന്നേകാലിടങ്ങഴി അരിയുംകൂടി പറഞ്ഞയാരംക്കു് (ഇപ്പോരം പൊതുവാളായ ഒല്ലൂർ നായക്കു്) ക്ഷൗരത്തിനായി കൊടുത്തു. പിന്നീടു് ക്ഷൗരം (ചൗളം) കഴിഞ്ഞു. കലശാഭിഷേകം മുതലായതു ......പരിശുദ്ധിയടഞ്ഞു തററുടുത്തു പീഠത്തിന്മേലിരിക്കെ രണ്ടുപണം ദാനം; ആറുപണം മുഹൂർത്തദക്ഷിണ, 32 പണം തന്ത്രിദക്ഷിണ. അനന്തരം കുത്തുവിളക്കുകരം, മദ്ദളാദിവാദ്യങ്ങരം എന്നിവയ്ക്കിടയിൽ (തപ്പു, താളം മുതലായതുമുണ്ടായിരിക്കും) അധികാരമുദ്രകരം വഹിച്ചു് ദേവന്റെ വലത്തു് സോപാനത്തിങ്കൽ പരമധാനിയായിട്ടിരുന്നു് അരിയളന്നു്, സോപാനത്തിൽ വീരവാളിപ്പട്ടിട്ടുനിന്നു് മണിയടിച്ചുതൊഴുതു് ശംഖുതീർത്ഥാദി വട്ടകപ്രസാദാന്തം കയ്യിൽവാങ്ങി 8 പണം തീർത്ഥദക്ഷിണ കൊടുത്തു...... പിന്നെ 'തണ്ടുപൂജ'; ദക്ഷിണ, ഇവ കഴിഞ്ഞു് തണ്ടെടുത്തു വലിയ ബലിക്കല്ലിന്റെ കിഴക്കുവശത്തായി അതിന്മേൽ (പള്ളി)ത്തണ്ടിന്റെ ഒററം കൊള്ളിച്ചുവച്ചു. തച്ചുടയകയ്മരം തണ്ടി (പല്ലക്കി) ൽ കയറിയശേഷം നിലത്തു തൊട്ടിരിക്കുന്ന തല രാജാവു് തൊടുകയും * പള്ളിച്ചാന്മാരെക്കൊണ്ടു് അതു ചുമപ്പിച്ചു് വാദ്യഘോഷത്തോടെ പ്രദക്ഷിണം ചെയ്കയും ചെയ്തു. (When Thachudaya Kaimal gets into Tandu (Palanquin) the Raja should touch the end resting on the ground......) അപ്പോരം കൊമ്പളോംമൂത്തതു് മുന്നൂററിഒന്നു പണം അടങ്ങിയ കിഴി രാജാവിനു കൊടുത്തു......

---

* ഇവിടെ പള്ളിച്ചാന്മാരെന്നതു് ബ്രാഹ്മണരാണു്.

ഈ ഒടുവിൽ പറഞ്ഞ ഭാഗത്തെപ്പററി കോഴിക്കോട്ട 'സബാർഡിനേററുകോടതിജഡ്ജി ം-രാ-രാ അനന്തൻ നായരവർകഠം ബി. ഏ; ബി. എൽ. 1909 ജാനുവരി 15-ാംതിയതി.

അപ്പീൽ നമ്പർ 303-1902 [1904 സെക്കൻറപ്പീൽ 718] നമ്പർ ജഡ്ജിമെൻറിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

'According to tradition .....even the Raja of Cochin to touch his Palanquin when he is taken in procession round the temple on his installation'.

ഇനി, അദ്ദേഹത്തിൻെറ പദവികളെക്കുറിച്ച് ടി ജഡ്ജിമെൻറ് ഇപ്രകാരം പറയുന്നു. ''.........ബ്രാഹ്മണേതരന്മാർ അദ്ദേഹത്തോട സംഭാഷണം ചെയ്യുമ്പോഠം ആഢ്യബ്രാഹ്മണരോടെന്നപോലെ ആചാരോപചാരങ്ങളോടുകൂടി അഭിസംബോധന ചെയ്യണമെന്നുള്ളത് ഒരു യഥാത്ഥസംഗതിയാണ്. ഒരു രാജാവിനുള്ളതിൽ ഏററവുമധികം സാമുദായികബഹുമാനങ്ങഠം ഇദ്ദേഹത്തിനുള്ളതും ഒരു മഠാധിപതിക്കെന്നപോലെ മതസംബന്ധമായ ബഹുമാനാദരങ്ങഠം പ്രകൎഷപ്തമായിട്ടുള്ളതുമാണ്.''

1917-ാമാണ്ട് നവംബർമാസം 30-ാംനു-ക്കു ശരിയായ 1093 വൃശ്ചികം 15-ാംനു- കൊച്ചിയിൽനിന്നും പുറപ്പെടുവിച്ച തിരുവെഴുത്തുവിളംബരം:— [മദ്രാസ് ഗവമ്മേൻറാജ്ഞാനുസാരമുണ്ടായതു്]

''ഏ, മട്ടിക:—തച്ചുടയകയ്മളുടെ സ്ഥാനത്തേയ്ക്കുള്ള അവകാശങ്ങളും പദവികളും മുറകളും.

(1) കയ്മഠം ക്ഷേത്രത്തിൽ ദശ്നത്തിനു പോകുമ്പോഠം ഉടവാളെടുത്ത ഒരു അകമ്പടിയോടുകൂടിയും ശംഖുവിളിച്ചും വിളക്കുപിടിച്ചും പോകുവാനധികാരമുള്ളതാകുന്നു. (2) ശൂദ്രർ, അമ്പലവാസിമാർ ഇവരെപ്പോലെയല്ലാതെ കയ്മഠംക്കു ക്ഷേത്രമണികഠം കൊട്ടി ദേവനെ സോപാനപ്പടി

യിൽനിന്നു ദർശനം കഴിക്കാവുന്നതും മേശാന്തിയോടു നേരിട്ടു് തീർത്ഥവും പ്രസാദവും കൈയിൽ വാങ്ങിക്കാവുന്നതുമാകുന്നു. ബ്രാഹ്മണരേയും അമ്പലവാസിമാരെയുംപോലെ കയ്മൾക്കു തീർത്ഥത്തിൽ കുളിക്കാവുന്നതുമാകുന്നു. (3) കൊല്ലംതോറും ഉത്സവം തുടങ്ങുന്നതിനുമുമ്പു് തന്ത്രിമാക്കു് കൂറയും പവിത്രവും കൊടുക്കേണ്ടതു കയ്മളാകുന്നു .....(4) ക്ഷേത്രത്തിൻെറ അകത്തെ ഭരണത്തെ സംബന്ധിച്ച സകല സംശയനിവൃത്തിയും ചെയ്യ്‌വാനുള്ള പ്രധാനമതാധികാരി കയ്മളാകുന്നു. (5) ഒരു കയ്മൾ മരിച്ചാൽ ക്ഷേത്രത്തിൽ പുണ്യാഹം കഴിക്കേണ്ടതും ശവദാഹം കഴിക്കേണ്ടതും ബ്രാഹ്മണരുമാകുന്നു....'

കയ്മൾ എന്ന പദം കോയ്മ ആൾ എന്നതിൻെറ ലോപവും ദ്രാവിഡത്തിലെ രാജപര്യായവുമാണു്. 'മേൽക്കോയ്മ'യെന്നു ബ്രിട്ടിഷ്സിംഹാസനത്തെക്കുറിച്ചു പറയുന്നതു് പ്രസിദ്ധമാണല്ലൊ ഇതുപോലെ 'കോയ്മയാർ' എന്നൊരു രൂപവുംകൂടിയുണ്ടു്. ശാസ്ത്രിയൾ, ശാസ്ത്രിയാർ മുതലായവപോലെ ഇതിൻെറ ഭേദം ഗ്രഹിക്കാം. കോയ്മയാർ എന്ന രൂപത്തിൽ മാടംപുള്ള ചില വേനക്കാരെ താഴ്ന്നജാതിക്കാർ വിളിക്കുന്ന നടപ്പുണ്ടു് സംസ്കൃതത്തിൻെറ പ്രചാരത്തോടുകൂടിയാണു് ജനങ്ങൾക്കു രാജപദത്തിൽ പ്രതിപത്തി വർദ്ധിച്ചതു്. തച്ചുടയകയ്മളെന്നു മേലുദ്ധരിച്ച ഭാഗങ്ങളിൽ കാണുന്നതു് പുതുക്കോട്ടരാജാ, കൊച്ചിരാജാ, സാമൂതിരിപ്പാടു് എന്നൊക്കെ പറയുംപോലെയാണു്. എന്നാൽ ആദരത്തോടുകൂടി പറയുമ്പോൾ കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു് എന്നും മററുമാണല്ലൊ പറകപതിവു്. അപ്രകാരം ഇവിടുത്തെക്കുറിച്ചു തച്ചുടയതമ്പുരാൻ, തച്ചുടയതമ്പുരാൻ തിരുമനസ്സു്, തച്ചുടയരാജാ എന്നീക്രമത്തിൽ എഴുത്തുകുത്തുകൾ, വ്യവഹാരം മുതലായതുണ്ടു്. നോക്കുക:—

(1) ''മുകുന്ദപുരം താലൂക്കു് മനവലശ്ശേരി വില്ലേജിൽ കൊട്ടിളായ്മൽ സ്ഥിരവാസവും മാണിക്കൻ കേരളൻ എന്ന തിരുനാമവും കൂടൽമാണിക്യം ദേവസ്വം ഉടമസ്ഥനും ഭരണകർത്താവുമായ തച്ചുടയതമ്പുരാൻ തിരുമന

സ്സിലെ ടി ദേവസ്വം പട്ടോലമേനവൻ വായിച്ച തിരു മനസ്സറിയിക്കുവാൻ ഇരിങ്ങാലക്കുടവില്ലേജിൽ മനവല ശ്ശേരിദേശത്തു് തെക്കേ എന്നമല്ലൂർ ഇല്ലത്തു് നാരായണൻ നമ്പൂതിരി മകനും കാരണവനും കൈകാര്യകർത്താവുമായ നാരായണൻനമ്പൂതിരി മുതൽ പേരുകൂടി എഴുതിക്കൊടുത്ത അട്ടിപ്പേറാധാരം'' (1095) ചിങ്ങം 17-ാംനു- 75-ാം നമ്പ രായി രജിസ്റ്റർചെയ്തു.

(2) 1087-ാമാണ്ടു മകരമാസം 13-ാംനു- മുകുന്ദപുരം താലൂക്കു് 21-ാംനമ്പർ മനവലശ്ശേരിവില്ലേജിൽ ഇരിങ്ങാ ലക്കുട കൂടൽമാണിക്കം ക്ഷേത്രത്തിൽ അഭിഷേകവും ദേ വസ്ഥാനവും കുടുംബപാരമ്പര്യപിന്തുടച്ചാവകാശവും ടി ദേവസ്വാളുടമസ്ഥനും ഊരാളനും ജന്മിയും ദേവസ്വംഭരണ വും 48 വയസ്സുമായ കൊട്ടിളാശ്ശേരിൽ മാണിക്കൻകേരളൻ തച്ചുടയരാജാ അവർകളെ പട്ടോലമേനവൻ വായിച്ചു ധരി പ്പിക്കുന്നതിലേക്കായി തൃശ്ശിവപേരൂർ താലൂക്കു് 39-ാം നമ്പർ വടക്കുംമുറിവില്ലേജിൽ പടിഞ്ഞാറെമുറിയിൽ വേ ലൂരെ ഇല്ലത്തു് പുരുഷോത്തമൻനമ്പൂതിരി മകൻ കാരണ വനും കൈകാര്യകർത്താവുമായ 'ജന്മി' ഇട്ടിരവിനമ്പൂതിരി എഴുതി ഒപ്പിട്ടു ഹാജരാക്കുന്ന മേൽപ്പാട്ടപ്പിടിപ്പത്തു് എതി രാധാരം ഇട്ടിരവിനമ്പൂതിരി (ഒപ്പു്) 1087-ൽ 1277-ാം നമ്പർ ആധാരം ടി കുംഭം 7-ാംനു- രജിസ്റ്റർചെയ്തു.''

കൊടുങ്ങല്ലൂർ വലിയ കൊച്ചുണ്ണിത്തമ്പുരാനെന്നു പ്രസിദ്ധനായ ജ്യോതിർവിദഗ്ദ്ധനി അയച്ച ഒരെഴുത്തു നോക്കുക:—

''ബ്രഹ്മശ്രീ കൂടൽമാണിക്യം കേരളൻ തച്ചുടയതമ്പു രാൻ തിരുമനസ്സിലെ സമയംപോലെ തിരുമനസ്സറിയി ക്കുന്നതിനു്.''

ഇനി, അങ്ങോട്ടെഴുതുന്ന ചില മാതൃകകളെ കാണി ക്കുന്നു:—

''മാണിക്കൻ കേരളൻതീട്ടു്, ആക്ടിംഗു് ദിവാൻ വെങ്കിടസുബ്ബയ്യനു്. എന്നാൽ .........എന്നു 1010-ാമാണ്ടു് മിഥുനമാസം 13-ാംനു- (ഒപ്പു്)''

''മാണിക്കൻ കേരളൻതീട്ട്, കൊച്ചി ദിവാൻ ശങ്കരവാര്യർക്ക്. എന്നാൽ...........ഈ അവസ്ഥയെല്ലാം രാജാവുങ്കലും ദിവാനോടും പറയുന്നതിന്ന് സൂരിയെക്കൂടി അയച്ചിട്ടുമുണ്ട്...........''

''1021 വൃശ്ചികം 1-ാംനു- തച്ചുടയക്കയ്മ്മൾഅവർകൾ, ദിവാൻ എടക്കുന്നിവാരിയത്തു ശങ്കരൻകണ്ടന്നാൽ.......'' ഈ സംഗതിക്ക് 1021 തുലാം 29-ാംനു- കയ്മുക്ക്വൈദികൻ കൊച്ചി മഹാരാജമാന്യരാജശ്രീ ദിവാൻജി അവർകളെ ബോധിപ്പിക്കുന്ന ഹർജി എന്നെഴുതിയിരിക്കുന്നു. ഇതിൽനിന്നു് രണ്ടിന്റെയും അന്തരംമനസ്സിലാക്കാമല്ലോ.

തച്ചുടയതമ്പുരാന്റെ പ്രഭാവത്തെ കാണിപ്പാനും മററും മേലെഴുതിയ ഭാഗങ്ങൾ എത്രമാത്രം ഉപകരിക്കുന്നു എന്നു പറയണമെന്നില്ല. അല്പം സംഗതികൾകൂടി ഇവിടെ ചേർത്തു് ഈ ഭാഗം ഇവിടെ അവസാനിപ്പിക്കാം.

രാത്രി അമ്പലത്തിൽ 'എഴുന്നള്ളത്തു്' പോലീസുകാർ വാളും പരിചയുമെടുത്ത മാടമ്പി, വെള്ളിവില്ലുക്കാരൻ, ഹരിക്കാരൻ, വിളക്കെടുത്ത വാര്യർ, എന്നിവരുടെ അകമ്പടിയോടുകൂടിത്തന്നെയാണു് ഇന്നും നടപ്പു്. തിരുനാൾ ദിവസം കലശാഭിഷേകം കഴിഞ്ഞു് അർഘ്യപാദ്യാദിക്രമമനുസരിച്ച് ഒരു വിസ്തൃതപൂജ തന്ത്രി നടത്തിവരുന്നുണ്ടു്. ആ സമയം അദ്ദേഹം ധരിച്ചിരിക്കുന്ന പട്ടാംബരത്തിന്മേലുള്ള അവകാശം തന്ത്രിക്കാകുന്നു. മുമ്പു് തൃപ്പെയപ്പാക്ഷേത്രത്തിൽ എഴുന്നരുളുമെന്നു പറഞ്ഞുവല്ലോ. ''തൃപ്പയ്യപ്പാ ക്ഷേത്രത്തിൽ എത്തിയശേഷം കലശം ആടുന്നതുവരെ നാലുപ്രാവശ്യം കുളിക്കണം. അപ്പോൾ നനയുന്ന മുണ്ടുകളുടെ അവകാശം നമ്പൂതിരിമാർക്കാണു്.'' കൂടാതെ കൂടൽമാണിക്കം ക്ഷേത്രത്തിൽ പകൽ എഴുന്നെള്ളത്തിനു് മുൻ പ്രസ്താവിച്ച ചടങ്ങുകൾക്കു പുറമെ തേവാരി നമ്പൂതിരി പട്ടുക്കുട ചൂടിക്കുന്നതും നടപ്പാണു്.

ഇംഗ്ലീഷിലുള്ള എഴുത്തുകുത്തുകളിൽ H. H. The Thachudaya Thampuran or Kaimal എന്നാണു് അതി സംബോധനം ചെയ്യുന്നതു് എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

മേലുള്ള പല രേഖകൾകൊണ്ടും മററും ഒരു ശ്രേഷ്ഠ നായർ കുടുംബത്തിൽ നിന്നു് ഒരാളെദേവപ്രതിനിധിയാക്കിവെച്ചിരിക്കുന്നുവെന്നു വെളിവാകുന്നു; എന്നാൽഇതിൽ അന്തർഭവിച്ചിരിക്കുന്ന രഹസ്യം എന്തെന്നു സുവ്യക്തമാക്കാൻ എളുപ്പമില്ല. ദേവപ്രതിനിധിയായതുകൊണ്ടു ജാതി ഇന്നതെന്നു പറവാൻ മേലെങ്കിലും ചാതുർവർണ്യത്തിൽ പ്രഥമസ്ഥാനം ആണു കല്പിച്ചിരിക്കുന്നതെന്നു നിർണ്ണയിക്കാൻ മാർഗ്ഗം ധാരാളമുണ്ടുതാനും. അപ്പോൾ ഒന്നുകിൽ ഒരു നായരെ സകലരാലും പൂജനീയനായ ഒരു ദിവ്യബ്രാഹ്മണനാക്കിച്ചമയ്ക്കുകയോ, അല്ലെങ്കിൽ പുരാതന നായർ വംശത്തിന്റെ മഹിമാവിനെ നിലനിർത്തുന്നതിനു് ഇപ്രകാരം വാഴിക്കയൊ ആയിരിക്കാം ഈ ചടങ്ങിന്റെ ആന്തരതത്വം, ഇവയിൽ ആദ്യത്തെ വികല്പത്തെ ഒന്നുകൂടി വിശദപ്പെടുത്തേണ്ടതായുണ്ടു്. സകലജനവന്ദ്യനായി ഒരാളെ തെരഞ്ഞെടുക്കുന്നതിന്റെ ഉദ്ദേശ്യമെന്തു്? തച്ചുടയ തമ്പുരാൻ കേരളത്തിലെ ഹിന്ദുമത നേതാവുമാണെന്നു് മുമ്പു സൂചിപ്പിച്ചിട്ടുള്ളതിനാൽ അതിലേയ്ക്കായിരിക്കാം ഇപ്രകാരം ചെയ്തുവരുന്നതു്. എന്നാൽ അതിനു് ഒരു 'നായർ' തന്നെ ആകണമെന്നനിയമം എന്തുമൂലം വന്നുവെന്നു ചോദ്യം നിരുത്തരമായി വരാൻ പാടില്ല. പുരാതന നായന്മാരുടെ പ്രഭാവം അന്നു സകലരും ബഹുമാനിച്ചുപോന്നുവെന്നതു് തർക്കമററ സംഗതിയാണല്ലൊ. ഇതും അതിനൊരുദാഹരണമാണെന്നു നമുക്കു സമാധാനിക്കയും ചെയ്യാം. ഏതായാലും ഈ നിയമം നമുക്കു വിശേഷിച്ചു് കേരളചരിത്രകാരന്മാക്കും പ്രത്യേകം ചിന്തിക്കേണ്ട ഒരു സംഗതിയാണു് എന്നു തല്ക്കാലം പറഞ്ഞുകൊള്ളുന്നു.

★

# 16. കളവപ്പാറ രാജാ മൂപ്പിൽ നായർ

ഈ രാജാവിനെപ്പററി ചില വിശേഷങ്ങാം പറയേണ്ടതുണ്ട്. ഇദ്ദേഹം 'ഒന്നു കുറെ' 1000 നമ്പൂതിരിമാരുടെ വിശേഷ രക്ഷിതാവും, 'നായർവംശ്യനും എന്നാൽ മലയാളത്തെ ആദിരാജർഷികളിൽ അധിരാജനും ആയിരുന്നു് പിന്നീടു് ബ്രാഹ്മണ ശ്രേഷ്ഠനും സംന്യാസ വൃത്തി വിശിഷ്ടനും എന്ന നിലക്രമപ്രാപ്തമായി ഇന്നും നില്ക്കുന്ന 'സംപ്രദായ പീഠാധിഷ്ഠാധാതാവായ' തച്ചുടയതമ്പുരാനെ കഴികയോ തത്തുല്യതയിലോ ഒരു ഒന്നാം സ്ഥാനക്കാരനായിരുന്നു. ഈയിടെ 'തീപ്പെട്ട' തച്ചുടയതമ്പുരാൻ കവളപ്പാറ രാജവംശത്തിലെ ഒരു കുമാരനു് 'ഓണപ്പുടക' എന്നു വടക്കർ പറയുന്ന വസ്ത്ര സമ്മാനം ചെയ്യാൻ തുടങ്ങിയപ്പോാം' എന്താശ്ചര്യം, കവളപ്പാറനിന്നും കൈ കമഴ്ത്തീട്ടേ ഉള്ളൂ, മലർത്തീട്ടില്ല' എന്നു് ആ പ്രഭുകുമാരൻ പറഞ്ഞുവത്രേ. 'പ്രാചീനമലയാള ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുള്ളതും പൂർവനാഗത്താന്മാരെ ഉദ്ദേശിച്ച പറയുന്നതുമായ ''ജനാ, യത്ര, ദാനശ്ശൂരാഃ'' എന്ന ഭാഗം നോക്കിയാൽ നായന്മാരുടെ ദാന ശൗണ്ഡത കാണാം. ദാനം ചെയ്യുകയല്ലാതെ സ്വീകരിക്കുക പതിവില്ല, കവളപ്പാറ രാജാവെന്നല്ലേ ബാലൻ പറഞ്ഞതിൻെറ പൊരുാം. ഇദ്ദേഹത്തിൻെറ വാസസ്ഥലം ചുററി ടിപ്പുവിൻെറ ആക്രമണം വന്നിട്ടും ബഹുമാനപ്പെട്ട ബ്രിട്ടീഷ് ഭരണം തുടങ്ങിയിട്ടും, മഹമ്മദന്മാർ കുടിപാർക്കാറില്ലെന്നുള്ളതു് സുപ്രസിദ്ധമാണു്. ഇ വി ടെ സന്താനമില്ലാതെയായാൽ ചില നമ്പൂതിരിമാരുടെ ഇല്ലങ്ങളിൽനിന്നു് ദത്തെ

ടുക്കമെന്നു് പറയപ്പെട്ടിരിക്കുന്നു. അവിടെ ആരെങ്കിലും ചരമം പ്രാപിച്ചാൽ 'കടംപൂരു നമ്പൂതിരിപ്പാട്ട്' പുല ആചരിക്കുന്ന വഴക്കം ഉണ്ടെന്നും 'ചങ്ങരംകോത കൃഷ്ണൻകർത്താവവർകൾ' എഴുതിയ ഒരു ചെറിയ പുസ്തകത്തിൽ കാണുന്നു. ഇതുപോലെ മലബാറിൽ 'തളിപ്പറമ്പത്തടുത്തുള്ള ഒരു നായർ മരിച്ചാൽ ഒരു നമ്പൂതിരി പുല കൊള്ളാറുണ്ട്'. അതു കുറച്ചു ലാണെന്നുവച്ച് ഇപ്പോൾ പുലയുടെ അന്ത്യദിവസം കേട്ടുകളി ആക്കിയിരിക്കുന്നത്രേ. കവളപ്പാറ രാജാവിൻെറ പഴയ ഒരു കൃതിയിൽ നിന്നും താഴെക്കാണും പ്രകാരം ടി. കൃഷ്ണൻ കർത്താവിൻെറ ലഘുപുസ്തികയിൽ ഉദ്ധരിച്ചിരിക്കുന്നു.

"ആസീദ്രാ ജ ശിരോമണിർ ജനപദേ—
ഗ്രാമോപലാഖ്യേ മഹാൻ
നാമ്നാസൂര്യകുമാരകോ ദ്വിജവരൈ—
രാമ്നായ വിദ്ഭി: ശ്രുത:—
പഞ്ചാസ്യാഹൃതമുക്തനിർഗ്ഗത മൃഗീ—
സംജാതസൗഖ്യം നയൻ
ജാത്യാചാരവിഭേദിനാസ്തിക ഹൃതാൻ
ധാത്രീസുര സ്ത്രീ ജനാൻ 1
ചികീർഷിതാരബ്ധമനേന സാമ്പ്രതം
പ്രദോഷമാഹാത്മ്യമിദം കഥാമൃതം
തദീയ. വംശ്യേന നൃപേണ നിർമ്മിതം
സഹന്തു സർവ്വേ സുജനാ ദയാലവ: 2

കവളപ്പാറ നായർ എന്നാണു് സാധാരണ പറയുന്നതെങ്കിലും അവിടെയെല്ലാം തമ്പുരാനെന്നും,രാജാവെന്നും ആണു് പറയുക പതിവു്, 'കവളപ്പാറ നായർ' എന്നതു് 'ജമ്മൻ കൈസർ, 'സാർ ഓഫ് റഷ്യ' മുതലായവ പോലെ ഒരു വിശിഷ്ടനാമമാണു്. നായന്മാരിലനേകം മഹാബലിയുടെ വംശജന്മാരാണെന്നും ഞാൻ ചില സംസ്കൃതശ്ലോകങ്ങൾ കോട്ട് ചെയ്തു് ഒരുപന്യാസമെഴുതി പത്രത്തിൽ പ്രസിദ്ധം ചെയ്തശേഷം ഈ അഭിപ്രായത്തിനനു

കൂലമായി മദ്രാസിലെ 'പുരാതന വസ്തുപരിശോധന സംഘ'ക്കാർക്ക മതിയായ റിക്കാർഡുകരം കിട്ടിയിട്ടുണ്ടെന്നും മററും കാണിക്കുന്ന ഒരു ലേഖനം ഒരു മാന്യൻ മലയാളിയിൽ പ്രസിദ്ധം ചെയ്തുകണ്ടു......, 'അരിവാട്ടുനായനാർ' മുതലായ സിദ്ധർഷിമാരുടെ വംശജരായ നായന്മാരെക്കുറിച്ച് ആൽബറൂണിയേപ്പോലെയും മററു മുള്ളവരും ദേശഭാഷയും, ആചാരവും സ്ഥിതിയും അറിയാത്തവരുമായ ചില വിദേശീയന്മാർ എഴുതിയതോപറഞ്ഞതോ കേട്ടമാത്രം ധരിച്ചുകൊണ്ട് 'നായന്മാർ ശൂദ്രരാണല്ലോ, എന്നു ഞങ്ങളോടുപറഞ്ഞ വിശ്വവിഖ്യാത പണ്ഡിതാഖണ്ഡലൻ ഡാക്ടർ ബണ്ഡർക്കാരുടെ ചരിത്രാന്വേഷണ നൈപുണ്യം ഓർത്തു് വ്യസനിക്കേണ്ടിവന്നിരിക്കുന്നു. 'ബണ്ഡർക്കാർ', 'പണ്ഡ്യാതി', 'പണ്ഡിതർ', എന്നീ പേരുകാർ, ക്ഷുരകന്മാർ ബ്രാഹ്മണരായിത്തീർന്നവരാണെന്നു് ചില വിദ്വാന്മാർ എന്നോടുപറഞ്ഞതു് ഇപ്പോരം എന്തോ ഒന്നു് മനസ്സിൽ അങ്കുരിപ്പിക്കുന്നു പണ്ഡിതർ എന്ന പേരിൽ പ്രസിദ്ധപ്പെട്ട സാക്ഷാൽ ക്ഷുരകമ്മകന്മാരായ ഒരു കൂട്ടർ കൊച്ചിയിലുണ്ടെന്നു് പലർക്കും അറിയാം. എനിക്കു് ജാതിവിഭാഗപ്പട്ടികയിലെപ്പിടാൻ സമ്മതമില്ലാത്തതുകൊണ്ടു് ജാതിയെക്കുറിക്കുന്നിടത്തെല്ലാം അന്യരുടെ 'നിലവിലിരിക്കുന്ന' അഭിപ്രായം അനുസരിച്ച് പറയുന്നതെന്നേ ധരിക്കാവൂ. എറണാകുളം ഡിസ്ത്രിക്ട കോടതികളിൽ ബോധിപ്പിക്കുന്ന അപേക്ഷകളിൽ 'അഞ്ചികൈമരം ജില്ലാക്കോടതി മുമ്പാകെ' എന്നു് ഇന്നും എഴുതുന്നതു് നായന്മാരുടെ പ്രമാണിത്തത്തിനു് പുനരുക്ത തെളിവല്ലയോ.

ശുഭം

# ടിപ്പണി

പുറം.

27 ഋതം = സത്യം, മുത് = സന്തോഷം, ക്ഷേമം = കിട്ടിയതു പരിപാലിക്കൽ

28 ഭൂതോപദ്രവം = അന്യജീവികളെ ഉപദ്രവിക്കുക

29 ധമ്മവിത്തുകരം = ധമ്മം അറിയുന്നവർ

31 ഗോഷ്ഠിക്കാരൻ = വിദൂഷകൻ
ചിത് പ്രധാനമായി = ജ്ഞാനസ്വരൂപനെ (ആത്മാവിനെ) മുൻനിത്തി
അനാദികമ്മപരിപാകം = എന്നുതുടങ്ങിഎന്നറിയാൻ പാടില്ലാത്ത കമ്മത്തിൻെറ മൂപ്പ്

32 ആകാശ ശബ്ദവാച്യം = ആകാശമെന്ന വാക്കിനാൽ പറയപ്പെടുന്നത്
ഏക ജീവവാദം = എല്ലാജീവികളിലും ഒരേജീവൻ തന്നെയാണുള്ളതെന്ന പക്ഷം

33 പാഷണ്ഡികം = നാസ്തികർ

34 ഗുരുതല്പഗൻ = ഗുരുപത്നിയോട് ഇണചേരുന്നവൻ

35 ശ്വപുച്ഛം = പട്ടിയുടെ വാല്
കാമോപഹതർ = കാമംകൊണ്ട് കെട്ടവർ

38 അഖണ്ഡാത്മസ്വരൂപലാഭം = മുറിവില്ലാതെ എങ്ങും നിറഞ്ഞുനിൽക്കുന്നആത്മസ്വരൂപം പ്രാപിക്കുക

40 സലോകത = സമാനലോകം (അതാതുദേവന്മാരുടെ ലോകം) അണയുക
ആത്യന്തികാനത്ഥനിവൃത്തി = ആവർത്തിക്കാത്തവണ്ണം അനത്ഥത്തെ കടക്കുക

41 ബുദ്ധോപസദന്മാർ = ബുദ്ധമതക്കാരിൽ നിന്ദ്യർ
അവിനാഭാവസംബന്ധം = വിട്ടൊഴിയാത്ത, ഒന്നില്ലെങ്കിൽ മറ്റൊന്നില്ലെന്ന സ്ഥിതി.
സുഷുപ്തിസമകക്ഷ = ഉറക്കത്തിന്നു സമമായ നില.

പ്വറം

സ്വരൂപാവസ്ഥാനം = സ്വരൂപത്തിൽ, ആത്മാവിൽ, ഉറച്ചിരിപ്പ്.

41 അഖണ്ഡൈകരസസ്ഥിതി = ഇടമുറിയാത്ത ആത്മാനന്ദത്തിൽ സ്ഥിതി ചെയ്യുക.

42 സകലശ്രുതിശിരോരത്നശാണായിതധിഷണന്മാർ = എല്ലാ ഉപനിഷദ്രത്നങ്ങളും ഉരച്ചു തെളിമ കൂട്ടുന്ന (ഉരച്ചു മാററുനോക്കുന്ന) ഉരകല്ലായ ബുദ്ധിയുള്ളവർ (ഉപനിഷത്തത്വങ്ങൾ നന്നായി ഗ്രഹിച്ചവർ.)

43 നിത്യാത്മസ്വരൂപാനുസന്ധാനം = നിത്യമായ (എന്നും നിലനില്ക്കുന്ന) ആത്മസ്വരൂപത്തെ ഉള്ളിൽ ഉറപ്പിക്കുക. സത്യം, ജ്ഞാനം, ആനന്ദം എന്ന ആത്മസ്വരൂപലക്ഷണത്തിൽ മനസ്സു തുടർന്നു നിർത്തുക.

46 ഘുണാക്ഷരന്യായം = പുഴവിഴഞ്ഞക്ഷരമാകുക എന്ന രീതി. ഇഴയുന്ന പാട്ട് അക്ഷരമായിത്തീരത്തക്കവണ്ണം ഇഴയണമെന്നു പുഴവിനുവിചാരമില്ലെങ്കിലും, ആ പാട്ട് യദൃച്ഛയായി അക്ഷരമായിത്തീരുക. യാദൃച്ഛിക സംഭവം.

47 വൈദാന്തികരത്നശ്രേണി = വേദാന്തവിദ്വത്സമൂഹം.

48 യത്സാപേക്ഷം = ഏതൊന്നിനെ ആശ്രയിച്ച് വാഗാശ്രയണ രൂപം = വാക്കിനെ ആശ്രയിച്ചുള്ളത് ഉക്തവിശേഷണ വിശിഷ്ടം = (മുൻപറഞ്ഞ) വിശേഷണങ്ങൾ ചേർന്നത്.

49 ഭഗവദഭിപ്രേതങ്ങൾ = ഭഗവാൻെറ അഭിപ്രായങ്ങൾ.

51 ഏകകാലാവച്ഛേദകത = ഒരേ കാലത്തെ നിലനില്പ്.

53 അനർത്ഥ നിവൃത്യർത്ഥകം = അനർത്ഥം ഒഴിവാക്കുക എന്ന പ്രയോജനം ചെയ്യുന്നത്.
അനാത്മവർഗ്ഗത്തിൻെറ ആരോപം = ആത്മാവല്ലാത്ത ദേഹാദിയിൽ ആത്മാവാണെന്ന ബുദ്ധിവരിക.

പ്യ൦

54 ഭാവരൂപാവിദ്യാമൂലകാധ്യാസം = ഭാവത്തിലും രൂപത്തിലും സംഭവിക്കുന്ന അവിദ്യാപ്രധാനമായ അധ്യാസം- ഭാവരൂപങ്ങൾക്കുമാററം വരാതെ ഒന്നു മറെറാന്നാണെന്ന തോന്നൽ—കയറിൽ പാമ്പെന്ന പോലെ

ദേഹാദിസംശ്ലിഷ്ടൻ = ദേഹം, ഇന്ദ്രിയങ്ങൾ, പ്രാണൻ, മനസ്സ് മുതലായവയോടുചേൎന്നവൻ. അവയിൽ മുഴുകിയവൻ.

തദേകത്വജ്ഞാനം = അതു് ഒന്നെന്നുള്ള അറിവ്.

55 തേന മോക്ഷാഭ്യുപായത്വം വിദ്യായാ ന തു കൎമ്മണാം = അതുകൊണ്ടു്, മോക്ഷത്തിനുള്ള ഉപായം വിദ്യയാണു്; കൎമ്മമല്ല.

ഭാഗത്യാഗലക്ഷണ = കൊള്ളേണ്ടതുകൊള്ളുക, തള്ളേണ്ടതു തള്ളുക എന്നതു്.

56 പ്രകൃതി പ്രതിപന്നം = പ്രകൃതിയിൽ ഉള്ളതു്.

57 ഗുണത്രയാപകരണം = മൂന്നുതരം കടങ്ങൾ തീൎക്കൽ

നിയതം = നിശ്ചയിക്കപ്പെട്ടതു്.

60 ശ്രദ്ദധാനം = ദുഷ്കുലാദപി = ശ്രദ്ധയുള്ളവനു നല്ല വിദ്യ നീചനിൽനിന്നുപോലും ഗ്രഹിക്കാം. ചണ്ഡാലനിൽ നിന്നുപോലും ശ്രേഷ്ഠധൎമ്മം ഗ്രഹിക്കാം. ദുഷ്കുലത്തിൽനിന്നുപോലും സ്ത്രീരത്നത്തെ (ഉത്തമസ്ത്രീയെ) സ്വീകരിക്കാം.

61 സൂദവൃത്തി = പാചകത്തൊഴിൽ

കുട്ടനി = വേശ്യയുടെ ദാസി.

62 കൗലടേരൻ = കുലടയിൽ—വേശ്യയിൽ-പിറന്നവൻ.

തീണ്ട ജാതി സ്ത്രീലോകവ്യതികരം = തീണ്ടൽ ജാതി സ്ത്രീകളുമായിചേൎച്ച.

63 ശ്രൗതസ്മാൎത്ത കൎമ്മവിഹീനൻ = വേദത്തിലും സ്മൃതിയിലും വിധിച്ച കൎമ്മങ്ങളൊന്നും ചെയ്യാത്തവൻ.

64 പരവൈരാഗ്യം = സകല പ്രാപഞ്ചിക വസ്തുക്കളോടും അത്യന്തവിരക്തി

പുറം

65 നാസാദംഷ്ണം = മൂക്കററം. ജീവിതാത്യയം = മരണം
71 ആചാര്യത്രൈവിധ്യം = മൂന്നതരം ആചാര്യന്മാർ.
73 വിവിദിഷു = അറിയാൻ ആഗ്രഹമുള്ളവൻ.
75 അന്യാനപേക്ഷം = മററൊന്നിനെ ആശ്രയിക്കാതെ.
ആദിത്യ ചന്ദ്രാദിജ്യോതിരുപരമാവസ്ഥ = സൂര്യൻ, ചന്ദ്രൻ മുതലായ പ്രകാശ ധാമങ്ങൾ പിൻമടങ്ങുന്ന അവസ്ഥ. പാകദാവവഹ്നിജന്യം = അടുപ്പിലെ തീയിൽനിന്നു് ഉണ്ടായതു്.
76 തില വ്രീഹികൾ = എള്ളും നെല്ലും.
പലാശപർണ്ണം = പ്ലാശിന്റെ ഇല.
77 ത്രിപുണ്ഡ്രം = ദേഹത്തു നെടുകേ ധരിക്കുന്ന മുക്കുറി.
വാരുണാദിസ്നാനം = മഴയത്തുനിന്നു മഴവെള്ളമേററു നടത്തുന്നതും മററുമായ കുളി.
78 ശൈവഷഡക്ഷരം = ഓം നമശ്ശിവായ.
പ്രാതഃസവനം = പ്രഭാത കാലതർപ്പണം.
മഹേശ്വരദേവതാകം = മഹേശ്വരനാകുന്ന ദേവനോടുകൂടിയതു്.
79 ഊർദ്ധ്വപുണ്ഡ്രം = മുഗ്ഗോപി.
80 വൃത്താധ്യയനാദികർമ്മജന്യം = ആചാരം, വിദ്യാഭ്യാസം തുടങ്ങിയ കർമ്മത്തിൽനിന്നുണ്ടാകുന്ന.
ആപ്തപ്രണീതാവ്യഭിചരിതശാബ്ദപ്രമാണാനുകൂലം = ജ്ഞാനികളായ സത്യദർശകർ എഴുതിയ തെററററ ഗ്രന്ഥങ്ങൾക്കൊത്തു്.
81 ശ്രുതിപ്രമാണാവഷ്ടംഭബലേന – വേദ പ്രമാണങ്ങളുടെ താങ്ങുബലം കൊണ്ടു്.
മൂത്രപുരീഷവേഗങ്ങൾ = മൂത്രംമുട്ടു്, മലംമുട്ടു് ഇവ
82 സദ്യഃഫലപ്രദം = ഉടൻ ഫലം നല്കുന്നതു്.
സൂചകദ്രഷ്ടാക്കൾ = ഫലസൂചന കാണുന്നവർ
83 അതിപരിദേവനാഭാസവേള = വളരെ കഷ്ടത തോന്നിയ അവസരം.
ക്ഷോദക്ഷമം = സഹിക്കാവുന്നതു്

പുറം

86 ദേഹപാതം = മരണം.

87 വൈരാഗ്യോപരതീ...... ബലാത് = വിരക്തിയും ശാന്തിയും പൂർണ്ണമായുണ്ടായിരിക്കയും ജ്ഞാനം ഇല്ലാതിരിക്കയും ചെയ്താൽ, അത്തരക്കാർക്ക് മോക്ഷമില്ല. തപഃശക്തികൊണ്ട് സ്വർഗ്ഗാദിപുണ്യലോകത്തെത്താം. അത്ര തന്നെ.

88 പൂർണ്ണബോധേ......ന നശ്യതി = ജ്ഞാനം പൂർണ്ണമായി ഉണ്ടായിരിക്കയും വിരക്തിയും ശാന്തിയും ഇല്ലാതിരിക്കയും ചെയ്താൽ, അങ്ങനെയുള്ളവർക്ക് മോക്ഷം നിശ്ചയമായും ഉണ്ട്. എന്നാൽ, പ്രാരബ്ധദുഃഖാനുഭവം പോകുകയില്ല. അവരെ ബാധിച്ചുകൊണ്ടിരിക്കും.

90 പുരസ്സരിക്ക = മുൻനിർത്തുക
പരവിജ്ഞാനശാലികം = പരമാത്മാവിനെപ്പററിയുള്ള വിശേഷജ്ഞാനം സിദ്ധിച്ചവർ.

91 ദഗ്ദ്ധബീജം = വറുത്ത വിത്ത്.

92 സ്മരണം, കീർത്തനം കേളിഃ

.............................

.............................

ക്രിയാനിർവൃത്തിരേവച

സ്ത്രീകളെ അല്ലെങ്കിൽ പുരുഷന്മാരെ ഉള്ളിൽ ഓർത്തിരിക്കുക, സ്തുതിക്കുക, അവരുമായി കളിക്കുക, അവരെ നോക്കുക, അവരോട് രഹസ്യ സംഭാഷണം ചെയ്ക, അവർ തമ്മിൽ ഓരോന്ന് ചിന്തിക്കുക, അവരുടെ ചേർച്ച പറഞ്ഞു് ഉറപ്പിക്കുക, അവരുമായി ഇണചേരുക എന്നിവ എട്ടുവിധ മൈഥുനം.

92 ബ്രഹ്മഭാവേ മനശ്ചാരം ബ്രഹ്മചര്യം തദുച്യതേ — ബ്രഹ്മവസ്തുവിൽ മനസ്സിനെ നടത്തുക–നിർത്തുക –എന്നതു തന്നെ ബ്രഹ്മചര്യം എന്നു പറയപ്പെടുന്നു.

അല്പാസ്ഥിര സുഖഭൂമി – അല്പമാത്രവും സ്ഥിരതയില്ലാത്തതുമായ സുഖസ്ഥാനം.

പ്വറം

93 അനന്വാരോഹ: കലൗ ഭദ്രേ! ............................ ബ്രഹ്മഭാവേ ധിയം നയേത് | (മരിച്ച ഭർത്താവൊത്തു് ചിത കേറുക, ചേർന്ന തല്ല. അതില്ലാത്തവക്ക (ഇണ ചേരും മുമ്പോ, പിമ്പോ പാതിവ്രത്യവ്രതം ഇല്ലാത്തവക്ക) മരണം കൊണ്ടെന്തുഫലം? ധർമ്മസാധനമാണു് ശരീരം. അതുകൊണ്ടു് ബ്രഹ്മവസ്തുവിൽ ബുദ്ധിവയ്ക്കണം.

94 ശശവിഷാണം = മുയൽ കൊമ്പു്, ആലോകാഭാവം = ഛായ (ഇവ രണ്ടും ഇല്ലാത്തതാണല്ലോ.) യദഹരേവ വിരജേദ്തദഹരേവ പ്രവ്രജേത് = എന്നു പൂണ്ണ വിരക്തിവരുന്നോ അന്നു് സംന്യസിക്കണം.

94 ഏക ഗുരുകന്മാർ = ഒരേ ഗുരുവോടുകൂടിയവർ. ദുന്നിരൂപന്മാർ = നിരൂപിക്കപ്പെടാൻ പ്രയാസമുള്ളവർ. ആഗന്ത്യ മലയാളി ദ്വിജന്മാർ = വന്നുചേന്ന മലയാള ബ്രാഹ്മണർ. ബാല്യവൈധവ്യ ദഗ്ദ്ധകം ബാല്യത്തിലേ ഭർത്താവുമരിച്ച വേദനയാൽ വെന്തവർ,

98 പിതുർഗ്ഗൃഹേ തു യാ കന്യാ

............................

പിതാ പിബതി ശോണിതം

അച്ഛന്റെ വീട്ടിൽവച്ചു് ഋതുവാകുന്ന സംസ്കാരമില്ലാത്ത കന്യകയുടെ ആർത്തവം (രക്തം) മാസംതോറും അച്ഛൻ കുടിക്കുന്ന ഫലം ചെയ്യുന്നു.

മാതാ ചൈവ പിതാ ചൈവ

..........................

ദൃഷ്ട്വാ കന്യാംരജസ്വലാം

അങ്ങനെ ഋതുവാകുന്നവളുടെ അമ്മ, അച്ഛൻ, ജ്യേഷ്ഠ സഹോദരൻ ഈ മൂന്നു കൂട്ടരും നരകമെത്തും.

99 ഊദ്ധ്വംതു കാലാദേതസ്മാദ്വിന്ദേത സദൃശം പതിം | ആ കാത്തിരിപ്പു കാലത്തിനശേഷം തനിക്കിഷ്ടപ്പെട്ടവരെ പ്രാപിക്കണം.

പുറം

| | |
|---|---|
| ജാതോ വാ ന ചിരംജീവേ- | അത്യന്ത ബാലയെ- |
| ................................................... | വെറും കൊച്ചുപെണ്ണി |
| ഗർഭാധാനം ന കാരയേത്തു് | നെ- ഗർഭവതിയാക്ക |

രുതു്. ആക്കിയാൽ അവളിൽ ഉണ്ടാകുന്ന കുഞ്ഞു അല്പായുസ്സായിരിക്കും. കൂടുതൽ കാലം

ജീവിച്ചാൽതന്നെ ദുർബലനായിരിക്കും.

| | |
|---|---|
| ഊനഷോഡശവർഷായാം | പതിനാറുവയസ്സുതികയാ |
| .................................... | ത്തവളിൽ ഇരുപത്തഞ്ചു |
| കുക്ഷിസ്ഥഃസ വിപദ്യതേ | തികയാത്തവൻ ഗർഭമുത് |

പാദിപ്പിച്ചാൽ അതു് അലസിപ്പോകുകയേ ഉള്ളൂ.

104 ന്യായസൂചീനിബന്ധോയ- | 898ാം വിക്രമവർഷ
.............................................. | ത്തിൽ ആചാര്യവാച-
വസ്വാങ്കവസുവത്സരേ | സ്പതിമിശ്രൻ വിദ്വാ

ന്മാരുടെ സന്തോഷത്തിനായി ഈ ന്യായസൂചിഎന്ന ഗ്രന്ഥം നിർമ്മിച്ചു.

ബ്രഹ്മവിത്പ്രകാണ്ഡൻ = ബ്രഹ്മജ്ഞാനികളിൽ ശ്രേഷ്ഠൻ.

അലോക സാമാന്യക്കണക്കു് = സാധാരണ ലോകത്തു് കാണാത്ത കണക്കു്.

110 ദൗരാത്മ്യം = ദുഷ്ടബുദ്ധി

111 ഗോമയപായസീയന്യായം = പശുച്ചാണകം കൊണ്ടുള്ള പായസംപോലെ ഉപയോഗശൂന്യം

120 ഏതദ്വംശീയ......മലയാചലേ = ഈ വംശത്തിലുള്ള ശംകരൻ കോതക്കൈമൾ രാജ്യം ഭരിച്ചുകൊണ്ടിരിക്കുമ്പോൾ മലയാളത്തു് ആര്യന്മാർ വന്നു.

121 അബ്രാഹ്മണ്യേ തദാദേശേ- | ബ്രാഹ്മണരില്ലാത്ത ദേശ
.............................................. | ത്തു് മുക്കുവരെ കണ്ടിട്ടു്
യജ്ഞസൂത്രമകല്പയതു് | ചൂണ്ടച്ചരടുപൊട്ടിച്ചു് ആ

ചരടുകൊണ്ടു് പരശുരാമൻ കഴുത്തിൽ പൂണനൂലണിയിച്ചു.

പുറം

139 ആസീദ്രാജ......സ്ത്രീജനാൻ = സൂര്യകുമാരൻ എന്നു പേരുള്ള ഒരു കവളപ്പാറ രാജശ്രേഷ്ഠനുണ്ടായിരുന്നു. ജാത്യാചാര വിഹീനരായ നാസ്തികർ അപഹരിച്ച ബ്രാഹ്മണസ്ത്രീകളെ, സിംഹത്തിന്റെ വായിൽനിന്നു മാൻപേടകളെ എന്നപോലെ, രക്ഷിച്ചാശ്വസിപ്പിച്ച വേദജ്ഞരായ ബ്രാഹ്മണശ്രേഷ്ഠർ ആശ്രയിച്ചുപോന്ന മഹാനായിരുന്നു അദ്ദേഹം.

ചികീർഷിതാരബ്ധ......സുജനാ ദയാലവഃ = അദ്ദേഹം തുടങ്ങിവച്ച പ്രദോഷമാഹാത്മ്യം എന്ന കഥ അദ്ദേഹത്തിന്റെ വംശത്തിൽപ്പെട്ട ഒരു രാജാവു പൂർത്തിയാക്കി. ഇതു ദയാലുക്കളായ സജ്ജനങ്ങൾ എല്ലാവരും വായിച്ചാസ്വദിക്കട്ടെ!.

★

# ശുദ്ധപത്രം

| പേജ് | | വരി | |
|---|---|---|---|
| 5 | മുകളിൽനിന്നു് | 14 | ശ്രീനീ(ല)കണ്ഠ |
| ,, | ,, | 22 | സാ(ധ്വീ)രത്നത്തെ |
| 6 | ,, | 20 | േ(ജ്യ)ഷ്ഠ |
| 8 | താഴെനിന്നു് | 3 | (സാ)ത്ത്വിക |
| 12 | മുകളിൽനിന്നു് | 2 | (1029–1099)–(1854–1924) |
| ,, | ,, | 6 | ഇതിൽ (ശ്രീനീലകണ്ഠതീർത്ഥപാദ) സ്വാമികൾ |
| 14 | താഴെനിന്നു് | 5 | (പഠി)ക്കുന്ന |
| 15 | മുകളിൽനിന്നു് | 3 | മ(നസ്സി)ലാക്കി |
| ,, | ,, | 19 | (ചി)ന്തകൾ |
| 16 | ,, | 5 | സ്വാദ്ധ്യാ(യാ)ഭ്യസനം |
| 17 | ,, | 7 | (പ്രാ)യ |
| ,, | ,, | 14 | സുമനസാം(......) |
| ,, | ,, | 18 | പര്യ |
| ,, | ,, | 21 | ധർ(മ്മ)ത്തെ |
| ,, | താഴെനിന്നു് | 3–4 | ധർമ്മാനുഷ്ഠാ(ന)ത്തിൽ |
| 18 | മുകളിൽനിന്നു് | 2 | ഇ(ച്ഛരി)ക്കുന്നവൻ |
| ,, | ,, | 4 | പു(ഷ്ടം) |
| ,, | ,, | 18 | മോക്ഷ(കാ)രണ |
| ,, | ,, | 25 | ആ(റു)വി(ധ) |
| 20 | ,, | 11 | ചിന്തോ(ദ്ദീ)പക |
| ,, | ,, | 14 | (യാ)ഥാസ്ഥിതിക |
| ,, | അവസാന വരി | | മേ(ഖ)ല |
| 22 | മുകളിൽനിന്നു് | 21 | പു(ണ്യ)ശ്ലോക...അദ്വൈത–(ശാ)സ്ത്ര |
| 23 | ,, | 10 | ആ(ദ്ധ്യാ)ത്മിക |
| ,, | ,, | 13–14 | വൈ(ഭ)വവും |
| 24 | ,, | 7 | ഭാ(രി)ച്ച |

| പേജ് | | വരി | |
|---|---|---|---|
| 28 | മുകളിൽനിന്നു് | 22 | ചിത്തശു(ദ്ധി)വഴി |
| 30 | ,, | 20 | പ(ര)പീഡനം |
| 31 | താഴെനിന്നു് | 10 | ചിൽപ്രധാ(ന) |
| ,, | ,, | 4 | (അവൻ ഈക്ഷിച്ചഎന്നു സാരം) |
| 33 | മുകളിൽനിന്നു് | 10 | (അ)സ്ഥന്മാർ |
| 35 | ,, | 14 | കു(പി)തേ |
| 36 | ,, | 3 | അപര(മാ)ത്ഥ |
| ,, | ,, | 5 | എ(ന്നു്ഇ)തിനു് |
| 38 | താഴെനിന്നു് | 10 | വ്യവ(ഹാ)രമായ |
| 42 | മുകളിൽനിന്നു് | 4 | ക്ഷുദ്ബാ(ധാ) |
| 46 | താഴെനിന്നു് | 7 | പി(താം)ബു |
| 50 | മുകളിൽനിന്നു് | 7 | യുദ്ധ്യൻ(മ്രി)യത |
| ,, | ,, | 9 | മാ(പ്നു)യാൽ |
| ,, | താഴെനിന്നു് | 8 | ദശ(മ)ൻ |
| 51 | മുകളിൽനിന്നു് | 11 | സിദ്ധി(കാ)രൻ |
| 52 | ,, | 5 | സാംഖ്യ(നാ)മാ |
| ,, | താഴെനിന്നു് | 6 | സതോ(ഭാ)വാ |
| ,, | ,, | 3 | യ(ദി) |
| 54 | മുകളിൽനിന്നു് | 2 | അസ്വ(താ)വരണം |
| 55 | ,, | 14 | ആ(ത്മ)വിത് |
| 56 | ,, | 15 | ഗവാ(ലം)ഭം |
| 57 | താഴെനിന്നു് | 10 | (സ്രീ)ഭിർ |
| 58 | ,, | 12 | സ(ന്യ)സിച്ചിട്ടില്ലല്ലോ |
| ,, | ,, | 4 | (യജി)ക്കണം |
| 60 | മുകളിൽനിന്നു് | 5 | (മ)ഹാഭാഷ്യ |
| 61 | ,, | 4 | അദ്ധ്യയ(നം) |
| ,, | താഴെനിന്നു് | 10 | സൂ(ദ)വൃത്തി |
| 62 | താഴെനിന്നു് | 10 | ര(ഹ)സ്യം |

| പേജ് | | വരി | |
|---|---|---|---|
| 70 | മുകളിൽനിന്നു് | 13 | വിശി(ഷ്ട)നായ |
| ,, | താഴെനിന്നു് | 7 | ദേവ(വാ)രാശി |
| 71 | മുകളിൽനിന്നു് | 12 | ആചാര്യ(ത്രൈ)വിധ്യം |
| ,, | താഴെനിന്നു് | 5 | (ബ്ര)ഹ്മ |
| 73 | മുകളിൽനിന്നു് | 13 | ആരു(രു)ക്ഷു |
| ,, | ,, | 17 | വിവി(ദി)ഷു |
| 76 | ,, | 20 | നത(ജ്)ജ്ഞാനം |
| 77 | ,, | 20 | സ(ദ്യോ)ജാതസ്യ |
| 79 | ,, | 10 | സ്നാനം ചെ(യ്ത) |
| ,, | താഴെനിന്നു് | 3 | ദേസ്മ(നാ)നോർദ്ധ്വ |
| ,, | ,, | ,, | (തു)മ്പദ്ഭിർ |
| 81 | മുകളിൽനിന്നു് | 19 | ഭാ(സാ) |
| 81 | മുകളിൽനിന്നു് | 20 | കാ(രി)ണ: |
| 83 | ,, | 16 | (സ്തു)യതേ |
| 84 | ,, | 15 | വാ(ദി)കം |
| 85 | ,, | 6 | (അ)ഹോ |
| ,, | താഴെനിന്നു് | 4 | (മ)നം |
| ,, | ,, | 3 | അനുഭ(വ)വും |
| 86 | മുകളിൽനിന്നു് | 2 | അന്നുണ്ടായതും (1088 മകരം 25-ാം തീയതി) ആ ഇടവമാസത്തിൽ (തടിച്ചതും) ഇപ്പോഴും |
| 86 | ,, | 17 | ജീ(വന്മു)ക്തി |
| 87 | ആദ്യത്തെവരി | | ന(ഷ്ടി)ന്ന |
| ,, | മുകളിൽനിന്നു് | 5 | പ്രാ(ര)ബ്ധ |
| ,, | ,, | 12 | നൈവാര(ബ്ധേ)വിനശ്യത: |
| ,, | താഴെനിന്നു് | 3 | പ്രതി(ബധ്യ)തേ |

| പേജ് | | വരി | |
|---|---|---|---|
| 88 | മുകളിൽനിന്നു് | 13 | ഇ(ങ്ങനെ)യെല്ലാം |
| 90 | ,, | 6 | പുര(സ്സ്യ)രിക്കാം |
| 91 | ആദ്യത്തെവരി | | ആക(ക)യും |
| 92 | മുകളിൽനിന്നു് | 8 | നി(ർ)വൃത്തി |
| 94 | ,, | 11 | (നി)രുക്തം (1-15) |
| 95 | ,, | 9 | സ(ഷ്ട)പ്രോക്താ |
| 96 | ,, | 9 | ജ(ന)ഃ |
| ,, | താഴെനിന്നു് | 5 | വേദ വേ(ദാം)ഗ |
| 97 | മുകളിൽനിന്നു് | 11 | അംഗീ(ക)രണാദി |
| 98 | ,, | 2 | ഗ്രന്ഥകോടിഭി(:) |
| ,, | ,, | 13 | (കാ)ലോചിത |
| 99 | ,, | 16 | മപ്രാ(പ്തഃ) |
| 100 | ,, | 2 | അം(ശ)ത്തിലുള്ള |
| ,, | ,, | 6 | (ആണാറമ്പിറം) |
| ,, | ,, | 7 | കവളപ്പാറ നായറുരാജ |
| 101 | താഴെനിന്നു് | 6 | (പ്ര)സവിച്ച |
| 103 | മുകളിൽനിന്നു് | 6 | സർവ്വജ്ഞാ(ത്മ)ക |
| ,, | താഴെനിന്നു് | 6 | വിട്ടുഃപാ(യ)തെ |
| ,, | ,, | 5-4 | പടി(ഇപ്പോഠം) (1091-മാണ്ടു് കൊല്ലവർഷം) 1093 വർഷം |
| 104 | മുകളിൽനിന്നു് | 9 | വാചസ്പ(തി) |
| ,, | താഴെനിന്നു് | 7 | (ശംകര)രാണു് |
| 105 | മുകളിൽനിന്നു് | 7 | (ഗണി)ച്ച |
| 110 | താഴെനിന്നു് | 15 | (താഴ്മയേ)യും |
| ,, | ,, | 12 | അതിൽ(പ്പെ)ട്ട |
| ,, | ,, | 7 | (ഭൗ)രാത്മ്യത്താലോ |

| പേജ് | | വരി | |
|---|---|---|---|
| 111 | മുകളിൽനിന്നു് | 17 | അദ്വൈ(തന)യം |
| 113 | അവസാനവരി | | നടത്തു(മാറു്) |
| 114 | താഴെനിന്നു് | 8 | (കാ)ലഗത്യാ |
| 115 | ,, | 3 | (ടീ)യാൻ |
| 116 | മുകളിൽനിന്നു് | 5 | ബോ(ദ്ര)ശ |
| ,, | താഴെനിന്നു് | 4 | അ(ഞ്ജ)ന |
| 117 | ആദ്യത്തെവരി | | (ചി)രിച്ച |
| ,, | താഴെനിന്നു് | 7 | ചി(ല)ർക്ക |
| ,, | മുകളിൽനിന്നു് | 17 | സംബ(ന്ധി)ച്ചു് |
| 118 | ,, | 18 | (ക)ങ്ങ |
| 119 | ,, | 7 | തസ്യാദ(പ്യ)ദിതം |
| ,, | ,, | 18 | വി(ഖ്യാ)ത |
| ,, | താഴെനിന്നു് | 6 | (വി)ഭീഷണൻ |
| 120 | മുകളിൽനിന്നു് | 17 | മരഗ(തി) |
| 121 | ,, | 1 | സിദ്ധി(ർ)ഭഗവാൻ |
| ,, | ,, | 2 | സ്ഥി(ഹി) |
| ,, | മുകളിൽനിന്നു് | 4 | നാ(ഗ്യാം) |
| ,, | താഴെനിന്നു് | 5 | സഹ്യാ(ദ്രി) |
| 122 | ,, | 3 | അഥ(ർ)വണ |
| 123 | ,, | 8 | ക്ഷത്ര(ക) |
| ,, | താഴെനിന്നു് | 7 | പു(സ്ത)കം |
| ,, | ,, | 3 | എ(ന്നും) |
| 126 | ആദ്യവരി | | (ന)മ്പിയാ |
| ,, | താഴെനിന്നു് | 4 | ഒ(ന്നു) |
| 127 | ആദ്യവരി | | ജാ(തി)യില്ലെന്നു |
| 128 | മുകളിൽനിന്നു് | 15 | നാ(ടി) |
| ,, | ,, | 21 | അ(ഭേ)ദ |
| ,, | ,, | 22 | നിർ(ലീ)ന |

| പേജ് | | വരി | |
|---|---|---|---|
| ,, | അവസാനവരി | | ഏന്നാക(പ്പാ)ടെ |
| 130 | മുകളിൽനിന്നു് | 16 | കൊ(ള്ളോം) |
| 132 | ,, | 7 | രണ്ടുമു(ണ്ടും) |
| 133 | ,, | 2 | (മാ)രാ. രാ. |
| ,, | താഴെനിന്നു് | 7 | എ. (പ)ട്ടിക |
| 136 | മുകളിൽനിന്നു് | 6 | ഏ(ട)ക്കന്നി |
| ,, | ,, | 7 | 29-(-ാം നം-) |
| 137 | ,, | 20 | —(ന്ന) ചോദ്യം |
| 138 | ഹെഡ്ഡിംഗ് | | കവ(ള)പ്പാറ |
| 139 | മുകളിൽനിന്നു് | 14 | പ്രാ(ചീ)ന |
| ,, | ,, | 15 | [ശ്രീ]ത: |
| ,, | ,, | 18 | വിഭേ(ദി) |
| ,, | ,, | 22 | തദീയ വംശ്യേന |

# വിജ്ഞാനതരംഗിണി

## ഒന്നാം ഭാഗം

## ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ

പുരുഷാർത്ഥം, മുക്തിവിചാരം, സ്വരൂപനിരൂപണം, സംന്യാസം തുടങ്ങിയ അദ്ധ്യാത്മ വിഷയങ്ങളും, ശ്രീമദ് ശങ്കരഭഗവത്പാദാദികളുടെകാലം, ആദിമ മലയക്ഷത്രിയ നായകകേസരി, തച്ചുടയകൈമൾ, പുനർവിവാഹം തുടങ്ങിയ ചരിത്രവിഷയങ്ങളും സാമൂഹിക വിഷയങ്ങളും ഉൾപ്പെടെ പ്രൗഢോജ്ജ്വലമായ പതിനാറു് പ്രബന്ധങ്ങൾ ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികളുടെ വിജ്ഞാന മണ്ഡലത്തിൽ ഉൾപ്പെടാത്ത വിഷയങ്ങൾ ഒന്നുംതന്നെ ഇല്ലെന്നു പറയാം. പുരുഷാർത്ഥം, മുക്തിവിചാരം, സ്വരൂപനിരൂപണം തുടങ്ങിയ പ്രബന്ധങ്ങളിൽ സ്വാമികളുടെ അഗാധമായ ശാസ്ത്രപാണ്ഡിത്യവും ധിഷണാവൈഭവവും യുക്തിചിന്തയും മുററിത്തഴച്ചു നില്ക്കുന്നു. പ്രതിപാദനശൈലി ഗഹനമാണെങ്കിലും ശ്രദ്ധാലുക്കൾക്കു് അർത്ഥഗ്രഹണത്തിനു് പ്രയാസമില്ല.

ധർമ്മശാസ്ത്രത്തിന്റെ സിദ്ധാന്തപരവും, അനുഷ്ഠാനപരവുമായ ശാസ്ത്രപ്രമാണങ്ങൾ ഉദ്ധരിച്ചുകൊണ്ടു് പരമപുരുഷാർത്ഥമായ മോക്ഷത്തിനു് ധർമ്മാർത്ഥങ്ങൾ എങ്ങനെ സാധനകളായിത്തീരുന്നുവെന്നു് സ്വാമികൾ സ്വതസിദ്ധമായ ശൈലിയിൽതന്നെ സ്ഥാപിച്ചിരിക്കുന്നു. വിജ്ഞാനമണ്ഡലത്തിലെ വിവിധവിഷയങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം അദ്ധ്യാത്മജ്ഞാന തല്പരർക്കു് മാത്രമല്ല, വിജ്ഞാന തൃഷ്ണയുള്ളവർക്കെല്ലാംതന്നെ പ്രയോജനപ്പെടുന്ന ഒന്നാണു്.

വില: 15—00

**ശ്രീ വിദ്യാധിരാജാ പബ്ളിക്കേഷൻസ്**
ഗീതാഞ്ജലി, പെരുമൺ, കൊല്ലം — 691 601.